28th Year of Service 2020

Price $1.00

# കേരളാ എക്സ്പ്രസ്

# KERALA EXPRESS

Weekly Newspaper National Edition From Chicago

2050 W. Devon Avenue, Chicago, Illinois 60659, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

September 18, 2020 | Vol. XXVIII No. 38 | Periodicals Postage Paid

4 കോൺഗ്രസ് തലപ്പത്ത് വൻ അഴിച്ചുപണി

5 പന്ത്രണ്ട് മണിക്കൂർ ബിനീഷിനെ ചോദ്യം ചെയ്തു

8 രണ്ടില ചിഹ്നം ഒരുമാസത്തേക്ക് മരവിപ്പിച്ചു

9 ആർച്ച്ബിഷപ് മാർ ചേന്നോത്ത് കാലംചെയ്തു

12 മയക്കുമരുന്നു കേസിൽ നടി സഞ്ജന അറസ്റ്റിൽ

## കേരളത്തിൽ ഒരു ലക്ഷവും കടന്ന് കോവിഡ് കുതിക്കുന്നു


കോട്ടയം: കേരളത്തിൽ കോവിഡ് വ്യാപനം ദ്രുതഗതിയിൽ ആയി. സെപ്റ്റംബർ 8 മുതൽ 14 വരെയുള്ള കണക്കിൽ ഒരാഴ്ച കൊണ്ട് 22000-ൽപരം ആളുകൾക്കാണ് പുതുതായി കോവിഡ് ബാധ ഉണ്ടായത്. അതിനിടെ ഒരു ലക്ഷം കടക്കുകയും ചെയ്തു.

ഇത് റിപ്പോർട്ട് ചെയ്യുമ്പോൾ ഒരു ലക്ഷത്തി ആറായിരം പേർ രോഗികളായിട്ടുണ്ട്. അതോടൊപ്പം രോഗമുക്തി നേടുന്നവരും ഏറെയായി.

(ശേഷം 24-ാം പേജിൽ)

# മന്ത്രി ജലീലിനെ ഇഡി ചോദ്യം ചെയ്തു

കൊച്ചി/ന്യൂഡൽഹി: തിരുവനന്തപുരം വിമാനത്താവളത്തിലെ നയതന്ത്ര പാഴ്സലുകളിലെ പ്രോട്ടോക്കോൾ ലംഘനം സ്വർണക്കടത്ത് എന്നിവയുമായി ബന്ധപ്പെട്ട മന്ത്രി കെ.ടി. ജലീലിനെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി) ചോദ്യം ചെയ്തു. മന്ത്രിയെ സെപ്റ്റംബർ 11ന് രാവിലെ എറണാകുളത്തെ ഇഡി ഓഫിസിൽ വിളിച്ചു വരുത്തുകയായിരുന്നു.



സെപ്റ്റംബർ 11ന് പുലർച്ചെ അരൂരിലെ കുടുംബസുഹൃത്തിന്റെ വീട്ടിലെത്തിയ മന്ത്രി, സ്റ്റേറ്റ് കാർ അവിടെയിട്ട് സ്വകാര്യ കാറിൽ ഇഡി ഓഫിസിലെത്തി. മൊഴിയെടുപ്പ് രണ്ടു മണിക്കൂർ കൊണ്ട് പൂർത്തിയായി. എന്നാൽ വൈകിട്ട് അഞ്ചു മണിവരെ വിവരം മന്ത്രി ജലീലും അദ്ദേഹത്തിന്റെ ഓഫിസും അടുത്ത സുഹൃത്തുക്കളും നിഷേധിച്ചുകൊണ്ടിരുന്നു. നോട്ടീസ് പോലും ലഭിച്ചിട്ടില്ലെന്നു മന്ത്രി പ്രതികരിച്ചു. എന്നാൽ, മന്ത്രിയുടെ മൊഴി രേഖപ്പെടുത്തിയ വിവരം വൈകിട്ട് 5.45 ന് ഇഡി മേധാവി ന്യൂഡൽഹിയിൽ സ്ഥിരീകരിച്ചു. രാവിലെ 9.30 മുതൽ കൊച്ചി ഓഫിസിൽ മന്ത്രി ജലീലിനെ ചോദ്യം ചെയ്തെന്നും സ്വർണക്കടത്തു കേസിൽ മറ്റു വിഷയങ്ങളും ഉൾപ്പെടുമെന്നും ഇഡി ഉന്നതർ മാധ്യമങ്ങളോട് പറഞ്ഞു. പല ചോദ്യങ്ങളിലും കൃത്യമായ ഉത്തരം നൽകാതെ ജലീൽ ഒഴിഞ്ഞുമാറിയെന്ന് ഇഡി വൃത്തങ്ങൾ പറഞ്ഞു. ചോദ്യം ചെയ്യൽ തൃപ്തികരമായിരുന്നില്ല സെപ്റ്റംബർ 11ന് നൽകിയ മൊഴി പരിശോധിച്ചശേഷം വീണ്ടും ചോദ്യം ചെയ്തേക്കും. 2020 മാർച്ച് നാലിനു തിരുവനന്തപുരം യുഎഇ കോൺസൽ ജനറലിന്റെ പേരിലെത്തിയ നയതന്ത്ര പാഴ്സലുകളെക്കുറിച്ചായിരുന്നു പ്രധാന ചോദ്യങ്ങൾ. മത ഗ്രന്ഥങ്ങളെന്നാണ് മന്ത്രി നൽകിയിരുന്ന വിശദീകരണം.

(ശേഷം 24-ാം പേജിൽ)

## മന്ത്രി ജയരാജന്റെ ഭാര്യ ക്വാറന്റീൻ ലംഘിച്ചെത്തി ലോക്കർ തുറന്നു

കോഴിക്കോട്: മന്ത്രി ഇ.പി. ജയരാജന്റെ ഭാര്യ പി.കെ. ഇന്ദിര ക്വാറന്റീൻ ലംഘിച്ച് കേരളാ ബാങ്ക് കണ്ണൂർ ശാഖയിലെത്തി അടിയന്തര ലോക്കർ ഇടപാട് നടത്തിയത് കേന്ദ്ര അന്വേഷണ ഏജൻസി പരിശോധിക്കുന്നു. ഇവരുടെ മകൻ സ്വർണക്കടത്ത് കേസ് പ്രതി സ്വപ്നാ സുരേഷിനൊപ്പമുള്ള ചിത്രങ്ങൾ സംബന്ധിച്ച് കേന്ദ്ര ഏജൻസി അന്വേഷണം ആരംഭിച്ചതിനു തൊട്ടുപിന്നാലെയാണ് ഇന്ദിര ബാങ്കിലെത്തി ലോക്കർ തുറന്നത്.

ഇതേ ശാഖയിൽ സീനിയർ മാനേജരായി വിരമിച്ചതാണ് ഇന്ദിര. കോവിഡ് പരിശോധനയ്ക്കായി സാംപിൾ നൽകിയതിനുശേഷം ക്വാറന്റീൻ കഴിയവേ സെപ്റ്റംബർ മാസം 10ന് ഉച്ചയോടെ ഇവർ

(ശേഷം 24-ാം പേജിൽ)

### സ്വപ്ന വാഗ്ദാനം

# ലൈഫ്: ചോദിച്ചത് 15% കമ്മിഷൻ

കൊച്ചി: സംസ്ഥാന സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതിയിൽ യൂണിടാക് അടക്കമുള്ള സ്വകാര്യ നിർമാണക്കമ്പനികൾക്കു സ്വപ്നാ സുരേഷ് വാഗ്ദാനം ചെയ്തത് 100 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനം. ആവശ്യപ്പെട്ടതു 15% കമ്മിഷൻ. ഇതിൽ യുഎഇയിലെ ജീവകാരുണ്യ സംഘടനയായ റെഡ്ക്രസന്റ് സഹകരിക്കുന്ന 20 കോടി രൂപയുടെ വടക്കാഞ്ചേരി ഫ്ളാറ്റ് പദ്ധതിയും ഉൾപ്പെടും.

തൃശൂർ വടക്കാഞ്ചേരിയിലെ പദ്ധതി പൂർത്തിയാക്കുമ്പോൾ ഇടുക്കിയിലെ മൂന്നാറിലും കൊല്ലത്തെ കുളത്തൂപ്പുഴയിലും റെഡ്ക്രസന്റിന്റെ സഹകരണത്തോടെ സമാപന പദ്ധതികൾ വരുമെന്നായിരുന്നു സ്വപ്നയുടെ വാഗ്ദാനം. എന്നാൽ ഈ പദ്ധതികളുടെ വിവരം റെഡ്ക്രസന്റോ യുഎഇ കോൺസുലേറ്റോ സംസ്ഥാന സർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടില്ല.

ലൈഫ് മിഷനും ഇതേപ്പറ്റി അറിവില്ല. യൂണിടാക്കിനു പുറമേ മറ്റു രണ്ട് നിർമാണക്കമ്പനികളുമായും സ്വപ്ന വിലപേശൽ നടത്തിയതായി അന്വേഷണ സംഘങ്ങൾക്കു വിവരം ലഭിച്ചു.

മൂന്നാറിൽ സ്വകാര്യഭൂമി വിലയ്ക്കു വാങ്ങിയും കുളത്തൂപ്പുഴയിൽ പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമിയിലും പദ്ധതി നടപ്പാക്കുമെന്നാണ് യൂണിടാക് കമ്പനി പ്രതിനിധികളെ സ്വപ്ന അറിയിച്ചിരുന്നത്. മൂന്നാറിലെ സ്വകാര്യഭൂമി, ബെംഗളൂരു ലഹരിക്കേസിൽ അറസ്റ്റിലായ അനൂപ് മുഹമ്മദ് ഇടനിലക്കാരനായി കൊച്ചിയിലെ ലഹരിസംഘം വാങ്ങിയതാണെന്നും സൂചനയുണ്ട്.

## തദ്ദേശ തെരഞ്ഞെടുപ്പ് നവംബറിനുശേഷം മാത്രം

തിരുവനന്തപുരം: കുട്ടനാട്, ചവറ ഉപതെരഞ്ഞെടുപ്പുകൾ നടത്തേണ്ടെന്ന് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മിഷനോട് ആവശ്യപ്പെടാൻ സർവകക്ഷിയോഗം തീരുമാനിച്ചു. കോവിഡ് കണക്കിലെടുത്ത് തദ്ദേശ തെരഞ്ഞെടുപ്പ് ചുരുങ്ങിയ കാലത്തേക്കു നീട്ടിവെക്കുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു.

നവംബറിനുശേഷം സാഹചര്യങ്ങൾ വിലയിരുത്തി തെരഞ്ഞെടുപ്പ് തീയതി പ്രഖ്യാപിക്കും.

നിയമസഭാ ഉപതെരഞ്ഞെടുപ്പുകൾ ഒഴിവാക്കുന്നതിൽ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മിഷൻ അനുകൂല നിലപാട് സ്വീകരിക്കുമെന്നാണ് സർക്കാർ കരുതുന്നത്. എല്ലാ പാർട്ടികളും ഏകകണ്ഠമായി ആവശ്യപ്പെട്ട സ്ഥിതിക്ക് കമ്മിഷൻ വാശിപിടിക്കുമെന്നു തോന്നുന്നില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു.

അടുത്തവർഷം ഏപ്രിലിൽ നിയമസഭാ തെരഞ്ഞെടുപ്പ് നടക്കും.

(ശേഷം 24-ാം പേജിൽ)




മന്ത്രി കെ.ടി. ജലീലിന്റെ രാജി ആവശ്യപ്പെട്ട് യൂത്ത് ലീഗ് നടത്തിയ സെക്രട്ടേറിയറ്റ് മാർച്ചിനുനേരെ പോലീസ് ജലപീരങ്കി പ്രയോഗിച്ചതിനെത്തുടർന്ന് പരുക്കേറ്റ പ്രവർത്തകനെ മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി ബീമാപള്ളി റഷീദിന്റെ നേതൃത്വത്തിൽ ആശുപത്രിയിലേക്കു കൊണ്ടുപോകുന്നു


Malabar FOODS

909 Greenwood Rd., Unit B, Glenview, IL 60025
Tel: 224-616-3048
Email: malabarcorp@gmail.com

Indian Spices & Groceries
Meat & Sea Food
Kerala Snacks
South Indian / North Indian Catering & Carry Out
Fruits & Vegetables
Organic Produce

WE ACCEPT EBT LINK CARD





Royal Malabar Catering

911 B Greenwood Rd, Glenview, IL 60025
Tel: 847-998-5635
Email: malabarcorp@gmail.com

# 21th Death Anniversary

9-23-2020



## THOMAS KURIAN

VARIKKATTU

MIAMI

Inserted by: Sorrowing Family



Grace CONVENTION CENTER
PUNNAMOODU, MAVELIKARA

WHAT WE OFFER
-Convention Halls
-Banquet Halls
-Conference Hall
-Suite Rooms
-Kitchen Facility
-Parking Facilities

CONTACT US:
1773-255-6196, 1773-255-6459(USA)
0479-2961000, +91 9188751000
+91 9633949676,+91 9526450001
info@graceconventioncenter.com
www.graceconventioncenter.com

# Mount Carmel
Medical Clinic P.L.L.C.



For Appointments
713-703-7684 or
provider.kareo.com/blessy-Jacob

"No Insurance:
pay consultation fee only $30"

Telemedicine Services in
ALL TEXAS
for Ages 14 & UP

SERVICES OFFERED

**General Consultations**
- Well Check and Physical
- Sports Physical
- Medication Refills
- Labs and Lab Follow Ups
- Well Woman Checks
- Women's Health

**Management of:**
- Blood Pressure
- Diabetes
- COVID-19
- Flu, Common Cold, Migraines
- Abdominal issues
- Hospital Follow ups

English - Malayalam - Hindi - Tamil

MOST INSURANCES ACCEPTED



## LifeStream Church in Franklin, TN
## SEEKING FOR A SENIOR PASTOR

Who we are? LifeStream Church has been ministering to the Indian population for about 10 years. Current membership is multi-lingual and inter-denominational with about 40 individuals to attend Sunday worship service. Our Church believes in all the fundamental doctrines of the Bible including believer's baptism and the active work of the Holy Spirit. Church has an excellent worship and media team to support the ministry goals.

**What we are looking for?**

1. **Passionate, committed and vibrant personality with good English-speaking skills.**
2. **Candidate should be of Indian origin with US Citizenship or Green Card.**
3. **Previous Pastoral experience is preferred - either as a Lead Pastor or Youth Pastor.**
4. **Preferred -Age below 50 years and married**

Where we are?We are in Franklin, TN which is 20 minutes away from Nashville, the capital city of Tennessee, popularly known as Music City. Nashville currently holds 11th place on the ranking of the nation's 53 metro areas with populations of 1 million or more. Franklin and its surrounding cities are heavily populated with Indians (7,000+ families) presenting a great opportunity for evangelistic work. Use any of the following means to get more information about the church and its culture.

If you are moved by the Holy Spirit, we would love to hear from you on or before October 31, 2020. Please forward us your resume at lifestreamchurchtn@gmail.com

**Website:** www.lifestreamchurchtn.com
**Facebook:** @Lifestreamtn
**Instagram:** @lifestreamchurch_tn
**Twitter:** @lifestream_tn





LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

## Trusted Representation
## Achieves Aggressive Financial Results

- Over $ 50M Recovered and Collected For Our Clients
- Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- Free Confidential Consultation On All Matters Home Visits Available
- Personal Injuries-Wrongful Death - Work Injuries

Your call is Always Welcome

# Attorney Steve Crifase

Law Offices of Steven A. Crifase, Ltd.
8 South Michigan Suite 2000
Chicago, Illinois 60603

312-855-0511 StevenCrifase.com

Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

We Want A Long Term Relationship With You

Steve Crifase
http://www.crifaselaw.com/
scrifase@sbcglobal.net
Steven A Crifase, Ltd.
8 S. Michigan, Suite 2000
Chicago IL 60603

Phone (312) 855-0511,
Fax (312) 855- 0537

A+ Rating

AV PREEMINENT Peer Rated for Highest Level of Professional Excellence 2018

# പ്രതിഷേധം വ്യാപകം; രാജിയില്ല: സിപിഎം

തിരുവനന്തപുരം: എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ചോദ്യം ചെയ്ത മന്ത്രി കെ.ടി ജലീലിന്റെ രാജി ആവശ്യപ്പെട്ട് സംസ്ഥാനത്തു വൻ പ്രതിഷേധം. പല സ്ഥലങ്ങളിലും പ്രതിപക്ഷ സംഘടനകളിൽപ്പെട്ട സമരക്കാർ പോലീസുമായി ഏറ്റുമുട്ടി. ഇതിനിടെ, ജലീലിനു പൂർണപിന്തുണയുമായി സിപിഎം രംഗത്തെത്തി. ജലീലിന്റെ രാജി ആവശ്യം പാർട്ടി തള്ളി.



ജലീലിനെതിരെയുള്ള നീക്കത്തെ രാഷ്ട്രീയപ്രേരിതമെന്നാണു സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റ് വിശേഷിപ്പിച്ചത്. കേന്ദ്ര ഏജൻസികളുടെ അന്വേഷണത്തിൽ പാർട്ടി സംശയം പ്രകടിപ്പിക്കുകയും ചെയ്തു.

സ്വർണക്കടത്ത് കേസിൽ കേന്ദ്ര ഏജൻസികൾ നടത്തിവന്ന അന്വേഷണം ശരിയായ ദിശയിലാണു നടക്കുന്നതെന്ന് മുമ്പു പലതവണ മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞിരുന്നു. ആദ്യമായാണ് അന്വേഷണത്തിനെതിരെ പാർട്ടി വിമർശനം ഉന്നയിക്കുന്നത്. മാത്രമല്ല, ഇക്കാര്യത്തിൽ യുഡിഎഫ് ബിജെപിയുടെ ബി ടീമായി പ്രവർത്തിക്കുന്നു എന്നും കുറ്റപ്പെടുത്തി. ഒരു കുറ്റവും ചെയ്തിട്ടില്ലെന്നു ബോധ്യമുള്ളതിനാലാണ് ഏത് ഏജൻസിയും അന്വേഷിക്കട്ടെ എന്നു തുടക്കം മുതൽ പറഞ്ഞു വന്നത്. ദേശീയതലത്തിൽ നിരവധി കോൺഗ്രസ് നേതാക്കളെ എൻഫോഴ്സ്മെന്റ് ചോദ്യം ചെയ്യുകയും കേസെടുക്കുകയും ചെയ്ത സംഭവങ്ങൾ ചൂണ്ടിക്കാട്ടി.

അന്നു കേന്ദ്ര ഏജൻസിയെ ബിജെപി രാഷ്ട്രീയ പകപോക്കലിനായി ഉപയോഗിക്കുന്നു എന്നു കോൺഗ്രസ് ദേശീയ നേതൃത്വം കുറ്റപ്പെടുത്തിയ കാര്യവും പാർട്ടി ഓർമിപ്പിക്കുന്നു. നിഷ്പക്ഷമായ അന്വേഷണം നടത്തി യഥാർഥ കുറ്റവാളികളെ പുറത്തു കൊണ്ടുവരണമെന്നും പാർട്ടി ആവശ്യപ്പെട്ടു.

മന്ത്രിമാരായ കടകംപള്ളി സുരേന്ദ്രനും എം.എം. മണിയും ജലീലിനു പിന്തുണയുമായി രംഗത്തു വന്നു. എൻഫോഴ്സ്മെന്റ് ജലീലിനോടു വിവരങ്ങൾ ചോദിച്ചറിഞ്ഞതു വലിയ വിവാദമാക്കേണ്ട കാര്യമില്ലെന്നായിരുന്നു കടകംപള്ളി സുരേന്ദ്രൻ പറഞ്ഞത്. ഇതേസമയം ജലീൽ സംഭവത്തിൽ മുഖ്യമന്ത്രി പിണറായി വിജയനിലേക്ക് സംശയത്തിന്റെ വിരൽ ചൂണ്ടുകയാണു പ്രതിപക്ഷം. പിണറായിക്കു ജലീലിനെ ഭയമാണോ എന്നു പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ചോദിച്ചു.

ജലീലിന്റെ ഇടപാടുകളിൽ മുഖ്യമന്ത്രിക്കു പങ്കുള്ളതുകൊണ്ടാണ് ജലീലിനെ സംരക്ഷിച്ചു നിർത്തുന്നതെന്ന് ബിജെപി സംസ്ഥാന പ്രസിഡണ്ട് കെ. സുരേന്ദ്രൻ പറഞ്ഞു. സമരം ശക്തമായി മുന്നോട്ടു കൊണ്ടുപോകാനാണ് പ്രതിപക്ഷത്തിന്റെ തീരുമാനം. സെപ്റ്റംബർ 12ന് രാവിലെ തന്നെ ഒട്ടുമിക്ക ജില്ലാ കേന്ദ്രങ്ങളിലും യുവജന സംഘടകളുൾപ്പെടെ സമരം തുടങ്ങിയിരുന്നു.

# ലൈഫ് മിഷൻ കമ്മീഷൻ: മന്ത്രി പുത്രനും കത്തുന്നു

കൊച്ചി: ലൈഫ് മിഷൻ പദ്ധതിയിൽ സ്വർണക്കടത്ത് കേസ് പ്രതി സ്വപ്നാ സുരേഷിനൊപ്പം മന്ത്രിപുത്രനും കോടികൾ കമ്മീഷൻ വാങ്ങിയെന്ന ആരോപണം സംസ്ഥാന സർക്കാരിനു തലവേദനയാകുന്നു. ലൈഫ് മിഷൻ പദ്ധതി വഴി വടക്കാഞ്ചേരിയിൽ ഫ്ളാറ്റുകൾ നിർമിക്കുന്നതിനു കരാർ കിട്ടാൻ യൂണിടെക്ക് നൽകിയ നാലു കോടിയിലൊരു പങ്ക് മന്ത്രി പുത്രനും ലഭിച്ചെന്ന വിവാദത്തിൽ കേന്ദ്ര ഏജൻസികളും അന്വേഷണം ആരംഭിച്ചു.

അതിനിടെ കമ്മീഷൻ തട്ടിയത് മന്ത്രി ഇ.പി. ജയരാജന്റെ മകനാണെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ ആരോപിച്ചു. തലസ്ഥാനത്തെ നക്ഷത്ര ഹോട്ടലിൽ സ്വപ്നയ്ക്കൊപ്പം മന്ത്രിപുത്രൻ നിൽക്കുന്നതിന്റെ 24 ചിത്രങ്ങൾ സ്വപ്നയുടെ ലാപ്ടോപ്പിൽ നിന്ന് അന്വേഷണ സംഘത്തിനു ലഭിച്ചതായാണു സൂചന. മന്ത്രിപുത്രനെ എൻ.ഐ.എ ചോദ്യം ചെയ്യും. ദുബായ് യാത്രകളും പരിശോധിക്കും. കമ്മീഷൻ സംബന്ധിച്ച് കെട്ടിട നിർമാതാക്കളായ യൂണിടെക് ഉടമകളെ വീണ്ടും ചോദ്യം ചെയ്യാനും കേന്ദ്ര ഏജൻസികൾ തീരുമാനിച്ചിട്ടുണ്ട്. മന്ത്രി പുത്രൻ ആരെന്ന് കണ്ടെത്താൻ വിശദമായ അന്വേഷണം വേണമെന്ന് കോൺഗ്രസും ആവശ്യപ്പെട്ടു.

സ്വർണക്കടത്ത് കേസ് പ്രതി സ്വപ്നാ സുരേഷുമായി മന്ത്രി പുത്രന് എന്തു ബന്ധമാണുള്ളതെന്ന് വ്യക്തമാക്കാൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയും ആവശ്യപ്പെട്ടു. മന്ത്രി ഇ.പി. ജയരാജന്റെ മകനും സ്വപ്ന സുരേഷുമായുള്ള ബന്ധമെന്താണെന്ന് സിപിഎം വെളിപ്പെടുത്തണമെന്നും.

# കോൺഗ്രസ് തലപ്പത്ത് വൻ അഴിച്ചുപണി

ന്യൂഡൽഹി: കത്തെഴുത്തു വിവാദത്തിലും തുടർന്നുണ്ടായ പരസ്യമായ വിഴുപ്പലക്കലിനും പിന്നാലെ, കോൺഗ്രസിൽ വൻ അഴിച്ചുപണി.

ജനറൽസെക്രട്ടറിമാരെ മാറ്റിയും പുതിയ സംസ്ഥാനങ്ങളിലേക്കു ചുമതല നൽകിയും എഐസിസി പുനഃസംഘടിപ്പിച്ചതിനൊപ്പം പ്രവർത്തക സമിതിയിലും മാറ്റങ്ങൾ കൊണ്ടു വന്നു.

* കഴിഞ്ഞ പ്രവർത്തക സമിതിയിൽ അധ്യക്ഷ സോണിയ ഗാന്ധി തന്നെ ആവശ്യപ്പെട്ടതു പ്രകാരം, സംഘടനാ ചുമതലകളിൽ സഹായിക്കാൻ ആറ് അംഗ സമിതി: എ.കെ. ആന്റണി, കെ.സി. വേണുഗോപാൽ, അഹമ്മദ് പട്ടേൽ, അംബിക സോണി, മുകുൾ വാസ്നിക്, രൺദീപ് സിങ് സുർജേവാല. അടുത്ത എഐസിസി സമ്മേളനം വരെ ഇവർ ചുമതലയിൽ തുടരും.

* ജനറൽ സെക്രട്ടറി മുകുൾ വാസ്നിക്കിന് കേരളത്തിനു പകരം മധ്യപ്രദേശിന്റെ ചുമതല.

* പുതിയ ജനറൽ സെക്രട്ടറിയായ താരിഖ് അൻവറിന് കേരളത്തിന്റെ ചുമതല.

* പ്രവർത്തകസമിതി അംഗം ഉമ്മൻ ചാണ്ടി, ആന്ധ്രയുടെ ചുമതലയുള്ള ജനറൽ സെക്രട്ടറിയായി തുടരും.

* പ്രവർത്തകസമിതി അംഗം കെ.സി. വേണുഗോപാൽ സംഘടനാ ജനറൽ സെക്രട്ടറിയായി തുടരും.

* സ്ഥിരം ക്ഷണിതാവായിരുന്ന പി. ചിദംബരം പ്രവർത്തക സമിതി അംഗമായി.

* സോണിയ ഗാന്ധിക്കു തുറന്ന കത്തെഴുതിയ സംഘത്തിനു നേതൃത്വം നൽകിയ ഗുലാംനബി ആസാദിനെ ജനറൽ സെക്രട്ടറി പദത്തിൽനിന്ന് ഒഴിവാക്കി; പ്രവർത്തക സമിതിയിൽ തുടരും. അതേ സമയം, കത്തെഴുത്തുകാരിൽ ഉൾപ്പെട്ട മോട്ടിലാൽ വോറയെ ജനറൽ സെക്രട്ടറി പദവിയിൽ നിന്നും പ്രവർത്തക സമിതിയിൽ നിന്നും ഒഴിവാക്കി. സംഘത്തിലെ മുഗൾ വാസ്നിക്കിനെ പ്രസിഡണ്ടിനെ സഹായിക്കാനുള്ള പ്രത്യേക സമിതിയിൽ ഉൾപ്പെടുത്തുകയും ചെയ്തു.

* മല്ലികാർജുൻ ഖാർഗെ, അംബികാ സോണി, വടക്കുകിഴക്കൻ സംസ്ഥാനങ്ങളുടെ ചുമതലയുണ്ടായിരുന്ന ലുസീഞ്ഞോ ഫെലേറിയോ എന്നിവരെയും ജനറൽ സെക്രട്ടറി പദവിയിൽ നിന്നൊഴിവാക്കി. ഖാർഗെയും അംബിക സോണിയും പ്രവർത്തക സമിതിയിൽ തുടരും.

* മുഖ്യ വക്താവ് രൺദീപ് സിങ് സുർജേവാല, ജിതേന്ദ്ര സിങ്, താരിഖ് അൻവർ പുതിയ ജനറൽ സെക്രട്ടറിമാർ.

* കത്തെഴുതിയവരിൽ ഉൾപ്പെട്ട ജിതിൻ പ്രസാദയ്ക്ക് തെരഞ്ഞെടുപ്പ് നടക്കാനാരിക്കുന്ന ബംഗാളിന്റെ ചുമതല നൽകിയും അരവിന്ദ് സിങ് ലൗലിയെ കേന്ദ്ര തെരഞ്ഞെടുപ്പു സമിതിയിൽ ഉൾപ്പെടുത്തിയതും ശ്രദ്ധേയം.

* കത്തെഴുതിയവരിൽ ആനന്ദ് ശർമ അടക്കം പ്രവർത്തക സമിതിയിൽ തുടരും.

* സച്ചിൻ പൈലറ്റിനെ കേന്ദ്ര നേതൃത്വത്തിലേക്ക് ഉയർത്തുമെന്നു കരുതപ്പെട്ടിരുന്നെങ്കിലും ഉണ്ടായില്ല.

# സ്വാമി അഗ്നിവേശ് അന്തരിച്ചു

ന്യൂഡൽഹി: ആര്യസമാജം നേതാവും മനുഷ്യാവകാശ, സാമൂഹിക പ്രവർത്തകനുമായ സ്വാമി അഗ്നിവേശ് (80) അന്തരിച്ചു. ഡൽഹിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലിവർ ആൻഡ് ബിലിയറി സയൻസസിലായിരന്നു അന്ത്യം. കരൾ രോഗം മൂർച്ഛിച്ചതിനെത്തുടർന്ന് സെപ്റ്റംബർ ഒന്നു മുതൽ അത്യാസന്ന നിലയിലായിരുന്നു അദ്ദേഹം. സെപ്റ്റംബർ 11ന് വൈകിട്ട് ആറോടെ ഹൃദയാഘാതമുണ്ടായ അദ്ദേഹത്തിന്റെ മരണം അരമണിക്കൂറിനു ശേഷം ആശുപത്രി അധികൃതർ സ്ഥിരീകരിച്ചു.



ആന്ധ്രപ്രദേശ്, ശ്രീകാകുളത്തെ ബ്രാഹ്മണ കുടുംബത്തിൽ 1939 സെപ്റ്റംബർ 21 നായിരുന്നു ജനനം. വേപ ശ്യാം റാവു എന്നായിരുന്നു പേര്. സർവസംഗപരിത്യാഗിയായി 1970-ൽ സന്യാസം സ്വീകരിച്ചതോടെ സ്വാമി അഗ്നിവേശ് എന്നു പേരു മാറ്റി. അതേവർഷം തന്നെ സ്വാമി ദയാനന്ദ സരസ്വതിയുടെ ആര്യസമാജ ആശയങ്ങളിൽ അകൃഷ്ടനായി ആര്യ സഭയെന്ന രാഷ്ട്രീയപ്പാർട്ടി രൂപീകരിച്ചു.

1977-ൽ ഹരിയാനാ നിയമസഭയിലേക്കു തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം വിദ്യാഭ്യാസ മന്ത്രിയായി. ഇക്കാലയളവിൽ ഡൽഹിയിലടക്കം നിലനിന്നിരുന്ന അടിമവേലയ്ക്കെതിരായ പ്രചാരണത്തിനായി ബോണ്ടഡ് ലേബർ ലിബറേഷൻ ഫ്രണ്ട് എന്ന സംഘടന സ്ഥാപിച്ചു. സ്ത്രീ സ്വാതന്ത്ര്യത്തിനും വിമോചനത്തിനുമായി വാദിച്ച അഗ്നിവേശ് പെൺഭ്രൂണഹത്യയ്ക്കെതിരായ പോരാട്ടങ്ങളിലും സജീവമായിരുന്നു. 2004 മുതൽ 2014 വരെ ആര്യ സമാജത്തിന്റെ ആഗോള കൗൺസിൽ പ്രസിഡണ്ടായിരുന്ന അഗ്നിവേശിനെ ആര്യ സമാജിൽനിന്നു പുറത്താക്കിയെങ്കിലും സന്യാസജീവിതം തുടർന്നു. പരമ്പരാഗത ഹൈന്ദവ വിശ്വാസങ്ങളിൽ നിന്നു വിരുദ്ധമായ അദ്ദേഹത്തിന്റെ പല വാദങ്ങളും ബി.ജെ.പി, ആർ.എസ്.എസ് അനുകൂല സംഘടനകളുടെ എതിർപ്പിനും വഴിവെച്ചിരുന്നു.

# നീറ്റ്: സംസ്ഥാനത്ത് പരീക്ഷ എഴുതിയത് ലക്ഷത്തിലധികം പേർ

തിരുവനന്തപുരം: എംബിബിഎസ് ഉൾപ്പെടെയുള്ള മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പ്രവേശനത്തിനായി സെപ്റ്റംബർ 13ന് രാജ്യവ്യാപകമായി നടന്ന നീറ്റ് യുജി പരീക്ഷയിൽ സംസ്ഥാനത്ത് ഒരു ലക്ഷത്തിലധികം വിദ്യാർഥികൾ പരീക്ഷ എഴുതി. ആകെ 1.15 ലക്ഷം വിദ്യാർഥികളാണ് സംസ്ഥാനത്ത് പരീക്ഷയ്ക്കായി രജിസ്റ്റർ ചെയ്തിരുന്നത്.

കോവിഡിന്റെ പശ്ചാത്തലത്തിൽ വൻ സുരക്ഷാ സംവിധാനങ്ങളോടെയാണ് ഇത്തവണ പരീക്ഷ നടത്തിപ്പ്. പരീക്ഷാ സെന്ററുകളുടെ എണ്ണത്തിലും വർധനവ് വരുത്തിയിരുന്നു. കഴിഞ്ഞ വർഷം സംസ്ഥാനത്ത് ആകെ 218 പരീക്ഷാ കേന്ദ്രങ്ങളായിരുന്നു ഉണ്ടായിരുന്നത്. ഇത്തവണ അത് 322 കേന്ദ്രങ്ങളാക്കി വർധിപ്പിച്ചു. ഒരു പരീക്ഷാ ഹാളിൽ ഇത്തവണ 12 വിദ്യാർഥികൾക്കാണ് പരീക്ഷ എഴുതാൻ സൗകര്യം ഒരുക്കിയിരുന്നത്. ഉച്ചകഴിഞ്ഞ് രണ്ടു മുതൽ വൈകുന്നേരം അഞ്ച് വരെയായിരുന്നു പരീക്ഷ.

# അഞ്ച് യുവാക്കളെ ചൈന ഇന്ത്യയ്ക്കു കൈമാറി

ന്യൂഡൽഹി: ചൈനീസ് പട്ടാളത്തിന്റെ കൈയിലകപ്പെട്ട അരുണാചൽ സ്വദേശികളായ അഞ്ചു യുവാക്കളെ ഇന്ത്യക്കു കൈമാറി. അരുണാചൽ പ്രദേശിലെ അപ്പർ സുബാൻസിരിക്കടുത്ത് മക്മഹോൻ രേഖയ്ക്കു സമീപത്തുനിന്നാണ് വേട്ടയ്ക്കു പുറപ്പെട്ട ഇവർ ചൈനീസ് പട്ടാളത്തിന്റെ പിടിയിലായത്. നടപടിക്രമങ്ങൾ പൂർത്തിയായ ശേഷം യുവാക്കളെ പീപ്പിൾസ് ലിബറേഷൻ ആർമി ഇന്ത്യക്കു കൈമാറിയെന്ന് തേസ്പുരിൽ നിന്നുള്ള പ്രതിരോധ വക്താവ് ലഫ്. കേണൽ ഹർഷ് വർധൻ പാണ്ഡേ അറിയിച്ചു. തഗിൻ ഗോത്രത്തിൽ പെട്ട തോഷ് സിംഖാം, പ്രസത് റിംഗ്ളിംഗ്, ഡോംഗ്ടു എബിയ, താനു ബേക്കർ, നാഗ്രു ദിരി എന്നിവരാണ് പിടിയിലായത്. ഇവർക്കൊപ്പം വേട്ടയ്ക്കുപോയ രണ്ടുപേരാണ് നാട്ടിൽ മടങ്ങിയെത്തി വിവരം അറിയിച്ചത്. ഇന്ത്യൻ സേന ഹോട്ട് ലൈനിൽ ബന്ധപ്പെട്ടപ്പോൾ പീപ്പിൾസ് ലിബറേഷൻസ് ആർമി സംഭവം സ്ഥിരീകരിച്ചു. യുവാക്കൾ അബദ്ധത്തിൽ യഥാർഥനിയന്ത്രണ രേഖയുടെ മറുവശത്ത് എത്തിപ്പെടുകയായിരുന്നു എന്ന് പ്രതിരോധ വക്താവ് വിശദീകരിച്ചു. കോവിഡ് മാനദണ്ഡം അനുസരിച്ച് ഇവരെ ക്വാറന്റൈനിലേക്കു മാറ്റി.

# പന്ത്രണ്ട് മണിക്കൂർ ബിനീഷിനെ ചോദ്യം ചെയ്തു

കൊച്ചി: തിരുവനന്തപുരം: വിമാനത്താവളത്തിലെ നയതന്ത്ര ചാനൽ വഴി സ്വർണം കടത്തിയ കേസുമായി ബന്ധപ്പെട്ടു സിപിഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണന്റെ മകൻ ബിനീഷ് കോടിയേരിയെ 12 മണിക്കൂറോളം ചോദ്യം ചെയ്തശേഷം വിട്ടയച്ചു. സ്വർണക്കടത്തിനു പിന്നിലെ ഹവാല, ബിനാമി ബന്ധം അന്വേഷിക്കുന്ന എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റാണ് (ഇഡി) ചോദ്യം ചെയ്തത്.

ആദ്യഘട്ട ചോദ്യം ചെയ്യൽ മാത്രമാണു നടന്നതെന്നും മൊഴികളുടെ വ്യക്തത പരിശോധിച്ചശേഷം വീണ്ടും ചോദ്യംചെയ്യുമെന്നും ഇഡി വൃത്തങ്ങൾ പറഞ്ഞു.

കൊച്ചിയിലെ ഇഡി ഓഫീസിൽ സെപ്റ്റംബർ 9ന് രാവിലെ 10ന് ആരംഭിച്ച മാരത്തൺ ചോദ്യംചെയ്യൽ രാത്രി 10വരെ നീണ്ടു. കേസുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ശേഖരിച്ചശേഷം എൻഫോഴ്സ്മെന്റ് ജോയിന്റ് ഡയറക്ടർ ജയ് ഗണേഷിന്റെ നേതൃത്വത്തിലായിരുന്നു ചോദ്യം ചെയ്യൽ.

ബിനീഷിനു ബന്ധമുള്ള തിരുവനന്തപുരത്തെ രണ്ടു ഹോട്ടലുകളെക്കുറിച്ചും സാമ്പത്തിക ഇടപാടുകളെക്കുറിച്ചും ചോദ്യം ഉയർന്നു. യുഎഇ കോൺസലേറ്റിലെ വിസ സ്റ്റാമ്പിംഗ് സേവനങ്ങൾ ചെയ്തിരുന്ന തിരുവനന്തപുരത്തെ യുഎഎഫ്എക്സ് കമ്പനി, ബിനീഷിന്റെ പേരിൽ ബെംഗളൂരുവിൽ രജിസ്റ്റർ ചെയ്ത രണ്ടു കമ്പനികൾ എന്നിവയുടെ സാമ്പത്തിക ഇടപാടുകളുമായി ബന്ധപ്പെട്ടും ചോദ്യമുണ്ടായി.

കഴിഞ്ഞ ഒരു മാസമായി ബിനീഷ് കോടിയേരിക്കെതിരെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അന്വേഷണം നടത്തിവരികയായിരുന്നു. കമ്പനികളുടെ മറവിൽ ബിനാമി, ഹവാല ഇടപാടുകളിലൂടെ ബിനീഷ് സ്വർണ്ണക്കടത്ത് സംഘവുമായി ബന്ധപ്പെട്ടിട്ടുണ്ടോ എന്നാണ് ഇഡി പരിശോധിക്കുന്നത്. ബെംഗളൂരുവിലെ ബി കാപ്പിറ്റൽ ഫൈനാൻഷൽ സൊല്യൂഷ്യൻസ്, ബി കാപ്പിറ്റൽ ഫോറെക്സ് ട്രേഡിംഗ് എന്നീ കമ്പനികളാണ് ബിനീഷിന്റെ പേരിലുള്ളത്.

വാർഷിക റിട്ടേൺ സമർപ്പിക്കാത്തതിനെത്തുടർന്നു കേന്ദ്ര കമ്പനികാര്യ മന്ത്രാലയം ഈ കമ്പനികളുടെ രജിസ്ട്രേഷൻ സസ്പെൻഡ് ചെയ്തിരുന്നു. ഇത് അനധികൃത പണം ഇടപാടുകൾക്കായി മാത്രം തുടങ്ങിയ സ്ഥാപനമെന്നാണ് അന്വേഷണ ഏജൻസികളുടെ നിഗമനം. തിരുവനന്തപുരത്തെ യുഎഎഫ്എക്സ് എന്ന സ്ഥാപനത്തിൽ ബിനീഷിനു പങ്കുണ്ടെന്ന ആരോപണവുമുണ്ട്. ഈ കമ്പനിയെ കോൺസലേറ്റിനു പരിചയപ്പെടുത്തിയതു താനാണെന്നു സ്വപ്നാ സുരേഷ് മൊഴി നൽകിയിരുന്നു.

ബെംഗളൂരു ലഹരിമരുന്ന് കേസിലെ പ്രധാന പ്രതി കൊച്ചി സ്വദേശി അനൂപ് മുഹമ്മദും ബിനീഷും തമ്മിലുള്ള അടുത്ത ബന്ധം ഇതിനിടെ പുറത്തുവന്നിരുന്നു. സ്വർണക്കടത്ത് സം



ഘം ഫണ്ട് കണ്ടെത്താൻ അനൂപ് ഉൾപ്പെട്ട മാഫിയയുടെ സഹായം തേടിയതായും വിവരം ലഭിച്ചിരുന്നു. സ്വർണക്കടത്തിന്റെ സൂത്രധാരനായ കെ.ടി. റമീസ് വഴിയായിരുന്നു മയക്കുമരുന്നു മാഫിയയുമായി ബന്ധപ്പെട്ടത്. ലഹരി കടത്തും സ്വർണക്കടത്തും തമ്മിൽ ബന്ധമുണ്ടെന്നു സ്ഥാപിച്ചുകൊണ്ടുള്ള അന്വേഷണമാണ് എൻഫോഴ്സ്മെന്റ് നടത്തുന്നത്. ബിനീഷിൽനിന്ന് ഇവർ ശേഖരിച്ച വിവരങ്ങൾ മറ്റു ദേശീയ അന്വേഷണ ഏജൻസികൾക്കും കൈമാറും. അഭിഭാഷകൻ വഴി സാവകാശത്തിനു ബിനീഷ് ശ്രമിച്ചിരുന്നെങ്കിലും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് വഴങ്ങിയില്ല. സെപ്റ്റംബർ 9ന് തന്നെ ഹാജരാകണമെന്ന നിർബന്ധത്തിനു മുന്നിൽ ബിനീഷിന്റെ വഴികൾ അടഞ്ഞു. സെപ്റ്റംബർ 9ന് രാവിലെ 11ന് ഹാജരാകാനാണ് ആവശ്യപ്പെട്ടതെങ്കിലും 9.30ന് തന്നെ ബിനീഷ് ഇഡി ഓഫീസിലെത്തി.

# അലനും താഹയും ജാമ്യത്തിലിറങ്ങി

തൃശൂർ: കോഴിക്കോട് പന്തീരാങ്കാവ് യുഎപിഎ കേസിൽ ജാമ്യം ലഭിച്ച അലൻ ഷുഹൈബും താഹ ഫസയും ജയിൽമോചിതരായി.

കൊച്ചി എൻഐഎ കോടതി സെപ്റ്റംബർ 9ന് ജാമ്യം അനുവദിച്ചിരുന്നെങ്കിലും നടപടിക്രമങ്ങൾ 11–നാണ് പൂർത്തിയായത്. 10 മാസത്തിനു ശേഷം പുറത്തിറങ്ങിയ ഇരുവരെയും ജയിൽ കവാടത്തിൽ ബന്ധുക്കൾ ചേർത്തുപിടിച്ചു.



സെപ്റ്റംബർ 11–ന് ഉച്ചയ്ക്ക് രണ്ടേമുക്കാലോടെ താഹയാണ് ആദ്യം പുറത്തിറങ്ങിയത്. സഹോദരൻ ഇജാസും ബന്ധു നാദുഷയും താഹയെ സ്വീകരിച്ചു. തുടർന്ന്, കൈകളിൽ ഏതാനും പുസ്തകങ്ങളുമായി ഇറങ്ങിവന്ന അലനെ അമ്മ സബിത മഠത്തിൽ ആശ്ലേഷിച്ചു. "സന്തോഷം, നന്ദി" എന്ന പ്രതികരണത്തോടെ ഇരുവരും ബന്ധുക്കൾക്കൊപ്പം കോഴിക്കോട്ടേക്കു തിരിച്ചു. നിരോധിത മാവോയിസ്റ്റ് സംഘടനയുമായി ബന്ധമാരോപിച്ച് 2019 നവംബർ ഒന്നിനാണ് കോഴിക്കോട് പോലീസ് ഇരുവരെയും അറസ്റ്റ് ചെയ്തത്. ഇവർക്കെതിരെ യുഎപിഎ ചുമത്തിയതിൽ ഇടതുമുന്നണിയിൽനിന്നും സിപിഎമ്മിൽ നിന്നും വ്യാപക വിമർശനമുണ്ടായിരുന്നു.

എന്നാൽ "ചായകുടിക്കാൻ പോയപ്പോഴായിരുന്നില്ല അറസ്റ്റ്" എന്ന പരാമർശത്തോടെ മുഖ്യമന്ത്രി പിണറായി വിജയൻ ഉറച്ച നിലപാടെടുത്തു. ഒരു ലക്ഷം രൂപയുടെ ബോണ്ട്, മാതാപിതാക്കളിലൊരാളുടെ ജാമ്യം, പാസ്പോർട്ട് കെട്ടിവെയ്ക്കണം, നിരോധിത സംഘടനകളുമായി ബന്ധം പാടില്ല തുടങ്ങി കർശന ഉപാധികളോടെയാണ് എൻഐഎ കോടതി ജാമ്യം അനുവദിച്ചത്.

അപ്പീൽ നൽകുമെന്നും ജയിൽമോചിതരാക്കരുതെന്നും സെപ്റ്റംബർ 11ന് എൻഐഎ നാടകീയ നീക്കത്തിലൂടെ അറിയിച്ചെങ്കിലും കോടതി അനുവദിച്ചില്ല.

### കൂടെനിന്നവർക്ക് നന്ദി: സബിത മഠത്തിൽ

തൃശൂർ: "സന്തോഷം, നന്ദി." ജാമ്യം ലഭിച്ച് ജയിലിനു പുറത്തുവന്ന അലനും താഹയും സന്തോഷം പങ്കിട്ടത് ചുരുക്കം വാക്കുകളിൽ. ജാമ്യം ലഭിച്ചതിൽ സന്തോഷമെന്നും എല്ലാവരോടും നന്ദിയുണ്ടെന്നും മാധ്യമങ്ങൾ കൂടെനിന്നെന്നും അലന്റെ മാതാവ് സബിത മഠത്തിൽ പ്രതികരിച്ചു.

താഹയുടെ സഹോദരൻ ഇജാസും ജയിലിനു മുന്നിലെത്തിയിരുന്നു. ജാമ്യവ്യവസ്ഥകൾ കർശനമാണെന്നും മാധ്യമങ്ങളോടു പ്രതികരിക്കാനില്ലെന്നും സബിത പറഞ്ഞു.

# ഡോ. എ.എൻ.പി. ഉമ്മർകുട്ടി അന്തരിച്ചു



തലശ്ശേരി: കാലിക്കറ്റ് സർവകലാശാല മുൻ വൈസ് ചാൻസലറും എഴുത്തുകാരനും കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുമായിരുന്ന ഡോ.എ.എൻ.പി. ഉമ്മർകുട്ടി (87) അന്തരിച്ചു. യു.ജി.സി വിസിറ്റിങ് കമ്മിറ്റി ചെയർമാൻ, നാക്കിന്റെ പീർ ടീം ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചു. തലശ്ശേരി പാറമേൽ തറവാട്ടിൽ എ.എൻ.പി. സൈനബയുടെയും സി.വി. മൂസക്കോയയുടെയും മകനാണ്. ഭാര്യ: എം. ജമീല. മക്കൾ: മുബഷീർ സാജിദ് (സീനിയർ സയന്റിസ്റ്റ്, ഡൽഹി), സൈനബ് ജബീറ (ബെംഗളൂരു).



കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

2050 W. Devon Ave.
Chicago, IL 60659
Tel: 630 728 7956
eFax: 773.304.1917
Volume XXVIII
Number 38
September 18, 2020

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203
Fax : + 91 481-2568648

*Co-ordinating Editor*
Mani Samuel

*Chief News Editor*
Thomas Vadakel

*News Editor*
Mini Mani

*Sub Editor*
Cyril Thomas

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

KERALA EXPRESS (USPS 011-008) is published Weekly for $49.00 per year by Grace Publications, Inc. 2050 West Devon Ave. Chicago, Illinois 60659.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
2050 W. Devon Ave.
Chicago, Illinois 60659.

DISCLAIMER

The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്വചനം**

പണവും പാരമ്പര്യവുമല്ല കുലീനമായ പെരുമാറ്റമാണ് മനുഷ്യനെ മനുഷ്യനാക്കുന്നത്.

**ഒവിഡ്**

ശരീരത്തിന് വ്യായാമം പോലെയാണ് മനസിന് വായന.

**ജോസഫ് അഡിസൺ**

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

## ഇപ്പോൾ തെരഞ്ഞെടുപ്പു വേണ്ട

കേരളത്തിൽ ഒരുലക്ഷത്തിൽപതിനായിരവും കടന്ന് കോവിഡ് രോഗികൾ പെരുകുമ്പോൾ ഈ നാട്ടിൽ ഒരു തെരഞ്ഞെടുപ്പ് നടത്തുക എന്നത് ആന മണ്ടത്തരമാണ്. ജനങ്ങളോടുള്ള ധിക്കാരമാണ്. തെരഞ്ഞെടുപ്പില്ലല്ല ഇപ്പോഴത്തെ പ്രസക്തി. സർക്കാർ വൈകിയാണെങ്കിലും അതു മനസ്സിലാക്കുന്നത് സന്തോഷകരം. കുട്ടനാട്, ചവറ ഉപതെരഞ്ഞെടുപ്പുകൾ ഉപേക്ഷിക്കാനും തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് നിലവിലെ സാഹചര്യത്തിൽ നീട്ടിവെക്കാനും തെരഞ്ഞെടുപ്പ് കമ്മീഷനോട് ആവശ്യപ്പെടാനുള്ള സർവകക്ഷിയോഗ തീരുമാനം പരക്കെ സ്വാഗതം ചെയ്യപ്പെടുന്നു. കോവിഡ് മാറിയിട്ട് തെരഞ്ഞെടുപ്പ് നടത്താമെന്നത് വ്യാമോഹമാണെന്ന സംസ്ഥാന ബിജെപി അധ്യക്ഷൻ കെ. സുരേന്ദ്രന്റെ പ്രസ്താവന വേറിട്ടതായി. തുടർന്ന്, തെരഞ്ഞെടുപ്പ് രംഗത്ത് ബിജെപിയുടെ പ്രസക്തിയെ തന്നെ ചോദ്യംചെയ്ത് പ്രതിപക്ഷ നേതാവ് വിമർശിക്കുന്ന സാഹചര്യവുമുണ്ടായി. അഭിപ്രായവ്യത്യാസങ്ങൾക്കും രാഷ്ട്രീയ ഭിന്നതകൾക്കുമുള്ള അവസരമല്ലിത്. ജനങ്ങൾക്കു മുന്നിലുള്ള കടുത്ത വെല്ലുവിളി കോവിഡാണെന്നു തിരിച്ചറിഞ്ഞുള്ള നയങ്ങളും സമീപനങ്ങളുമായിരിക്കണം ഉത്തരവാദിത്തമുള്ള ഓരോ രാഷ്ട്രീയ സംഘടനയും സ്വീകരിക്കേണ്ടത്.

ഒരു ജനാധിപത്യ രാജ്യത്ത് കൃത്യമായ തെരഞ്ഞെടുപ്പുകളും വികസന പ്രക്രിയയിൽ ജനപ്രതിനിധികളുടെ പങ്കും ഏറ്റവും മുഖ്യമാണ്. എങ്കിലും അസാധാരണമായ സാഹചര്യത്തിൽ തെരഞ്ഞെടുപ്പുകൾപോലും വീണ്ടുവിചാരത്തോടെ നടത്തണമെന്നുള്ള പാഠമാണ് വൈറസ് വ്യാപനത്തിന്റെ നാളുകൾ നമ്മെ ഓർമിപ്പിക്കുന്നത്. നമ്മൾ കേരളീയരെ സംബന്ധിച്ച് തെരഞ്ഞെടുപ്പുകൾ ജനകീയ ഉത്സവങ്ങളാണ്. അത്രയധികം ആവേശത്തോടെയും തീവ്രതയോടെയുമാണ് ജനങ്ങളിൽ ഭൂരിപക്ഷവും അതിൽ പങ്കെടുക്കുന്നത്. തെരഞ്ഞെടുപ്പ് ചൂട് എങ്ങനെയെന്ന അന്വേഷണത്തിൽ തുടങ്ങി സമ്മതിദാനാവകാശം രേഖപ്പെടുത്തുന്നതിൽവരെ മലയാളികൾ ഏറെ തൽപ്പരരാണ്. ഉയർന്ന പോളിംഗിലൂടെ ഉന്നത ജനാധിപത്യബോധം പ്രകടിപ്പിക്കുന്നതിൽ നമ്മുടെ നാട് ഒരിക്കലും മറ്റൊരു സംസ്ഥാനത്തിനും പിന്നിലല്ല.

തദ്ദേശ സ്ഥാപനത്തിലേക്കുള്ള തെരഞ്ഞെടുപ്പിൽ ലോക്സഭയിലേക്കും നിയമസഭയിലേക്കുമുള്ള തെരഞ്ഞെടുപ്പിനേക്കാൾ ജനപങ്കാളിത്തം കൂടുതലാണ്. ഇത്തരത്തിൽ തെരഞ്ഞെടുപ്പിനെ ഇതുവരെ സമീപിച്ച, ആഘോഷിച്ച തരത്തിൽ വോട്ടെടുപ്പ് നടത്താൻ കഴിയുന്ന സാഹചര്യം നമുക്കിന്നില്ല. സമ്പർക്കവ്യാപനം രൂക്ഷമാകുകയും രോഗം ഗുരുതരമാകുന്നവരുടെ എണ്ണം വർധിക്കുകയും ചെയ്യുന്ന ആശങ്കാജനകമായ സ്ഥിതിവിശേഷം. ബിജെപി പറയുന്നതുപോലെ കോവിഡ് മാറിയിട്ട് തദ്ദേശസ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പെന്നത് വ്യാമോഹമാണെങ്കിൽ കൂടിയും സാഹചര്യങ്ങൾ മെച്ചപ്പെടുന്നതുവരെ കാത്തിരിക്കാമെന്നുള്ള ചിന്ത വിവേകപൂർണമാണ്. വോട്ട് ചെയ്യാൻ ആഗ്രഹിക്കുന്ന എല്ലാവർക്കും വോട്ടുചെയ്യാനുള്ള അവസരവും സാഹചര്യവും ഉണ്ടാകണം.

കർശന ജാഗ്രതയിലും നിയന്ത്രണങ്ങളിലും തെരഞ്ഞെടുപ്പ് നടത്താൻ കഴിയുമെങ്കിലും ജനങ്ങളുടെ പൂർണ പങ്കാളിത്തം അതുറപ്പുനൽകുന്നില്ല. കോവിഡ് ഭീഷണിയിൽ യാത്രകളും ഒത്തുചേരലുകളും ഒഴിവാക്കി വീട്ടിൽ ഇരിക്കുന്ന പ്രായമായവരും രോഗികളും എല്ലാം ഉൾപ്പെടുന്ന ജനത ആത്മവിശ്വാസത്തോടെ തങ്ങളുടെ പ്രതിനിധിയെ തെരഞ്ഞെടുക്കാൻ തയാറാകുമ്പോഴേ തെരഞ്ഞെടുപ്പ് അർഥപൂർണമാകുകയുള്ളൂ. നിലവിൽ തദ്ദേശസ്ഥാപനങ്ങളുടെ ഭരണ സമിതി കാലാവധി നവംബർ 11-ന് അവസാനിക്കും. അതിനുശേഷം തദ്ദേശസ്ഥാപനങ്ങൾ ഉദ്യോഗസ്ഥ ഭരണത്തിലാകും. ആറുമാസംവരെ ഈനില തുടരാനാകും. എന്നാൽ, ഇപ്പോൾ തന്നെ പഞ്ചായത്തുകളിലെ വികസനപ്രവർത്തനങ്ങളെല്ലാം സ്തംഭിച്ചിരിക്കുകയാണെന്ന ആക്ഷേപവുമുണ്ട്. നിലവിൽ ഒക്ടോബർ അവസാനമോ നവംബർ ആദ്യവാരമോ നടക്കേണ്ട തെരഞ്ഞെടുപ്പ് അധികം വൈകാതെതന്നെ നടത്തേണ്ടിവരും. ചവറ, കുട്ടനാട് ഉപതെരഞ്ഞെടുപ്പുകൾ ആവശ്യമില്ലെന്ന് കേരള സർക്കാർ നേരത്തേതന്നെ തീരുമാനമെടുത്തിരുന്നു. അപ്പോഴാണ് മാറ്റിവെച്ച 65 ഉപതെരഞ്ഞെടുപ്പുകൾ നവംബർ 29-ന് അകം നടത്താൻ തെരഞ്ഞെടുപ്പ് കമ്മീഷന്റെ തീരുമാനം ഉണ്ടാകുന്നത്. സ്ഥാനാർഥി നിർണയം ഉൾപ്പെടെയുള്ള കാര്യങ്ങളിലേക്ക് ചില രാഷ്ട്രീയ പ്പാർട്ടികൾ കടന്നെങ്കിലും അടുത്ത മേയ് മാസത്തോടെ നിയമസഭയിലേക്ക് പൊതുതെരഞ്ഞെടുപ്പ് നടക്കാനിരിക്കേ ഇടക്കാല തെരഞ്ഞെടുപ്പ് അനാവശ്യവും ധൂർത്തുമാണെന്ന വിലയിരുത്തലും ഒപ്പം ശക്തി പ്രാപിച്ചു. 2019 ഡിസംബർ 20-ന് തോമസ് ചാണ്ടിയുടെ നിര്യാണത്തെ തുടർന്നാണ് കുട്ടനാട് മണ്ഡലത്തിൽ ഒഴിവ് ഉണ്ടാകുന്നത്. ചവറ മണ്ഡലത്തിൽ എംഎൽഎ ആയിരുന്ന വിജയൻ പിള്ളയുടെ വേർപാട് കഴിഞ്ഞ മാർച്ചിലായിരുന്നു. ചവറയിൽ ആറുമാസമായും കുട്ടനാട്ടിൽ എട്ടുമാസമായും ജനപ്രതിനിധിയില്ല. ഉപതെരഞ്ഞെടുപ്പ് വേണ്ടായെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് താത്കാലികമായി നീട്ടിവെക്കാൻ ഇലക്ഷൻ കമ്മീഷനോട് ശിപാർശ ചെയ്ത ഭരണപക്ഷത്തെയും നമുക്ക് പ്രശംസിക്കാം.

# എഴുപത്തഞ്ചു തികഞ്ഞ ഇടയലേഖനം

ഡോ. കുര്യാസ് കുമ്പളക്കുഴി

കേരളചരിത്രത്തിൽ ഇടംനേടിയ ഒരു ഇടയലേഖനമുണ്ട്. 1945 ഓഗസ്റ്റ് 15ന് ചങ്ങനാശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ ജെയിംസ് കാളാശ്ശേരി പ്രസിദ്ധീകരിച്ച ഇടയലേഖനം. തിരുവിതാംകൂർ ദിവാനായിരുന്ന സർ സി.പി. രാമസ്വാമി അയ്യരുടെ, പ്രൈവറ്റ് പ്രൈമറി സ്കൂൾ ദേശസാത്കരണ നീക്കത്തിനെതിരെ ഉയർന്ന പ്രതിഷേധ സ്വരമായിരുന്നു അത്.

ന്യൂനപക്ഷങ്ങളുടെ, പ്രത്യേകിച്ച് ക്രൈസ്തവരുടെ വിദ്യാഭ്യാസാവകാശങ്ങൾക്കുമേൽ കൈവെക്കാനുള്ള ഒരു ഏകാധിപതിയുടെ ഗൂഢനീക്കങ്ങൾ ആ ഇടയ ലേഖനം ഉയർത്തിയ പ്രതിഷേധക്കൊടുങ്കാറ്റിൽ തകർന്നു പോയി. സുപ്രധാനമായ ആ ചരിത്ര രേഖയ്ക്ക് 75 തികഞ്ഞിരിക്കുന്നു.

തിരുവിതാംകൂർ അന്നൊരു സ്വതന്ത്രരാജ്യം. രാജഭരണമാണ്. രാജാവിന്റെ പ്രതിനിധിയായി സർവാധികാരങ്ങളോടും കൂടി ഭരണം നടത്തുന്നത് ദിവാൻ. അത്തരമൊരു സാഹചര്യത്തിൽ, ദിവാന്റെ തീരുമാനത്തിനെതിരെ ഒരു മതമേലദ്ധ്യക്ഷൻ ശബ്ദമുയർത്തുക എന്നത് ചിന്തിക്കാൻ പോലും ആവാത്ത സാഹസികതയായിരുന്നു. പക്ഷേ, അതുണ്ടായി. അതൊരു ജനതയുടെ അവകാശ പ്രഖ്യാപനമായി മാറുകയും ചെയ്തു.

ഈ സംഭവത്തിന്റെ ചരിത്ര പശ്ചാത്തലംകൂടി അറിഞ്ഞിരിക്കേണ്ടതുണ്ട്. അന്നത്തെ തിരുവിതാംകൂറിന്റെ തെക്കേ അതിർത്തി കന്യാകുമാരിയും വടക്കേ അതിർത്തി അങ്കമാലിയുമായിരുന്നു. ആലുവാപ്പുഴ വടക്കേ അതിർത്തിയായ ചങ്ങനാശേരിരൂപതയിൽ അന്നു തിരുവിതാംകൂറിന്റെ ഒട്ടുമിക്ക ഭാഗങ്ങൾ ഉൾപ്പെട്ടിരുന്നു.

1927 ഒക്ടോബറിലാണ് മാർ ജെയിംസ് കാളാശ്ശേരി ചങ്ങനാശേരി രൂപതാദ്ധ്യക്ഷനായി ചുമതലയേറ്റത്. അന്നു തിരുവിതാംകൂറിൽ പ്രൈമറി വിദ്യാഭ്യാസരംഗം ഉണർന്നുവരുന്നതേയുള്ളൂ. ഏതാണ്ടെല്ലായിടങ്ങളിലും പ്രൈമറി സ്കൂൾ നിലവിലുണ്ട്. ഹൈസ്കൂളുകൾ വളരെ പരിമിതം; കോളജുകൾ നാമമാത്രവും. 200ലധികം പ്രൈമറി സ്കൂളുകളുള്ള ചങ്ങനാശേരി രൂപതയാണ് അന്നത്തെ ഏറ്റവും വലിയ സ്വകാര്യവിദ്യാഭ്യാസ ഏജൻസി.


സർ സി.പി. രാമസാമി അയ്യർ തിരുവിതാംകൂർ രാജാവിന്റെ ഭരണകാര്യ ഉപദേഷ്ടാവായി നിയമിക്കപ്പെടുന്നത് 1931-ലാണ്. 1936-ൽ അദ്ദേഹം ദിവാനായി. അതോടെ അയാളിലെ ഏകാധിപതി ഉണർന്നു. തുടർന്നുണ്ടായത് സർവതും ചവിട്ടടിയിലാക്കിക്കൊണ്ടുള്ള ദിവാന്റെ ദുർഭരണം.

ഹിന്ദുവികാരം കലശലായിരുന്ന് സർ സിപിക്ക് തിരുവതാംകൂർ ഒരു ഹിന്ദു രാജ്യമായി നിലനില്ക്കണമെന്നായിരുന്നു ആഗ്രഹം. അതുകൊണ്ടു തന്നെ ക്രൈസ്തവരോടും മുസ്ലീംകളോടും അദ്ദേഹത്തിന് താത്പര്യമില്ലായിരുന്നു. ഈ രണ്ടു മതങ്ങളും തിരുവിതാകൂറിൽ വളർന്നുവരുന്നതു സഹിഷ്ണതയോടെ നോക്കിക്കാണാൻ അദ്ദേഹത്തിനു കഴിയുമായിരുന്നില്ല.

ഹിന്ദുമതത്തിലെ ജാതികൃതമായ വിവേചനങ്ങൾമൂലം ഒട്ടധികം അവർണർ ക്രിസ്തുമതത്തിലേക്കും ഇസ്ലാമിലേക്കും അക്കാലത്തു പരിവർത്തനം ചെയ്തുകൊണ്ടിരുന്നു. അതിനു തടയിടാൻ സിപിയുടെ ബുദ്ധിശാലയിൽ പണിതീർന്ന ആയുധമാണ് 1936-ലെ ക്ഷേത്ര പ്രവേശനവിളംബരം. അതു നന്നേ ഫലിക്കുകയും ചെയ്തു.

ഈ സാഹചര്യത്തിലാണ് തിരുവതാംകൂറിൽ എമ്പാടുമുണ്ടായിരുന്ന ക്രൈസ്തവ വിദ്യാലയങ്ങൾക്കുമേൽ സിപിയുടെ കണ്ണു പതിഞ്ഞത്. ഇങ്ങനെ പോയാൽ പിടിച്ചാൽ കിട്ടാത്തവിധം വളർന്നു പോയേക്കും.. അതുകൊണ്ടവയെല്ലാം സർക്കാർ നിയന്ത്രണത്തിലാക്കണം.

ഈ ദുഷ്ടലാക്കോടെയാണദ്ദേഹം 1943 ൽ ഒരു വിദ്യാഭ്യാസക്കമ്മീഷനെ നിയമിച്ചത്. തിരുവിതാംകൂർ സർവക



മാർ ജെയിംസ് കാളാശ്ശേരി

ലശാലയുടെ പ്രോ- വൈസ്ചാൻസലർ പാപ്പ് വാർത്തയായിരുന്നു കമ്മീഷൻ ചെയർമാൻ. 43 അംഗങ്ങളുമുണ്ടായിരുന്നു കമ്മീഷനിൽ.

കമ്മീഷൻ റിപ്പോർട്ട് സിപിയുടെ കണക്കുകൂട്ടലുകൾ തെറ്റിക്കുന്നതായിരുന്നു. പ്രൈവറ്റ് സ്കൂളുകളുടെ പ്രവർത്തനം പ്രശംസനീയമാണെന്നും ഗവൺമെന്റ് ഉദാരമായി ഗ്രാന്റു നല്കി അത്തരം സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കണം എന്നുമായിരുന്നു ശിപാർശ. അച്ഛൻ ഇച്ഛിച്ചതല്ല വൈദ്യൻ കല്പിച്ചത്!

1945 ഓഗസ്റ്റിൽ ചേർന്ന പ്രജാ സഭാ സമ്മേളനത്തിൽ റിപ്പോർട്ടു ചർച്ചയ്ക്കു വെച്ചുസൂത്രശാലിയായ സിപി; കമ്മീഷൻ ശിപാർശകൾക്കു വിരുദ്ധമായി, രാജ്യത്തെ പ്രൈമറി വിദ്യാലയങ്ങൾ സർക്കാർ ഏറ്റെടുത്തു നടത്തണമെന്ന ഒരു പ്രമേയം തന്റെ ഒരു പാർശ്വവർത്തിയെക്കൊണ്ടു സഭയിൽ അവതരിപ്പിച്ചു. ഓഗസ്റ്റ് എട്ടിന് അവതരിപ്പിച്ച പ്രമേയം തൊട്ടടുത്ത ദിവസം തന്നെ തിരക്കിട്ടു പാസ്സാക്കി.

ഓഗസ്റ്റ് പത്തിനുതന്നെ ഉപരിസഭയായ ശ്രീചിത്തിരാ കൗൺസിലിലും പ്രമേയം അവതരിപ്പിച്ചു പാസ്സാക്കി. ഇതാണ് 1945-ലെ ട്രാവൻകൂർ പ്രൈമറി എഡ്യൂക്കേഷൻ ആക്ട് (ഇതിന് മഹാരാജാവിന്റെ അംഗീകാരം ഒക്ടോബർ 18-നു ലഭിച്ചു)

ഇത്രയുമായപ്പോൾ മാർ കാളാശ്ശേരി അപകടം മണത്തു. വിരലിലെണ്ണാൻ മാത്രം സ്കൂളുകൾ ഉണ്ടായിരുന്ന മറ്റു സ്വകാര്യ ഏജൻസികൾ മൗനം പാലിച്ചു. പക്ഷേ, അദ്ദേഹത്തിനതു കഴിയുമായിരുന്നില്ല. ഓഗസ്റ്റ് 15-ലെ ഇടയലേഖനത്തിലൂടെ അദ്ദേഹം സിപിക്കെതിരെ ആഞ്ഞടിച്ചു.

ഇടയലേഖനത്തിന്റെ തുടക്കം തന്നെ കടുത്ത ഭാഷയിലായിരുന്നു: "അവൻ അവരോട് അരുൾ ചെയ്തു: ഇപ്പോൾ മുതൽ മടിശ്ശീലയുള്ളവർ അതെടുക്കട്ടെ. വാളില്ലാത്തവർ തന്റെ കുപ്പായം വിറ്റു തനിക്കായി വാൾ വാങ്ങട്ടെ. അവരോ അവനോട്. ഞങ്ങളുടെ കർത്താവേ, ഇതാ ഇവിടെ രണ്ടു വാളുണ്ട് എന്നു പറയുന്നു. അവൻ അവരോട് 'മതി, മതി' എന്ന് അരുൾ ചെയ്യുന്നു."


ലൂക്കായുടെ സുവിശേഷത്തിൽനിന്നുള്ള ഈ ഉദ്ധരണിക്കുപിന്നാലെ അദ്ദേഹം എഴുതി: "ക്രിസ്തുവിന്റെ ഒരു വിനീത അപ്പോസ്തോലനായ നാം നമ്മുടെ കൈവശം സൂക്ഷിച്ചിരുന്ന രണ്ടു വാളുകളിൽ ഒന്നിനെ, നിരീശ്വര പ്രസ്ഥാനത്തിനെതിരായി നമ്മുടെ മുൻലേഖനത്തിൽ ഊരി വീശിക്കഴിഞ്ഞു. ഇനി നമുക്കു ശേഷിച്ചിരിക്കുന്ന രണ്ടാമത്തെ ആധ്യാത്മികഖഡ്ഗത്തെ, ആധ്യാത്മിക അണുബോംബിനെ, പ്രയോഗിക്കേണ്ടതായ ആവശ്യം ഇതാ കൈവന്നിരിക്കുന്നു. എങ്കിലും നാം ഉടനെ ആ വാളൂരുന്നില്ല ആ ആധ്യാത്മിക അണുബോംബു തൽക്ഷണം പൊട്ടിക്കുന്നുമില്ല."

വാളു വാങ്ങിക്കുക, വാളു വീശിക്കഴിഞ്ഞു, അണുബോംബ് തൽക്ഷണം പൊട്ടിക്കുന്നില്ല തുടങ്ങിയവയെല്ലാം ഇംഗ്ലീഷിൽ പരിഭാഷ ചെയ്തു കിട്ടിയപ്പോൾ സിപി ഒന്നു നടുങ്ങിയിട്ടുണ്ടാവും. ബിഷപ് സായുധ കലാപത്തിന് ആഹ്വാനം ചെയുകയാണെന്നാവും അയാൾ ധരിച്ചുപോയത്. ആധ്യാത്മിക ഖഡ്ഗം, ആധ്യാത്മിക അണുബോംബ് എന്നിവയുടെ വാച്യാർത്ഥം പോലും വായിച്ചെടുക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുമുണ്ടാവില്ല.

മാത്രമല്ല, ഇടയലേഖനത്തിലെ ഭാഷാശൈലി തന്നെ ഏതാണ്ട് ക്ഷോഭം നിറഞ്ഞതായിരുന്നു. അമർഷരോഷങ്ങൾ വരികൾക്കിടയിൽ പതഞ്ഞുനിന്നു. പ്രമേയം പാസ്സാക്കിയ ജനപ്രതിനിധികൾ, ദൈവദ്രോഹം, മാതൃദ്രോഹം, ശിശുദ്രോഹം, ഗുരുഹത്യ എന്നീ നാലു പാതകങ്ങൾക്കുത്തരവാദിയായിരിക്കും എന്നു മാർ കാളാശ്ശേരി മുന്നറിയിപ്പു നല്കുകയും ചെയ്തിരുന്നു.

വളരെ തന്ത്രപൂർവ്വമാണ് ഇടയലേഖനം തയ്യാറാക്കിയിരുന്നത്. ജനപ്രതിനിധികളെയല്ലാതെ ദിവാനെയോ രാജാവിനെയോ ഗവൺമെന്റിനെയോപോലും വിമർശിക്കുന്നില്ല. പക്ഷേ, വായിച്ചുകഴിഞ്ഞപ്പോൾ അതെല്ലാം തനിക്കെതിരാണെന്ന് സിപിക്കു തോന്നിയിരിക്കാനാണു സാധ്യത. എന്നാൽ, അതിലെ ക്രൈസ്തവാന്തരീക്ഷം അദ്ദേഹത്തിനു പൂർണമായി മനസ്സിലാകുന്നതായിരുന്നില്ല. അടുത്ത രണ്ടു ഞായറാഴ്ച ദൈവാലയങ്ങളിൽ കുർബാനമധ്യേ ഇടയലേഖനം വായിക്കണം എന്ന കല്പന കൂടി (ശേഷം 22-ാം പേജിൽ)


K.O. JOSE
&
ASSOCIATES, INC.
Certified Public Accountants
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
K.O. JOSE, CPA
Tel: 847-724-3020 • Cell: 847-833-6038
CPA
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want
to wish you a Happy New Year
Fast and
EFFICIENT
Quality
REPAIR
WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com

# വയോധിക കൊല്ലപ്പെട്ട നിലയിൽ; വീട്ടിലെ സഹായി അറസ്റ്റിൽ

പത്തനംതിട്ട: തൊണ്ണൂറ്റിരണ്ടുകാരിയെ കിടപ്പുമുറിയിൽ കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തി. വീട്ടിലെ സഹായി അറസ്റ്റിൽ. കുമ്പഴ മനയത്ത് വീട്ടിൽ ജാനകിയമ്മയാണ് സെപ്റ്റംബർ 7ന് രാത്രി കൊല്ലപ്പെട്ടത്. തമിഴ്നാട് സ്വദേശി മയിൽസാമി (69) ആണ് അറസ്റ്റിലായത്. വർഷങ്ങൾക്ക് മുൻപ് ഭർത്താവ് മരിച്ച ജാനകിയമ്മ ഒറ്റയ്ക്കായിരുന്നു താമസം. മൂത്തമകൻ വിശാഖപട്ടണത്തും ഇളയമകൻ ഇലവുംതിട്ടയിലും മകൾ പെരുനാട്ടിലുമാണ് താമസം. ജാനകിയമ്മയുടെ സഹായത്തിനായി മക്കൾ ഏർപ്പെടുത്തിയതായിരുന്നു മയിൽസാമിയെ. ഇയാളെ കൂടാതെ മയിൽസാമിയുടെബന്ധുവായ ഭൂപതി എന്ന സ്ത്രീയും സഹായിയായി അഞ്ചു വർഷത്തിലേറെയായി ജാനകിയമ്മയ്ക്കൊപ്പം കഴിയുന്നുണ്ടായിരുന്നു. കേൾവിശക്തിയില്ലാത്ത, സംസാരത്തിന് വൈകല്യമുള്ളയാളായിരുന്നു മയിൽസാമി. ഈയിടെ ഭൂപതി മൈലപ്രയിലെ സ്വന്തം വീട്ടിലേക്ക് പോയിരുന്നു. സെപ്റ്റംബർ എട്ടിന് രാവിലെ തിരിച്ചെത്തിയപ്പോഴാണ് ജാനകിയമ്മയെ കിടപ്പുമുറിയിൽ കൊല്ലപ്പെട്ട നിലയിൽ കണ്ടത്. കഴുത്തിനു മുറിവേറ്റിരുന്നു. ജാനകിയമ്മയെ കൊല്ലുമെന്നും തുടർന്നു ജയിലിൽ പോകുമെന്നും മയിൽസാമി വീട്ടിൽ പലയിടങ്ങളിലായി പേപ്പറിൽ എഴുതിവെച്ചിരുന്നെന്ന് പോലീസ് അറിയിച്ചു.



മയിൽസാമിയെ പോലീസ് അറസ്റ്റ് ചെയ്ത് വാഹനത്തിൽ കയറ്റുന്നു. (ഇൻസെറ്റിൽ ജാനകിയമ്മ)

തൊട്ടടുത്ത ബന്ധുവീട്ടിലെ സിറ്റൗട്ടിൽ പത്രത്തിനുള്ളിൽ കത്തിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പി വെച്ചിരുന്നു. വാതിൽ പൂട്ടി അകത്തിരുന്ന മയിൽസാമിയെ പോലീസ് എത്തി കസ്റ്റഡിയിൽ എടുത്തു. കസ്റ്റഡിയിൽ എടുക്കുമ്പോൾ പ്രതി വിഷം കഴിച്ച നിലയിലായിരുന്നുവെന്ന് പോലീസ് അറിയിച്ചു. തുടർന്ന് പത്തനംതിട്ട ജനറൽ ആശുപത്രിയിലെത്തിച്ച ഇയാൾക്ക് അടിയന്തിര ചികിത്സ നൽകിയ ശേഷം അടൂർ ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

മാനസികദൗർബല്യത്തിന് നേരത്തെ ചികിത്സ തേടിയ ആളാണ് മയിൽസാമിയെന്ന് പോലീസ് അറിയിച്ചു. വിഷം കഴിച്ച് ആത്മഹത്യ ചെയ്യാൻ നേരത്തെയും ശ്രമിച്ചിരുന്നു. വീട്ടിൽ മോഷണ ശ്രമം നടന്നിട്ടില്ലെന്ന് പോലീസ് പറഞ്ഞു.

## രണ്ടില ചിഹ്നം ഒരു മാസത്തേക്ക് മരവിപ്പിച്ചു

കൊച്ചി: ജോസ് കെ.മാണി എംപി നേതൃത്വം നൽകുന്ന ഗ്രൂപ്പിന് രണ്ടില ചിഹ്നവും കേരളാ കോൺഗ്രസ്(എം) എന്ന പേരും ഉപയോഗിക്കാൻ അനുമതി നൽകിയ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവ് ഹൈക്കോടതി ഒരു മാസത്തേക്കു സ്റ്റേ ചെയ്തു. പി.ജെ. ജോസഫ് വിഭാഗം നൽകിയ ഹർജിയിലാണു ജസ്റ്റിസ് പി.വി. ആശയുടെ ഉത്തരവ്. കേസ് ഇനി ഒക്ടോബർ ഒന്നിനു പരിഗണിക്കും. ഒന്നര മണിക്കൂറോളം നീണ്ട വാദപ്രതിവാദങ്ങളിൽ ഇരുവിഭാഗത്തിനും വേണ്ടി സുപ്രീംകോടതി അഭിഭാഷകർ ഹാജരായി. ജോസഫ് വിഭാഗത്തിനുവേണ്ടി ബസ പ്രഭു പാട്ടീലും ജോസ് വിഭാഗത്തിനു വേണ്ടി പി.എസ് നരസിംഹയും. ജോസ് കെ. മാണി ചെയർമാനായി പ്രവർത്തിക്കുന്നതു സിവിൽ കോടതി തടഞ്ഞിട്ടുണ്ട്. കോടതിയുടെ തീരുമാനം അവഗണിക്കാനോ മറികടക്കാനോ തെരഞ്ഞെടുപ്പ് കമ്മീഷന് അധികാരമില്ല. തെരഞ്ഞെടുപ്പ് കമ്മിഷനിൽ സംസ്ഥാന സമിതി അംഗങ്ങളുടേതായി നൽകിയ സത്യവാങ്മൂലത്തിന്റെ വിശ്വാസ്യതതന്നെ ചോദ്യം ചെയ്യപ്പെട്ടതാണ്. സമിതിയിലെ 450 അംഗങ്ങളുടെ യഥാർഥ പട്ടിക കമ്മിഷനു ലഭിച്ചിട്ടില്ല. പട്ടികയുടെ കാര്യത്തിൽ കമ്മിഷന്റെ നിയമവിഭാഗം ഡയറക്ടർ സംശയം പ്രകടിപ്പിച്ചു. രണ്ടു പട്ടികയിലുമുള്ള 305 പേരുകൾ പരിഗണിക്കാമെന്ന തെരഞ്ഞെടുപ്പ് കമ്മിഷന്റെ നിലപാടും തെറ്റാണ്. ഭരണഘടനാ അധികാരമുള്ള തെരഞ്ഞെടുപ്പു കമ്മിഷന്റെ വിധിയെ എതിർക്കുന്നത് അനുവദിക്കാനാവില്ല. തെരഞ്ഞെടുപ്പ് കമ്മിഷനാണ് അധികാരം. തെരഞ്ഞെടുപ്പ് കമ്മിഷനിലെ ഭൂരിപക്ഷ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് ഉത്തരവ്.

## ശിവശങ്കറിനെ തിരിച്ചെടുക്കാൻ തിരക്കിട്ട് നീക്കം

തിരുവനന്തപുരം: സ്വർണക്കടത്ത് കേസിലെ പ്രതി സ്വപ്നയുമായുള്ള ബന്ധത്തിന്റെപേരിൽ സസ്പെൻഷനിലായ എം. ശിവശങ്കറിനെതിരായ നടപടി പുനരാലോചിക്കാൻ ചീഫ് സെക്രട്ടറി ബിശ്വാസ് മേത്ത അധ്യക്ഷനായി മൂന്നംഗ പ്രത്യേകസമിതി രൂപീകരിച്ചു. തൊഴിൽ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സത്യജിത് രാജൻ, ആഭ്യന്തര അഡീ. ചീഫ് സെക്രട്ടറി ടി.കെ ജോസ് എന്നിവരാണ് അംഗങ്ങൾ. ആറു മാസത്തിലേറെ സസ്പെൻഷനിലായ വരെ തിരിച്ചെടുക്കാൻ ചീഫ് സെക്രട്ടറി അധ്യക്ഷനായി പുനരവലോകനസമിതി ഉള്ളപ്പോൾ തന്നെയാണു പ്രത്യേക സമിതിയും രൂപീകരിച്ചത്.


Ann's Beauty Salon

517 N. Wolf Road, Hillside, IL 60162

annsalon@gmail.com

A Full Service Salon & Spa

For all your Beauty Care Needs



Lissy

(Licensed Cosmetologist & Licensed Cosmetology Instructor)

Call for appointment

708-547-6787

Business Hours

Tue - Fri 9:30 a.m to 7 p.m.

Sat. 8 a.m. - 5 p.m.

Sunday appointment only

Monday closed

-Special-

Spa Day Package Includes

| | |
|---|---|
| Full Facial | $ 47 |
| Eyebrow Arch | $ 12 |
| Hair Loss Treatment Dandruff Treatment | $ 30 |
| Deep Conditioning for Hair | $ 30 |
| Scalp Massage w/hot oil | $ 30 |
| Manicure | $ 15 |
| Pedicure | $ 25 |
| Total | $ 189 |
| **Sale Price** | **$ 129** |

*Thank you for your support! Since 1995*

We Specialize In:

Eyebrow Arching, Japanese Hair Straightening Facials (over 25 different types) Foil Highlights, Henna for Hair Manicure, Pedicure, Teenage Facial, Acne Facial, 4 layer Facial, Ear Piercing. Roller Set, Mini Beauty Package Bridal Package, etc.



Achieve Real Estate Group, Inc.

Achieve all your real estate needs with us

"Satisfied customers are our primary goal"

"We are hiring brokers"

Please contact Sabu Achettu for more information

Achieve Brokers

Alexander Mathew 847 650 0110 (alexmathewchicago@gmail.com)

Luke Chirayil (Kochumon) Cell 630 808 2125 (lchirayil@gmail.com)

Arkadiusz Jamula 773 671 5555 (aj.jamula@gmail.com)

Mohan Sebastian 847 331 1123 (realtormohan@yahoo.com)

Benny Joseph (Puthukulam) 847 612 4319 (bennyrealtor@comcast.net)

Prince Eapen 224 659 0336 (eapenrealtor@gmail.com)

Biju Jacob 847 840 5532 (bijubjacob@gmail.com)

Renchi Varghese 847 845 7361 (renchirealtor@yahoo.com)

Eby George 1 773 671 3911 (Ebychengannur@yahoo.com)

Roy John 708 833 2769 (royjohnreb@yahoo.com)

George (Babu) Mathew 847-602-9326 (georgelrealtor@gmail.com)

Sabu Achettu (Managing Broker) 847 687 5100 (saburealtor@sbcglobal.net)

George Panicker 847 401 7771 (realtorpanicker@gmail.com)

Shawn S Achettu 847-529-7962 (realtorachettu@gmail.com)

James P Kannookadan 847 910 7866 (jimkannoox@hotmail.com)

Sheljo Abraham 331-202-6087 cell (realtorsheljo@gmail.com)

Jinson Vachachira 618-203-9142 (VachaRealtor@gmail.com)

Soy Mathew 847 769 1805 (soymathew@sbcglobal.net)

Joe Luke Chirayil (Appu) 647-691-3121 (realtorjoeluke@gmail.com)

Stiby Abraham 773 -355-8880 (stibyrealtor@gmail.com)

John Lyndon Gatus 224 258 8235 (realtoryjohn1992@gmail.com)

Tino Tomy 847-651-2923.(realtortino@gmail.com)

John (Thengumoottil) Mathew 847 309 2826 (realtorjthengum@gmail.com)

Thomas (Karikulam) Kuruvilla 847 219 6050 thomasrealtor557@gmail.com

Jolly Joseph 630-615-9240 (realtorjollyjoseph@gmail.com)

Tomy Plathottathil Mathew 773-349-7154 (tomyrealtor1229@gmail.com)

Luka Chirayil 630 290 1524 (lchirayil22@yahoo.com)

"For Residential,Commercial, Short sales and Foreclosure sales please call Achieve Real Estate Group"

834 E Rand RD Suite 6, Mount Prospect, IL 60056

Real Estate for diversified investors and promise for future generations.

# ഉദ്ധവിനെ വെല്ലുവിളിച്ച് കങ്കണ മുംബൈയിൽ

മുംബൈ: വീടുപൊളിച്ചതുൾപ്പെടെ വിവാദസംഭവങ്ങൾ അരങ്ങുതകർക്കുന്നതിനിടെ ബോളിവുഡ് താരം കങ്കണ റണൗത് സെപ്റ്റംബർ 9ന് മുംബൈയിൽ തിരിച്ചെത്തി. അനധികൃതമായി നിർമിച്ചതെന്നാരോപിച്ച് ബാന്ദ്രയിൽ കങ്കണയുടെ ഉടമസ്ഥതയിലുള്ള കെട്ടിടം ശിവസേനാ ഭരണത്തിലുള്ള മുംബൈ മുനിസിപ്പൽ കോർപ്പറേഷൻ പൊളിച്ചതിനു പിന്നാലെ കനത്ത സുരക്ഷയിലാണ് നടിയെ വിമാനത്താവളത്തിൽ നിന്ന് പാലി ഹിൽസിലെ വീട്ടിലെത്തിച്ചത്. പിന്നാലെ മുഖ്യമന്ത്രി ഉദ്ധവ് താക്കറയെ രൂക്ഷമായി വിമർശിച്ച് വീഡിയോ സന്ദേശവും പരസ്യമാക്കി. ഇന്ന് എന്റെ വീട് തകർത്തു. നാളെ താങ്കളുടെ അഹങ്കാരവും തകർന്നു വീഴും എന്ന് മുഖ്യമന്ത്രിയെ താങ്കൾ എന്ന് അഭിസംബോധന ചെയ്തുള്ള സന്ദേശത്തിൽ നടി പറയുന്നു. കാലചക്രം അങ്ങനെയാണ്. അതു മാറിക്കൊണ്ടേയിരിക്കും: അവർ ഓർമിപ്പിച്ചു. മുനിസിപ്പൽ അധികൃതർ പൊളിച്ച കെട്ടിടത്തിന്റെ ദൃശ്യവും ഇതോടൊപ്പം ടിറ്ററിൽ ഉൾപ്പെടുത്തിയിരുന്നു.



മുംബൈയിലേക്കു പോകാനായി ചണ്ഡിഗഡിലെ മൊഹാലി വിമാനത്താവളത്തിലെത്തുന്ന ബോളിവുഡ് നടി കങ്കണ റണൗത്.

മുംബൈ നഗരത്തെ പാക് അധിനിവേശ കാഷ്മീരിനോട് ഉപമിച്ചുള്ള ടിറ്റാണ് കങ്കണയും ശിവസേനയും തമ്മിലുള്ള ബന്ധം വഷളാക്കിയത്. ബോളിവുഡ് താരം സുശാന്ത് സിംഗ് രാജ്പുതിന്റെ മരണവുമായി ബന്ധപ്പെട്ടായിരുന്നു നടിയുടെ അഭിപ്രായപ്രകടനം.

ചണ്ഡിഗഡിൽനിന്നുള്ള പ്രത്യേക വിമാനത്തിൽ സെപ്റ്റംബർ 9ന് ഉച്ചയ്ക്കാണ് നടി മുംബൈ വിമാനത്താവളത്തിലെത്തിയത്. പുറത്ത് പ്രതിഷേധ മുദ്രാവാക്യങ്ങളും കരിങ്കൊടികളുമായി നൂറുകണക്കിനു ശിവസേനാ പ്രവർത്തകർ കാത്തിരിപ്പുണ്ടായിരുന്നു. നടിയെ അനുകൂലിച്ച് ആർപിഐ(എ)യുടെയും കർണിസേനയുടെയും പ്രവർത്തകരും ഒത്തുകൂടി. കങ്കണയുടെ സംരക്ഷണത്തിന് അണിനിരക്കുമെന്ന് കേന്ദ്രമന്ത്രിയും ആർപിഐ നേതാവുമായ രാംദാസ് അഠാവലെ നേരത്തെ പ്രഖ്യാപിച്ചിരുന്നു. സ്വകാര്യസുരക്ഷാ സേനാംഗങ്ങളുടെയും മുംബൈ പോലീസിന്റെയും സംരക്ഷണയിൽ 33 കാരിയായ നടിയെ തുടർന്നു വീട്ടിലെത്തിച്ചു.

# ആർച്ച്ബിഷപ് മാർ ചേന്നോത്ത് കാലംചെയ്തു

ടോക്കിയോ: ജപ്പാനിലെ വത്തിക്കാൻ സ്ഥാനപതിയും എറണാകുളം-അങ്കമാലി അതിരൂപതാംഗവുമായ ആർച്ച്ബിഷപ് മാർ ജോസഫ് ചേന്നോത്ത് (77) അന്തരിച്ചു. സെപ്റ്റംബർ 7ന് രാത്രി വൈകിയാണ് അന്ത്യം. മസ്തിഷ്കാഘാതത്തെത്തുടർന്ന് കഴിഞ്ഞ മേയിൽ അദ്ദേഹത്തെ ടോക്കിയോയിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. മൃതദേഹം കേരളത്തിൽ കൊണ്ടുവന്ന് അടക്കാൻ ശ്രമം നടക്കുന്നു.



1943 ഒക്ടോബർ 13ന് കോക്കമംഗലം ഇടവക ചേന്നോത്ത് ജോസഫിന്റെയും മറിയക്കുട്ടിയുടെയും മകനായി ജനിച്ചു. അഞ്ചു സഹോദരൻമാരും രണ്ട് സഹോദരിമാരുമുണ്ട്. 1969 മേയ് നാലിന് ഓസ്ട്രിയയിൽ വെച്ച് പൗരോഹിത്യം സ്വീകരിച്ചു. 1973ൽ റോമിൽ നിന്ന് കാനൻ നിയമത്തിൽ ഡോക്ടറേറ്റ് നേടി. പോൾ ആറാമൻ മാർപ്പാപ്പ മോൺസിഞ്ഞോർ പദവിയിലേക്ക് ഉയർത്തി. 1999 ആഗസ്റ്റ് 24ന് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ, അദ്ദേഹത്തെ ആർച്ച്ബിഷപ്പായി നിയമിച്ചു. തുടർന്ന് മധ്യ ആഫ്രിക്കൻ റിപ്പബ്ലിക്, ചാഡ്, ടാൻസാനിയ എന്നിവിടങ്ങളിൽ വത്തിക്കാൻ സ്ഥാനപതിയായി. 2011 മുതൽ ജപ്പാനിലെ വത്തിക്കാൻ സ്ഥാനപതിയാണ്. ഇംഗ്ലീഷ്, ലാറ്റിൻ, ഫ്രഞ്ച്, സ്പാനിഷ്, ഇറ്റാലിയൻ, ജർമൻ, ചൈനീസ് ഭാഷകൾ വശമായിരുന്ന അദ്ദേഹം, 1986ൽ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയോടൊപ്പം കേരളം സന്ദർശിച്ച സംഘത്തിൽ അംഗമായിരുന്നു.

# അഞ്ചിന പദ്ധതിക്ക് ഇന്ത്യ-ചൈന ധാരണ

ന്യൂഡൽഹി: ഇന്ത്യ-ചൈന അതിർത്തിയിലെ സംഘർഷാവസ്ഥ പരിഹരിക്കാൻ അഞ്ചിന പ്രവർത്തന പദ്ധതിക്ക് ഇരുരാജ്യങ്ങളും രൂപം നൽകി. സെപ്റ്റംബർ 17ന് ഇന്ത്യൻ സമയം വ്യാഴാഴ്ച രാത്രി റഷ്യൻ തലസ്ഥാനമായ മോസ്കോയിൽ വിദേശകാര്യമന്ത്രി എസ്. ജയ്ശങ്കറും ചൈനീസ് വിദേശകാര്യമന്ത്രി വാങ് യിയും തമ്മിൽ രണ്ടര മണിക്കൂർ നടത്തിയ ചർച്ചയിലാണ് പദ്ധതി ആവിഷ്ക്കരിച്ചത്. 1 അഭിപ്രായവ്യത്യാസങ്ങൾ തർക്കങ്ങളായി വളരാതിരിക്കാൻ ഇരുരാജ്യങ്ങളിലെയും നേതാക്കൾ തമ്മിൽ നേരത്തേ ഉണ്ടാക്കിയ ധാരണകളുടെ അടിസ്ഥാനത്തിൽ മാർഗനിർദേശങ്ങളുണ്ടാക്കും. 2 അതിർത്തിയിലെ നിലവിലുള്ള സാഹചര്യം ഇരുരാജ്യങ്ങളുടെയും താത്പര്യത്തിന് അനുഗുണമല്ല. ഇരുവിഭാഗം സൈന്യവും ചർച്ച തുടരണം. അതിവേഗം പിൻമാറണം. സൈന്യങ്ങൾ തമ്മിൽ യുക്തമായ അകലം പാലിക്കണം. സംഘർഷം ലഘൂകരിക്കണം. 3 അതിർത്തിയിൽ സമാധാനവും സ്വസ്ഥതയും ഉറപ്പുവരുത്തുക. പ്രശ്നം രൂക്ഷമാകുന്ന രീതിയിലുള്ള നടപടികൾ ഒഴിവാക്കുക തുടങ്ങിയവയുൾപ്പെടെ അതിർത്തി പ്രശ്നങ്ങൾ സംബന്ധിച്ച് നിലവിലുള്ള കരാറുകളും ചട്ടങ്ങളും ഇരുവിഭാഗവും അംഗീകരിക്കണം. 4 അതിർത്തിത്തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രത്യേക പ്രതിനിധിതല ചർച്ച തുടരണം. അതിർത്തി പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുള്ള കൂടിയാലോചനാ സംവിധാനവും യോഗം തുടരും. 5 അതിർത്തിയിൽ സമാധാനവും സ്വസ്ഥതയും വർധിപ്പിക്കുന്നതിനായി പരസ്പര സൗഹൃദം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്ഥിതിഗതികൾ ശാന്തമാകുന്ന മുറയ്ക്ക് ഇരുപക്ഷവും ആവിഷ്ക്കരിക്കും.

# ചൈനയ്ക്കു മുന്നറിയിപ്പുമായി റഫാൽ


ന്യൂഡൽഹി: ഇന്ത്യയുടെ പരമാധികാരത്തിനുമേൽ കണ്ണുവെക്കുന്നവർക്കുള്ള ശക്തമായ സന്ദേശമാണു റഫാൽ പോർവിമാനങ്ങളെന്ന് പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ്. അഞ്ച് റഫാൽ വിമാനങ്ങൾ അംബാലയിലെ എയർ ഫോഴ്സ് ബേസിൽ ഇന്ത്യൻ വ്യോമസേനയുടെ ഭാഗമാകുന്ന ചടങ്ങിലാണ് പ്രതിരോധ മന്ത്രി ചൈനയ്ക്കു ശക്തമായ സന്ദേശം നൽകിയത്. ഫ്രഞ്ച് നിർമിത അഞ്ച് റഫാൽ വിമാനങ്ങൾ വ്യോമസേനയുടെ ഗോൾഡൻ ആരോ സ്ക്വാഡ്രന്റെ ഭാഗമായി. ഫ്രഞ്ച് പ്രതിരോധ മന്ത്രി ഫ്ളോറൻസ് പാർളിയും പങ്കെടുത്തു.

ദേശസുരക്ഷ ഇന്ത്യക്കു പരമപ്രധാനമാണ്; അതിർത്തികൾ സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധവുമാണ്. ഇപ്പോൾ റഫാൽ വിമാനങ്ങൾ വ്യോമസേനയുടെ ഭാഗമായത് നിലവിലെ അതിർത്തി പ്രശ്നങ്ങൾ വിലയിരുത്തുമ്പോൾ പ്രാധാന്യമർഹിക്കുന്നു.

റഫാൽ ഇന്ത്യയുടെ ആത്മവിശ്വാസം കൂട്ടും. അവ അതിർത്തികളിലെ മികച്ച കാവൽക്കാരനാകുമെന്നും രാജ്നാഥ് സിംഗ് പറഞ്ഞു.



റഫാൽ പോർവിമാനങ്ങൾ ഇന്ത്യൻ വ്യോമസേനയിൽ ഉൾപ്പെടുത്തുന്ന ചടങ്ങ്. പ്രതിരോധമന്ത്രി രാജ്നാഥ് സിംഗ് ഫ്രഞ്ച് പ്രതിരോധമന്ത്രി ഫ്ളോറൻസ് പാർളി എന്നിവരെ കാണാം


FAMILY DENTAL Practice
9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood
Office: (847) 581-1418,
Fax: (847) 581-1445



GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS

- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DENTURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE




Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 25 years!!

www.mydentisttoday.com



ACHIEVE REAL ESTATE GROUP, INC.
*For All Your Real Estate Needs Please Call ...*

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# പൂർണ്ണിമ ടീച്ചർ

മേരി ജോസഫ്

ഗൃഹാതുരത്വം ഉണർത്തുന്ന ഓർമകൾ പലപ്പോഴും അനുസരണയില്ലാത്ത കുട്ടികളെ പോലെ മനസ്സിന്റെ സ്വസ്ഥതയെ ഭഞ്ജിച്ചു കൊണ്ടു ഒളിഞ്ഞു നോക്കാറുണ്ട്. ഹൈസ്കൂളിൽ പഠിച്ചിരുന്ന കാലം. അന്നു ഇംഗ്ലീഷ് പഠിപ്പിച്ചിരുന്നത് സുന്ദരിയായ പൂർണിമ ടീച്ചർ ആയിരുന്നു. കാർമേഘത്തിനിടയിലൂടെ ഒളിഞ്ഞു നോക്കുന്ന നിറ പൗർണ്ണമിയുടെ അഴകായിരുന്നു എന്റെ ടീച്ചറിനും.

ചുവന്നു തുടുത്ത കവിളിണകളും ഇടതൂർന്ന കാർകൂന്തലും അംഗലാവണ്യവും ടീച്ചറിനെ അതീവ സുന്ദരി ആക്കിയിരുന്നു.

പക്ഷെ, എല്ലാ സൗഭാഗ്യങ്ങളുടെ നടുവിലും പുത്തരിയിൽ കല്ലു കടിക്കുന്നതുപോലെ എന്തുകൊണ്ടോ ടീച്ചർ സദാ മ്ലാനവദനയായിരുന്നു. മൂക്കിന്റെ തുമ്പത്തായിരുന്നു കോപം. സന്തോഷവതിയായി ടീച്ചറിനെ വളരെ അപൂർവമായേ കണ്ടിരുന്നുള്ളൂ. പലപ്പോഴും അകലങ്ങളിലേക്ക് മിഴികൾ പായിച്ചു ചിന്താവിഷ്ടയായ സീതയെപ്പോലെ വിഷാദമഗ്നയായി ഇരിക്കുന്നതു കാണാം. പക്ഷെ, ആ മുഖത്തെ ശോകഭാവം വായിച്ചെടുക്കാനുള്ള പക്വത അന്നു മനസ്സിനില്ലായിരുന്നു.

പഠിക്കുന്ന കുട്ടികളെ ടീച്ചർമാർക്കു പൊതുവെ ഇഷ്ടമായിരുന്നു. ക്ലാസ്സിൽ എല്ലാത്തിനും ഒന്നാം സ്ഥാനം ലഭിച്ചിരുന്നതുകൊണ്ട് ടീച്ചറിന്റെ സ്നേഹവും പ്രോത്സാഹനവും നിർലോഭം ലഭിച്ചിരുന്നു. പഠിച്ചു മിടുക്കിയാവണം ഒരുപാടു ഉയരങ്ങൾ കീഴടക്കണം എന്നു പറയുമ്പോൾ ടീച്ചറിന്റെ കണ്ണുകളിലെ സ്നേഹത്തിന്റെ തിളക്കം വീണ്ടും പഠിക്കാനുള്ള ഊർജം പകർന്നു തന്നു.

ഹൈസ്കൂൾ ദിനങ്ങൾ അതിവേഗം കൊഴിഞ്ഞു വീണു. കോളജിൽ ചേർന്നിട്ടും പഠിത്തത്തിന്റെ തിരക്കിനിടയിലും പൂർണിമ ടീച്ചർ നിറ പൗർണമിപോലെ മനസ്സിന്റെ കോണിലെവിടെയോ പുഞ്ചിരി തൂവി നിന്നു. ടീച്ചറിന്റെ പ്രോത്സാഹനവും പരീക്ഷയുടെ ഗ്രേഡ് ചെയ്ത ഉത്തരക്കടലാസുകൾ തിരികെ തരുമ്പോൾ അഭിമാനത്തിന്റെ കുഞ്ഞു നക്ഷത്രങ്ങൾ തിളങ്ങുന്ന മിഴികളും മനസ്സിൽ നിന്നും ഒരിക്കലും മാഞ്ഞു പോയിരുന്നില്ല.

ഒരു ദിവസം ക്രിസ്തുമസ് അവധിക്കു വീട്ടിൽ വന്നപ്പോൾ അമ്മ പറഞ്ഞു:

മോളെ നീ അറിഞ്ഞോ പൂർണിമ ടീച്ചറിന്റെ കാര്യം?

പൂർണിമ ടീച്ചറിനെന്തു പറ്റി?

ടീച്ചർ മരിച്ചു പോയി.

എന്ത്? എന്റെ പൂർണിമ ടീച്ചറോ? ഒരിക്കലുമില്ല!

നെറ്റിയിൽ ചന്ദനക്കുറിയണിഞ്ഞു, മുടിയിൽ തുളസിക്കതിർ ചൂടി, പുസ്തകങ്ങൾ മാറോടു ചേർത്തു രാവിലെ മന്ദം സ്കൂളിലേക്ക് നടന്നു വരുന്ന ടീച്ചറിന്റെ മുഖം മനസ്സിൽ ഓടിയെത്തി.

മനസ്സിൽ നിർമല സൗന്ദര്യത്തിന്റെയും നിറയൗവ്വനത്തിന്റെയും പ്രതീകമായിരുന്നു പൂർണിമ ടീച്ചർ.

ഇല്ല, എന്റെ ടീച്ചർ ഒരിക്കലും മരിക്കില്ല!

മരിച്ചതല്ല...

പിന്നെ?

ഭർത്താവ് കൊന്നതാണ്...!

ഒരുദിവസം പതിവുപോലെ അയാൾ ടീച്ചറിനെ ക്രൂരമായി മർദ്ദിച്ചു. എന്നിട്ടും അരിശം തീരാതെ വീടു പുറത്തുനിന്ന് പൂട്ടിയ ശേഷം വീടിനു തീ വെച്ചു. ടീച്ചറും കുട്ടികളും വീടിനുള്ളിൽ കത്തിയമർന്നു. വീടു പുറത്തു നിന്നും പൂട്ടിയതു കൊണ്ട് ടീച്ചറിനും കുട്ടികൾക്കും രക്ഷപ്പെടാനായില്ല. ടീച്ചർ മരിച്ചെന്നുറപ്പു വരുത്തിയശേഷം അയാൾ കിണറ്റിൽ ചാടി മരിച്ചു.

പിന്നെ അമ്മ പറഞ്ഞതൊന്നും കേട്ടില്ല. മനസ്സിൽ തിമിർത്തു പെയ്ത സങ്കടപ്പെരുമഴയിൽ വാക്കുകൾ മുറിഞ്ഞു പോയി. ആയിരം കരിവണ്ടുകൾ മുരളുംപോലെ ആ വാർത്ത വീണ്ടും വീണ്ടും ചെവികളിൽ മുഴങ്ങി.

ടീച്ചറിനെ മാത്രമല്ല, രണ്ടു കുഞ്ഞുങ്ങളെയും അയാൾ നിർദ്ദയം തീവെച്ചു കൊന്നു!

എന്റെ ടീച്ചറിന്റെ രണ്ടു മാലാഖ കുട്ടികളെയും അയാൾ കൊന്നുവോ? അഞ്ചു വയസ്സുകാരി മീനൂട്ടിയും മൂന്നു വയസ്സുകാരൻ അപ്പുവും.

അവരെന്തു തെറ്റു ചെയ്തു? ടീച്ചറിന്റെ കൈ പിടിച്ചു ഇടക്കൊക്കെ സ്കൂളിലേക്ക് വന്നിരുന്ന ആ സുന്ദരിക്കുട്ടിയെ എങ്ങനെ മറക്കാൻ കഴിയും?

എന്തിനാണയാൾ ഈ കടുംകൈ ചെയ്തത്?

അയാൾ ഒരു സംശയ രോഗി ആയിരുന്നു....!

നീണ്ടു മെലിഞ്ഞ സുദർശനൻ സാറിന് സുന്ദരിയായ ടീച്ചറിനെ എപ്പോഴും സംശയം ആയിരുന്നു. വീട്ടിൽ എന്നും അടിയും വഴക്കും ബഹളവും ആയിരുന്നു. ടീച്ചറിന് ഒരു നല്ല സാരി ഉടുക്കാൻ പറ്റില്ല, ആരോടും സംസാരിക്കാൻ പറ്റില്ല എല്ലാം അയാൾക്ക് സംശയം ആയിരുന്നു. ആ വീട്ടിൽ സദാ വഴക്കായിരുന്നു.

ഇപ്പോൾ മനസ്സിലാവുന്നു, എന്തുകൊണ്ടാണ് എന്റെ ടീച്ചർ പലപ്പോഴും അകലങ്ങളിലേക്ക് നോക്കി ദുഃഖത്തിന്റെ പ്രതിച്ഛായ പോലെ ഇരുന്നതെന്ന്, ചെറിയ കാര്യത്തിനു പോലും എന്തി



ലേഖിക

നാണ് പൊട്ടിത്തെറിച്ചിരുന്നതെന്ന്. അതു കുട്ടികളോടുള്ള ദേഷ്യമായിരുന്നില്ല. മറിച്ചു തന്ത്രികൾ തകർക്കപ്പെട്ട ഒരു മണി വീണയുടെ നിലയ്ക്കാത്ത തേങ്ങൾ മാത്രമായിരുന്നു എന്നു ഇന്നു മനസ്സിലാവുന്നു.

ആ സംഭവത്തിനു ശേഷം വർഷങ്ങൾ എത്രയോ കടന്നുപോയി. എന്നിട്ടും മറക്കാൻ കഴിയുന്നില്ല സുന്ദരിയും സുശീലയും അഭ്യസ്തവിദ്യയുമായിരുന്ന എന്റെ ടീച്ചറിനെയും നിഷ്കളങ്കരായ മാലാഖ കുഞ്ഞുങ്ങളെയും. ഒരു നോക്കായി, ഒരു വാക്കായി, ഒരു സാന്ത്വനമായി ആരെങ്കിലും പാവം ടീച്ചറിനെ ആശ്വസിപ്പിച്ചിരുന്നുവോ?

അകാലത്തിൽ പൊലിഞ്ഞു പോയ ആ ജീവിതത്തിനു മുൻപിൽ ബാഷ്പാഞ്ജലികളായി മാറുന്നു ഓർമ്മകൾ. വിടരുംമുൻപേ വിധി നുള്ളിയെടുത്ത ആ കുഞ്ഞു പുഷ്പങ്ങൾക്കു മുമ്പിൽ കൂപ്പുകൈയോടെ നിൽക്കുന്നു കാലം!

ജീവിതം എത്ര ക്രൂരമാണ്!

മനസ്സിൽ അജ്ഞതയുടെ ഇരുൾ മാറ്റി അറിവിന്റെ വെളിച്ചം പകർന്ന, ജീവിതത്തിന്റെ അനന്ത വിഹായസ്സിലേക്കു ഉയർന്നു പറക്കാൻ സ്വപ്നങ്ങളുടെ ചിറകുകൾ നൽകിയ പ്രിയപ്പെട്ട ടീച്ചർ, സ്നേഹത്തിന്റെ കൃതജ്ഞതയുടെ ഒരായിരം അശ്രു പുഷ്പങ്ങൾ ആ ഓർമ്മകൾക്കു മുമ്പിൽ അർപ്പിക്കുന്നു.

"സത്യ ധർമാദികൾ വെടിഞ്ഞീടിന പുരുഷനെ

ക്രുദ്ധനാം സർപ്പത്തെക്കാൾ ഏറ്റവും പേടിക്കേണം"

എന്നു എത്തിക്സ് ക്ലാസ്സിൽ അദ്ധ്യാപകൻ പഠിപ്പിച്ചത് ടീച്ചറിന്റെ ഭർത്താവിനെ പോലെ സംശയ രോഗമുള്ളവരെ കൂടി ഓർത്തിട്ടാവണം.

കാലമേ പറയൂ, സംശയ രോഗത്തിന് മരുന്നുണ്ടോ ?

മനഃശാസ്ത്രമേ പറയൂ സംശയ രോഗത്തിന് മരുന്നുണ്ടോ?

പല രൂപത്തിലും ഭാവത്തിലും പേരുകളിലും വീണ്ടും വീണ്ടും സമൂഹത്തിൽ പൂർണിമ ടീച്ചർമാർ പുനഃസൃഷ്ടിക്കപ്പെടുന്നതെന്താണ്?

ചരിത്രം വീണ്ടും ആവർത്തിക്കപ്പെടുന്നതെന്താണ്?

സമൂഹത്തിന്റെ ഉൾത്തടങ്ങളിൽ എവിടെയോ ചികിത്സിക്കപ്പെടാതെ കിടക്കുന്ന മുറിവുകൾ ഉണ്ട്. ബാൻഡ് എയ്ഡ് കൊണ്ടു ആരും കാണാതെ എത്ര പൊതിഞ്ഞു വെച്ചിട്ടും ജീർണിച്ച വ്യണമായി പുറത്തു വരുന്ന മുറിവുകൾ.

ഈ മുറിവുകളിൽ എണ്ണ പകരണ്ടേ?

അവയെ ചികിത്സിച്ചു ഭേദമാക്കണ്ടേ?

എല്ലാ മുറിവുകളും ഉണക്കാൻ അന്നും ഇന്നും എന്നും കാലത്തിന്റെ വിപണിയിൽ ഒരു മാന്ത്രിക മരുന്നു മാത്രമേയുള്ളൂ...സ്നേഹം!

സ്നേഹത്തെ പറ്റി എഴുതാത്ത കാവ്യങ്ങളില്ല, പ്രതിപാദിക്കാത്ത മത ഗ്രന്ഥങ്ങളില്ല. എന്നിട്ടും സ്നേഹം കുടുംബബന്ധങ്ങളിൽ അന്യമാവുന്നതെന്തേ?

മനുഷ്യൻ ടെക്നോളജിയുടെ ഔന്നത്യത്തിലൂടെ പ്രകാശ വേഗത്തിൽ സഞ്ചരിച്ചാലും പ്രപഞ്ചം മുഴുവൻ വിരൽത്തുമ്പിൽ ഒതുക്കിയാലും നക്ഷത്രങ്ങളെ കീഴടക്കിയാലും സ്നേഹം ഇല്ലെങ്കിൽ നേടിയതെല്ലാം വെറും ജലരേഖകൾ മാത്രമാവും.

ബൈബിൾ പറയുന്നു: "സ്നേഹം ദീർഘമായി ക്ഷമിക്കുകയും ദയ കാണിക്കുകയും ചെയ്യുന്നു; സ്നേഹം സ്പർദ്ധിക്കുന്നില്ല, സ്നേഹം നിഗളിക്കുന്നില്ല, അയോഗ്യമയി നടക്കുന്നില്ല, സ്വാർത്ഥം അന്വേഷിക്കുന്നില്ല, ദ്വേഷ്യപ്പെടുന്നില്ല, ദോഷം കണക്കിടുന്നില്ല, എല്ലാം പൊറുക്കുന്നു, എല്ലാം വിശ്വസിക്കുന്നു...."

യഥാർത്ഥ സ്നേഹത്തിനു മുമ്പിൽ സംശയ രോഗത്തിനു സ്ഥാനമില്ല. കുടുംബ ജീവിതത്തിന്റെയും ഭാര്യാ ഭർതൃ ബന്ധത്തിന്റെയും അടിസ്ഥാന ഘടകം ഈ സ്നേഹം ആയിരിക്കണം.

ത്യാഗമില്ലാതെ ഈ സ്നേഹം പൂർണ്ണമാകുന്നില്ല. ലോകത്തിലെ ഏറ്റവും മഹത്തരമായ സ്നേഹം മാതൃസ്നേഹം ആണ്. മാതൃസ്നേഹത്തെ അനശ്വരമാക്കുന്നത് അതിലെ നിസ്വാർത്ഥത ആണ്. സ്നേഹിക്കുന്നവർക്കു വേണ്ടി ഏതറ്റംവരെ പോകാനും മടിക്കാത്ത സ്നേഹം. എന്തു ത്യാഗവും സഹിക്കുന്ന സ്നേഹം. അതാണ് സ്വാർത്ഥരഹിത സ്നേഹം. കുടുംബങ്ങളെ, വ്യക്തി ബന്ധങ്ങളെ ഒന്നിച്ചു ചേർത്ത് നിർത്തുന്നത് ഈ സ്നേഹം തന്നെയാണ്.

ഈ പാവന സ്നേഹത്തെ പങ്കിലമാക്കുന്നതു മനുഷ്യനിലെ സ്വാർത്ഥതയാണ്. പല കുടുംബ ബന്ധങ്ങളും സ്നേഹത്തിലല്ല, സ്വാർത്ഥതയിൽ അധിഷ്ടിതമാണ്. ലാഭ നഷ്ടങ്ങളുടെ കണക്കു പുസ്തകം മാത്രമാണ് പലർക്കും വിവാഹ ബന്ധം. അവിടെ സ്നേഹമില്ല, ത്യാഗമില്ല, പകരം നഷ്ടങ്ങളും ലാഭങ്ങളും എഴുതിയിടുന്ന പുസ്തകത്താളുകൾ മാത്രം. കണക്കുകൾ സൂക്ഷിക്കലല്ല സ്നേഹം; കണക്കുകൾ എഴുതിത്തള്ളുന്നതാണ്. ജയിക്കുന്നതല്ല സ്നേഹം ജയിക്കാൻ അനുവദിക്കുന്നതാണ്.

അതുകൊണ്ടുതന്നെ,

"സ്നേഹമാണഖില സാരമൂഴിയിൽ.." എന്ന കവി വചനത്തിനു തുല്യം വെക്കാൻ മറ്റൊരു ഫിലോസഫിക്കും കഴിയില്ല.

ഉത്രമാരും മെറിൻമാരും എല്ലാം സമൂഹത്തിലെ സ്വാർത്ഥതയുടെ ബലിയാടുകൾ മാത്രം! സ്വന്തം പിതാവിന്റെ ക്രൂരമായ കൈകളാൽ മാതാവിനെ നഷ്ടപ്പെട്ട പിഞ്ചു കുഞ്ഞുങ്ങൾ സമൂഹ മനഃസാക്ഷിയിൽ എന്നും ഒരു നൊമ്പരമായി അവശേഷിക്കുന്നു. അതുല്യമായ മാതൃസ്നേഹം നുകരാൻ ഭാഗ്യമില്ലാതെ അനാഥരാക്കപ്പെട്ട ഓരോ കുഞ്ഞും ഈ ലോകത്തോടു വിളിച്ചോതുന്നതു ഒരു സന്ദേശം മാത്രം

"ഒരു പിതാവിനു തന്റെ മക്കൾക്കു നൽകാവുന്ന ഏറ്റവും വലിയ സമ്മാനം അവരുടെ അമ്മയെ സ്നേഹിക്കുക എന്നതാണ്."

നടുക്കുന്ന ഇത്തരം സംഭവങ്ങൾ അരങ്ങേറുമ്പോൾ അതു സമൂഹ മനഃസാക്ഷിയെ തട്ടിയുണർത്തുന്നു. പലപ്പോഴും സോഷ്യൽമീഡിയ പ്രതികരണ വേദിയായി മാറുന്നു. മുഖ പുസ്തകങ്ങൾ കണ്ണീർ കടലാവുന്നു. പക്ഷെ രണ്ടു ദിവസത്തിനകം എല്ലാം കെട്ടടങ്ങുന്നു, നീതി നിഷേധിക്കപ്പെട്ട ഓരോ മുഖങ്ങളും മറവിയുടെ തിരകൾക്കുളളിൽ മറയുന്നു. ഇലയ്ക്കും മുള്ളിനും കേടില്ലാത്ത, എങ്ങും തൊടാത്ത പ്രതികരണങ്ങൾ കൊണ്ടു മാത്രം പ്രശ്നം അവസാനിക്കുന്നില്ല. കാലത്തിന്റെ തിരശ്ശീലക്കു പിന്നിൽ ഇത്തരം സംഭവങ്ങൾ വീണ്ടും ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു.

ടോൾസ്റ്റോയിയുടെ വാക്കുകൾ ഇവിടെ ചിന്തനീയമാണ്,

"എല്ലാവരും ഈ ലോകം നന്നാക്കാൻ നോക്കുന്നു. പക്ഷെ, സ്വയം നന്നാക്കാൻ ആരും ശ്രമിക്കുന്നില്ല."

ഈ ലോകത്തിന്റെ പ്രശ്നത്തിനുള്ള ഉത്തരം ആരംഭിക്കേണ്ടത് എന്നിൽ നിന്നാവണം. അതു കൊണ്ട് ഒരു സ്വയ പരിശോധന അനിവാര്യം ആവുന്നു. എന്റെ സ്നേഹം നിസ്വാർത്ഥമാണോ? ത്യാഗ പൂർണമാണോ? മാതൃ സ്നേഹത്തിന്റെ പ്രതിഫലനം തന്നെയാണോ? അതോ എന്നിലെ സ്വാർത്ഥ മോഹങ്ങളെയും മൃഗ തൃഷ്ണകളെയും മറച്ചു വെക്കാൻ ഞാൻ തെരഞ്ഞെടുത്ത കപട മന്ത്രമാണോ ഈ സ്നേഹം?

മഹാനായ ആൽബർട്ട് ഐൻസ്റ്റീന്റെ വാക്കുകളിൽ,

ഈ ലോകം ജീവിക്കാൻ അനുയോജ്യമല്ലാത്തതു അതിൽ ഒരുപാട് ദുഷ്ടരായ മനുഷ്യർ പാർക്കുന്നതു കൊണ്ടല്ല, മറിച്ചു ദുഷ്ടത നടക്കുമ്പോൾ അതിനെതിരെ പ്രതികരിക്കുന്ന ആളുകൾ ദുർലഭം ആയതു കൊണ്ടാണ്.

(ശേഷം 24-ാം പേജിൽ)

## മുല്ലപ്പെരിയാർ കേസ്: ചീഫ് ജസ്റ്റീസ് പിന്മാറി

ന്യൂഡൽഹി: മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട ഹർജി പരിഗണിക്കുന്നതിൽനിന്നു ചീഫ് ജസ്റ്റീസ് എസ്.എ. ബോബ്ഡെ പിന്മാറി. അണക്കെട്ടിന്റെ സുരക്ഷ വിലയിരുത്തുന്നതിനു വേണ്ടിയുള്ള മേൽനോട്ട സമിതിക്കെതിരെയുള്ള ഹർജി പരിഗണിക്കവേയാണ് പിന്മാറുന്ന കാര്യം അദ്ദേഹം അറിയിച്ചത്. ചീഫ് ജസ്റ്റീസിന്റെ സഹോദരൻ വിനോദ് ബോബ്ഡെ ആയിരുന്നു മുല്ലപ്പെരിയാർ കേസിൽ  തമിഴ്നാട് സർക്കാരിനു വേണ്ടി ഭരണഘടനാ ബെഞ്ചിനു മുമ്പാകെ ഹാജരായിരുന്നത്. ഇക്കാര്യം ചൂണ്ടിക്കാട്ടിയാണ് ചീഫ് ജസ്റ്റീസിന്റെ പിന്മാറ്റം. ഹർജി വീണ്ടും ജസ്റ്റീസ് രോഹിൻടൺ നരിമാൻ അധ്യക്ഷനായ ബെഞ്ച് പരിഗണിക്കുമെന്നും കോടതി അറിയിച്ചു.

സുപ്രീംകോടതിയുടെ ഭരണഘടനാ ബെഞ്ച് 2014ൽ രൂപീകരിച്ച മേൽനോട്ട സമിതി ഉത്തരവാദിത്വങ്ങളിൽനിന്ന് ഒഴിഞ്ഞുമാറുന്നെന്നാരോപിച്ച് കോതമംഗലം സ്വദേശി ഡോ. ജോ ജോസഫ്, കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ ഷീല കൃഷ്ണൻകുട്ടി, ജെസിമോൾ ജോസ് എന്നിവർ നൽകിയ ഹർജിയാണ് സെപ്റ്റംബർ 9ന് കോടതിയുടെ പരിഗണനയ്ക്കെത്തിയത്.

അണക്കെട്ടുമായി ബന്ധപ്പെട്ട റൂൾ കെർവ്, ഗേറ്റ് ഓപ്പറേഷൻ ഷെഡ്യൂൾ, ഇൻസ്ട്രമെന്റേഷൻ സ്കീം എന്നിവ തയ്യാറാക്കുകയും അതു നടപ്പിലാക്കുകയും ചെയ്യേണ്ടത് മേൽനോട്ടസമിതിയാണ്. ഈ ഉത്തരവാദിത്വങ്ങൾ സമിതി ചെയ്യുന്നില്ലെന്നും കൃത്യമായ ഇടവേളകളിൽ യോഗങ്ങൾ ചേരുന്നില്ലെന്നും ഹർജിക്കാർ ആരോപിച്ചു.


FLOWERS USA HD
കർഷക അവാർഡ് 2020
അമേരിക്കൻ മണ്ണിലും പൊന്നുവിളയിക്കുന്ന
മലയാളി കർഷകർക്കായി Flowers TV USA ഒരുക്കുന്ന
കാർഷികമത്സരം...
നിങ്ങളെയും നിങ്ങളുടെ കൃഷിയിടത്തേയും
ഇനി ലോകമറിയും ഫ്ളവേഴ്സ് ടിവിയിലൂടെ...
ഈ കാർഷിക മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ
അവരുടെ കൃഷിയിടത്തിന്റെ ചിത്രങ്ങളും ഒരു ചെറുകുറിപ്പും
info@flowerstv.us
എന്ന ഇ മെയിൽ വിലാസത്തിൽ അയച്ചു കൊടുക്കേണ്ടതാണ്.
ഫ്ലവർസ് യുഎസ്എ കാമറ ടീം തോട്ടം സന്ദർശിച്ചു
ചിത്രീകരണം നടത്തുന്നതും കർഷക കുടുംബത്തിന്റെ
ഇന്റർവ്യൂ സഹിതം ഫ്ലവർസ് ടിവിയിൽ സംപ്രേഷണം
ചെയ്യുന്നതുമാണ്.
ജോയിചെമ്മാച്ചൽ
കർഷക
അവാർഡ് 2020
അമേരിക്കയിലെ ഏറ്റവും വലിയ മലയാളി കർഷകനായ
ജോയിചെമ്മാച്ചലിന്റെ പേരിലാണ്
ഈ അവാർഡ് ഏർപ്പെടുത്തിയിരിക്കുന്നത്.
FOR MORE INFORMATION
BIJU ZACHARIA 847 630 6462
GEORGE PAUL 713 447 2926

# മയക്കുമരുന്നു കേസിൽ നടി സഞ്ജന അറസ്റ്റിൽ

ബെംഗളൂരു: കന്നഡ സിനിമാമേഖലയെ പിടിച്ചുകുലുക്കിയ മയക്കുമരുന്നു കേസിൽ നടി സഞ്ജന ഗൽറാണിയെ സെൻട്രർ ക്രൈംബ്രാഞ്ച് അറസ്റ്റ് ചെയ്തു. സാൻഡൽവുഡിൽ (കന്നഡ സിനിമാ വ്യവസായം) മയക്കുമരുന്നു കേസിൽ അറസ്റ്റിലാകുന്ന രണ്ടാമത്തെ നടിയാണ് സഞ്ജന. മുമ്പ് നടി രാഗിണി ദ്വിവേദി അറസ്റ്റിലായിരുന്നു.

സെപ്റ്റംബർ 8ന് രാവിലെ സഞ്ജനയുടെ ഇന്ദിരാനഗറിലെ വീട്ടിൽ സെൻട്രൽ ക്രൈംബ്രാഞ്ച് സംഘം റെയ്ഡ് നടത്തിയിരുന്നു. കന്നഡ സിനിമാരംഗത്തെ പ്രമുഖരുമായി മയക്കുമരുന്ന് ഇടപാട് നടത്തിയിരുന്ന വിരേൻ ഖന്നയുടെ വീട്ടിലും 8ന് പോലീസ് റെയ്ഡ് നടത്തിയിരുന്നു. മയക്കുമരുന്നു കേസിൽ സഞ്ജനയുടെ സുഹൃത്ത് രാഹുൽ ഷെട്ടിയെ അറസ്റ്റ് ചെയ്തിരുന്നു. 2006ൽ തമിഴ് സിനിമ ഒരു കാതൽ സെയ്‌വീറിലൂടെയായിരുന്നു ബെംഗളൂരുകാരിയായ സഞ്ജന ഗൽറാണി ചലച്ചിത്രരംഗത്ത് എത്തിയത്. 1983, വെള്ളിമൂങ്ങ തുടങ്ങിയ നിരവധി മലയാള ചിത്രങ്ങളിൽ അഭിനയിച്ചിട്ടുള്ള നിക്കി ഗൽറാണി സഞ്ജനയുടെ സഹോദരിയാണ്.



മയക്കുമരുന്ന് കേസിൽ നടിമാരായ രാഗിണി ദ്വിവേദി, സഞ്ജന ഗൽറാണി, മയക്കുമരുന്ന് പാർട്ടി സംഘാടകൻ ഖന്ന, മുൻ മന്ത്രിയുടെ മകൻ ആദിത്യ, വ്യവസായി രാഹുൽ, മലയാളിയായ നടൻ നിയാസ് എന്നിവരാണ് അറസ്റ്റിലായത്. ആഗസ്റ്റ് 26ന് നടി ഡി. അനിഘ, അനൂപ് മുഹമ്മദ്, റിജേഷ് രവീന്ദ്രൻ എന്നിവർ അറസ്റ്റിലായതോടെയാണ് സാൻഡൽവുഡിന്റെ മയക്കുമരുന്നുബന്ധം വെളിച്ചത്തുവന്നത്.

## പ്രാണി കടിച്ച് അപൂർവ രോഗം ബാധിച്ച സാന്ദ്ര മരിച്ചു

അടൂർ: അപൂർവ രോഗം ബാധിച്ച് തകരാറിലായ വൃക്ക മാറ്റിവെക്കാനുള്ള തയാറെടുപ്പുകൾ നടത്തുന്നതിനിടെ സാന്ദ്രമോൾ യാത്രയായി, വേദനകൾ ഇല്ലാത്ത ലോകത്തേക്ക്. അടൂർ കരുവാറ്റ ആൻസ് വില്ലയിൽ ജയ്സൺ തോമസിന്റെയും ബിജി അഗസ്റ്റിന്റെയും മൂത്ത മകളായ സാന്ദ്ര ആൻ ജയ്സൺ (18) സെപ്റ്റംബർ 7ന് വൈകിട്ട് 5ന് ആണ് മരിച്ചത്.



2014ൽ അവധിക്ക് ഷാർജയിൽ നിന്ന് അടൂരിലെ വീട്ടിലെത്തിയപ്പോഴാണ് പ്രത്യേക ഇനം പ്രാണിയുടെ കടിയേറ്റ് സാന്ദ്രയ്ക്ക് ലക്ഷം പേരിൽ ഒരാൾക്കു മാത്രം പിടിപെടുന്ന രോഗം ബാധിച്ചത്.

## മാറ്റങ്ങളെ എതിർക്കുന്ന സിപിഎം ഭരിക്കുമ്പോൾ എങ്ങനെ വികസനം വരും: ഉമ്മൻ ചാണ്ടി

തിരുവനന്തപുരം: വികസന പ്രവർത്തനങ്ങളെയും കലോചിത മാറ്റങ്ങളെയും എതിർക്കുന്ന സിപിഎം ഭരിക്കുന്ന കേരളത്തിൽ എങ്ങനെ വ്യവസായങ്ങൾ ഉണ്ടാകുമെന്നു മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി. കേന്ദ്രസർക്കാർ തയാറാക്കിയ വ്യവസായ സൗഹൃദ റാങ്കിങ്ങിൽ (2018–2019) കേരളം 28–ാം സ്ഥാനത്തായതിൽ അത്ഭുതമില്ലെന്ന് അദ്ദേഹം പറഞ്ഞു. യുഡിഎഫ് സർക്കാരിന്റെ കാലത്ത് 2015–16 ൽ 18–ാം റാങ്ക് ആയിരുന്നു. ഇടതു സർക്കാർ വന്ന 2016–17 ൽ റാങ്ക് 20 ലേക്കു താഴ്ന്നു. 2017–18 ൽ 21ലേക്ക് ഇടിഞ്ഞു. 28 സംസ്ഥാനങ്ങളുള്ള രാജ്യത്ത് ഇപ്പോൾ ഏറ്റവും പിറകിലായി. ആന്ധ്രപ്രദേശ് ആണ് ഒന്നാമത്. യുപിയും തെലങ്കാനയും രണ്ടും മൂന്നും സംസ്ഥാനങ്ങളിലെത്തി.

സംസ്ഥാനത്തെ 130 പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം സാമ്പത്തിക സർവേ 2019 പ്രകാരം 1833.2 കോടി രൂപയാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്തു നേതാക്കളുടെ ബന്ധുക്കളെയും സ്വന്തക്കാരെയും കുടിയിരുത്തിയിട്ടുണ്ട്.



ഒരു പ്രഹ്വഷനലിസവും ഇല്ലാത്ത ഇവർക്ക് എങ്ങനെ ഇവിടെ വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കാനാകും? ഗെയ്ൽ പൈപ്പ് ലൈൻ, എക്സ്പ്രസ് ഹൈവേ, സ്മാർട് സിറ്റി, വിഴിഞ്ഞം തുറമുഖം, എക്സ്പ്രസ് ഹൈവേ തുടങ്ങി എല്ലാറ്റിനെയും എതിർക്കുന്നവരെ ആരു വിശ്വസിക്കുമെന്ന് ഉമ്മൻചാണ്ടി ചോദിച്ചു.

## സുദേഷ് കുമാർ വിജിലൻസ് ഡയറക്ടർ

തിരുവനന്തപുരം: വിജിലൻസ് ഡയറക്ടറായി എഡിജിപി സുദേഷ് കുമാറിനെയും ക്രൈബ്രാഞ്ച് മേധാവിയായി എഡിജിപി അനിൽ കാന്തിനെയും നിയമിച്ചു. നിലവിൽ സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ (എസ്‌സിആർബി) മേധാവിയാണ് സുദേഷ് കുമാർ. ക്രൈംബ്രാഞ്ച് മേധാവി ടോമിൻ തച്ചങ്കരി ഡിജിപിയായി സ്ഥാനക്കയറ്റം ലഭിച്ചു കെഎഫ്സി എംഡിയായ ഒഴിവിലാണ് വിജിലൻസ് ഡയറക്ടറായിരുന്ന അനിൽകാന്തിനെ ക്രൈംബ്രാഞ്ച് മേധാവിയാക്കുന്നത്. ഹെഡ് ക്വാർട്ടേഴ്സ് എഡിജിപി മനോജ് ഏബ്രഹാമിന് ക്രൈം റെക്കോഡ്സ് ബ്യൂറോ (എസ്‌സിആർബി)യുടെ അധിക ചുമതല നൽകിയിട്ടുണ്ട്.

## പ്രത്യേക അറിയിപ്പ്

### വരിസംഖ്യ നൽകി സഹകരിക്കുക

കേരളാ എക്സ്പ്രസ്സിന് നിങ്ങളോരോരുത്തരും നല്കിവരുന്ന പിന്തുണയ്ക്കും പ്രോത്സാഹനങ്ങൾക്കും ഞങ്ങൾ പ്രത്യേകം നന്ദി അറിയിക്കുന്നു. അമേരിക്കൻ പോസ്റ്റൽ സർവീസിന്റെ സഹായത്താൽ ഓരോ ആഴ്ചയും തപാൽമാർഗ്ഗം പത്രം വായനക്കാരുടെ ഭവനങ്ങളിലെത്തിക്കുവാൻ വരിസംഖ്യ നൽകേണ്ടത് അത്യാവശ്യമാണ്. അമേരിക്കൻ പോസ്റ്റൽ നിയമങ്ങൾ അത് പ്രത്യേകം അനുശാസിക്കുന്നു. പുതിയ വായനക്കാർക്ക് കോംപ്ലിമെന്ററിയായി പത്രം ഏതാനും ആഴ്ചകളിലേക്ക് മാത്രം ഞങ്ങൾ അയയ്ക്കാറുണ്ട്. അങ്ങനെ പത്രം ലഭിക്കുന്നവർ വരിസംഖ്യ നല്കി ഈ പ്രസ്ഥാനത്തെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പത്രം വരുത്തുവാൻ താല്പര്യമില്ലാത്തവർ വരിസംഖ്യാ കൂപ്പൺ ലഭിക്കുമ്പോൾ 'പത്രം തുടർന്ന് അയയ്ക്കേണ്ടതില്ല' എന്ന ഭാഗം പൂരിപ്പിച്ച് അയയ്ക്കുന്നതും സഹായകരമാണ്. ജാതിമത സംഘടനാഭേദമെന്യേ ആർക്കും കോംപ്ലിമെന്ററിയായി കൂടുതൽ നാൾ പത്രം അയയ്ക്കുവാൻ നിയമങ്ങൾ അനുവദിക്കാത്തതിനാൽ സാധിക്കുകയില്ലായെന്ന വിവരം ഞങ്ങൾ ഓർമ്മിപ്പിക്കട്ടെ.

### ഫോട്ടോ അയയ്ക്കുമ്പോൾ ശ്രദ്ധിക്കുക

കേരളാ എക്സ്പ്രസ്സിൽ പ്രസിദ്ധീകരിക്കുന്നതിനായി അയയ്ക്കുന്ന ഫോട്ടോകൾക്ക് അടിക്കുറിപ്പെഴുതാൻ പലരും വിട്ടുപോകുന്നു. എല്ലാ പടങ്ങൾക്കും വിശദമായ അടിക്കുറിപ്പ് പ്രത്യേകം പ്രത്യേകം എഴുതി അയയ്ക്കണമെന്ന് എല്ലാ റിപ്പോർട്ടർമാരേയും ലേഖക സുഹൃത്തുക്കളേയും ഓർമ്മപ്പെടുത്തുന്നു. ഫോട്ടോകൾ 'JPEG,' ഫോർമാറ്റിൽ അറ്റാച്ച് ചെയ്യുവാൻ താൽപ്പര്യപെടുന്നു.

### എഴുത്തുകാർ കോപ്പികൾ സൂക്ഷിക്കുക

കേരളാ എക്സ്പ്രസിൽ പ്രസിദ്ധീകരിക്കുന്നതിനായി അയയ്ക്കുന്ന ലേഖനങ്ങൾ, കഥകൾ, കവിതകൾ തുടങ്ങിയവയുടെ കോപ്പികൾ സൂക്ഷിക്കുവാൻ ബഹുമാനപ്പെട്ട രചയിതാക്കളെ ഓർമ്മിപ്പിക്കുന്നു. കേരള എക്സ്പ്രസിൽ ലഭിക്കുന്ന രചനകളിൽ പ്രസിദ്ധീകരിക്കാത്തവ തിരിച്ചയയ്ക്കുവാൻ സാങ്കേതിക തടസ്സങ്ങളുണ്ട്. ഇവിടെ ലഭിക്കുന്ന രചനകളെല്ലാം പ്രസിദ്ധീകരിക്കപ്പെടണമെന്നില്ല. പത്രാധിപ സമിതിക്ക് യുക്തമെന്നു തോന്നുന്നവ മാത്രമെ കേരള എക്സ്പ്രസിൽ പ്രസിദ്ധീകരിക്കുകയുള്ളൂ. തെരഞ്ഞെടുക്കുന്നവ തന്നെ സ്ഥല പരിമിതിമൂലം വെളിച്ചം കാണാൻ ചിലപ്പോൾ താമസിച്ചേക്കാം. ഇതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ മാന്യ എഴുത്തുകാർ സദയം ക്ഷമിക്കണമെന്ന് അഭ്യർത്ഥന.




## പ്രത്യേക അറിയിപ്പ്

കേരളാ എക്സ്പ്രസ്സിൽ വാർത്തകളോ പരസ്യങ്ങളോ നൽകുവാൻ ആഗ്രഹിക്കുന്നവർ കേരളാ എക്സ്പ്രസ്സുമായി നേരിട്ട് ബന്ധപ്പെടേണ്ടതാണ്. ഇക്കാര്യത്തിന് ഏതെങ്കിലും വ്യക്തികളെയോ റിപ്പോർട്ടർമാരെയോ സംഘടനകളെയോ കേരളാ എക്സ്പ്രസ് മാനേജ്മെന്റ് അധികാരപ്പെടുത്തിയിട്ടില്ല. അമേരിക്കയിൽ ഒന്നിലധികം പ്രസ്ക്ലബുകൾ രൂപംകൊണ്ടിരിക്കുന്ന സാഹചര്യത്തിലും പ്രസ്ക്ലബ് എന്ന ഓമനപ്പേരിൽ കൂടുതൽ സംഘടനകൾ ഉണ്ടാകുവാനുള്ള സാധ്യതകൾ മുന്നിൽ കാണുന്നതിനാലും കേരളാ എക്സ്പ്രസ് മാനേജ്മെന്റോ പ്രതിനിധികളോ ഇനി മുതൽ ഒരു പ്രസ്ക്ലബിന്റെയും ഭാഗമായിരിക്കുന്നതല്ല. കേരളാ എക്സ്പ്രസ്സിനെ സംബന്ധിച്ചിടത്തോളം പത്രത്തിന്റെ നിലനില്പ് നിങ്ങൾ ഓരോരുത്തരും നല്കുന്ന വരിസംഖ്യയിലാണ്. വാർത്തകളും സാഹിത്യസൃഷ്ടികളും കേരളാ എക്സ്പ്രസ്സിലേക്ക് അയയ്ക്കുമ്പോൾ വരിസംഖ്യ നല്കി പത്രത്തെ സഹായിക്കുന്നവർക്കായിരിക്കും മുൻഗണന എന്ന വിവരവും അറിയിക്കട്ടെ. വായനക്കാരുടെയും അഭ്യുദയകാംക്ഷികളുടെയും സഹകരണം തുടർന്നും പ്രതീക്ഷിക്കുന്നു.

പത്രാധിപർ

# കോശി തലയ്ക്കലിന്റെ 'ജുസപ്പെ' എന്ന കവിത മലയാള സാഹിത്യവേദിയിൽ

പി.ഡി. ജോർജ് നടവയൽ

ഫിലാഡൽഫിയ: പ്രൊഫസ്സർ കോശി തലയ്ക്കൽ രചിച്ച "ജുസപ്പെ" എന്ന കവിത, മാനവീകത നിറഞ്ഞതാണെന്ന് ഫിലാഡൽഫിയാ മലയാള സാഹിത്യ വേദി സംഘടിപ്പിച്ച കാവ്യാസ്വാദന സമ്മേളനം വിലയിരുത്തി.

യഥാർത്ഥ മാധവ സേവ (ഈശ്വര പ്രേമം), മാനവസേവയിലൂടെയാണ് എന്ന് മനോഹരമായ കാവ്യബിംബങ്ങളിലൂടെ, കാവ്യ പദസഞ്ചിന്തനങ്ങളിലൂടെ, അലങ്കാര മികവുകളിലൂടെ, ചാട്ടുളി വിമർശനങ്ങളിലൂടെ, നവീകരണ പ്രേരണകളിലൂടെ "ജുസപ്പെ" എന്ന കവിതയിൽ മൂർത്തമാക്കുവാൻ കോശി തലയ്ക്കലിന്റെ കാവ്യ ചാതുര്യം വിലസിച്ചിരിക്കുന്നു. മലയാള കാവ്യാങ്കണത്തിലെ പുണ്യദളമർമ്മര കൽപ്പനകളാൽ അനുഗൃഹീതമാണ് "ജുസപ്പെ."


പ്രൊഫ. കോശി തലയ്ക്കൽ


ജോർജ് ഓലിക്കൽ


ജോർജ് നടവയൽ

കൊറോണാ ദുരിതം സംഹാരമാടിയ ദിനങ്ങളിൽ, ഇറ്റലിയിൽ സ്വജീവൻ നഷ്ടപ്പെടുത്തി, സഹജീവിക്ക് ശ്വസന സഹായി യന്ത്രം നൽകി.

സ്നേഹമഹത്വത്തെ സാക്ഷാത്ക്കരിച്ച, ജുസപ്പെ എന്ന വൈദികന്റെ ഹൃദയ മാഹാത്മ്യത്തെ ഉപലാളിച്ചാണ്, കോശി തലയ്ക്കൽ കവിത രചിച്ചിരിക്കുന്നത്.

പ്രൊഫസ്സർ കോശി തലയ്ക്കൽ "ജുസപ്പെ" എന്ന കവിത പാരായണം ചെയ്തു. ഫിലാഡൽഫിയാ മലയാള സാഹിത്യവേദി സെക്രട്ടറി ജോർജ് നടവയിൽ സ്വാഗതം ആശംസിച്ചു.

പ്രശസ്ത സാഹിത്യകാരൻ അശോകൻ വേങ്ങശ്ശേരി, ചെറുകഥാകാരി ലൈലാ അലക്സ്, സാമൂഹിക പ്രവർത്തകൻ ജോർജ് ഓലിക്കൽ, നൃത്ത കലാകാരി ഡോ. ആനി ഏബ്രഹാം, കവിതാ രചയിതാവ് രാജൂ പടിയാറ്റിൽ, റിട്ടയേഡ് കോളജ് അദ്ധ്യാപകൻ ഫീലിപ്പോസ് ചെറിയാൻ, റിട്ടയേഡ് അദ്ധ്യാപകൻ ജോർജ്കുട്ടി ലൂക്കോസ്, ജോർജ് നടവയൽ എന്നിവർ ചർച്ചയിൽ ആസ്വാദനം അവതരിപ്പിച്ചു.

## ജുസപ്പെ

പ്രൊഫ. കോശി തലയ്ക്കൽ

ജുസപ്പെ, നിനക്കായി
മലർക്കെത്തുറക്കുന്നൂ
സ്വർഗഗോപുരവാതിൽ
സഹർഷം മാലാഖമാർ.
താരസന്നിധി വിട്ടു
വരവായ് തേജോമയ
പുത്രനീ ധന്യാത്മാവെ
പൊന്മുടി ചൂടിക്കുവാൻ
നിന്റെ മേല്പിടിക്കുന്ന
സ്നേഹത്തിൻ കൊടി, രക്ത
വർണ്ണാഭമാർന്നായാഗ
സ്മൃതിയായ് വിരാജിപ്പൂ.
ബർഗായിലാരും നിന്നെ
യാത്രയാക്കുവാൻ, തുള്ളി
കണ്ണുനീർ പൊഴിക്കുവാൻ
ഇല്ലാതെപോയെന്നാലും
നിന്റെ ജീവിതം സ്വർഗ്ഗ-
മാഘോഷിച്ചീടും; ദീർഘ
കാലമായ് ഒരു ദേഹി
വന്നതാണല്ലോ വീട്ടിൽ!
തന്റെ കൈകളാൽ തിരു
കർമ്മമേറ്റവർ രോഗ
ഗ്രസ്തരായ് ഇളവിട്ടു
പോകുന്നതെല്ലാം നോക്കി
നൊന്തുനിൽക്കവേ, സ്വന്തം
ജീവനിൽ പടരുന്ന
മൃത്യുവിൻ ഗന്ധം തിരി-
ച്ചറിയാനാവാതെ പോയ്.
ചാരത്തു പ്രാണൻ കിട്ടാ-
തുഴറും യുവാവിനായ്
സ്വന്തജീവിതം കാക്കും
യന്ത്രമേകുവാൻ ചൊന്ന്,
മൃത്യുവേ വരിച്ചൊരു
ധന്യനാം പുരോഹിതാ
നിൻ പാദപാംസുക്കൾകൊ-
ണ്ടാകട്ടെൻ നീരാജനം.
സ്നേഹിതനായി പ്രാണ-
നേകുവതേക്കാളേറെ
സ്നേഹമേയില്ലെന്നോതി-
ത്തന്ന തൻ ഗുരുവിനെ
ചരണം പ്രതിയനു-
ഗമിക്കാൻ കൊതിച്ച നിൻ
ജനനം ഇതിഹാസ-
മാക്കി നീ രചിച്ചല്ലോ.
ഞങ്ങളല്പന്മാർ കുരി-
ശ്ശെടുത്തു തമ്മിൽ തല്ലി-
ക്കീറുന്ന വിശുദ്ധന്മാർ.
വചനം സ്വകാര്യ സ്വ-
ത്താക്കുന്ന പ്രവാചകർ
വിശ്വാസ മർമ്മങ്ങളെ
വിറ്റു കാശാക്കുന്നവർ
സ്വന്ത കണ്ണിലെ മര-
ക്കോലിനെ കാണാതന്യ
കണ്ണിലെ കരടിനെ
തേടുന്ന കുരുടന്മാർ....
മാരികൾ വരും, മഹാ
മാരികൾ വരും പോകും
നാൾ വരെ പരസ്പരം
സ്നേഹിച്ചു കഴിയുമ്പോൾ,
പിന്നെയും തുടരും പോർ-
വിളികൾ, പൂർവാധികം
ശക്തിയിൽ നിണം കണ്ടു
പുളയ്ക്കും നരാധമർ.
മതിയെൻ വിലാപങ്ങൾ
ധന്യമാനവാ, നിന്റെ
സ്മൃതിയിൽ കളങ്കമായ്
തീരരുതെൻ കണ്ണുനീർ!!!
നിനയാ നേരത്തെഴു-
നൂറുകോടിയെ കരി
നിഴലിൽ വിഴുങ്ങിയ
വൈറസ്സിൻ മഥനത്തിൽ
ഞങ്ങൾക്കു കാലം തന്നോ-
രമൃതിൻ കണമാണു
വൈദിക തപോധനൻ
ജുസപ്പെ ബെരാൾ ഡെല്ലി !!
ജുസപ്പെ, നിനക്കായി
മലർക്കെത്തുറക്കുന്നു
സ്വർഗ ഗോപുര വാതിൽ
പോവുക പുണ്യാത്മാവേ..

# ഓർമ ഇന്റർനാഷണൽ ജീവകാരുണ്യ ധനം ആത്മമിത്രം സ്നേഹദാന പദ്ധതിക്ക് കൈമാറി

പി.ഡി. ജോർജ് നടവയൽ

ഫിലാഡൽഫിയ: ഗതകാല കേരള കുടുംബ മൂല്യങ്ങൾക്ക് ഒരേതൂവൽ പക്ഷികൾ എന്ന പോലെ പ്രാധാന്യം നൽകുന്ന കുടുംബങ്ങളുടെ ആഗോള സൗഹൃദവേദിയായ ഓവർസീസ് റസിഡന്റ് മലയാളീസ് അസോസിയേഷൻ (ഓർമ ഇന്റർനാഷണൽ), ചാരിറ്റി പ്രവർത്തിക്കുള്ള ജീവകാരുണ്യധനം, അംഗങ്ങളിൽ നിന്നു സമാഹരിച്ച്, ആത്മമിത്രം സ്നേഹദാന പദ്ധതിക്ക് നൽകി.




ഓർമ ഇന്റർനാഷണൽ പ്രസിഡണ്ട് ഫാ. ഫിലിപ്പ് മോഡയിൽ, ജനറൽ സെക്രട്ടറി റോഷൻ പ്ലാമൂട്ടിൽ, ട്രഷറർ ഫിലിപ്പോസ് ചെറിയാൻ എന്നിവർ തുക ആത്മമിത്രം പ്രതിനിധിക്ക് കൈമാറി. വൈസ് പ്രസിഡണ്ട് ജോർജ് ഓലിക്കൽ അദ്ധ്യക്ഷനായി. വൈസ് പ്രസിഡണ്ട് ജേക്കബ് കോര, ട്രസ്റ്റി ബോർഡ് ചെയർമാൻ ജോർജ് നടവയൽ, മുൻ പ്രസിഡണ്ടുമാരായ ജോസ് ആറ്റുപുറം, സിബിച്ചൻ ചെമ്പ്ളായിൽ, ട്രസ്റ്റി ബോർഡ് അംഗം അലക്സ് തോമസ് എന്നിവർ യോഗത്തിൽ ആശംസകൾ അർപ്പിച്ചു. ആത്മമിത്രം എന്ന ജീവകാരുണ്യ പദ്ധതി കേരളത്തിലെ ക്യാൻസർ കെയർ മേഖലയിൽ സംഭാവനകൾ നൽകുന്നതിന് അമേരിക്കയിൽ രൂപം കൊണ്ട സംഘമാണ്.

Citywide Mortgage of America Corp.
OFFICE NMLS # 255253


Joseph Mullappallil (JoeM)
Mortgage Broker / Owner
Cell: (773) 908-8296
NMLS (P) # 279504
joemcitywide@gmail.com


JEREMY KAREDAN
LOAN OFFICER
NMLS # 1718163
954-662-8508
mlokaredan@gmail.com

We can provide you a pre-approval in minutes
Refinance up to 150% of your appraised value without PMI*
Purchase/Refinance/Jumbo Loan
Office: (773) 202-2600
Fax: (773) 202-2605
Visit: www.citywidema.com
4323 W. Irving Park Unit 1B
Chicago, IL 60641

Mullappallil Law Group
AREA OF PRACTICE:
General Practice Including
Real Estate Law, Wills, Trust
Estate Planning & Contracts
ADDRESS:
4323 W. Irving Park Unit 1B,
Chicago, IL 60641
CONTACT INFORMATION:
Cell: (847) 650 8241 Fax: (800) 650 6941
SMULLAPP23@GMAIL.COM


SHIJO MULLAPPALLIL
ATTORNEY AT LAW

Illinois Residential Mortgage Licensee
*Conditions Apply
DEDICATED FULL TIME-EXPERIENCED LOAN CONSULTANTS TO ASSIST YOU

KERALA EXPRESS
പ്രവാസി താളുകൾ

# വൺ പീസറ്റേ റൈറ്റം (ഒരു പുനർവായന)

**വർഗീസ് ഏബ്രഹാം ഡെൻവർ**

സുപ്രസിദ്ധ കൺട്രീ സിംഗർ ജോണീ ക്യാഷിന്റെ വളരെ പ്രസിദ്ധമായ ഒരു നമ്പറാണു "വൺ പീസറ്റേ റൈറ്റം... ഡിഡിൻ കോസ്മീയേ ഡൈം...." എന്നുള്ള കൺട്രീ സോംഗ്. എഴുപതുകളിൽ വെസ്റ്റേൺ കൺട്രീ സ്റ്റേഷനുകളിൽ നിന്നും ജോണിയുടെ ഘനഗംഭീരമായ ശബ്ദവീചികൾ അമേരിക്കൻ വ്യോമമണ്ഡലങ്ങളിലങ്ങോളമിങ്ങോളം തരംഗങ്ങൾ സൃഷ്ടിച്ചു. ആ സമയങ്ങളിലെല്ലാം ഡോളർ എന്ന 'കൽഹാരപുഷ്പം' പറിച്ചെടുക്കാൻ വാഗ്ദത്തനാടായ അമേരിക്കയിലേക്കു പറക്കാൻ താറുടുത്തു നിൽക്കുകയാണു മലയാളി.

ജോണിയുടെ പാട്ടിന്റെ പശ്ചാത്തലം ഇതാണ്. ജോണി 1949-ൽ ജനറൽ മോട്ടേഴ്സിനു വേണ്ടി അവരുടെ അസംബ്ലി ലൈനിൽ പണിയെടുക്കുന്ന സമയം. അദ്ദേഹത്തിനു ഒരു കറുത്ത കാഡിലാക്കു സ്വന്തമാക്കണമെന്ന തീരാത്ത മോഹം. അന്നു കാഡിലാക്ക് എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന ഒരു ബ്ലാക്ക് ബ്യൂട്ടിയെ സ്വന്തമാക്കുക എന്നുള്ളത് ഏവരുടെയും സ്വപ്നമായിരുന്നു. ജോണിയും മോഹിച്ചു.

എന്നാൽ തന്റെ മോഹം സാഫല്യമാവാത്ത വെറുമൊരു മോഹം മാത്രമാണെന്നും ജോണിക്കറിയാമായിരുന്നു. തന്റെ വരുമാനം കൊണ്ടു തനിക്കൊരിക്കലും ഒരു കാഡിലാക്ക് വാങ്ങാൻ പറ്റില്ല. അതുകൊണ്ട് അദ്ദേഹം അല്പം 'സോഷ്യലിസ്റ്റു' രീതിയിൽ ചിന്തിച്ചു. ജനറൽ മോട്ടേഴ്സ് കോടികളുടെ ആസ്തിയുള്ള കമ്പനി. എന്നും വീട്ടിലേക്കു പോവുമ്പോൾ കമ്പനിയിൽ നിന്നും ഓരോ പാർട്സ് ടൂൾ ബോക്സിലും മറ്റുമായി ആരും കാണാതെ അടിച്ചുമാറ്റുക. ജീ.എം. പോലുള്ള ഒരു വലിയ കമ്പിനിക്ക് ഓരോ ദിവസവും ഒന്നോ രണ്ടോ നട്ടോ ബോൾട്ടോ പോയാൽ ഹൂ കെയേഴ്സ്! ജോണി അല്പം ലോജിക്കോടെ ചിന്തിച്ചു. അങ്ങനെ തന്റെ കുറ്റബോധം ഒന്നു ക്ലിയർ ചെയ്തു. വലിയ, വലിയ പാർട്സൊക്കെ കൂട്ടുകാരന്റെ മൊബേൽ ഹോമിൽകൂടെ അടിച്ചുമാറ്റി. അങ്ങനെ അനേക വർഷങ്ങൾകൊണ്ടു ആരും കാണാതെ ഒരു കാഡിലാക്കിന്റെ പാർട്സെല്ലാം ജോണിയുടെ വീടിന്റെ ഗരാജിനുള്ളിലായി. വർഷങ്ങൾ കൊണ്ടു സ്വരൂപിച്ചുകൂട്ടിയ പാർട്സെല്ലാം തല്ലിക്കൂട്ടി ഒരു കാഡിലാക്കുണ്ടാക്കി.

ഒരു സുപ്രഭാതത്തിൽ തന്റെ ഭാര്യയേയും കൊണ്ടു ജോണി തന്റെ പുതിയ കാഡിലാക്ക് ഔദ്യോഗികമായി നിരത്തിലിറക്കി. കാറിന്റെ ആകൃതിയും ചെയ്വനയും കണ്ട് കൗതുക കുതൂഹികളായ നാട്ടുകാർ അതിശയിച്ചു. കാരണം ഇത്തരം ഒരു ജിഎം (GM) മോഡൽ കാഡിലാക്ക് മുമ്പെങ്ങും അവർ കണ്ടിട്ടില്ല. അവർ ആകാംഷാഭരിതരായി മാറി. അവർ ചോദിച്ചു. "ജോണി ഇതേതു വർഷത്തെ മോഡലാണ്...?" ജോണി പറഞ്ഞു: ഇതു "ഫോടിനൈൻ, ഫിഫ്റ്റി, ഫിഫ്റ്റി വൺ, ഫിഫ്റ്റി റ്റൂ, സിക്സ്റ്റി, സിക്സ്റ്റി വൺ, സിക്സ്റ്റി റ്റൂ, സിക്സ്റ്റി ത്രീ.... സെവന്റി, സെവന്റി വൺ, സെവന്റി റ്റൂ, സെവന്റി ത്രീ... ഓടോമൊബീൽ..." എന്ന്.

ഈ കൺട്രീ സോംഗ് അമേരിക്കൻ അന്തരീക്ഷത്തിൽ പൊടിപൊടിക്കുന്ന കാലത്താണ് അങ്ങേതിലെ ശോശാമ്മയും, ഇങ്ങേതിലെ മറിയാമ്മയും താഴേതിലെ ചാക്കോച്ചനും മേലേതിലെ ഈയുള്ളവനും ഇവിടേക്കു വരുന്നത്. ഏങ്ങനെയെങ്കിലും അമേരിക്കൻ ഡോളർ എന്ന ആ കൽഹാരപുഷ്പം പറിച്ചെടുക്കുക; അതായിരുന്നു ഈയുള്ളവന്റെയും ലക്ഷ്യം. കൂടാതെ മറ്റൊരു ലക്ഷ്യം കൂടിയുണ്ട് ഈയുള്ളവന്റെ വരവിനു പിന്നിൽ; ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്സിന്റെ പട്ടികയിൽ നിന്നും ഒരു പട്ടിണി മരണം കൂടെ ഒഴിവാക്കുക.

കാലത്തിന്റെ പ്രയാണത്തിൽ മലയാളനാട്ടിന്റെ സന്താനങ്ങളിൽ നല്ലൊരു ശതമാനം ഓരോന്നോരോന്നായിവന്നു ചേർന്നു. അങ്ങനെ നാട് ഒരോന്നോരോന്നായി ആളും അരങ്ങളും ഒഴിഞ്ഞ ഗ്രാമങ്ങളായി മാറി. വന്നവർ, വന്നവർ അതതു സ്ഥലങ്ങളിൽ മത്സരിച്ച് അസ്സോസിയേഷനും പള്ളികളും തുടങ്ങി. മലയാളിക്ക് അസോസിയേഷനും പള്ളിയും രാഷ്ട്രീയവുമില്ലാതെ ജീവിക്കാൻ പറ്റില്ലല്ലോ; അസോസിയേഷന്റെ



ലേഖകൻ

യും പള്ളികളുടെയും സംഖ്യ വളർന്നു വന്നു. വളരും തോറും പിളരുകയും, പിളരും തോറും വളരുകയോ വരളുകയോ ചെയ്തു.

മാസങ്ങളും, വർഷങ്ങളും കടന്നു പോയപ്പോൾ അച്ചായൻമാരും, അവരോടൊപ്പം പാരീസുകുട്ടിയും വന്നു. വന്നവരുടെയെല്ലാം 'ബാലാരിഷ്ടതകൾ' മാറി. അവർക്കു വീടായി, കൂടായി, മാളികയായി, ബെൻസായി, മാസറാട്ടിയായി, ബെൻലിയായി, പിന്നെ ബിന്ദു, രേഖ, സിന്ധു, ഗംഗ, യമുന, കാവേരി, പമ്പ, ബ്രഹ്മപുത്ര, നിശ, തമസ്, ആകാശ്, സൂര്യചന്ദ്രാദിതാരവ്യൂഹങ്ങളുടെ പേരുകളുള്ള കുട്ടികളുമായി. ചിലർക്കു നമ്മുടെ നാടൻ ഇഞ്ചിയുടെ ഇംഗ്ലീഷ് പേരായ ജിഞ്ചർ എന്നായി. ചിലർക്കു ഏതോ ലഹരി പാനീയത്തിന്റെ പേരുള്ള ബ്രാണ്ടി എന്ന പേര്. ബ്രാണ്ടി എന്നതു അച്ചായന്മാർ പിരിമുറുക്കത്തിൽ നിന്നും താൽക്കാലിക മോചനം നേടാൻ ഡ്രംസ്റ്റിക്കിന്റെ കൂടെ മേമ്പൊടിയായി ഉപയോഗിക്കുന്ന ഐസിട്ട ഏതോ സ്വർണ്ണപാനീയമാണല്ലോ? ഒരു തനി ശുദ്ധഗതിക്കാനും, വെജിറ്റേറിയനുമായ ഈ ലേഖകൻ ഐസിട്ട ഈ പാനീയം അച്ചായന്മാർ ഒറ്റ വീർപ്പിനു വലിച്ചു കുടിക്കുന്നതു അല്ലെങ്കിൽ ഊതിക്കുടിക്കുന്നതു വളരെ കൗതുകത്തോടെ ദൂരെ മാറിനിന്നു വീക്ഷിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ അവിടെയെങ്ങും പോയി നിന്നേക്കരുതെന്നാണു ഭാര്യയുടെ 'ഊരുവിലക്ക്'...! നാട്ടിലാണെങ്കിൽ 'റ്റച്ചിംഗ്' എന്നൊരു ചെറിയ പരിപാടിയും ഇതിന്റെ ഭാഗമായിട്ടുണ്ടല്ലോ? ഇപ്പോൾ കിട്ടിയ വാർത്ത: സായിപ്പിന്റെ നാട്ടിൽ വന്നിട്ടു നാട്ടിലെ പോലെ റ്റച്ചിംഗ് നടത്തുന്നതു കുറച്ചിലാണെന്നു ഒരച്ചായൻ പറഞ്ഞു തിരുത്തി. അതു കാലികമായി എഴുതാൻ ഇപ്പോൾ പ്രയോജനപ്പെട്ടു.

സിന്ധുവിനും, ഗംഗയ്ക്കും, യമുനയ്ക്കുമൊക്കെ മാമോദീസായായി, മധുരപതിനാറായി, മധുരപതിനേഴായി, പതിനെട്ടായി, കല്യാണമായി. ഇതിനെല്ലാം സാക്ഷ്യം വഹിപ്പാൻ, പിറന്ന മണ്ണിൽ തന്നെ കിടന്നു ചാവണം എന്നു ശാഠ്യം പിടിച്ചു നിന്നിരുന്ന പാവം അപ്പച്ചൻമാരേയും, അമ്മച്ചിമാരെയും ഇവിടെ കൊണ്ടുവന്നു മണിമാളികകളുടെ നാലുചുവരുകൾക്കുള്ളിൽ ബന്ധനസ്ഥരാക്കി അവരുടെ തീരാ ശാപവും ഏറ്റുവാങ്ങി. എന്നിട്ടവർക്കു ജോലിയും (ശമ്പളമില്ലാത്ത) കൊടുത്തു.

നാട്ടിൽ നിന്നു വാസ്തുശില്പിയെ വിളിച്ചു പാരീസു കൂട്ടി തനിനാടൻ രീതിയിൽ തന്നെ ഒരു നാലുകെട്ടുണ്ടാക്കി. അതിനു മുമ്പായി 'അനന്തം അജ്ഞാനം' എന്ന ടി വി പ്രോഗ്രാമിന്റെ അവതാരകനെ ലോംഗ് ഡിസ്റ്റൻസു വിളിച്ചു പ്രശ്നം വച്ചു നോക്കി. വീടിനു ചുറ്റും "ആയിരം താമരക്കുളങ്ങൾ കുഴിച്ച് അരയന്നങ്ങളെ വളർത്തി." പ്രാവിൻ കൂടുണ്ടാക്കി, അനിയത്തി പ്രാവിനെയും, ജേഷ്ഠത്തിപ്രാവിനേയും വളർത്തി. പിന്നാമ്പുറത്ത് ഗസീബോ ഉണ്ടാക്കി. പർണ്ണശാലയുണ്ടാക്കി...

താജ്മഹൽ റെസ്റ്റൊറന്റിന്റെ ഉടമ ഷാജഹാനും ഭാര്യ മുംതാസും മകൻ ഔരംഗസീബിന്റെ വിവാഹത്തിനു നാട്ടിൽ പോയപ്പോൾ അവർക്കൊപ്പം പാരീസു കുട്ടിയുടെ അപ്പച്ചനും, അമ്മച്ചിയും അമേരിക്കയിലെത്തി. ലഗ്വാർഡിയാ എയർപോർട്ടിലെ കൺവേയർ ബെൽറ്റിലൂടെ നിശ്ചലമായി നീങ്ങുന്ന പാരീസുകുട്ടിയുടെ അമ്മച്ചിയുടെ ചട്ടയും, മുണ്ടും നേര്യതും കണ്ട് ആശയദാരിദ്ര്യം കലശലായി ബാധിച്ചു നാളുകളായി മനസു മുരടിച്ചിരുന്ന ഇറ്റാലിയൻ ക്ലോത്തിംഗ് ഡിസൈനർ ഗുസേപ്പേ ഗൂച്ചി അമ്മച്ചിയുടെ പടം അവരറിയാതെ തന്റെ ക്യാമറായിൽ ഒപ്പിയെടുത്തു. പുതിയ ഒരു ഫാഷന്റെ തരംഗം അയാളുടെ മനസ്സിലുദിച്ചു. തൊണ്ണൂറ്റിയൊൻപതു ശതമാനം കഷണ്ടി ബാധിച്ച അപ്പച്ചന്റെ കഷണ്ടിയിൽ ക്യാമറായുടെ ഫ്ളാഷടിച്ചപ്പോൾ സഹയാത്രികരുടെ കണ്ണുകൾ മഞ്ചിച്ചുപോയി.

അന്നു ശനിയാഴ്ച പാരീസുകുട്ടിയുടെ പുതിയ വീടിന്റെ വാസ്തോലിയായിരുന്നു. വർണ്ണ പേപ്പറിൽ പൊതിഞ്ഞ സമ്മാനങ്ങൾ മാളികയുടെ ഫാമിലി റൂമിൽ കുമിഞ്ഞുകൂടി. വീടിന്റെ ബേസ്മന്റിൽ നിന്നും പലതരം കുപ്പികൾ പൊട്ടുന്ന ശബ്ദം അങ്ങകലെ വച്ചേ കേൾക്കാമായിരുന്നു. മൗനദാഹികളുടെ ഒരു കൂട്ടം തന്നെയുണ്ടായിരുന്നു. ചിലരൊക്കെയും വാളു വയ്ക്കാൻ പരുവമായവർ... ചിലരുടെ നിൽപു കണ്ടാൽ ഞരമ്പിനു തീ പിടിച്ചപോൽ.. വീടിന്റെ മൂലയിൽ മാറി ഒതുങ്ങി നിൽക്കുന്ന 'ഒന്നും മിണ്ടാത്ത ഭാര്യമാർ'.... വേറെ ചിലെടത്തു 'വെറുതെ ഒരു ഭാര്യ' ആയി ചിലർ... ഭാര്യ എന്താ വരാഞ്ഞതു എന്നു ചോദിച്ചപ്പോൾ 'ഭാര്യ അത്ര പോരാ' എന്നു മറ്റു ചിലർ...! ചിലരുടെ സംസാരങ്ങളും കൊത്തിവലിക്കുന്ന നോട്ടങ്ങളും അതിരുകടന്നപ്പോൾ "വേറെയാണു വിചാരമെങ്കിൽ നേരമായതു ചൊല്ലുവാൻ' എന്ന മട്ടിൽ എന്തിനും തയ്യാറായി ചിലർ! 'ആൾക്കൂട്ടത്തിൽ തനിയെ' ചിലർ! പാരീസു കുട്ടിയുടെ ഒരു കസിൻ 'കടൽ കടന്നൊരു മാത്തുക്കുട്ടി'യും അവിടെയുണ്ടായിരുന്നു.

പുതുതായി വന്ന അപ്പച്ചനും അമ്മച്ചിയ്ക്കും വൺ പീസറ്റേ റൈറ്റം ചില മെറ്റമോർഫോസിസ് ഒക്കെ വന്നു. ജരാനരാദികൾ ഒന്നും ലേശമേ ഏൽക്കാത്ത കറുകറുപ്പൻ മുടിയുള്ള അപ്പച്ചൻ ഒരു കയ്യിൽ എരിയുന്ന ഒരു സിഗരറ്റും മറുകയ്യിൽ (ശേഷം 22-ാം പേജിൽ)

# 'എസ്സൻസ് ഓഫ് ലൈഫ്' പ്രകാശനം ചെയ്തു

**കെ.ജെ. ജോൺ**

ഡൽഹി: വേൾഡ് പീസ് മിഷൻ ചെയർമാൻ സണ്ണി സ്റ്റീഫൻ തയ്യാറാക്കിയ "എസ്സൻസ് ഓഫ് ലൈഫ്" എന്ന ജീവിത പാഠങ്ങളുടെ സമഗ്ര പഠന പുസ്തകം, ഡൽഹി വൈ.എം.സി.എ ഹാളിൽ നടന്ന ചടങ്ങിൽ സുപ്രീംകോടതി മുൻ ജഡ്ജി ജസ്റ്റിസ് കുര്യൻ ജോസഫ് ഗുർഗ്ഗാവ് രൂപതാദ്ധ്യക്ഷൻ ബിഷപ്പ് ജേക്കബ് മാർ ബർണബാസിനു നൽകി പ്രകാശനം ചെയ്തു.




സമാധാനപൂർണ്ണമായ ജീവിതത്തിനും അനുരഞ്ജനത്തിനും ഒരു വ്യക്തിയെ മൂല്യബോധത്തോടെ ഒരുക്കുവാൻ ഒരു ഉത്തമ വഴികാട്ടിയാണ് സണ്ണി സ്റ്റീഫൻ രചിച്ച പുസ്തകമെന്ന് പ്രകാശനകർമ്മം നിർവഹിച്ചുകൊണ്ട് ജസ്റ്റിസ് കുര്യൻ ജോസഫ് അഭിപ്രായപ്പെട്ടു.

വേൾഡ് പീസ് മിഷന്റെ ഇന്റർ റിലീജിയസ് മിഷൻ ഡയറക്ടർ റവ.ഫാ. ടോമി ജോസഫ് വിശിഷ്ടാതിഥികളെ സ്വാഗതം ചെയ്തു. യുഎന്നിലെ ഇന്ത്യയുടെ സ്ഥിര പ്രതിനിധിയായ കെ.പി. ഫാബിയൻ, മുൻ ദീപാലയ പ്രസിഡണ്ടും പ്രമുഖ പത്രപ്രവർത്തകനുമായ എ.ജെ. ഫിലിപ്പ്, ഡൽഹി ഡവലപ്പ്മെന്റ് അതോറിറ്റി ലാൻഡ് ഡിസ്പോസൽ കമ്മീഷണർ സുബ്ബു റഹ്മാൻ, ഇന്ത്യൻ വാസ്തുശിൽപകലയുടെ വ്യക്തിത്വം ജോൺ ഫീലിപ്പോസ്, ശാന്തിമഠം മഠാധിപതി സ്വാമി സായൂജ്യാനന്ദ്, വേൾഡ് മലയാളി അസോസിയേഷൻ പ്രസിഡണ്ട് ഡൊമിനിക് ജോസഫ്, ഗിരീഷ് ജോർജ് (വൈഎംസിഎ, ഡൽഹി), ആൽബർട്ട് ഏബ്രഹാം (ഡൽഹി യൂണിവേഴ്സിറ്റി), ബെന്നി അനിൽ, രാഹുൽ (മനോരമ), ശീമതി മംഗയാംഗ് തുടങ്ങിയവർ പങ്കെടുത്തു.

ചടങ്ങിന് നേതൃത്വം നൽകുവാൻ കാരിത്താസ് ഇന്ത്യ നാഷണൽ ഡയറക്ടർ റവ.ഫാ. പോൾ മൂഞ്ഞേലി, പാസ്റ്ററൽ കെയർ ഓഫ് ജർമ്മൻസ് ഇൻ ഇന്ത്യ റവ.ഫാ. ജിജി വട്ടപ്പറമ്പിൽ എന്നിവരും സന്നിഹിതരായിരുന്നു. ആമസോൺ വഴി ഇ-ബുക്ക് ലഭ്യമാണ്. അടുത്ത ആഴ്ച മുതൽ ആമസോണിലൂടെ പുസ്തകരൂപത്തിലും "എസ്സൻസ് ഓഫ് ലൈഫ്" ലഭിക്കും.

# ടൈഗേഴ്സ് കപ്പ് ക്രിക്കറ്റ് ടൂർണമെന്റിൽ ബെർഗെൻ ടൈഗേഴ്സ് ജേതാക്കൾ

ന്യൂജേഴ്സി: അഞ്ചാമതു ടൈഗേഴ്സ് കപ്പ് ക്രിക്കറ്റ് ടൂർണമെന്റിൽ ന്യൂജേഴ്സിയിലെ പ്രശസ്ത ക്രിക്കറ്റ് ക്ലബ് ബെർഗെൻ ടൈഗേഴ്സ് ജേതാക്കളായി. ആവേശോജ്വലമായ ഫൈനലിൽ ഫിലാഡൽഫിയ എഫ്സിസിയെ മൂന്നു വിക്കറ്റിന് തോൽപിച്ചാണ് ബെർഗെൻ ടൈഗേഴ്സ് കിരീടത്തിൽ മുത്തമിട്ടത്.

സെപ്റ്റംബർ അഞ്ചു മുതൽ ഏഴുവരെ ന്യൂജേഴ്സിയിലെ ബ്ലൂംഫീൽഡിൽ സംഘടിപ്പിച്ച ടൈഗേഴ്സ് കപ്പ് ക്രിക്കറ്റ് ടൂർണമെന്റിൽ ന്യൂയോർക്ക്, ന്യൂജേഴ്സി, ഫിലാഡൽഫിയ സ്റ്റേറ്റുകളിൽ നിന്നുള്ള പ്രമുഖ ടീമുകൾ ഉൾപ്പെടെ എട്ട് മലയാളി ടീമുകൾ വാശിയേറിയ മത്സരങ്ങളിൽ മാറ്റുരച്ചു. സെപ്റ്റംബർ അഞ്ചിന് ശനിയാഴ്ച നടന്ന ആവേശം മുറ്റിനിന്ന ലീഗ് മത്സരങ്ങൾക്കൊടുവിൽ നാല് ടീമുകൾ സെമിഫൈനിലേക്കു ജയിച്ചു കയറി.




സെപ്റ്റംബർ ഏഴിന് നടന്ന ആദ്യ സെമിഫൈനലിൽ 188 റൺസ് എടുത്ത ഫിലാഡൽഫിയ എഫ്സിസി ടീം, ന്യൂയോർക്ക് ബ്ലാസ്റ്റേഴ്സ് ടീമിനെ 66 റൺസിന് തോൽപ്പിച്ചു ഫൈനലിൽ സ്ഥാനമുറപ്പിച്ചു. എഫ്സിസിക്കുവേണ്ടി ക്യാപ്റ്റൻ ജിജോ കുഞ്ഞുമോൻ 41 പന്തിൽ മൂന്ന് ബൗണ്ടറിയും ആറ് സിക്സും ഉൾപ്പെടെ ഉജ്വല ബാറ്റിംഗ് പ്രകടനം പുറത്തെടുത്തു 88 റൺസുമായി ടോപ് സ്കോർ ആയി. ഉദ്വേഗജനകമായ രണ്ടാം സെമിഫൈനലിൽ ആതിഥേയ ടീമായ ബെർഗെൻ ടൈഗേഴ്സ് അഞ്ച് വിക്കറ്റിന് യുണൈറ്റഡ്- XIനെ തോൽപ്പിച്ചു. അഞ്ചാം വിക്കറ്റിൽ തോമസ് പോൾ, ജിൻസ് തര്യനൊപ്പം ക്രീസിൽ ചേരുമ്പോൾ 11 ബോളിൽ 24 റൺസ് ആയിരുന്നു വിജയ ലക്ഷ്യം. എന്നാൽ താൻ നേരിട്ട ആദ്യപന്തുതന്നെ സിക്സർ പായിച്ചു തോമസ് പോൾ ഇന്നിങ്സിന് പുത്തൻ ഉണർവു സമ്മാനിച്ചു. അതിൽനിന്നും ഉൾക്കൊണ്ട ആത്മവിശ്വാസത്തിൽ അവസാന ഓവർ ബാറ്റു ചെയ്ത ജിൻസ് തര്യൻ 13 റൺസ് എന്ന വിജയകടമ്പ ആദ്യ രണ്ടു പന്തുകൾതന്നെ സിക്സർ അടിച്ചു അനായാസം ടീമിനെ ഫൈനലിലേക്കു നയിച്ചു. 51 റൺസ് എടുത്തു വെടിക്കെട്ടു ബാറ്റിംഗ് പ്രകടനം പുറത്തെടുത്ത ജിൻസ് തര്യൻ ആയിരുന്നു മാൻ ഓഫ് ദി മാച്ചും.

തുടർന്ന് നടന്ന ആവേശകരമായ ഫൈനലിൽ ട്രൈസ്റ്റേറ്റിലെ പ്രമുഖ ടീമുകളായ ബെർഗെൻ ടൈഗേഴ്സും ഫിലാഡൽഫിയ എഫ്സിസിയും ഏറ്റുമുട്ടി. ടോസ് നേടി ആദ്യം ബാറ്റിങ്ങിനിറങ്ങിയ എഫ്സിസി, നവീൻ ഡേവിസിന്റെ ഉജ്വല ബാറ്റിങ്ങിന്റെ (75 റൺസ്) പിൻബലത്തിൽ 178 റൺസ് എന്ന വമ്പൻ ടോട്ടൽ പടുത്തുയർത്തി. ലീഗ് റൗണ്ടിൽ തകർപ്പൻ സെഞ്ചുറി നേടിയ നവീൻ ടൂർണമെന്റിൽ ഉടനീളം സ്ഥിരതയാർന്ന പ്രകടനമാണ് കാഴ്ചവെച്ചത്. ഒരു ഘട്ടത്തിൽ 200 റൺസിന് മുകളിൽ പോകും എന്ന് തോന്നിച്ച സ്കോർ ബെർഗെൻ ടൈഗേഴ്സ് ക്യാപ്റ്റൻ അശോക് ഉജ്വല ബോളിങ് പ്രകടനത്തിലൂടെ കരസ്ഥമാക്കിയ നാല് വിക്കറ്റിന്റെ മികവിലാണ് 178-ലേക്ക് പിടിച്ചു കെട്ടിയത്. വിജയത്തിനായി 179 റൺസ് എന്ന വലിയ സ്കോർ പിന്തുടർന്ന ബെർഗെൻ ടൈഗേഴ്സിനുവേണ്ടി ഓപ്പണർമാരായ റിനുവും അശോകും മനോഹരമായ ബാറ്റിംഗ് പ്രകടനം പുറത്തെടുത്തു മികച്ച തുടക്കം നൽകിയെങ്കിലും നാലാം ഓവറിൽ എഫ്സിസി അശോകിന്റെ വിക്കറ്റ് നേടി മത്സരത്തിലേക്ക് തിരിച്ചെത്തി. പക്ഷേ റിനുവിനൊപ്പം ബെർഗെൻ ടൈഗേഴ്സിന്റെ സ്വന്തം ലിറ്റിൽ മാസ്റ്റർ എന്നറിയപ്പെടുന്ന സെബിൻ ജേക്കബും ഒത്തുചേർന്നപ്പോൾ വീണ്ടും റൺസ് ഒഴുകാൻ തുടങ്ങി. ആദ്യ റൗണ്ടിലെ ഫോം തുടർന്ന റിനു 41 ബോളിൽ 77 റൺസ് (11 ബൗണ്ടറി ആൻഡ് -2 സിക്സർ) എടുത്തു മടങ്ങിയപ്പോൾ, സബിനുമായി ചേർന്ന് 99 റൺസ് ടീമിനായി വാരികൂട്ടിയിരുന്നു. ആവേശം ഒട്ടും നഷ്ടപ്പെടാതെ വീരോചിതമായ പൊരുതിയ ടീം എഫ്സിസി തുടരെ തുടരെ ബെർഗെൻ ടൈഗേഴ്സിന്റെ അഞ്ച് വിക്കറ്റുകൾ വീഴ്ത്തി മത്സരത്തിലേക്ക് വലിയ തിരിച്ചുവരവ് നടത്തിയെങ്കിലും തോമസും ജിൻസും ചേർന്ന് കൂടുതൽ അപകടം ഒന്നും സംഭവിക്കാതെ ബെർഗെൻ ടൈഗേഴ്സിന് മറ്റൊരു കിരീട നേട്ടം 19-ാം ഓവറിൽ സമ്മാനിച്ചു. അഞ്ച് വർഷങ്ങൾക്കു മുൻപേ ഇതേദിവസം ഇരുവരും ചേർന്നു സമ്മാനിച്ച മറ്റൊരു ഐതിഹാസിക വിജയം അനുസ്മരിപ്പിക്കുന്നതായിരുന്നു ഈ കിരീട വിജയവും.



ടൂർണമെന്റ് സ്പോൺസർമാരായ സായി ഡാറ്റാനി (യൂണിവേഴ്സൽ റീലൊക്കേഷൻസ്), ജോമി തോമസ് (ഗ്രാൻഡ് റസ്റ്റോറന്റ്), നിഖിൽ മാണി (പബ്ലിക് ട്രസ്റ്റ് റിയാലിറ്റി ഗ്രൂപ്പ്), ടോണി പയ്യനാട്ടു (അനിതാസ് കിച്ചൻ), ബിനു ബേബി (സ്പെക്ട്രം ഓട്ടോ) എന്നിവരോടൊപ്പം സമൂഹത്തിലെ രാഷ്ട്രീയ സാംസ്കാരിക നായകരും, മലയാളി സംഘടനകളിലെ നേതാക്കാളും സന്നിഹിതരായിരുന്നു. തുടർന്നു നടന്ന സമ്മാനദാന ചടങ്ങിൽ ടൂർണമെന്റിൽ ശ്രദ്ധയാർന്ന പ്രകടനം നടത്തിയ പ്ലയേഴ്സിനു അവാർഡുകൾ നൽകുകയും വിജയികളായ ടീമിന് ട്രോഫികൾ വിതരണം ചെയ്യുകയും ചെയ്തു. മൂന്നു മത്സരത്തിൽ നിന്നും അഞ്ച് വിക്കറ്റും, ഒരു സെഞ്ചുറിയും, ഒരു അർധ സെഞ്ചുറിയും ഉൾപ്പെടെ 227 റൺസ് എടുത്ത് ട്രൈസ്റ്റേറ്റിലെ ബെസ്റ്റ് പ്ലയെർ എന്ന പേര് അന്വർഥമാക്കിയ ടീം എഫ്സിസിയുടെ നവീൻ ഡേവിസ് ടൂർണമെന്റിലെ ബെസ്റ്റ് പ്ലെയറും, ബെസ്റ്റ് ബാറ്റ്സ്മാനുമായി തെരഞ്ഞെടുക്കപ്പെട്ടു. ഏഴ് വിക്കറ്റ് വീഴ്ത്തിയ യുണൈറ്റഡ് XI-ന്റെ സൗബിൻ മാത്യു ബെസ്റ്റ് ബോളറും ഫൈനലിലെ ഉജ്വല ബാറ്റിംഗിലൂടെ റിനു ബാബു മാൻ ഓഫ് ദി മാച്ചും ആയി തെരഞ്ഞെടുക്കപ്പെട്ടു. വരും വർഷങ്ങളിൽ ട്രൈസ്റ്റേറ്റിലെ കൂടുതൽ ടീമുകളെ പങ്കെടുപ്പിച്ചു ടൂർണമെന്റ് മത്സരങ്ങൾ വിപുലീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചതായും ഭാരവാഹികൾ അറിയിച്ചു.




# പരിശുദ്ധ അമ്മയുടെ സന്ദർശനം ആരംഭിച്ചു

സാൻജോസ്: കോവിഡ്-19 ലോകത്തെ അസ്വസ്ഥമാക്കുമ്പോൾ സംരക്ഷണ കവചം തീർത്തു കാക്കുന്ന ദിവ്യകാരുണ്യ നാഥന് നന്ദി പറയുകയാണ് ഇവിടുത്തുകാർ. പരിശുദ്ധ അമ്മയുടെ ജനനത്തിരുനാൾ ആഘോഷമായി കൊണ്ടാടിയതിനു ശേഷം അമ്മയുടെ സഹായം കുടുംബങ്ങൾക്കു കൂടുതൽ ലഭിക്കുവാനായി പള്ളിയിൽ വെച്ച് പ്രാർത്ഥിച്ച് അമ്മയുടെ രൂപം ഓരോ ദിവസവും ഓരോ ഭവനം എന്ന കണക്കിൽ സന്ദർശനം നടത്തുകയാണ്. കാനായിലെ കല്യാണ വിരുന്നിൽ സഹായി ആയി കടന്നു വന്ന 'അമ്മ ഈ മഹാമാരിയുടെ നാളിൽ പുത്രന്റെ പക്കൽ സഹായത്തിനായി കേണു പ്രാർത്ഥിക്കുമെന്നു' ഇവിടുത്തുകാർ ഉറച്ചു വിശ്വസിക്കുന്നു. ലോക്ക്ഡൗൺ തുടങ്ങുന്നതിന് രണ്ടു ദിവസം മുൻപ് ദിവ്യകാരുണ്യവുമായി തങ്ങളുടെ ഇടവക ജനം താമസിക്കുന്ന ഇടങ്ങളിലൂടെ പോയതിന്റെ നല്ല അനുഭവമാണ് ദിവ്യകാരുണ്യത്തിന്റെ അമ്മയായ പരിശുദ്ധ അമ്മയുമായി ഇങ്ങനെ ഒരു യാത്ര ചെയ്യാൻ ജനത്തിനു ചിന്ത നൽകിയത്. ദിവ്യകാരുണ്യം കടന്നുപോയ വഴികളിൽ താമസിക്കുന്ന ഒരു ഇടവകജനത്തിനും ഇന്നുവരെ ഈ മഹാമാരി ബാധിച്ചിട്ടില്ല എന്നത് ഒരു സത്യസാക്ഷ്യമാണ്.





ഈ ഇടവക പരിശുദ്ധ അമ്മയ്ക്കു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ഇടവകയാണ്. ഡിസംബർ 31ന് അമ്മയ്ക്ക് നന്ദി പറഞ്ഞു പള്ളിയിലേക്ക് രൂപം ആഘോഷമായി സ്വീകരിക്കത്തക്കവിധത്തിലാണ് ഈ സന്ദർശനം ക്രമീകരിച്ചിരിക്കുന്നത്.

24 മണിക്കൂർ ഒരു ഭവനത്തിൽ ഇരിക്കുന്ന ഈ രൂപത്തിന്റെ മുൻപിൽ കുടുംബം മുഴുവൻ ഒന്നുചേർന്ന് ഒരു ജപമാല ഈ മഹാമാരിക്ക് എതിരായി സമർപ്പിക്കണം എന്നതാണ് നിയോഗം. സമർപ്പണാനന്തരം സംരക്ഷണത്തിനായി 'അമ്മ ധരിക്കാൻ പറഞ്ഞ ഉത്തരീയം' സ്വീകരിക്കുന്നു. ഇവരേയും അമ്മയിലൂടെ ഈശോ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

# പരി. കന്യകാമറിയത്തിന്റെ ജനനത്തിരുനാൾ ഭക്തിനിർഭരമായി ആഘോഷിച്ചു



ന്യൂജേഴ്സി: ന്യൂജേഴ്സി ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ എട്ട് നോമ്പ് ആചരണത്തിന്റെ സമാപനമായി പരി. കന്യകാമറിയത്തിന്റെ ജനനത്തിരുനാൾ ഭക്തിനിർഭരമായി ആഘോഷിച്ചു.

പിറവി തിരുനാൾ ദിവസം 7.30ന് വി.കുർബാന അർപ്പിക്കുകയും തുടർന്ന് ജന്മദിനഗാനം ആലപിച്ച് കുട്ടികൾ മാതാവിന് പൂക്കൾ സമർപ്പിച്ചു.

തുടർന്ന് ജപമാല പ്രദക്ഷിണം കത്തിച്ച മെഴുകുതിരിയും വഹിച്ച് നടത്തപ്പെട്ടു.

മാതാവിന്റെ ഗ്രോട്ടോയിൽ ലദീഞ്ഞും തുടർന്ന് പങ്കെടുത്ത എല്ലാവർക്കും നേർച്ചയും വിതരണം ചെയ്തു. നൂറ് കണക്കിന് വിശ്വാസികൾ തിരുക്കർമ്മങ്ങളിൽ പങ്കെടുത്തു.

# അദ്ധ്യാപകദിനം ആചരിച്ചു

ന്യൂജേഴ്സി: ന്യൂജേഴ്സി ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ദേവാലയത്തിലും ഫിലാഡൽഫിയ സെയിന്റ് ന്യൂമാൻ ക്നാനായ മിഷനിലും അദ്ധ്യാപകദിനം ആചരിച്ചു.

അദ്ധ്യാപകദിനത്തിൽ എല്ലാ അദ്ധ്യാപകരെയും സമർപ്പിച്ച് കൊണ്ട് വി. ബലി അർപ്പിച്ചു. തുടർന്ന് ഇടവകയിലെ എല്ലാ അദ്ധ്യാപകരെയും പ്രത്യേകം അഭിനന്ദിക്കുകയും പൂക്കൾ നൽകി ആദരിക്കുകയും ചെയ്തു.





# ചിക്കാഗോ മലയാളി അസോസിയേഷന്റെ വാർഷിക പൊതുയോഗം

**ജോഷി വള്ളിക്കളം**

ചിക്കാഗോ: മലയാളി അസോസിയേഷന്റെ വാർഷിക പൊതുയോഗം ഒക്ടോബർ 25-ന് നടത്തുന്നു. പ്രസ്തുത പൊതുയോഗം സൂം കോൺഫറൻസ് കോളിലൂടെയാവും നടത്തുന്നത്. കോവിഡ-19 സാഹചര്യം അനുകൂലമായാൽ സിഎംഎ ഹാളിൽ (834 E.R and Rd, suite#13, Mount-prospect) വെച്ചു കൂടുന്നതാണ്.

പ്രസ്തുത യോഗത്തിൽ പ്രസിഡണ്ട് ജോൺസൺ കണ്ണൂക്കാടൻ യോഗത്തെ അഭിസംബോധന ചെയ്യുന്നതും സെക്രട്ടറി ജോഷി വള്ളിക്കളം റിപ്പോർട്ട് അവതരിപ്പിക്കുന്നതും ട്രഷറർ ജിതേഷ് ചുങ്കത്ത് ഓഡിറ്റഡ് ഫിനാൻഷ്യൽ റിപ്പോർട്ട് അവതരിപ്പിക്കുന്നതുമാണ്. മാത്രമല്ല അസോസിയേഷൻ ഓഫീസിന്റെ tax exception സംബന്ധിച്ചുള്ള വിവരങ്ങളും യോഗത്തിൽ അറിയിക്കുന്നതാണ്. എല്ലാ അസോസിയേഷൻ അംഗങ്ങളും പ്രസ്തുത പൊതുയോഗത്തിൽ പങ്കെടുക്കണമെന്ന് പ്രസിഡണ്ട് ജോൺസൺ കണ്ണൂക്കാടൻ അറിയിക്കുന്നു. സൂം കോൺഫറൻസിന്റെ വിവരങ്ങൾ പിന്നീട് നൽകുന്നതാണ്.

# സകല ജീവിത സൗഭാഗ്യങ്ങളും കൈവെടിഞ്ഞ യുവ മലയാളി കന്യാസ്ത്രീ

കോര ചെറിയാൻ

ഫിലാഡൽഫിയ: പത്തനംതിട്ട, പ്രാക്കാനം സ്വദേശി ഇടത്തിൽ ആയിരുകുഴിയിൽ ഫിലിപ്പിന്റേയും രാജമ്മയുടെയും രണ്ടാമത്തെ മകൾ ഡോക്ടർ സിസ്റ്റർ ജോസ്‌ലിൻ ഇടത്തിൽ എം.ഡി. പി.എച്ച്.ഡി.യുടെ ത്യാഗോജ്വലമായ ജീവിതശൈലി അത്യധികം അത്ഭുതകരമാണ്. സകല സൗഭാഗ്യങ്ങളോടുകൂടി അമേരിയ്ക്കയിൽ ഫിലഡൽഫിയായിലെ ഉന്നത മലയാളി കുടുംബത്തിൽ ജനിച്ച് ഉന്നത ഡിസ്റ്റിങ്ങ്ഷനോടുകൂടി സ്കൂൾ കോളേജ് പഠനശേഷം ലോകത്തിലെ ഏറ്റവും അംഗീകൃത പ്രൊഫഷനായ മെഡിക്കൽ ഡോക്ടറായി. കോടിക്കണക്കിന് ശമ്പളമുള്ള ഡോക്ടറായ സിസ്റ്റർ ജോസ്‌ലിൻ സകല ജീവിതസുഖങ്ങളും സ്വമനസ്സാലെ ഉപേക്ഷിച്ച് ജീവകാരുണ്യ പ്രവർത്തനങ്ങളിലും രോഗീപരിചരണത്തിലും മാത്രമായി ജീവിതം സസന്തോഷം സമർപ്പിച്ചതിൽ അമേരിക്കൻ മലയാളി സമൂഹത്തോടൊപ്പം ഭാരതീയരും അഭിമാനിയ്ക്കുന്നു.

ഉന്നത വിദ്യാഭ്യാസവും സ്ഥാനമാനങ്ങളുമുള്ള അപൂർവ്വം യുവതികൾ മാത്രമേ സന്യാസി മഠത്തിലേയ്ക്കും ഏകാന്ത ജീവിതത്തിലേയ്ക്കും ഇപ്പോൾ എത്താറുള്ളു. സ്നേഹത്തിന്റെയും ത്യാഗത്തിന്റേയും അർപ്പണതയുടെയും മൂർത്തീഭാവമായി ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ധനാഢ്യരും ഉന്നത ഉദ്യോഗസ്ഥരും വിരളമായിപ്പോലും ഈ യുഗത്തിൽ താത്പര്യർ അല്ല; സ്വാർത്ഥതമാത്രം.

സിസ്റ്റർ ജോസ്‌ലിന് വാഷിംഗ്ഡൻ ഡി.സി. മലങ്കര കാതോലിക്ക് ചർച്ച് വികാരി ഫാ. മീഖായേൽ ഇടത്തിൽ അടക്കം രണ്ട് സഹോദരങ്ങളും ഒരു സഹോദരിയും ഉണ്ട്. ഉന്നത വിദ്യാസമ്പന്നരായ സഹോദരീ സഹോദരങ്ങളും ഫിലഡൽഫിയായിലെ അറിയപ്പെടുന്ന റിയൽ എസ്റ്റേറ്റ് ബ്രോക്കർ പിതാവായ ഫിലിപ്പ് ഇടത്തിലും ടെമ്പിൾ യൂണിവേഴ്സിറ്റി ഹോസ്പിറ്റലിലെ രജിസ്ട്രേഡ് നേഴ്സായ മാതാവ് രാജമ്മയും അടങ്ങുന്ന 6 അംഗ കുടുംബത്തിന്റെ ആത്മീകാന്തരീക്ഷത്തിൽ ചിട്ടയാർന്ന ജീവിതശൈലി അത്യധികമായി മലയാളി സമൂഹമദ്ധ്യേ അംഗീകൃതമാണ്. ധനത്തിനും മാനത്തിനും മാത്രമായി നിലകൊള്ളുന്നത് അമേരിക്കൻ ജനതയിലും പ്രത്യേകിച്ചും മലയാളി സമൂഹത്തിലുമുള്ള നവയുഗ ചിന്താഗതിയിൽ അശേഷം ആശ്രയിക്കാതെ 40-ൽ അധികം വർഷങ്ങൾ പിന്നിട്ട അമേരിയ്ക്കൻ ജീവിതത്തിൽ ഇടത്തിൽ കുടുംബം ശ്രേഷ്ഠത തന്നെ നിലനിർത്തി രണ്ടു ഉത്തമ സന്താനങ്ങളെ ലോക സേവനത്തിനായി ദാനം ചെയ്തു.



സിസ്റ്റർ ഡോക്ടർ ജോസ്‌ലിൻ ഇടത്തിൽ



സിസ്റ്റർ ജോസ്‌ലിന്റെ മാതാപിതാക്കൾ ഫിലിപ്പ് ഇടത്തിലും രാജമ്മയും

വൈദ്യശാസ്ത്രമടക്കം 25 വർഷത്തിലധികം പിന്നിട്ട പഠനശേഷം ഭയാനകമായ അഫ്ഗാനിസ്ഥാനിലെ കാബൂളിനും സിറിയായിയ്ക്കും തുല്യമായ ഫിലഡൽഫിയായിലെ മയക്കുമരുന്നു കച്ചവടവും നിരന്തരം കൊലപാതകങ്ങളുമുള്ള നോർത്ത് ബ്രോഡ് സ്ട്രീറ്റിലെ ടെമ്പിൾ യുണിവേഴ്സിറ്റി ഹോസ്പിറ്റൽ യുവഡോക്ടറായി സിസ്റ്റർ ജോസ്‌ലിൻ സേവനം ആരംഭിച്ചു. ചുരുങ്ങിയ കാലഘട്ടം ഇൻഡ്യയിൽ എത്തി കുഷ്ഠരോഗികളെപ്പോലും ചികിത്സിച്ച സിസ്റ്റർ കന്യാസ്ത്രീയുടെ പരിശുദ്ധമായ ശുഭ്രവസ്രധാരിയായി ടെമ്പിൾ ഹോസ്പിറ്റലിൽ യാതൊരുവിധ ഭയമോ അവഗണന മനോഭാവമോ പുലർത്താതെ തുടർച്ചയായി കോവിഡ് 19 രോഗികളെ ഇപ്പോൾ പരിരക്ഷിയ്ക്കുന്നു. യുവത്വത്തിന്റെ നൈസർഗ്ഗീക പ്രഭയോടെ ശ്വസന ശക്തിക്ഷയിച്ച് വിവിധ വേദനയോടെ ആശുപത്രിയെ അഭയം പ്രാപിക്കുന്ന കൊറോണ വൈറസ് രോഗികളോട് ദയാപൂർവ്വം ഇടപെടുവാൻ യാതൊരു വൈമനസ്യം പ്രകടമാക്കാതെയുള്ള ചിട്ടയാർന്ന രീതി വീക്ഷിച്ച സഹപ്രവർത്തകർ "ബ്രോഡ് സ്ട്രീറ്റിലെ മദർ തെരേസാ" എന്നു സംബോധന ചെയ്യുന്നു. സിസ്റ്റർ ജോസ്‌ലിൻ സസ്നേഹം ഒരു മാലാഖയെപ്പോലെ സമൂഹം വെറുക്കപ്പെട്ട മയക്കുമരുന്നിന് അടിമപ്പെട്ടവരും ഭവനരഹിതരുമായ അനേകം രോഗികളെ അനുദിനം കാണുന്നു.

സിസ്റ്റർ ജോസ്‌ലിൻ രോഗികളെ കാണുന്നതിനൊപ്പം മെഡിക്കൽ സ്റ്റുഡന്റ്സിനെയും റസിഡന്റ് ഡോക്ടേഴ്സിനേയും പഠിപ്പിക്കുന്നു. അമേരിക്കൻ ഹോസ്പിറ്റൽ മാനദണ്ഡാനുസരണം രോഗികൾക്കുവേണ്ട പരിചരണവും അതോടൊപ്പം കൃത്യമായി ആവശ്യമായ മരുന്നുകൾ ലഭിക്കുവാൻവേണ്ടി രൂപീകരിച്ചിട്ടുള്ള വിവിധ കമ്മിറ്റികളും സജീവമായി പ്രവർത്തിക്കുന്നു.

അമേരിക്കൻ ശമ്പളനിരക്ക് അനുസരിച്ച് സിസ്റ്റർ ജോസ്‌ലിന് കോടിക്കണക്കിന് കിട്ടുന്ന ശമ്പളം പരിപൂർണ്ണമായി ജീവകാരുണ്യ പ്രവർത്തനത്തിനുവേണ്ടി ദാനമായി കൊടുക്കുന്നു. പള്ളിയിലെ ആത്മീക സംഘടനകളിൽ പ്രവർത്തിക്കുന്നതിനോടൊപ്പം കുട്ടികൾക്കും യുവജനങ്ങൾക്കുമായുള്ള പ്രത്യേക ക്ലാസ്സുകളിൽ പഠിപ്പിക്കുകയും ചെയ്യുന്നു.

വില്ലാനോവ യൂണിവേഴ്സിറ്റിയിലും പെൻ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലുംകൂടി മെഡിക്കൽ ഡിഗ്രിയും കെമിസ്ട്രിയിൽ ഡോക്ട്രേറ്റും നേടി. ടെംപിൾ യൂണിവേഴ്സിറ്റി ഹോസ്പിറ്റലിൽനിന്നും റസിഡൻസിയും നടത്തി പരിപൂർണ്ണ അമേരിക്കൻ മെഡിക്കൽ



ലേഖകൻ

ഡോക്ടറായി. 2016ൽ ഇൻഡ്യയിലെത്തി തിയോളജിക്കൽ പഠനം പൂർത്തീകരിച്ചശേഷം കന്യാസ്ത്രീ വൗ സ്വീകരിച്ചു. 100-ൽപ്പരം കന്യാസ്ത്രീകളുള്ള മഠത്തിന്റെ ഡോക്ടറായി സേവനമനുഷ്ഠിക്കുന്നതിനൊപ്പം കുഷ്ഠരോഗാശുപത്രിയിലും സേനവം നടത്തി. സിസ്റ്റർ ജോസ്‌ലിന്റെ കുഷ്ഠരോഗാശുപത്രി സേവനകാലം സാമൂഹ്യമായും സ്വന്തം കുടുംബത്താലും അവഗണിക്കപ്പെട്ട അനേകം കുഷ്ഠരോഗികൾ പൂർണ്ണ സുഖം പ്രാപിച്ചു സ്വന്തം വീടുകളിലേക്കു മടങ്ങി. ലോകം മുഴുവനായി വെറുക്കുകയും ഭയപ്പെടുകയും ചെയ്യുന്ന ഏറ്റവും ഭീകരമായ പകർച്ചവ്യാധിയാണ് കുഷ്ഠം. (ശേഷം 22-ാം പേജിൽ)


# ദശാബ്ദി സ്മരണിക പ്രകാശനം ചെയ്തു

തോമസ് കല്ലടാന്തിയിൽ

അറ്റ്ലാന്റ: അറ്റ്ലാന്റ ക്നാനായ ജനതയുടെ ആത്മാവിഷ്കാരം തിരുക്കുടുംബ ദേവാലയത്തിന്റെ മധുര സ്മരണകൾ വരും തലമുറയ്ക്ക് കൈമാറുവാൻ, പത്താം വാർഷികത്തോടനുബന്ധിച്ചു, തയാറാക്കിയ "ദശാബ്ദി സ്മരണിക" സെപ്റ്റംബർ 6 ദിവ്യബലിക്കുശേഷം റവ. ഫാദർ ബോബൻ വട്ടംപുറത്തു, പള്ളിയിലെ



മുതിർന്ന വ്യക്തിയായ ഫിലിപ്പ് ചാക്കച്ചേരിക്ക് കൊടുത്തു പ്രകാശനം ചെയ്തു. ചീഫ് എഡിറ്റർ: തോമസ് കല്ലടാന്തിയുടെ നേതൃത്വത്തിൽ, സിബി മുളയാനിക്കുന്നേൽ, റോയ്സ് ചിറക്കൽ, ബിജു തുരുത്തുമാലിൽ, സാജു വട്ടകുന്നത്ത്, ജേക്കബ് പുല്ലാനപ്പള്ളിയിൽ എന്നിവർ ചേർന്നുള്ള എഡിറ്റോറിയൽ ടീമിന്റെ കഠിനാദ്ധ്വാനത്തിന്റെ ഫലമായിട്ടാണ് ഇത്രയും മനോഹരവും ചരിത്രങ്ങൾ ഉള്ളതുമായ സുവനീർ പുറത്തിറക്കാൻ സാധിച്ചത് എന്ന് പത്താം വാർഷിക ആഘോഷ കമ്മിറ്റിയുടെ ചെയർമാൻ ഡൊമിനിക് ചാക്കോനാൽ അറിയിച്ചു. ചരിത്രത്തിൽ, സ്വർണലിപികളിൽ എഴുതിച്ചേർക്കാവുന്ന തരത്തിൽ, 2019 ഏപ്രിൽ 4 മുതൽ ആരംഭിച്ച, പല മാസങ്ങൾ നീണ്ടു നിന്ന പത്താം വാർഷിക ആഘോഷങ്ങളും , ഹോളി ഫാമിലി ദേവാലയത്തിന്റെ കഴിഞ്ഞ പത്തു വർഷത്തിൽ നടന്ന പ്രധാന പുരോഗമനത്തിന്റെ ചരിത്രവും, കുട്ടികളുടെ മാമോദീസ, ആദ്യ കുർബാന, യുവജനങ്ങളുടെ വിവാഹം, കർത്താവിൽ നിത്യ നിദ്ര പ്രാപിച്ചവരുടെ വിവരണങ്ങൾ ഉൾപ്പെടുത്തിയതുകൊണ്ട്, ഇത് വരും തലമുറയ്ക്ക് പ്രയോജനകരമാകും എന്ന് പള്ളിയുടെ കൈക്കാരൻ മാത്യു വേലിയാത്ത് അഭിപ്രായപ്പെട്ടു.



# PRAY FOR USA- A NATION FACING MANY CRISIS

USA, the most powerful Nation in the world seems powerless these days due to several serious and crippling crisis one after another. A Nation who claims "InGod we Trust" is becoming powerless, fearful, confused and worried due to one of the most fierce health crisis, severe economic crisis, widening racial crisis and also moral crisis. It is high time that everyone needs to understand the seriousness this Nation is facing and do our level best to bring healing, peace, harmony, economic, political, scientific progress to calm the panic, fear, anxiety, anger, attacks, riots, violence, racial tensions etc. before things get from bad to worse.

**Health Crisis**

In our life time, we have not seen such a worldwide health crisis which is spreading like wild fire all over the globe, filling Hospital beds everywhere with patients affected by Covid-19 virus which also killed many around the world and over one hundred and eighty thousand people in USA only, a Country well advanced medically and have experts scientists and doctors from all over the world. Doctors, nurses and medical staff are fighting day and night to save lives of thousands who are on life support by ventilators. Over six million people have been affected in US which is twenty five percent of the world Coronapatients, while the US population is only five percent in the world.

This has become so political in this Nation and the warnings from expert medical directors and doctors were ignored, precautions such as wearing masks, keeping distances, using hand sanitizers' were all ignored by many to please their political stand against a virus who do not care who you are, which party you belong, whether you are rich or poor, white or blacks etc. People are still not listening to warning and gather in groups to celebrate, worship or party, when many are struggling to survive from this horrible plaque affecting every one and the Nation is facing the biggest health crisis ever.

**Economic Crisis**

The fast growing economy was crushed to the ground due to this pandemic and millions of people in this Nation filed for unemployment, thousands are waiting in line to get free food, so many businesses were closed, conventions arenas, conferences halls, sports stadiums, churches, schools, colleges, parks, beaches, offices are all forced to close down to avoid people gathering to cut down the

**Joseph Kurian**

infection. People are struggling so hard to buy groceries, pay mortgages on their houses, pay rent to landlords, pay credit cards, school loans and thus the economy is going into a recession unless this virus is eradicated fully. Millions lost their jobs, planes are not flying, ships are parked in ports, business are struggling daily, and people are struggling and worrying day after day due to the heavy burden



Joseph Kurian

created by this virus.

The most powerful Nation in the world, probably the richest Nation in the world has come to a standstill and all functions all over the Country were forced to stop due to the fear created by Covid-19

**Racial Crisis**

This is probably the most dangerous crisis this Nation is facing today. The reason, this one may stay too long, a medicine won't work for this crisis. The racial tensions were easing somewhat for few years, but last couple of years, it has increased and we are all seeing the effect of this in many cities. The Nation is divided on this issue and the gap is widening. Current leadership is failing to bring this issue under control, politicians are blaming each other accusing each other spewing words of hate and division, uttering words that provoke the emotions of people to walk into the streets with guns, knives and even using vehicles to attack their enemies. Anger towards police has significantly increased since the death of George Floyd by a cop who put his knee on the neck of Mr. Floyd for eight minutes and eventually after begging "I can't breathe" several times, but he died and the whole world witnessed this horrible evil act of a law enforcement officer who has pledged to protect lives, but his evil act destroyed the life of Mr. Floyd and there are other few incidents of white police killing black people have stirred up the racial tension all over the Nation.

The killing of George Floyd, a black person ignited the tensions between blacks and whites in this Nation and more protest for racial justice and the clash between police and black people have increased and the Nation is facing so much violence and crimes. The leaders must stop this and do their best to calm the storm, otherwise the Nation will be ended up in civil war and more people will be killed in the name of racial justice.

**Moral Crisis**

"Righteousness exalts a nation, but sin is a reproach to any people" (Proverbs 14:34). In addition to other critical crisis, the Nation is also facing so many morale issues. So many are under the influence of alcohol, drugs, many unwanted pregnancies and millions of abortions, homosexuality, hatred, selfishness, greed, child abuse, sexual abuse, pornography, divorce, violence in families, gun massacre are all on the increase, no matter who is ruling the Nation.

Prayer is taken out of schools, colleges, public places, more jails are building to lock up teenagers and others criminals, civil rights and personal choices are more important than the Bible, prayer and fear of God. Innocent babies are aborted in the womb, which is one of the most heinous crimes in this Nation. God, please open the eyes of the people to do whatever, prayer, compassion, financial support, counselling etc. to reduce the horrible crimes, violence's, immoral acts, so that God will show mercy to this Nation which claims" IN GOD WE TRUST". How can any Nation that claims, they trust God, and fully ignore most God's commandments?

**Help our Nation to overcome the Crisis**

God, help us to come together, communicate openly, respect each other, show care and compassion to others, comfort the wounded, help each other, pray for each other, support and encourage each other, select decent leaders, do whatever we can to bring peace in our Nation and to defeat all kinds of crisis currently affecting the Nation.

These are times when the Churches as an organized body needs to speak out against the evil and violence. The Church's silence in the face of naked evil cannot be reconciled with the Biblical imperative to come to the aid of the oppressed. The Lord did not call us to be spectators of the Nations or world's destruction. He gave us the task to carry on His work of healing and redemption. We are the heirs of His kingdom.

Jesus Said, " You are the light of the world" Let your lights so shine before men, that they may glorify your Father in Heaven ( Mathew 5:14-16), Whatever we can do to help heal the problems in our Nation, in our houses, cities, communities, states, among our friends, whether praying together, caring each other, loving regardless of race, color, display faith rather than doubt, hope rather than despair, light rather than darkness, love instead of hate, words of comfort than hate, offer physical, financial, spiritual or emotional assistance to those in need to revive and restore our Cities and our Nation. There is a saying "Each one reach one". We all can do things to heal, improve relations, calm the storm, reduce crime, restore peace, obey the laws, respect others, consider others, and offer a helping hand. Our actions are better than words, preaching is good but practicing what you preach is better, being the president is good but be the president of all. The word of a leader has great impact, it can develop or destroy others, it can heal or hurt others, and it can unite or divide.

May the God help us to do whatever, we can to overcome all the crisis such as health, economical, racial, moral, spiritual and weather related crisis and challenges we are facing. Pray for the people to fear God, understand that God is our refuge and strength and not the government and accept Jesus Christ, the prince of peace, the almighty God, the wonderful counsellor, the everlasting Father, so that we all can experience peace and hope in this world despite all the crisis.

Put our hope in God, not politicians, leaders or people who ignore the almighty God. Put your hope in Him, who will give us His grace to overcome any crisis, if we trust, obey and please Him through our words and actions. "Glory to God in the highest, and on earth, peace, goodwill toward men (Luke 2:14).

## കെസിസിഎൻസി ഡിജിറ്റൽ ലൈബ്രറി തുടങ്ങി

സാൻ ഹോസെ: കോവിഡ്–19 എന്ന മഹാമാരി മൂലം ലോകം മുഴുവൻ പ്രതിസന്ധിയിൽ ആയിരിക്കുന്ന ഈ കാലഘട്ടത്തിൽ സ്കൂൾ, കോളജ് താൽക്കാലികമായി അടച്ചു, പള്ളി താൽക്കാലികമായി അടച്ചു. ഞങ്ങളുടെ കെസിസിഎൻസി ലൈബ്രറിയും താൽക്കാലികമായി അടച്ചു.

എന്നാൽ എല്ലാം ഓൺലൈൻ സൗകര്യങ്ങളോടെ വീണ്ടും തുറക്കുന്നു. നമ്മുടെ മിക്ക ന്യൂസ് പേപ്പറുകളും ഇ–പേപ്പറായി ഇപ്പോൾ ലഭ്യമാണ്, അതിനാൽ നമ്മുടെ കമ്മ്യൂണിറ്റിക്കായി ഒരു ഡിജിറ്റൽ ലൈബ്രറിയായി ആദ്യം ആരംഭിക്കാൻ ഞങ്ങൾ തീരുമാനിച്ചു.



ഈ ലോക്ക്ഡൗൺ സമയത്തു കെസിസി എൻസിക്കായി ഒരു വെബ്സൈറ്റ് നിർമ്മാണം, കമ്മ്യൂണിറ്റിക്കായി ഒരു ഡിജിറ്റൽ ലൈബ്രറി, കെസിസിഎൻസി പ്രസിഡണ്ട് വിവിൻ ഓണശ്ശേരിൽ അതിന്റെ നിർമ്മാണത്തിന്റെ ചുമതല ഏറ്റെടുത്തു ഭംഗിയായി നിർവഹിച്ചു.

കെസിസിഎൻസി ഡിജിറ്റൽ ലൈബ്രറി www.kccnc.us മാർച്ച് 30 നു കമ്മ്യൂണിറ്റിക്കായി തുറന്നു കൊടുത്തു.

കെസിസിഎൻസി ഹിസ്റ്ററി, ഇവന്റ്സ്, കോസ്റ്റിട്യൂഷൻ എന്നിവ ഉൾപ്പെടുത്തികൊണ്ട് വെബ്സൈറ്റിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

2016–ൽ സാൻജോസ് സെന്റ് മേരീസ് പള്ളിക്കുവേണ്ടി www. sanjose-knanayachurch. com എന്ന വെബ്സൈറ്റു വിവിൻ ഓണശ്ശേരി ആണ് നിർമ്മിച്ചത്. ഈ കോവിഡ് – 19 കാലഘട്ടത്തിൽ കെസിസിഎൻസി സ്പിരിച്യുൽ ഡയറക്ടർ സജി പിണർകയിലിന്റെ നേതൃത്വത്തിൽ എല്ലാ ദിവസത്തെയും വി. കുർബാന ലൈവ് സ്ട്രീമിങ് ആയിട്ട് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലിരുന്ന് പങ്കുചേർന്നവർക്കു യുട്യൂബ് ചാനലും, വെബ് സൈറ്റിലൂടെ പങ്കെടുപ്പിക്കുവാനും സാധിച്ചു.




# ‘പ്രായബാധ’യെ തോൽപ്പിക്കാം!! ജീവിതത്തെ ഉത്സവമാക്കാം!!!

**പൊതുവെ പാതി സെഞ്ചുറിയോടെ മനുഷ്യരെ ബാധിക്കുന്ന ‘പ്രായബാധ’യെ എങ്ങനെ അതിജീവിക്കാം. ജീവിതം ദൈവത്തിന്റെ വരദാനം. ഓരോ ദിവസവും ഈശ്വരകരുണയായി കാണണം. പ്രായം മാറുന്നുവെന്നത് ഒരു യാഥാർത്ഥ്യം. ഓരോ ദിവസവും ഈ മാറ്റം ഉണ്ടാകുമ്പോൾ പുതിയ മനസ്സും പുതിയ ശരീരവും പുത്തൻ പ്രതീക്ഷകളുമായി ഓരോ പ്രഭാതത്തെയും നാം വരവേൽക്കണം. നമുക്ക് ‘കഴിയുന്നത്’ ‘കഴിയാത്തത്’ എന്ന വിഭജനം മൂല്യവത്തല്ല. ആരാണ് ഈ വിഭജനം നടത്തുന്നത്? മനസ്സാണ്. നമുക്ക് ആവശ്യമുള്ളത്, ആവശ്യമില്ലാത്തത് എന്ന വിഭജനത്തിന് നാം തയ്യാറാകണം. ആവശ്യമുള്ളത് പൂർത്തീകരിക്കുവാൻ മനസ്സ് തീരുമാനിക്കുമ്പോൾ ആവശ്യമായ ശാരീരിക ശക്തിയും ആത്മികശക്തിയും നമുക്ക് ലഭ്യമാകും. ഓരോ ദിവസവും നാം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവയിൽ മിക്കതും അനാവശ്യകാര്യങ്ങൾ ആണെന്ന് കണ്ടെത്താം. ആവശ്യമുള്ളവ സഫലമാക്കുവാൻ നമുക്ക് സാധിക്കും. പ്രായം മാറിവരുന്നത് ഒരു യാഥാർത്ഥ്യമായി അംഗീകരിക്കുക. എന്നാൽ അതുമൂലം നമുക്ക് യാതൊന്നും നഷ്ടപ്പെടുന്നില്ല എന്നും മനസ്സിലാക്കുക. സന്തോഷകരവും ഫലപ്രദവുമായ ജീവിതം നയിക്കുന്നതിന് ഏത് പ്രായവും സഹായകമാണ്.**

**ഏത് മനുഷ്യനെയും എന്തിനും പ്രാപ്തനാക്കുന്നത് പ്രാപ്തനാണെന്നുള്ള വിശ്വാസമാണ്. അത് മാനസിക പ്രക്രിയയാണ്. കർമ്മോത്സുകതയ്ക്ക് പ്രായം മാറുന്നത് ഒരിക്കലും തടസ്സമാകില്ല. സ്വപ്നങ്ങൾ ഏത് പ്രായത്തിന്റെയും ശക്തിയാണ്. എൺപതുകളിലും നമ്മെ നയിക്കുന്ന പുത്തൻ സ്വപ്നങ്ങൾ കാണണം. രോഗങ്ങൾ ഏത് പ്രായത്തിലും കടന്നുവരാം. എന്നാൽ ശരീരത്തിന് പ്രായം ഏറുമ്പോൾ പരിചരണവും നന്നാകണം. ശാരീരിക അസുഖങ്ങൾ തോന്നുമ്പോൾ കണ്ടെത്തി ചികിത്സ തേടുവാനുള്ള ആധുനിക സൗകര്യങ്ങൾ ഉപയോഗിക്കണം.**

‘പ്രായം’ മനുഷ്യൻ തീരുമാനിക്കുന്ന ഒരു ‘നമ്പർ.’ എല്ലാത്തിനും സ്വയം പരിധി നിശ്ചയിക്കുന്ന ഒരു പ്രതിഭാസം. ‘പ്രായമായി’ എന്ന് പറയുമ്പോൾ ഒരു നഷ്ടബോധം വാക്കിലും മുഖത്തും നിഴലിക്കുന്നു. പ്രായമാകുന്നത് എപ്പോൾ? ഓരോരുത്തർക്കും ഉത്തരം വ്യത്യസ്തം. ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിക്കുന്നതിലൂടെ പലർക്കും ‘പ്രായബാധ’ സംഭവിക്കും. പല രാജ്യങ്ങളിൽ 55 മുതൽ 70 വരെ റിട്ടയർമെന്റ് പ്രായം മാറിവരുന്നു. കേരളത്തിൽ 56 കഴിയുന്നവർക്ക് പൊതുവെ ‘പ്രായബാധ’. വിവിധ രാജ്യങ്ങളിൽ ഈ ‘ബാധ’ വിവിധ പ്രായങ്ങളിൽ. ഭീകരമായ ഒരു വൈറസ് ആണിത്. മനസ്സിനെയും ശരീരത്തെയും ആത്മാവിനെയും കാർന്നുതിന്നുന്ന ഒരു കാൻസർ. ആദ്യം ബാധിക്കുന്നത് മനസ്സിനെ. റിട്ടയർമെന്റ് ഇല്ലാത്ത രാഷ്ട്രീയ-മത സേവകരെ ഇത് ബാധിക്കാറില്ല.

ജീവിതത്തിന്റെ ഒരു ഘട്ടത്തിലും ആരും സംതൃപ്തരല്ല. 10 വയസ്സിന് താഴെയുള്ളവർക്ക് ടീനേജ് ആകുവാൻ വ്യഗ്രത. എന്നും ടീനേജിൽ കഴിയുവാൻ ആർക്കും താല്പര്യമില്ല. സ്വന്തമായ വരുമാനം, സ്വന്തമായ തീരുമാനം, പൂർണ്ണ സ്വാതന്ത്ര്യം, വിവാഹം, കുടുംബം എന്നീ ചിന്തകൾ ടീനേജേഴ്സിനെ മുപ്പതുകളിലേക്ക് നയിക്കുന്നു. പ്രൊഫഷണൽ വളർച്ച, സാമ്പത്തിക വളർച്ച, സ്ഥാനലബ്ധികൾ തുടങ്ങിയവ നാല്പതുകളിലേക്ക് കൈപിടിച്ച് കയറ്റുന്നു. എന്നാൽ അമ്പതുകളിൽ ചിലർ കൊടിയിറക്കം സ്വയം പ്രഖ്യാപിക്കുന്നു. പല കാരണങ്ങൾ. ഇനി കൊടിയേറ്റാൻ ഇടമുണ്ടെന്ന് പലർക്കും തിരിച്ചറിവ് നഷ്ടപ്പെടുന്നു.

ഭാവിയിൽ ഉണ്ടാകാനിടയുള്ള രോഗഭീതി പലരെയും ബാധിക്കുന്നു. മാതാപിതാക്കളുടെ വേർപാട് ഇക്കാലത്ത് നേരിടാവുന്ന ഒരു യാഥാർത്ഥ്യം. മക്കൾ തങ്ങളിൽനിന്ന് പൂർണ്ണ സ്വതന്ത്രരായി കുടുംബജീവിതം നയിക്കാനൊരുങ്ങുന്ന കാലഘട്ടം. നേടിയെടുത്തത് പലതും നഷ്ടപ്പെടുമെന്ന തോന്നൽ. ചെവിയിലും മനസ്സിലും ഇടയ്ക്കിടെ മുഴങ്ങുന്ന തിരസ്ക്കരണമന്ത്രങ്ങൾ. പോയകാലത്തേക്ക് ഒരു തിരിഞ്ഞുനോട്ടം. കഴിഞ്ഞകാലത്തെ താരതമ്യം ചെയ്തുകൊണ്ട് വരുംകാലത്തെ ദർശിക്കുന്ന മനസ്സ്. ഇതൊക്കെ അമ്പതുകളിൽ ‘പ്രായബാധ’ സൃഷ്ടിക്കുന്ന സന്ദേഹങ്ങൾ. ഇവ പല ആകുലതകളിലേക്ക് നയിക്കുന്നു.

പടിപടിയായി ആ ആകുലത അറുപതുകളിലും എഴുപതുകളിലും നമ്മെ സമഗ്രമായി ഗ്രസിക്കുന്നു. നിഷേധവികാരങ്ങളുടെയും തന്മൂലം അവിശ്വാസത്തിന്റെയും ഭയത്തിന്റെയും ആത്മധൈര്യത്തിന്റെ അഭാവത്തിന്റെയും നാളുകളായി ഈ ഘട്ടം മാറുന്നു. താൻ അശക്തനാണെന്നും തന്നെ കുടുംബത്തിനും സമൂഹത്തിനും ആവശ്യമില്ല എന്നും അനാവശ്യചിന്തകൾ മനസ്സിനെ ബാധിക്കുന്നു. ‘പ്രായം’ എന്ന പ്രേതബാധ നമ്മിലുളവാക്കുന്ന അസ്വസ്ഥതകൾ ഏറെയാണ്. ഇതിനെ അതിജീവിക്കുവാൻ നമുക്ക് കഴിയണം.

ജീവിതത്തിന്റെ ഓരോ ഘട്ടവും സംതൃപ്തിയോടെ പൂർത്തീകരിക്കണം. സംതൃപ്തമായ ശൈശവബാല്യങ്ങൾക്ക് മാത്രമേ അർത്ഥവത്തായ കൗമാരവും യൗവനവും ഫലപ്രദമാക്കാൻ കഴിയൂ. ദീപ്തമായ ശൈശവ-ബാല്യാനുഭവങ്ങൾ നിഷേധിക്കപ്പെട്ടവർ ഭാവിയിൽ നിഷേധികളും അക്രമകാരികളും ആവും. അവരെ നാല്പതുകളിൽ തന്നെ ‘പ്രായബാധ’ പിടികൂടും.

പൊതുവെ പാതി സെഞ്ചുറിയോടെ മനുഷ്യരെ ബാധിക്കുന്ന ‘പ്രായബാധ’യെ എങ്ങനെ അതിജീവിക്കാം. ജീവിതം ദൈവത്തിന്റെ വരദാനം. ഓരോ ദിവസവും ഈശ്വരകരുണയായി കാണണം. പ്രായം മാറുന്നുവെന്നത് ഒരു യാഥാർത്ഥ്യം. ഓരോ ദിവസവും ഈ മാറ്റം ഉണ്ടാകുമ്പോൾ പുതിയ മനസ്സും പുതിയ ശരീരവും പുത്തൻ പ്രതീക്ഷകളുമായി ഓരോ പ്രഭാതത്തെയും നാം വരവേൽക്കണം. നമുക്ക് ‘കഴിയുന്നത്’ ‘കഴിയാത്തത്’ എന്ന വിഭജനം മൂല്യവത്തല്ല. ആരാണ് ഈ വിഭജനം നടത്തുന്നത്? മനസ്സാണ്. നമുക്ക് ആവശ്യമുള്ളത്, ആവശ്യമില്ലാത്തത് എന്ന വിഭജനത്തിന് നാം തയ്യാറാകണം. ആവശ്യമുള്ളത് പൂർത്തീകരിക്കുവാൻ മനസ്സ് തീരുമാനിക്കുമ്പോൾ ആവശ്യമായ ശാരീരിക ശക്തിയും ആത്മികശക്തിയും നമുക്ക് ലഭ്യമാകും. ഓരോ ദിവസവും നാം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവയിൽ മിക്കതും അനാവശ്യകാര്യങ്ങൾ ആണെന്ന് കണ്ടെത്താം. ആവശ്യമുള്ളവ സഫലമാക്കുവാൻ നമുക്ക് സാധിക്കും. പ്രായം മാറിവരുന്നത് ഒരു യാഥാർത്ഥ്യമായി അംഗീകരിക്കുക. എന്നാൽ അതുമൂലം നമുക്ക് യാതൊന്നും നഷ്ടപ്പെടുന്നില്ല എന്നും മനസ്സിലാക്കുക. സന്തോഷകരവും ഫലപ്രദവുമായ ജീവിതം നയിക്കുന്നതിന് ഏത് പ്രായവും സഹായകമാണ്.

എല്ലാത്തിനും ഒരു താളമുണ്ട്, ലയമുണ്ട്, സംഗീതവുമുണ്ട്. പരസ്പരപൂരകമാണ് അതിന്റെ വിജയം. നേടിയതിനെക്കാൾ ഏറെ ഇനിയും നേടാനുണ്ട് എന്ന വിശ്വാസം ഏത് പ്രായത്തിലും ആവശ്യം. നമ്മുടെ സാന്നിധ്യവും ഇടപെടലും സമൂഹം ആഗ്രഹിക്കുന്നുവെന്നത് നാം മനസ്സിലാക്കണം. കാരണം ഇന്നലെകളെക്കാൾ അനുഭവജ്ഞാനമുള്ള വ്യക്തിയാണ് ഇന്ന് നമ്മൾ. അനുഭവമാണ് ഏറ്റവും നല്ല ഗുരു. എന്നാൽ റോഡിനും വാഹനത്തിനും അനുയോജ്യമായ വേഗതയാണ് ഒരു ഡ്രൈവറുടെ വൈദഗ്ദ്ധ്യം. ഏത് വേഗതയിൽ ആണെങ്കിലും വാഹനം ഉദ്ദിഷ്ടലക്ഷ്യത്തിൽ എത്തും. അവരവർക്ക് അനുയോജ്യമായത് തിരിച്ചറിയുന്നതാണ് ഏത് പ്രായത്തിലും ജീവിതം മഹത്വകരമാക്കുന്നത്. ഡ്രൈവിംഗും, ജീവിതവും സന്തോഷകരമായി നിർവ്വഹിക്കണം.

‘പ്രായാധിക്യം’ എന്ന സങ്കല്പം ശരിയല്ല. അങ്ങനെയുണ്ടായാൽ തന്നെ ഏത് പ്രായത്തിലും സംഭവിക്കാവുന്ന ഒരു പ്രതിഭാസമാണ്. മുപ്പതുകളിലും നാല്പതുകളിലും ചിലർക്ക് പ്രായാധിക്യം പിടികൂടും. എഴുപതുകളിലോ എൺപതുകളിലോ സംഭവിക്കുന്ന ഒരു നിഷേധപ്രതിഭാസമായി അതിനെ കാണരുത്. ചുരുക്കത്തിൽ പ്രായഭേദവും പ്രായാധിക്യവും തമ്മിൽ യാതൊരുബന്ധവുമില്ല.

നാല്പതുകളിലും അൻപതുകളിലും നമുക്ക് ചെയ്യുവാൻ കഴിയാത്ത വ്യത്യസ്ത കാര്യങ്ങൾ എഴുപതുകളിലും എൺപതുകളിലും നിർവ്വഹിക്കുവാൻ കഴിയുന്നു. അൻപതുകളിന് മുമ്പ് എടുക്കുന്ന തീരുമാനങ്ങളെക്കാൾ കരുത്തുറ്റ തീരുമാനങ്ങളും നിലപാടുകളും അതിനുശേഷം സാധിക്കുന്നു. മിക്ക ശാസ്ത്രജ്ഞരും സാഹിത്യകാരന്മാരും ദർശകരും അവരുടെ മികച്ച സംഭാവനകൾ സമൂഹത്തിന് നൽകിയിട്ടുള്ളത് അറുപതുകൾക്ക് ശേഷമാണ്.

എന്നാൽ മാനസിക ശാരീരിക ആരോഗ്യം നിലനിർത്തുന്നതിൽ ഏത് പ്രായക്കാരും ശ്രദ്ധിക്കണം. ‘ഒന്നിനും കൊള്ളാത്ത അവസ്ഥ’ ഏത് പ്രായവുമായി ബന്ധിച്ചും ഉണ്ടാകുന്നില്ല. വ്യായാമം, നിയന്ത്രിത ആഹാരം, മികച്ച സാമൂഹികബന്ധം. എല്ലാ പ്രായക്കാരുമായിട്ടുള്ള സൗഹൃദം, വായന, എഴുത്ത്, മാനസികോല്ലാസം ലഭിക്കുന്ന പ്രവർത്തികൾ എന്നിവ ശീലമാക്കണം. നിഷേധവിചാരങ്ങളിൽ നിന്ന് ഒഴിഞ്ഞുനിൽക്കണം. പ്രചോദക വിചാരങ്ങൾ വളർത്തിയെടുക്കണം. പുതിയ പുത്തൻ പ്രതീക്ഷകൾ എന്നും പുലർത്തണം. ഇഷ്ടവേഷങ്ങൾ ധരിക്കണം. ധ്യാനവും പ്രാർത്ഥനയും ഈശ്വവിശ്വാസവും നമ്മിൽ കരുത്തും ആത്മവിശ്വാസവും വർദ്ധിപ്പിക്കും.

ഏത് മനുഷ്യനെയും എന്തിനും പ്രാപ്തനാക്കുന്നത് പ്രാപ്തനാണെന്നുള്ള വിശ്വാസമാണ്. അത് മാനസിക പ്രക്രിയയാണ്. കർമ്മോത്സുകതയ്ക്ക് പ്രായം മാറുന്നത് ഒരിക്കലും തടസ്സമാകില്ല. സ്വപ്നങ്ങൾ ഏത് പ്രായത്തിന്റെയും ശക്തിയാണ്. എൺപതുകളിലും നമ്മെ നയിക്കുന്ന പുത്തൻ സ്വപ്നങ്ങൾ കാണണം. രോഗങ്ങൾ ഏത് പ്രായത്തിലും കടന്നുവരാം. എന്നാൽ ശരീരത്തിന് പ്രായം ഏറുമ്പോൾ പരിചരണവും നന്നാകണം. ശാരീരിക അസുഖങ്ങൾ തോന്നുമ്പോൾ കണ്ടെത്തി ചികിത്സ തേടുവാനുള്ള ആധുനിക സൗകര്യങ്ങൾ ഉപയോഗിക്കണം.

ചെറുപ്പം എന്നും നിലനിർത്തണം. ചെറുപ്പക്കാരോടുള്ള സൗഹൃദം കാത്തുസൂക്ഷിക്കണം. എന്നാൽ ആവശ്യമില്ലാതെ അവരെ നിയന്ത്രിക്കാനോ ഉപദേശിക്കാനോ ശ്രമിക്കരുത്. കാലത്തിന്റെ മാറ്റങ്ങൾ അവരിലൂടെ ഉൾക്കൊള്ളുവാൻ കഴിയണം. എൺപതുകളിലും യുവത്വം നിറയുന്ന നിലപാടുകൾ വളർത്തിയെടുക്കാൻ ശ്രമിക്കണം. യുവതലമുറയുടെ അവസരങ്ങൾ വിട്ടുകൊടുക്കണം.

മാറ്റങ്ങളെ സ്വാഗതം ചെയ്യണം. നമുക്കറിയാവുന്നതിനെക്കാൾ വ്യത്യസ്ത സത്യങ്ങൾ ഉണ്ട്, വഴികൾ ഉണ്ട്. പുതിയ അറിവുകൾ ജീവിതാന്ത്യം വരെ തേടണം. ജീവിതാവസാനം വരെയും എല്ലാ കാര്യത്തിലും കാലാനുസൃതം ആകാൻ ശ്രമിക്കണം.

തലമുറകളെ കുറ്റപ്പെടുത്തരുത്. നമുക്ക് സ്വീകാര്യമായവ അടുത്ത തലമുറ അംഗീകരിക്കണമെന്നില്ല. അവരുടെ രീതികൾ നമുക്ക് പൊരുത്തപ്പെടണമെന്നില്ല. അവയെ കുറ്റപ്പെടുത്താതെ ആദരിക്കണം.


പ്രായം ഏറുന്നത് ഒരു അനുഗ്രഹം മാത്രം. എഴുപതുകളിലും എൺപതുകളിലും ജീവിക്കാൻ കഴിയുന്നതുതന്നെ മഹാഭാഗ്യവും സന്തോഷവും. എല്ലാത്തിനും എല്ലാവരോടും നന്ദി മനസ്സിൽ സൂക്ഷിക്കണം. അപ്പോൾ ജീവിതം എന്നും ധന്യം. പ്രായം കൂടുന്നത് ശാപമല്ല. അതിനെ ഭയം വേണ്ട.

‘പ്രായബാധ’ നമ്മെ ബാധിക്കാതിരിക്കട്ടെ.




# അർച്ചന 31 നോട്ടൗട്ട്

'മായാനദി'യിലെ അപ്പു, 'വരത്തനി'ലെ പ്രിയ, 'വിജയും സൂപ്പറും പൗർണമി'യിലെ പൗർണമി. നായകനൊപ്പം നിൽക്കുന്ന നായികയെ സമ്മാനിച്ചിട്ടുണ്ട് ഐശ്വര്യ ലക്ഷ്മി പലപ്പോഴും. ചിലപ്പോൾ നായകനെ നിഷ്പ്രഭമാക്കുന്ന പ്രകടനവുമായി മിന്നിയിട്ടുമുണ്ട്.




ഇപ്പോഴിതാ, നായികാ പ്രാധാന്യമുള്ള തന്റെ ആദ്യ സിനിമയുടെ പോസ്റ്റർ തന്റെ പിറന്നാൾ ദിനത്തിൽ ഐശ്വര്യ റിലീസ് ചെയ്യുന്നു.

മാർട്ടിൻ പ്രക്കാട്ട് ഫിലിംസ് അവതരിപ്പിക്കുന്ന 'അർച്ചന 31 നോട്ടൗട്ട്' സംവിധാനം ചെയ്യുന്നത് അഖിൽ അനിൽകുമാർ ആണ്. അഖിൽ സംവിധാനം ചെയ്ത ദേവിക പ്ലസ് ടു ബയോളജി, അവിട്ടം എന്നീ ഹ്രസ്വചിത്രങ്ങൾ ഏറെ ശ്രദ്ധിക്കപ്പെട്ടിരുന്നു.

"അർച്ചനയ്ക്കു മുൻപും ഫീമെയിൽ ഓറിയന്റഡായ കഥകൾ കേട്ടിരുന്നു. 30 മിനിറ്റു കൊണ്ട് അഖിൽ അർച്ചനയുടെ കഥ പറഞ്ഞു. പറഞ്ഞ രീതി വളരെ ഇഷ്ടപ്പെട്ടു. അതിൽ ഫ്രഷ്നെസ് ഉണ്ട്. അഖിലിന്റെ ഷോർട് ഫിലിംസ് കണ്ട് ആസ്വദിച്ചിരുന്നു പോയിട്ടുണ്ട്": ഐശ്വര്യ പറഞ്ഞു.

അർച്ചന 31 നോട്ടൗട്ട് നിർമിക്കുന്നതു മാർട്ടിൻ പ്രക്കാട്ട്, സിബി ചാവറ, രഞ്ജിത് നായർ എന്നിവർ ചേർന്നാണ്. നവംബർ 15ന് പാലക്കാട്ടു ചിത്രീകരണം തുടങ്ങും. അഖിൽ-അജയ് വിജയൻ, വിവേക് ചന്ദ്രൻ എന്നിവർ ചേർന്നാണു തിരക്കഥയൊരുക്കുന്നത്. ഛായാഗ്രഹണം: ജോയൽ ജോജി. എഡിറ്റിങ്: മുഹ്സിൻ, സംഗീതം: രജത്ത് പ്രകാശ്, മാത്തൻ. ആർട് ഡയറക്ടർ: രാജേഷ് പി. വേലായുധൻ, വസ്ത്രാലങ്കാരം: സമീറ സനീഷ്, മേക്കപ്പ്: റോണക്സ് സേവ്യർ.

# മമ്മൂട്ടിക്ക് 69

കോവിഡ് കാലത്ത് തരംഗമായ മമ്മൂട്ടി ചിത്രം ഒരു സിനിമയിൽ നിന്നുള്ളതായിരുന്നില്ല; വ്യായാമത്തിനിടയിൽ ജിംനേഷ്യത്തിൽ എടുത്ത ചിത്രം യുവ മസിലുകളിൽ വൈറലായി. ലോക്ഡൗൺ കാലത്ത് ഒരു ദിവസം പോലും പതിവുള്ള വ്യായാമം മമ്മൂട്ടി മുടക്കിയില്ല. ഇന്നു പിറന്നാൾ ദിനത്തിലും അക്കാര്യത്തിൽ മാറ്റമില്ല. മമ്മൂട്ടിയുടെ ആരോഗ്യത്തിന്റെ കാരണവും ആ ആത്മാർപ്പണം തന്നെയാണെന്ന് അദ്ദേഹത്തിന്റെ പഴ്സനൽ ഫിറ്റ്നസ് ട്രെയിനറും 'ഫിറ്റ്നസ് 4 എവർ' ജിംനേഷ്യം ഉടമയുമായ വിബിൻ സേവ്യർ പറയുന്നു.



ഷൂട്ടിങ്ങിനായി എവിടെ പോകുമ്പോഴും അവിടെ വ്യായാമം ചെയ്യാൻ ആവശ്യമായ സൗകര്യമുണ്ടെന്ന് ഉറപ്പാക്കിയിരിക്കും.

മികച്ച ഫിറ്റ്നസ് ഉപകരണങ്ങളുള്ള ജിംനേഷ്യം മമ്മൂട്ടിയുടെ വീട്ടിൽ തന്നെയുണ്ട്. ഷൂട്ടിങ് സമയത്ത് സിനിമയിലെ കഥാപാത്രത്തിന് അനുയോജ്യമായ തരത്തിലാണു വ്യായാമ രീതികൾ. രാവിലെ ഏഴു മുതൽ ഒന്നര മണിക്കൂർ നേരം. ലോക്ഡൗൺ സമയത്ത് ഷൂട്ടിങ് ഇല്ലാതിരുന്നതുകൊണ്ടു വ്യായാമം 11 മണിയിലേക്കു മാറ്റി. മൂന്ന് ദിവസം വെയ്റ്റ് ട്രെയിനിങ്, മൂന്നു ദിവസം കാർഡിയോ വർക്കൗട്ട് എന്നതായിരുന്നു രീതി. വെയ്റ്റ് ട്രെയിനിങ്ങിനായിരുന്നു ഊന്നൽ. തിങ്കൾ നെഞ്ചിനും കൈകളുടെ മസിലിനും വേണ്ടിയുള്ള വ്യായാമം, ചൊവ്വ, വ്യാഴം, ശനി ദിവസങ്ങളിൽ ഹൃദയത്തിന്റെ ശേഷി വർധിപ്പിക്കാൻ സഹായിക്കുന്ന കാർഡിയോ വർക്കൗട്ട്, ബുധൻ പിൻഭാഗത്തെ മസിലുകൾ, വെള്ളി ഷോൾഡർ. അങ്ങനെ ഓരോ ദിവസത്തിനും കൃത്യമായ പരിശീലന പരിപാടികൾ. ഘട്ടം ഘട്ടമായി മൊത്തം ശരീരത്തിന്റെ ഫിറ്റ്നസിന് ഊന്നൽ നൽകി വ്യായാമം കൂടുതൽ കഠിനമാക്കി.

ഭക്ഷണക്രമീകരണത്തിലും വിട്ടുവീഴ്ചയില്ല. കാർബോഹൈഡ്രേറ്റ് കുറവുള്ള ഭക്ഷണ രീതിയാണ് പിന്തുടരുന്നത്. മത്സ്യം, മുട്ട, ഓട്സ്, ചിക്കൻ തുടങ്ങി പ്രോട്ടീൻ കൂടുതലുള്ളവ ഭക്ഷണത്തിൽ ധാരാളം.

# മാഡം അല്ലെങ്കിൽ സുനിതയമ്മ


സംവിധായകൻ ലാൽ ജോസ് തനിക്കു സിനിമാരംഗത്ത് ഉണ്ടായ ഒരു ദുരനുഭവം വെളിപ്പെടുത്തി രംഗത്തുവന്നിരുന്നു. സഹസംവിധായകനായി സിനിമയിൽ ഉണ്ടായിരുന്ന കാലത്ത് ഒരു നടിയുടെ പേര് വിളിച്ചതുമായി ബന്ധപ്പെട്ട ഒരു പ്രശ്നമാണ് അദ്ദേഹം പിന്നീടു തുറന്നു പറഞ്ഞത്. അതിനുശേഷം താൻ ആ നടിയോട് സംസാരിച്ചിട്ടുമില്ലെന്നും ലാൽ ജോസ് പറഞ്ഞു.



ജയറാമിനെ നായകനാക്കി കമൽ സംവിധാനം ചെയ്ത് 1991-ൽ തിയറ്ററുകളിലെത്തിയ പൂക്കാലം വരവായി എന്ന ചിത്രത്തിന്റെ സെറ്റിലാണ് സംഭവം നടന്നത്. ചിത്രത്തിൽ ജയറാമിന്റെ നായികാ വേഷം ചെയ്തത് നടി സുനിതയായിരുന്നു. ആ സിനിമയിൽ സഹസംവിധായൻ ആയിരുന്ന ലാൽ ജോസ് ഷോട്ട് റെഡി ആയി എന്ന് പറഞ്ഞു ഈ നടിയെ വിളിച്ചെങ്കിലും അവർ വരാൻ കൂട്ടാക്കിയില്ല. എന്താണ് കാരണമെന്നു അന്വേഷിച്ചപ്പോൾ ആണ് അവരുടെ പേര് ലാൽ ജോസ് വിളിച്ചത് കൊണ്ടാണ് എന്ന് അവരുടെ ആയ പറഞ്ഞത്. മാഡം എന്നോ സുനിതയമ്മ എന്നോ വിളിക്കണം എന്നാണ് ആ ആയ പറഞ്ഞത്. എന്നാൽ ലാൽ ജോസ് അതിനു കൂട്ടാക്കിയില്ല എന്ന് മാത്രമല്ല. മലയാളത്തിൽ അങ്ങനെയൊരു പതിവില്ല എന്നും അദ്ദേഹം അവരോടു പറഞ്ഞു. അതിനുശേഷം ചിത്രീകരണം തീരുന്നതു വരെ താൻ ആ നടിയോട് മിണ്ടിയിട്ടില്ല എന്നാണ് ലാൽ ജോസ് വ്യക്തമാക്കിയത്.

# മോഹൻലാൽ എന്ന രക്ഷകൻ

നമ്പർ 20 മദ്രാസ് മെയിൽ എന്ന സിനിമയുടെ ചിത്രീകരണത്തിനിടെ നടന്ന അപകടത്തെക്കുറിച്ചും മോഹൻലാൽ തന്നെ രക്ഷകനായി ഓടി എത്തിയതിനെക്കുറിച്ചും സംവിധായകൻ ജോഷി ഒരിക്കൽ പറഞ്ഞു. ജോഷിയുടെ വാക്കുകൾ ഇങ്ങനെ....



ചാറ്റൽ മഴ പെയ്ത ദിവസമാണ് നമ്പർ 20 മദ്രാസ് മെയിൽ എന്ന ചിത്രത്തിന്റെ ക്ലൈമാക്സിലെ ഫൈറ്റ് സീൻ ഷൂട്ട് ചെയ്തത്.

ട്രെയിൻ കമ്പാർട്ട്മെന്റിൽ ആണ് ഫൈറ്റ് നടക്കുന്നത്. ബാഷയാണ് സ്റ്റണ്ട് മാസ്റ്റർ. അദ്ദേഹത്തിന്റെ ടീമിലെ ഒരംഗത്തെ ഓടിക്കൊണ്ടിരിക്കുന്ന ട്രെയിനിന്റെ വാതിലിൽ നിന്ന് മോഹൻലാൽ ചവിട്ടി താഴെയിടുന്ന രംഗമാണ് ഷൂട്ട് ചെയ്യുന്നത്. ഒന്ന് രണ്ടു വട്ടം റിഹേഴ്സൽ നടന്നു. മോഹൻലാൽ ചെറുതായി ചവിട്ടുമ്പോൾ കമ്പിയിൽ പിടിച്ച് അദ്ദേഹം കുനിയണം അതായിരുന്നു സീൻ.

ടേക്കിൽ മോഹൻലാലിന്റെ ചവിട്ട് കൊണ്ട് അയാൾക്ക് വാതിൽപ്പടിയിൽ പിടികിട്ടിയില്ല. ഓടിക്കൊണ്ടിരുന്ന ട്രെയിനിൽ നിന്ന് അയാൾ തെറിച്ചു വീണു. ട്രെയിൻ ചങ്ങല വലിച്ചു നിർത്തിയപ്പോൾ അപകടസ്ഥലത്ത് നിന്ന് ഒന്നര കിലോമീറ്റർ പിന്നിട്ടിരുന്നു. മഴ നന്നായി കനത്തിരുന്നു. കൂരിരുട്ട്, ചെളി നിറഞ്ഞ വഴി, ഇഴ ജന്തുക്കളുടെ ശല്യവുമുണ്ട്.

എന്നിട്ടും അപകടസ്ഥലത്തേക്ക് ആദ്യം ഓടിയെത്തിയത് മോഹൻലാൽ ആണ്. ട്രാക്കിനരികിൽ ഒരു കുറ്റിക്കാട്ടിൽ കിടന്നിരുന്ന അയാളെ വാരിയെടുത്ത് മോഹൻലാൽ ആശുപത്രിയിലേക്ക് ഓടി. ഭാഗ്യം കൊണ്ട് ജീവൻ തിരിച്ചു കിട്ടി.

കൈയും കാലും ഒടിഞ്ഞിരുന്നു, നട്ടെല്ലിനും പരുക്കേറ്റു. ഒരു മാസത്തെ ചികിത്സ വേണ്ടി വന്നു ആശുപത്രി വിടാൻ. സാമ്പത്തികമായും അദ്ദേഹത്തെ മോഹൻലാൽ സഹായിച്ചു: ജോഷി പറഞ്ഞു.

# പിടിവിടാതെ കോവിഡും അതിജീവനത്തിനായി മാസ്ക്കും

ലോകജനതയ്ക്ക് മാസ്ക്കും സാനിറ്റൈസറും സാമൂഹിക അകലവും ജീവിതത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു. കോവിഡ് വ്യാപനവും മരണവും മനുഷ്യരാശിയിൽ കൂടിവരുന്നു. പ്രവാസി മലയാളികൾ ഏറെയുള്ള നോർത്തമേരിക്കയിലും മിഡിലീസ്റ്റിലും രോഗവ്യാപനം വർദ്ധിക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു.

കേരളത്തിൽ രോഗവ്യാപനം ക്രമാതീതമായി വർദ്ധിക്കുന്നു. രോഗംമൂലമുള്ള ഏകാന്തതയും തൊഴിൽ നഷ്ടത്താലുള്ള സാമ്പത്തിക പ്രതിസന്ധിയും ചിലരിൽ മാനസിക പിരിമുറുക്കവും അതുമൂലം ആത്മഹത്യയിലേക്കും നയിക്കുന്നു. അങ്ങനെ ചെറുതും വലുതുമായി അനേക പ്രശ്നങ്ങൾ. അദൃശ്യനായ ദൈവത്തെ പരിഹസിച്ചിരുന്ന മനുഷ്യൻ നഗ്നനേത്രങ്ങൾകൊണ്ടു കാണാൻ സാധിക്കാത്ത വൈറസിനെ ഭയക്കുന്നു. അതിനെ നേരിടാനുള്ള മുൻകരുതലുകൾ അക്ഷരംപ്രതി അനുസരിച്ച് ഭയത്തോടെ ജീവിക്കുന്നു. സ്വന്തം ജീവനുവേണ്ടിയും ഭൂമിയിലുള്ള നിലനിൽപ്പിനായും സധൈര്യം പോരാടുന്നു.

വാക്സിനുകൾ എത്രയും വേഗം കണ്ടെത്താനുള്ള പ്രാർത്ഥനയിലാണ് ലോകം. മാനവരാശി രക്ഷക്കായും മനശ്ശാന്തിക്കായും വീണ്ടും ദൈവത്തിങ്കലേക്ക് തിരിയുന്നു.

### കുട്ടികളും-വിദ്യാഭ്യാസവും

സ്കൂൾ നൽകുന്ന സാമൂഹിക അന്തരീക്ഷത്തിൽ വളരാനുള്ള അവസ്ഥ നഷ്ടമാകുന്നത് കുട്ടികളിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയേക്കാം. ഓൺലൈൻ ക്ലാസ്സ് റൂമുകൾ അവർക്ക് മാനസികവും ശാരീരികവുമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നു. ഓൺലൈൻ ക്ലാസ്സുകൾ തുടങ്ങിയശേഷം നേത്രചികിത്സയ്ക്കായി കുട്ടികൾ ഏറെ എത്തുന്നായി ആരോഗ്യ വിദഗ്ദ്ധർ ചൂണ്ടിക്കാട്ടുന്നു.

ഭാവിയുടെ വാഗ്ദാനങ്ങളായ കുട്ടികൾക്കുള്ള പ്രതിസന്ധികൾ മാതാപിതാക്കളെയും സമൂഹത്തെയും ആശങ്കയിലാക്കുന്നു. പ്രതിസന്ധിയിലായിരിക്കുന്ന ഈ അവസരത്തിൽ അവരെ കൂടുതൽ കരുതലോടെ ഒപ്പം നിർത്താം.

### യുവജനങ്ങൾ - ഉപരിപഠനവും തൊഴിലും

ഉന്നതവിദ്യാഭ്യാസത്തിനുപോകാൻ തയ്യാറെടുക്കുന്നവരും. ബിരുദം നേടിയശേഷം തൊഴിൽ അന്വേഷകരായവർക്കും. പുതിയ സംരംഭങ്ങൾ തുടങ്ങുന്നവരും എല്ലാം ഒരുപോലെ പ്രതിസന്ധിയിലായി. അവരുടെ ജീവിതത്തിലെ വിലയേറിയ സമയം നഷ്ടപ്പെടുകയാണെന്നുള്ള തിരിച്ചറിവ് ഏറെയാളുകളെയും പ്രയാസത്തിലാക്കുന്നു. മാതാപിതാക്കളെയും സഹോദരങ്ങളെയും സംരക്ഷിക്കേണ്ടവർ കടുത്ത നിരാശയിലാണ്.

### ആരോഗ്യപ്രവർത്തകർ - ജോലിയും കുടുംബവും

ലോകമെമ്പാടുമുള്ള 'ഭൂമിയിലെ മാലാഖമാർ' എന്നു വിശേഷിപ്പിക്കുന്ന നേഴ്സുമാരെയും മറ്റ് ആരോഗ്യപ്രവർത്തകരെയും അവരുടെ കുടുംബത്തെയും ഈ മഹാമാരി വളരെയധികം ബാധിക്കുന്നു. തുടർച്ചയായുള്ള ജോലിഭാരം ആരോഗ്യമേഖലയിലുള്ളവരെ തളർത്തി. കുഞ്ഞുകുട്ടികളെ സുരക്ഷിതമായി പരിചരിക്കുന്നതിനും കാണുന്നതിനുപോലും പറ്റാത്ത അമ്മമാർ അങ്ങനെ വിവിധ തരത്തിലുള്ള ദുഃഖങ്ങൾ മറന്ന് മറ്റുള്ളവരുടെ ജീവനുവേണ്ടി അഹോരാത്രം പ്രവർത്തിക്കുന്ന ഇവർക്കുവേണ്ടി പ്രാർത്ഥിക്കേണ്ടത് നമ്മുടെ കടമയാണ്.

### വയോജനങ്ങളും - ഗുരുതര രോഗബാധിതരും

വീടുകളിൽ കഴിയുന്ന വയോജനങ്ങൾ ഏറെ ദുരിതത്തിലായി. അവരുടെ ദിനചര്യയുടെ ഭാഗമായ നടത്തവും ചെറിയ ഒത്തുചേരലുകളും എല്ലാം അനിശ്ചിതത്വത്തിലായി. ഫ്ളാറ്റുകളിൽ താമസിക്കുന്നവർക്ക് പുറത്തിറങ്ങുവാൻ പറ്റാതായി.

ചെറുതും വലുതുമായ രോഗങ്ങളുള്ളവർക്ക് ആശുപത്രികളിലും ലാബുകളിലും പോകാൻ സാധിക്കാതായി. ഗുരുതര രോഗമുള്ളവരാണ് ഏറെ പ്രയാസത്തിൽ. അവരുടെ തുടർചികിത്സയ്ക്കായി ആശുപത്രികളിൽ പോകാൻ കഴിയാതെ മരണത്തെ മുഖാമുഖം കണ്ട് വേദനയോടെ വീടുകളിൽകഴിയുന്നു.

**എസ്.പി. ജെയിംസ്**

### മതവും-പുരോഹിതരും

ലോകമെമ്പാടുമുള്ള പുരോഹിതരും വിശ്വാസ സമൂഹവും ഒരുപോലെ ദുരിതകാലത്തിലൂടെ കടന്നുപോകുന്നു. പെന്തെക്കോസ്തു വിശ്വാസികൾക്ക് കൂട്ടായുള്ള ആരാധനയും ദൈവസമക്ഷം നടത്തേണ്ട വിശുദ്ധ കർമ്മങ്ങളും മുടങ്ങി; വിശ്വാസികൾ ആശങ്കയിലാണ്. കൂട്ടായ്മ ആചരിക്കുവാൻ കഴിയാത്തതിനാൽ സാങ്കേതിക വിദ്യയുടെ സഹായത്താൽ മീറ്റിംഗുകൾ നടത്തുന്നു.



ലേഖകൻ

പ്രതിസന്ധിഘട്ടത്തിലും ദൈവം വഴി നടത്തുന്നു. അനേക ദൈവദാസന്മാരും വിശ്വാസികളും ദുഃഖത്തിലും ദുരിതത്തിലുമാണ്. അവരെ തങ്ങളാലാകും വിധം സഹായിക്കുകയും പ്രാർത്ഥനയിൽ ഓർക്കുകയും ചെയ്യേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്. രോഗശാന്തിക്കും ലോകസമാധാനത്തിനുമായി കുടുംബ പ്രാർത്ഥന അനിവാര്യമാണ്.

### മരുന്നും - മനസും

കോവിഡ് മനുഷ്യമനസ്സുകളെ കാർന്നു തിന്നുന്നു. രോഗികളയായവരെ ഏകാന്തതയും ഭയവും ആത്മഹത്യയിലേക്കു നയിക്കുന്നു. രോഗംവരുമെന്നു ഭയക്കുന്നവരും കുറവല്ല. തൊഴിൽ നഷ്ടപ്പെട്ട് മാനസികനിലതെറ്റിയവരാണ് ലോകത്തിൽ ഏറ്റവും അധികം. രോഗത്തെ ചികിത്സിക്കുന്ന മരുന്നിനെക്കാൾ ഇന്ന് ലോകത്തിനാവശ്യം മനസ്സിനെ സാന്ത്വനപ്പെടുത്തുന്ന മരുന്നാണ്. ദൈവത്തിങ്കൽ പ്രത്യാശയോടെയുള്ള പ്രാർത്ഥനയാണ് മനസ്സിനു നൽകാൻ കഴിയുന്ന ഏറ്റവും നല്ല മരുന്ന്. അത് ധാരാളമായി നിറച്ചിരിക്കുന്ന കലവറയാണ് വിശുദ്ധ ബൈബിൾ, അതിലൂടെ ദൈവം നമ്മോട് സംവദിക്കുന്നു. അതിലെ ദൈവവചനം ആവോളം നുകർന്ന് കോവിഡ് തിരയിൽ ഉലയുന്ന പടകിൽ കർത്താവിനോടുകൂടെ സുഖമായിരിക്കാം.

കോവിഡിനെ തടയാനുള്ള വാക്സിൻ പരീക്ഷണം ലോകമെമ്പാടും നടക്കുന്നു. ജനങ്ങൾ വളരെ പ്രതീക്ഷയോടെ കാത്തിരിക്കുകയാണ്. രാജ്യത്തിനു മാത്രമല്ല ലോകത്തിനു മുഴുവൻ കോവിഡ് 19 രോഗത്തിനുള്ള മരുന്നുല്പാദിപ്പിക്കാൻ ഇന്ത്യക്കാകുമെന്ന് മൈക്രോസോഫ്റ്റ് സ്ഥാപകൻ ബിൽഗേറ്റ്സ്. കൊറോണ വൈറസിനെതിരെയുള്ള ഇന്ത്യയുടെ പോരാട്ടമെന്ന ഡിസ്കവറി ചാനലിന്റെ ഡോക്യുമെന്ററിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മരുന്നുപരീക്ഷണത്തിന്റെയും ഉല്പാദനത്തിന്റെയും വാർത്തകൾ ജനമനസ്സുകളെ ആശ്വസിപ്പിക്കുന്നു.

കഷ്ടവും നഷ്ടവും സങ്കടവും മാനസിക പിരിമുറുക്കവും നൊമ്പരങ്ങളും വേദനകളുമാണ് ഈ കോവിഡുകാലം സമ്മാനിച്ചത്. ലോക്ഡൗണും സാമൂഹിക അകലവും സുരക്ഷാമാനദണ്ഡങ്ങളും എല്ലാം തന്നെ ഉറപ്പുവരുത്താൻ സർക്കാരുകളും സന്നദ്ധപ്രവർത്തകരും പോലീസും പട്ടാളവും എല്ലാം ശക്തമായി ശ്രമിച്ചുകൊണ്ടിരിക്കുന്നു. ദേശീയവും അന്തർദ്ദേശീയവുമായ യാത്രകൾപോലും നിർത്തിവെച്ച് ഇപ്പോൾ ആവശ്യത്തിനും അത്യാവശ്യത്തിനുമായി യാത്രകൾ. ദിവസങ്ങളും ആഴ്ചകളും മാസങ്ങളും പിന്നിടുമ്പോൾ കടന്നുവന്ന വഴികളിൽ ചിലർക്ക് കണ്ണീരിന്റെ കദനകഥകളുടെ കണക്കും മറ്റുചിലർക്ക് മുന്നോട്ടുള്ള പ്രയാണത്തിൽ വഴിയിൽ ഇരുളും അനിശ്ചിതത്വവും അസമാധാനവും ഭയവും മാത്രം അവശേഷിക്കുന്നു. മനുഷ്യരും വൈദ്യശാസ്ത്രവും നിസ്സഹായമാകുമ്പോൾ കോവിഡ് എന്ന മഹാമാരിയുടെ തീവ്രതയും വ്യാപ്തിയും വ്യാപനവും ലോകത്ത് ഭീതിജനിപ്പിക്കുന്നു. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ പ്രവാസികളായിരിക്കുന്നവർക്ക് തങ്ങളുടെ ഉറ്റവരുടെയും ഉടയവരുടെയും അന്ത്യശുശ്രൂഷകളിൽ പോലും നേരിട്ടു പങ്കെടുക്കാൻ കഴിയാതെ സാങ്കേതികവിദ്യയുടെ സഹായത്താൽ അവർ ആയിരിക്കുന്ന സ്ഥലത്തിരുന്നു കാണുവാൻ മാത്രം സാധിക്കുന്നു. സഭകളിലെ ആരാധനയും ഇത്തരത്തിലായിരിക്കുന്നു.

മുൻകാലങ്ങളിൽ മാതാപിതാക്കളും ഭക്തശിരോമണികളും പ്രതിസന്ധികളും പ്രശ്നങ്ങളും പരിമിതികളും പരിശോധനകളും ജീവിതത്തിൽ നേരിട്ടപ്പോൾ ദൈവാശ്രയത്തിലും പ്രാർത്ഥനയിലും ഉപവാസത്തിലുമാണ് ജീവിതം കഴിച്ചിരുന്നത്. ആശയ്ക്കു വിപരീതമായി ആശയോട് വാഗ്ദത്ത നിവർത്തിക്കായി കാത്തിരുന്ന വിശ്വാസികളുടെ പിതാവ് എന്നറിയപ്പെട്ടിരുന്ന അബ്രഹാം തുടങ്ങി എബ്രായർ 11ൽ പറയുന്ന വിശ്വാസ വീരന്മാരുടെ ജീവിതാനുഭവങ്ങൾ അവർക്ക് പ്രചോദനമായി. അവരുടെ അനുഭവങ്ങളുടെ ആഴങ്ങളിൽ നിന്ന് എഴുതിയ ഗാനങ്ങൾ ഇന്നും നമ്മുടെ ജീവിതത്തിൽ നമുക്ക് ഉത്തേജനവും ആശ്വാസവും നൽകുന്നതാണ്. ദൈവവചനത്തിലൂടെയും പ്രാർത്ഥനയിലൂടെയും ഭക്തജനം ദൈവത്തോട് നിരന്തരം സമ്പർക്കത്തിലാകുമ്പോൾ ഈ ലോകകഷ്ടങ്ങളും രോഗങ്ങളും ദുഃഖങ്ങളും മറന്ന് ദൈവസന്നിധിയിൽ സന്തോഷവും സമാധാനവും കണ്ടെത്തുന്നു. സംഭവബഹുലമായ സാഹചര്യങ്ങളിൽകൂടി കടന്നുപോകുമ്പോഴും ദൈവികവാഗ്ദത്തങ്ങളും ദൈവകൃപയും ദൈവസാന്നിദ്ധ്യവും സാന്ത്വനമരുളുന്നു. ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ടെങ്കിലും ധൈര്യപ്പെടുവിൻ, ഞാൻലോകത്തെ ജയിച്ചിരിക്കുന്നുവെന്ന നമ്മുടെ കർത്താവിന്റെ പ്രത്യാശാവചനം നമ്മെ ധൈര്യപ്പെടുത്തുന്നു, വിശ്വാസത്തിൽ ഉറപ്പിക്കുന്നു.

സങ്കീർത്തനം 121-ൽ പറയുന്ന പ്രകാരം 'സഹായം വരുന്ന പർവ്വതമായ' യേശുക്രിസ്തുവിനെ ദർശിച്ചുകൊണ്ട് അനുദിനം വിജയകരമായ ക്രിസ്തീയ ജീവിതം നയിക്കാം. ദിഗന്തങ്ങൾ മുഴങ്ങുന്ന ദൈവശബ്ദം കേൾക്കും ദൈവവെളിച്ചം കാണും. ഈ കൊവിഡ് കാലവും അതിജീവിക്കുവാൻ സർവ്വശക്തൻ ബലംതരും.



Mathew Kunjappy
Managing Broker
Emsons Realty LTD

BEST TIME TO BUY!!!
GAS STATIONS • CONVENIENT STORE • MOTEL • APARTMENTS • SHOPPING CENTERS
IN CHICAGO, INDIANAPOLIS AND OTHER LOCATIONS IN ILLINOIS & INDIANA
The best and highly profitable gas stations, motels, multi-units, Shopping malls, and commercial properties are available in these locations.
For more details, please email or call!
Call: 1-630-935-4333 • Fax: 630-359-5885
Email: mk@emsonsrealty.com
240 E- LAKE STREET, SUITE No 109B, ADDISON, IL 60101

# Corona Virus and Associated Maladies: A Constructive Plan

Dr. A..K.B Pillai

All those who are concerned with constructive activism, should come together with their associates and friends, to do their best against the Corona Virus and associated maladies. The New York Times weekly magazine, Sunday, September 6, 2020, is confined to articles about hunger in the USA. Hunger has been also spreading along with the virus all over India, probably more than in any other part of the world. Socially concerned persons, like yourself and I, cannot keep quiet, while enjoying our conveniences. Let us come forward and do our best. As early as last April 2020, I had published a statement like this, followed by many others, in my Facebook.

1) Develop a telephone network covering all the peoples in your organization, and/or personal friends. The network should establish a mutual support system of personal support, with necessary preparations and safeguards against the virus.

2) Identify persons who are lonely and give them personal help, of course abiding by using face mask and keeping social distance.

3) Identify persons in the community as a whole who need safety equipment, such as masks, basic medicines and even food.



Dr. A..K.B Pillai

4) Create a fund of personal contributions, for the expenses concerned.

5) This kind of social survey and scrutiny will reveal a number of persons who need help.

6) Identify a local leadership group to contact government bodies, locally and centrally, to coordinate the above work in many ways.

7) Encourage persons who are confined to their homes to do whatever work is possible, especially producing income, such as tutoring by phone or internet, writing reports and other institutional needs, doing crafts such as stitching, wood, pottery work, etc. If there are many persons in the handicrafts field that you are engaging, please make a cooperative of them, and get governmental help for marketing. Members of Panchayat, city councils, political party leaders, religious heads (local and central), etc. can help to carry out the above tasks, especially if your organization gives the leadership.

8) For the above and other human service activities, seek the efforts of all the parties concerned, and integrate them cooperatively. This is also an occasion to create mutual understanding and conflict resolution, in whatever contexts are possible. I do not mean here to excuse any groups' illegal and even dehumanizing activities.

To conclude, please know that I have not written anything of self-interest for myself or yours. If we can save one life, it is an achievement.

# ഹെൽത്ത് ഇൻസ്പെക്ടർ അറസ്റ്റിൽ

തിരുവനന്തപുരം: ക്വാറന്റീനിലായിരുന്ന സ്ത്രീയെ കോവിഡില്ലാ സർട്ടിഫിക്കറ്റ് നൽകാനെന്ന പേരിൽ വീട്ടിൽ വിളിച്ചുവരുത്തി കെട്ടിയിട്ടു ലൈംഗികമായി പീഡിപ്പിച്ച കേസിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ അറസ്റ്റിൽ. കൊല്ലം കുളത്തൂപ്പുഴ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ പ്രദീപ് കുമാർ (44) ആണു പിടിയിലായത്. ബഹളം വെച്ചാൽ പോലീസിനെ വിളിച്ചു ക്വാറന്റീൻ ലംഘനത്തിനു കേസെടുക്കുമെന്നും ഭീഷണിപ്പെടുത്തിയാണു പീഡിപ്പിച്ചതെന്നു സ്ത്രീ മൊഴി നൽകി. ഇവർ ക്രൂരമായ അതിക്രമത്തിന് ഇരയായെന്നാണു സൂചന. വൈദ്യ പരിശോധനയിൽ പീഡനം സ്ഥിരീകരിച്ചു.

കൊല്ലം ചിതറ മാങ്കോട് മതിരപോങ്ങുവിള വീട്ടിൽ പ്രദീപ്കുമാർ ഇപ്പോൾ തിരുവനന്തപുരം ജില്ലയിൽ കല്ലറ പാങ്ങോട് ഭരതന്നൂർ ജംക്ഷനു സമീപം വാടകയ്ക്കു താമസിക്കുകയാണ്. മലപ്പുറത്തു വീട്ടുജോലിക്കു പോയി തിരികെയെത്തിയപ്പോഴാണ് നാൽപത്തിനാലുകാരി ക്വാറന്റീനിലായത്. തുടർന്ന് കുളത്തൂപ്പുഴ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കോവിഡ് ഇല്ലെന്നു സ്ഥിരീകരിച്ചു. സർട്ടിഫിക്കറ്റിനായി പ്രദീപ് കുമാറിനെ വിളിച്ചപ്പോൾ വീട്ടിലെത്താൻ ആവശ്യപ്പെട്ടു. ഇതുപ്രകാരം ആഗസ്റ്റ് 3 ന് ഉച്ചയ്ക്ക് ഭരതന്നൂരിലെ വീട്ടിലെത്തി. തന്നെ ആഗസ്റ്റ് 4 ന് രാവിലെ വരെ പീഡിപ്പിച്ചതായി ഇവർ മൊഴി നൽകി. വായിൽ തുണി തിരുകുകയും ചെയ്തു. പിറ്റേന്നു രാവിലെ മോചിതയായ ശേഷം ഇവർ പരാതി നൽകി.

സ്ത്രീയെയും പ്രദീപിനെയും സംഭവ സ്ഥലത്ത് വേവ്വേറെ എത്തിച്ചു തെളിവെടുപ്പ് നടത്തി.

## എഴുപത്തഞ്ചു തികഞ്ഞ ഇടയലേഖനം

(6-ാം പേജിൽനിന്നും)

ശ്രദ്ധയിൽപ്പെട്ടപ്പോൾ ദിവാൻ തെല്ലൊന്നു പരിഭ്രമിച്ചിട്ടുണ്ടാകും. കാരണം, ഒരു ജനകീയ പ്രക്ഷോഭത്തിനുള്ള അഹ്വാനം അതിനുള്ളിൽ ഒളിഞ്ഞിരിക്കുന്നതായിട്ടേ അദ്ദേഹത്തിനു തോന്നുമായിരുന്നുള്ളൂ.

സിപി അടങ്ങിയിരുന്നില്ല. സെപ്റ്റംബർ ആറിനുതന്നെ മാർ കാളാശ്ശേരിക്കു സർക്കാർ നോട്ടീസയച്ചു. പ്രത്യക്ഷമായും പരോക്ഷമായും സർക്കാരിനെ ആക്രമിക്കുന്നുവെന്നും ഭരണകൂടത്തെ ഹിറ്റ്ലറിസം, നാസിസം, ഫാസിസം എന്നിവയോടു താരതമ്യം ചെയ്ത് അപകീർത്തിപ്പെടുത്തുന്നു എന്നുമായിരുന്നു കുറ്റാരോപണം.

അതുകൊണ്ട് പതിനഞ്ചു ദിവസത്തിനുള്ളിൽ ഇടയലേഖനം പിൻവലിച്ചു പരസ്യമായി മാപ്പു പറഞ്ഞുകൊള്ളണം എന്ന് അന്ത്യശാസനം!

മാർ കാളാശ്ശേരി കുലുങ്ങിയില്ല. അദ്ദേഹം വളരെ സംയമനത്തോടെ നോട്ടീസിനു മറുപടി നല്കി. സെപ്റ്റംബർ 17 ന് അതിൽ അദ്ദേഹം തന്റെ നിലപാടുകൾ വിശദീകരിക്കുകയും ജനപ്രതിനിധികളുടെ നിയമനിർമ്മാണ സഭാപ്രവർത്തനങ്ങളെ വിലയിരുത്താനും വിമർശിക്കാനും ഏതൊരു പൗരനും അവകാശമുണ്ട്, അതാണു താനും ചെയ്തിരുന്നത് എന്നു ന്യായീകരിക്കുകയും ചെയ്തു.

ഒടുവിൽ ഇങ്ങനെ ചേർത്തു: "അതുകൊണ്ട്, ഇടയലേഖനം പിൻവലിക്കുകയോ അതു പ്രസിദ്ധീകരിച്ചതിന്റെ പേരിൽ ഖേദം പ്രകടിപ്പിക്കുകയോ ചെയ്യാൻ യാതൊരു കാരണവും ഞാൻ കാണുന്നില്ല."

മാർ കാളാശ്ശേരിയെ അറസ്റ്റുചെയ്യുമെന്നും മറ്റുമുള്ള കിംവദന്തി തിരുവിതാംകുറിൽ പരക്കുകയും ക്രൈസ്തവജനത ഒന്നാകെ അസ്വസ്ഥരാകുകയും ചെയ്തു. രൂപതാദ്ധ്യക്ഷന്റെയും പൗരാവകാശങ്ങളുടെയും സംരക്ഷണത്തിനുവേണ്ടി രക്തം ചിന്താനും അവർ മടിച്ചേക്കില്ല എന്നു ദിവാനും തിരിച്ചറിഞ്ഞു. അദ്ദേഹം ഡൽഹിയിലെ ഇന്റർനുൺഷിയോവഴി ചില മദ്ധ്യസ്ഥ ശ്രമങ്ങൾ നടത്തി പ്രശ്നം ഇലയ്ക്കും മുള്ളിനും കേടില്ലാതെ പരിഹരിക്കാൻ മാർഗ്ഗം ആരാഞ്ഞു.

അഹിതമായതൊന്നും പിന്നെ സംഭവിച്ചില്ല. മല പോലെ വന്നത് എലിപോലെ പോയി. സർ സിപിയുടെ ദേശസാത്ക്കരണനീക്കം അമ്പേ പാളി. രണ്ടു വർഷംകൂടി അധികാരത്തിൽ ഇരുന്നെങ്കിലും ഇക്കാര്യത്തിൽ ഒന്നും ചെയ്യാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. മാർ കാളാശ്ശേരിയാകട്ടെ അമിതാഹ്ലാദപ്രകടനമൊന്നും നടത്തിയുമില്ല. എങ്കിലും ഒടുവിൽ ആ അധികാരപ്രമത്തനു വെട്ടേറ്റു. രക്തം ഒഴുക്കിക്കൊണ്ട് നാടുവിടേണ്ട ദുർവിധിയും ഉണ്ടായി.

കേരള ചരിത്രത്തിൽ ആദ്യം ഏറ്റെടുക്കേണ്ടിവന്ന അവകാശ പ്രക്ഷോഭമായിരുന്നു ഈ സംഭവം.

# വഴിമുട്ടിയ ഓണം

സി.എസ്. ജോർജ് കോടുകുളഞ്ഞി

ഓണം വന്നതും പോയതും
അറിഞ്ഞില്ല സഖീ
ഈ ഇരുൾമൂടിയ വഴികളിൽ
മാവേലി വന്നതും പോയതും
അറിഞ്ഞില്ല സഖീ
ഈ ജീവിത പാച്ചിലിൽ
ഏവരും മുഖംമൂടിയിൽ ആടിടുംനേരം
ഓണപ്പൂക്കൾ വിരിഞ്ഞതും കൊഴിഞ്ഞതും
ഒന്നുമേ കണ്ടിരുന്നില്ല സഖീ
ജീവിതം വഴിമുട്ടിയ ഈ ദിനങ്ങളിൽ
പാടുവാൻ ഒത്തിരി പാട്ടുകൾ ഉണ്ടെങ്കിലും
അതു പാടുവാൻ ആടുവാൻ കഴിയുന്നില്ല സഖീ
മാവ് പൂത്തതും
പറങ്കി പൂത്തതും
തുമ്പപ്പൂക്കൾ തുള്ളിയതും
ഒന്നും അറിഞ്ഞിരുന്നില്ല സഖീ
ജീവിതം വഴിമുട്ടിടും ഈ കവലയിൽ

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 73.41 |
| യൂറോ | 86.90 |
| സ്റ്റെർലിംഗ്പൗണ്ട് | 95.02 |
| സ്വിസ് ഫ്രാങ്ക് | 80.79 |
| സിംഗപ്പൂർ ഡോളർ | 53.70 |
| കനേഡിയൻ ഡോളർ | 55.78 |
| ഒമാൻ റിയാൽ | 190.32 |
| ബഹ്റൈൻ ദിനാർ | 194.68 |
| സൗദി റിയാൽ | 19.57 |
| യു.എ.ഇ. ദിർഹം | 19.98 |
| കുവൈത്ത് ദിനാർ | 240.01 |

## വൺ പീസറ്റേ റ്റൈം

(14-ാം പേജിൽനിന്നും)

കട്ടിയുള്ള പൊക്കം കുറഞ്ഞ ഗ്ലാസ്സിൽ ഐസിട്ട സ്വർണ്ണപാനീയവും, കയറുപിരിയൻ സ്വർണ്ണമാലയും, സിൽക്കു ജൂബ്ബായുമായി, സൽവ്വാർ കമ്മീസും, ഹൈഹീൽഡ് ഷൂസും കറുത്ത കണ്ണടയും ധരിച്ച് കൈനഖം കടിച്ചുകൊണ്ട് നമ്രശിരസ്കയായി കിച്ചനിൽ നിന്നും ഇറങ്ങിവരുന്ന അമ്മച്ചിയുടെ കൈപിടിച്ചു വരുന്നതു കണ്ടപ്പോൾ സ്ത്രീജനങ്ങൾക്കു നാണം വന്നു. അവർ 'ശോ...' എന്നു പറഞ്ഞുകൊണ്ട് ഓടിമറഞ്ഞു. അപ്പച്ചനെ കണ്ടവരെല്ലാം ജിജ്ഞാസയുടെ ആഴക്കയങ്ങളിലേക്ക് ഒഴുകിപ്പോയി. അന്ന് അപ്പച്ചനായിരുന്നു താരം. വന്നവർക്കെല്ലാമറിയണം അപ്പച്ചനെത്ര വയസ്സായി എന്ന്.

അകലങ്ങളിലെവിടെയോ ഉള്ള കൺട്രീ സ്റ്റേഷനിലെ ജാലകവിടവിൽ കൂടെ ജോണീ ക്യാഷിന്റെ പാട്ടു ഒഴുകിയെത്തി. ഫോടിനൈൻ, ഫിഫ്റ്റി, ഫിഫ്റ്റി വൺ, ഫിഫ്റ്റി റ്റൂ, ഫിഫ്റ്റി ത്രീ..., സിക്സ്റ്റി, സിക്സ്റ്റി വൺ, സിക്സ്റ്റി റ്റൂ, സിക്സ്റ്റി ത്രീ..., സെവന്റി, സെവന്റി വൺ, സെവന്റി റ്റൂ, സെവന്റി ത്രീ.... സ്ത്രീ ജനങ്ങൾ മൂക്കത്തു വിരൽ വച്ചു.

എങ്ങു നിന്നോ ബാർബക്യൂവിന്റെ മണമുള്ള ഒരു തണുത്ത തെന്നൽ പാരീസുകുട്ടിയുടെ വാതായനപഴുതിലൂടെ കയറിയിറങ്ങി. അപ്പോഴേക്കും ജോണിയുടെ ശബ്ദവീചികൾ ആ സന്ധ്യയെ യൗവ്വനയുക്തമാക്കിയിരുന്നു.

## യുവ മലയാളി കന്യാസ്ത്രീ

(17-ാം പേജിൽനിന്നും)

ശൈശവകാലംമുതൽ തികച്ചും ആത്മീകാന്തരീക്ഷത്തിൽ വളർന്ന സിസ്റ്റർ ജോസ്ലിന്റെ ഹൈസ്കൂൾ പഠനകാലത്ത് ക്രിസ്തീയ വിശ്വാസങ്ങളെക്കുറിച്ചും ആചാരാനുഷ്ഠാനങ്ങളെക്കുറിച്ചും പല സംശയങ്ങളും ചോദ്യങ്ങളും ഉന്നയിച്ചിരുന്നു. വിവിധ ചർച്ച് റിട്രീറ്റുകളിൽ സംബന്ധിച്ചതിനുശേഷമാണ് വൻ വ്യതിയാനങ്ങൾ ഉണ്ടായത്. 56-ാമത്തെ വയസ്സിൽ ഇഹലോകവാസം വെടിഞ്ഞ പുരോഹിതനായ പിതൃസഹോദരൻ ഫാ. എടത്തിലിന്റെ ജീവിതശുദ്ധിയും നിഷ്ഠയും നേരിൽകണ്ടു ആകൃഷ്ടയായതിനുശേഷമാണ് സിസ്റ്റർ ജോസ്ലിൻ പൂർണ്ണമായും സകല ജീവിത സുഖങ്ങളും കൈവെടിഞ്ഞ് ആത്മീക ജീവിതത്തിലേക്ക് പ്രവേശിച്ചത്. ഇപ്പോൾ വെറും 41 വയസ്സുള്ള യുവസുന്ദരിയും സമർദ്ധയായ ഭിഷഗ്വരനുമായ സിസ്റ്റർ ജോസ്ലിൻ ബ്രഹ്മചാരിണിയായി ആദ്ധ്യാത്മികതയുടെ പരിവേഷത്തിൽ സസന്തോഷം പരിലസിക്കുന്നു.

കാലത്തിന്റെ തിരിവിൽ സമൂഹത്തിലെ ഭീഷ്മാചാര്യനായോ, നവയുഗത്തിലെ മദർ തെരേസയായോ സിസ്റ്റർ ജോസ്ലിനെ ലോകം ചിത്രീകരിക്കും. യുഗാന്തരങ്ങളിൽ വീണ്ടും പല ജോസ്ലിനുകൾ ജനിക്കട്ടെ.

# ഫിലാഡൽഫിയാ സിറ്റി സർവീസിൽ ജോലി ഒഴിവുകൾ

ജോസ് മാളേയ്ക്കൽ

ഫിലാഡൽഫിയ: ജോലിസ്ഥിരതയും മിതമായ വേതനവും സാമാന്യം നല്ല ഹെൽത്ത് ഇൻഷുറൻസും ഒരു വർഷത്തിൽ 12 ലധികം പൊതു അവധിദിവസങ്ങളും കൂടാതെ വെക്കേഷൻ, സിക്ക് തുടങ്ങിയുള്ള അവധികളും വാഗ്ദാനം ചെയ്യുന്ന ഒരു ഗവൺമെന്റ് ജോലി നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ ഇതാ നല്ലൊരവസരം. ഫിലാഡൽഫിയാ സിറ്റി സർവീസിൽ എൻട്രി ലവലിലുള്ള രണ്ടു ജോലി ഒഴിവുകൾ നികത്തുന്നതിനായി നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽനിന്നും സിറ്റി സിവിൽ സർവീസ് കമ്മീഷൻ നിശ്ചിത ഫാറത്തിൽ അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്.

ഫിലാഡൽഫിയാ മുനിസിപ്പൽ ഗവൺമെന്റിന്റെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ ഏറ്റവുമധികം ഇന്ത്യാക്കാർ പ്രത്യേകിച്ച് ധാരാളം മലയാളികൾ ജോലി ചെയ്യുന്ന ഒരു മേഖലയാണ് സിറ്റിയുടെ വാട്ടർ ഡിപ്പാർട്ടുമെന്റ്. വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ഓപ്പറേറ്റർ മുതൽ പ്ലാന്റ് മാനേജർ വരെയുള്ള വിവിധ തസ്തികകളിൽ ഇന്ത്യാക്കാരുടെ സാന്നിദ്ധ്യം നിറഞ്ഞുനിൽക്കുന്ന ഈ മേഖലയിൽ സയൻസ് ടെക്നീഷ്യൻ (Exam number: 3G32-20200907-OC-02), വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ഓപ്പറേറ്റർ (Exam number: 7E45-20200907-OC-00) എന്നീ അടിസ്ഥാനജോലി ഒഴിവുകൾ നികത്തുന്നതിനായിട്ടാണു സിവിൽ സർവീസ് കമ്മീഷൻ ഇപ്പോൾ അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. ഓൺലൈൻ അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളു.

സയൻസ് ടെക്നീഷ്യൻ ജോലിക്കപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾ ഒരു അംഗീകൃത ടെക്നിക്കൽസ്ഥാപനത്തിൽ നിന്നോ കോളജിൽനിന്നോ, യൂണിവേഴ്സിറ്റിയിൽ നിന്നോ ലാബ് വർക്ക് ഉൾപ്പെടെ വാട്ടർ ടെക്നോളജി, ബയോളജി, കെമിസ്ട്രി, എൻവയോൺമെന്റൽ സയൻസ്, മെഡിക്കൽ ടെക്നോളജി എന്നിവയിൽ ഏതിലെങ്കിലും രണ്ടുവർഷത്തെ കോഴ്സ് പൂർത്തിയാക്കിയിരിക്കുകയോ അല്ലെങ്കിൽ 12 മാസത്തെ തൊഴിൽപരിചയത്തോടുകൂടി മുകളിൽ പറഞ്ഞ വിഷയങ്ങളിലേതിലെങ്കിലും ആറ് ക്രെഡിറ്റിൽ കുറയാതെയുള്ള ഒരു വർഷത്തെ കോഴ്സ് പൂർത്തിയാക്കിയിരിക്കുകയോ വേണം.

വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ഓപ്പറേറ്റർ



ലേഖകൻ

ജോലിക്കപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾ ഹൈസ്കൂൾ പാസ്സായിരിക്കണം. കൂടാതെ കമ്പ്യൂട്ടറിന്റെ സഹായത്തോടെ ശുദ്ധീകരണ പ്രക്രിയകൾ നിയന്ത്രിക്കപ്പെടുന്ന ഒരു വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിൽ കുറഞ്ഞത് ഒരു വർഷത്തെ തൊഴിൽ പരിചയവും നേടിയിരിക്കണം.

അപേക്ഷയോടൊപ്പം കോളജ് ട്രാൻസ്ക്രിപ്റ്റിന്റെ കോപ്പികൂടി വെക്കേണ്ടതാണ്. അപേക്ഷകർ ഫിലാഡൽഫിയാ സിറ്റിയിൽ സ്ഥിരതാമസക്കാരാകണമെന്നു നിർബന്ധമില്ല. ജോലിയിൽ പ്രവേശിച്ചതിനുശേഷം ഒരു വർഷത്തിനുള്ളിൽ സിറ്റിയിലേക്കു താമസം മാറ്റിയാൽ മതിയാകും. അപേക്ഷകൾ സ്വീകരിക്കുന്ന അവസാനതീയതി സെപ്റ്റംബർ 18. കമ്പ്യൂട്ടർ ആധാരമാക്കിയുള്ള എഴുത്തുപരീക്ഷയുടെ അടിസ്ഥാനത്തിൽ തയാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നുമായിരിക്കും നിയമനം നടത്തുക. കൂടുതൽ വിവരങ്ങൾക്കു https://www.phila.gov/jobs/#/ എന്ന വെബ്സൈറ്റ് നോക്കുക.

നദീജലത്തിൽനിന്നും കുടിക്കാനുപയുക്തമായ ശുദ്ധജലം നിർമ്മിക്കുന്ന പ്രക്രിയയിലുടനീളം പലഘട്ടങ്ങളിലുള്ള വെള്ളത്തിന്റെയും ശുദ്ധിചെയ്യാനുപയോഗിക്കുന്ന വിവിധ രാസപദാർത്ഥങ്ങളുടെയും ക്വാളിറ്റി കൺട്രോൾ ടെസ്റ്റുകൾ നടത്തി ഗുണമേന്മ ഉറപ്പുവരുത്തുകയാണ് സയൻസ് ടെക്നീഷ്യൻ ജോലിയുടെ സ്വഭാവം.


ജലം ശുദ്ധീകരിക്കുക എന്ന വളരെ പ്രധാനമായ ജോലി നിർവഹണത്തിൽ സഹായിക്കുന്നവരാണു വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ഓപ്പറേറ്റർമാർ. ഉപരിതല ജലസ്രോതസ്സുകളിൽനിന്നുള്ള പ്രകൃതിദത്തമായ വെള്ളം അടുത്തുള്ള ജലശുദ്ധീകരണശാലകളിൽ എത്തിച്ച് അതിലുള്ള ബാക്ടീരിയ പോലുള്ള ഉപദ്രവകാരികളായ അണുക്കളേയും മറ്റു രാസമാലിന്യങ്ങളേയും പൂർണമായി മാറ്റിയോ അല്ലെങ്കിൽ നശിപ്പിച്ചോ കുടിക്കുന്നതിനുപയുക്തമാക്കി നമ്മുടെ ടാപ്പുകളിലെത്തിക്കുന്നതിന്റെ ചുമതല വഹിക്കുന്നവരാണു ഓപ്പറേറ്റർമാർ. അതേപോലെ തന്നെ, റസിഡൻഷ്യൽ ആൻഡ് കൊമേർഷ്യൽ ബിൽഡിംഗുകളിൽ നിന്നും വ്യവസായശാലകളിൽനിന്നുമുള്ള അഴുക്കുജലത്തിലെ ഉപദ്രവകാരികളായ കീടങ്ങളേയും കൃമികളെയും രാസമാലിന്യങ്ങളെയും നീക്കം ചെയ്ത് ജലാശയങ്ങളിലേക്ക് തിരിച്ചുവിടുന്നതിനുപയുക്തമാക്കുന്നതും ഇക്കൂട്ടരാണ്. ഈ രണ്ടു ജോലികളും വളരെകൃത്യമായി ചെയ്യുന്നത് 24 മണിക്കൂറും വിവിധ ഷിഫ്റ്റുകളിലായി ജോലി ചെയ്യുന്ന വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ഓപ്പറേറ്റർമാരാണ്. ഇതുകൂടാതെ ജലശുദ്ധീകരണപ്രക്രിയയിലുടനീളം ഉപയോഗിക്കുന്ന വിവിധയിനം പമ്പുകൾ, വാൽവുകൾ, പൈപ്പുകൾ, മീറ്ററുകൾ തുടങ്ങി വളരെയധികം ഉപകരണങ്ങളുടെ മേൽനോട്ടം വഹിക്കുക എന്ന ജോലി കൂടിയുണ്ട് ഇവർക്ക്. അവർ വിവിധ മീറ്ററുകൾ വായിച്ചുമനസ്സിലാക്കുന്നതിനും വ്യാഖ്യാനിക്കുന്നതിനും ആവശ്യാനുസരണം മീറ്ററുകളും ഗേജുകളും കാലിബ്രേറ്റു ചെയ്ത് അഡ്ജസ്റ്റു ചെയ്യുന്നതിനും പ്രാപ്തരായിരിക്കണം. കൂടാതെ ജലശുദ്ധീകരണത്തിനുപയോഗിക്കുന്ന ക്ലോറിൻ പോലുള്ള കെമിക്കലുകൾ ആവശ്യാനുസരണം ചേർക്കുക, ഇടയ്ക്കിടയ്ക്ക് പരിശോധനക്കായി വിവിധ ഘട്ടങ്ങളിലുള്ള വെള്ളത്തിന്റെ സാമ്പിളുകൾ ശേഖരിച്ചു ലാബിലെത്തിക്കുക, ഉപകരണങ്ങളുടെ കേടുപാടുകൾ തീർക്കുക, ജലശുദ്ധീകരണ പ്രോസസിലുടനീളം യുക്തമായ തീരുമാനങ്ങൾ എടുക്കുക, ഉപകരണങ്ങളുടെ മെയിന്റനൻസ് നിശ്ചയിക്കുകയും നടപ്പിലാക്കുകയും ചെയ്യുക തുടങ്ങി വിവിധയിനം ടാസ്കുകൾ അവർ നിത്യേന നിർവഹിക്കുന്നു. പ്ലാന്റിന്റെ വലുപ്പമനുസരിച്ചു ചെയ്യേണ്ടിവരുന്ന ജോലികൾ വ്യത്യസ്തമായിരിക്കും. നിയമനം ലഭിക്കുന്ന സ്ഥലത്തിനനുസരിച്ച് ചില പ്പോൾ മൂന്നു ഷിഫ്റ്റുകളിലും ജോലി ചെയ്യേണ്ടതായി വരും.

# ചിക്കാഗോ മലയാളി അസോസിയേഷൻ വിദ്യാഭ്യാസ പുരസ്കാര അവാർഡ് പ്രഖ്യാപിച്ചു

ജോഷി വള്ളിക്കളം

ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷൻ 2020-ലെ ഹൈസ്കൂൾ വിദ്യാഭ്യാസ പുരസ്കാര അവാർഡ് പ്രഖ്യാപിച്ചു. അസോസിയേഷൻ അംഗങ്ങളായുള്ള മാതാപിതാക്കളുടെ ഈ വർഷം ഹൈസ്കൂൾ ഗ്രാജ്വേറ്റു ചെയ്ത കുട്ടികളിൽ നിന്നുമാണ് ക്ഷണിച്ചിരിക്കുന്നത്. സാമൂഹിക സാംസ്കാരിക സംഘടനയായ അസോസിയേഷൻ വിദ്യാഭ്യാസപരമായും പ്രോത്സാഹനം നൽകി സമൂഹത്തെ ഉന്നത തലങ്ങളിലേക്ക് എത്തുന്നതിനെ പ്രോത്സാഹിപ്പിക്കാറുണ്ട്. ഹൈസ്കൂൾ പഠനത്തിൽ ലഭിച്ച ജിപിഎ യോടൊപ്പം എസിറ്റി സ്കോറും കുട്ടികളുടെ പാഠ്യേതര പ്രവർത്തനങ്ങളും സാമൂഹിക സേവന പരിചയവും മറ്റ് കലാകായികപരമായ മികവുകളും എല്ലാം വിശദമായി പരിഗണിച്ച ശേഷമായിരുന്നു അവാർഡു ജേതാവിനെ തെരഞ്ഞെടുത്തത്. ഹൈസ്കൂൾ വിദ്യാഭ്യാസ പുരസ്കാ

ബിന്ദു ദമ്പതികളുടെ മകനായ പോൾ ഷെന്നിയാണ്. ക്യാഷ് അവാർഡും ട്രോഫിയും സ്പോൺസർ ചെയ്തിരിക്കുന്നത് ചാക്കോ മറ്റത്തിപ്പറമ്പിലാണ്. മൂന്നാംസ്ഥാനത്തിന് അർഹയായത് രാജേഷ് ബാബു ആൻഡ് അംബികാ രാജേഷ് ദമ്പതികളുടെ മകളായ അമ്മു രാജേഷ് ബാബുവാണ്. ക്യാഷ് അവാർഡ് സ്പോൺസർ ചെയ്തിരിക്കുന്നത് മനോജ് അച്ചേട്ട്. സ്കോളർഷിപ്പ് അവാർഡ് കമ്മിറ്റി കൺവീനർ ചാക്കോ



ജെസ്റ്റിൻ കുഞ്ചെറിയ



പോൾ ഷെന്നി



അമ്മു രാജേഷ് ബാബു

രത്തിന് ഒന്നാംസ്ഥാനത്തിന് അർഹനായത് ജോഷി ആൻഡ് ജിന്നി ദമ്പതികളുടെ മകനായ ജെസ്റ്റിൻ കുഞ്ചെറിയയാണ്. ക്യാഷ് അവാർഡും ട്രോഫിയും സ്പോൺസർ ചെയ്തിരിക്കുന്നത് സാബു നടുവീട്ടിലാണ്. രണ്ടാംസ്ഥാനത്തിന് അർഹനായത് ഷെന്നി ആൻഡ് മറ്റത്തിൽപ്പറമ്പിലാണ്. കൂടുതൽ വിവരങ്ങൾക്ക് ജോൺസൺ കണ്ണൂക്കാടൻ (പ്രസിഡണ്ട്- 847 477 0564), ജോഷി വള്ളിക്കളം (സെക്രട്ടറി- 312 685 6749). ജിതേഷ് ചുങ്കത്ത്- ട്രഷറർ, സാബു നടുവീട്ടിൽ, ജോ. സെക്രട്ടറി, ഷാബു മാത്യു- ജോ. ട്രഷറർ.

# ലോസാഞ്ചലസ് പള്ളിയിൽ തിരുനാൾ ഭക്തിസാന്ദ്രമായി

സിജോയ് പറപ്പള്ളിൽ

ലോസാഞ്ചലസ്: സെയിന്റ് പയസ് ടെൻത് ക്നാനായകത്തോലിക്കാ ദൈവാലയത്തിലെ പ്രധാന തിരുനാൾ ഭക്തിസാന്ദ്രമായി ആഘോഷിച്ചു. ഇടവക വികാരി ഫാ. സിജു മുടക്കോടിൽ



പതാക ഉയർത്തി. അൽഫോൻസാ പള്ളി വികാരി ഫാ. കുര്യാക്കോസ് കുമ്പാക്കിൽ ആഘോഷപൂർവമായ തിരുനാൾ കുർബാനയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു. സാന്താ അന്നാ സെയിന്റ് തോമസ് പള്ളി വികാരി ഫാ. മാത്യു കുര്യൻ മുഞ്ഞനാട്ട് തിരുനാൾ സന്ദേശം നൽകി. തിരുനാളിന് മുന്നോടിയായി. ഒൻപതു ദിവസം നീണ്ടുനിന്ന നൊവേനയും ജപമാലയും ഓൺലൈനിലൂടെ നടത്തി. സമാപന ദിവസത്തിൽ, കോട്ടയം അതിരൂപതാ ആർച്ച് ബിഷപ് മാർ മാത്യു മൂലക്കാട്ട് സമാപന സന്ദേശവും ആശീർവാദവും നൽകി. തിരുനാൾ ആഘോഷങ്ങൾക്ക് ഇടവക വികാരി ഫാ. സിജു മുടക്കോടിൽ, ട്രസ്റ്റിമാരായ ഫിലിപ്പ് ഓട്ടപ്പള്ളി, ജോസ് വട്ടാടികുന്നേൽ, പാരീഷ് കൗൺസിൽ അംഗങ്ങൾ, സിസ്റ്റേഴ്സ് എന്നിവർ നേതൃത്വം നൽകി.

# മേരിക്കുട്ടി തോമസ് നിര്യാതയായി



കൈപ്പുഴ: റിട്ട. ഇൻഡ്യൻ ബാങ്ക് ഓഫീസറും പരേതനായ അഡ്വ. എം.ജെ. തോമസ് ഒട്ടക്കാട്ടിലിന്റെ ഭാര്യയുമായ മേരിക്കുട്ടി തോമസ് (69) മലയിൽ ഒട്ടക്കാട്ടിൽ നിര്യാതയായി. പരേത രാജപുരം ചിറക്കൽ കുടുംബാംഗമാണ്.

മക്കൾ: ഗീത & ജെയ്മോൻ നെടുംചേരിൽ (ന്യൂയോർക്ക്), ജേക്കബ് & രേണു കുരിശുംമൂട്ടിൽ (കാനഡ), ജോൺ & ജൂഹി ആലക്കൽ (ഡാളസ്).

# ബിനീഷ് കോടിയേരി ഒറ്റ മാസം തുടങ്ങിയത് രണ്ടു കമ്പനി

കോഴിക്കോട്: ബെംഗളൂരു കേന്ദ്രീകരിച്ച് ബിനീഷ് കോടിയേരിയുടെ പങ്കാളിത്തത്തിൽ ആരംഭിച്ച രണ്ടു സ്ഥാപനങ്ങളും കമ്പനി റജിസ്ട്രാർ മരവിപ്പിച്ചത്, വാർഷിക റിപ്പോർട്ട് ഒരിക്കൽ പോലും സമർപ്പിക്കാതിരുന്നതു കൊണ്ട് അതിലേക്കു നയിച്ച സാഹചര്യം ഇപ്പോഴും അവ്യക്തം.

2015 ജൂൺ രണ്ടിന് ബി ക്യാപ്പിറ്റൽ ഫിനാൻഷ്യൽ സർവീസസും 15ന് ബി ക്യാപ്പിറ്റൽ ഫോറെക്സ് ട്രേഡിങ് പ്രൈവറ്റ് ലിമിറ്റഡും തുടങ്ങി. രണ്ടിലും പങ്കാളി തലശ്ശേരി ധർമടം സ്വദേശി അനസ് വലിയപറമ്പത്ത്. കമ്പനിയിൽ 5000 വീതം ഷെയറുകളാണ് ബിനീഷിനും അനസിനുമുള്ളത്. രണ്ടു കമ്പനികളുടെയും ഒറ്റ വാർഷിക റിപ്പോർട്ട് പോലും റജിസ്ട്രാർക്കു സമർപ്പിച്ചിട്ടില്ല. ബാലൻസ് ഷീറ്റ് പരിശോധിച്ചാൽ ഏതൊരു കമ്പനിയുടെയും നിക്ഷേപകർ, ഇടപാടുകൾ എന്നിവ സംബന്ധിച്ച വിവരം ലഭിക്കും. ഇതു പുറത്തു പോകാതിരിക്കാനുള്ള വഴിയാണ് റിപ്പോർട്ട് സമർപ്പിക്കാതിരിക്കലെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു.

കമ്പനി റജിസ്റ്റർ ചെയ്ത ആർഒസി നമ്പർ ഉണ്ടെങ്കിൽ ബാങ്കുകൾ വൻ തുകയുടെ ഇടപാടുകൾ പോലും നടത്താൻ അനുമതി നൽകാറുണ്ട്. ഇത്തരത്തിൽ വൻ ഇടപാടുകൾ നടത്താനായി 25,000 മുതൽ ഒരുലക്ഷം രൂപവരെ ചെലവിൽ കമ്പനികൾ റജിസ്റ്റർ ചെയ്യുന്നതും പതിവാണ്. ഇടപാടുകൾക്കു ശേഷം കമ്പനിയുടെ പ്രവർത്തനം അവസാനിപ്പിക്കും. കമ്പനി ഐഡന്റിഫിക്കേഷൻ നമ്പർ (സിഐഎൻ) ഉപയോഗിച്ച് തുടങ്ങിയ ബാങ്ക് അക്കൗണ്ടുകളുണ്ടെങ്കിൽ അതിലൂടെ നടന്ന ഇടപാട് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലഭ്യമാകും.

ബെംഗളൂരു കേന്ദ്രമായ ലഹരിക്കടത്തിൽ പിടിയിലായ അനൂപ് മുഹമ്മദിന് കേരളത്തിന്റെയും റിജേഷ് രവീന്ദ്രനു ഗോവയുടെയും ചുമതലയായിരുന്നു എന്നാണു സൂചന. ഗോവയിൽ ഇടപാടുകൾ നടത്തിയിരുന്നത് വിദേശ കറൻസിയിലാണ്. ഈ കറൻസികൾ മാറിയെടുക്കാൻ വിദേശ കറൻസി മാറാനുള്ള കമ്പനിയെ പ്രയോജനപ്പെടുത്തിയെന്നാണ് ആരോപണം.

ബിനീഷിന്റെ സാമ്പത്തിക സഹായത്തോടെയാണ് ബെംഗളൂരുവിൽ ഹോട്ടൽ ആരംഭിച്ചതെന്ന് അനൂപ് മുഹമ്മദ് മൊഴി നൽകിയിരുന്നു. ഈ റസ്റ്ററന്റ് കേന്ദ്രീകരിച്ചാണു ലഹരി ഇടപാടുകൾ നടത്തിയിരുന്നതെന്നാണ് ഇയാൾക്കൊപ്പം അറസ്റ്റിലായ റിജേഷിന്റെ മൊഴി.

## ബിനീഷിന്റെ തട്ടിപ്പുകൾ എ.കെ.ജി. സെന്ററിന്റെ മറവിൽ

തിരുവനന്തപുരം: സ്വർണക്കടത്ത് കേസുമായി ബന്ധപ്പെട്ടു ബിനീഷ് കോടിയേരിയെ ചോദ്യം ചെയ്തതിൽ സി.പി.എം കേന്ദ്ര-സംസ്ഥാന നേതൃത്വങ്ങൾ നിലപാട് വ്യക്തമാക്കണമെന്നു ബി.ജെ.പി സംസ്ഥാനാധ്യക്ഷൻ കെ. സുരേന്ദ്രൻ. എ.കെ.ജി സെന്ററിന്റെയും സർക്കാരിന്റെയും മറവിൽ എല്ലാ തട്ടിപ്പും നടത്തിയ ബിനീഷ് കേന്ദ്ര ഏജൻസികൾ അന്വേഷിച്ചതുകൊണ്ടാണു വലയിലായത്. രാഷ്ട്രീയധാർമികതയുണ്ടെങ്കിൽ കോടിയേരി ബാലകൃഷ്ണൻ സി.പി.എം സംസ്ഥാന സെക്രട്ടറി സ്ഥാനം രാജിവെക്കണം.

സ്വർണക്കടത്ത് കേസും മയക്കുമരുന്ന് കേസും സംസ്ഥാന സെക്രട്ടറിയുടെ മകനെ കേന്ദ്ര ഏജൻസികൾ ചോദ്യം ചെയ്തതുമെല്ലാം സർക്കാരിന്റെ പ്രതിഛായ തകർത്തു.

## മന്ത്രി ജയരാജന്റെ ഭാര്യ ക്വാറന്റീൻ ലംഘിച്ചെത്തി ലോക്കർ തുറന്നു

(ഒന്നാം പേജിൽ നിന്നും)

ബാങ്കിലെത്തുകയായിരുന്നു. കോവിഡ് പ്രോട്ടോകോൾ പ്രകാരം സ്രവ പരിശോധനയ്ക്കു ശേഷം ഫലം വരുന്നതുവരെ ക്വാറന്റീനിൽ കഴിയണം. ബാങ്കിൽ നിന്നു തിരിച്ചെത്തിയ ശേഷം കോവിഡ് സ്ഥിരീകരിച്ചതിനെ തുടർന്നു ഇന്ദിരയെ പിന്നീട് ആശുപത്രിയിലേക്കു മാറ്റി. ബാങ്കിലെ മൂന്നു പേർ ക്വാറന്റീനിൽ പോകേണ്ടി വരികയും ചെയ്തു.

സെപ്റ്റംബർ 10ന് ബാഗുമായി ബാങ്കിലെത്തി ലോക്കർ തുറന്ന് ഇടപാട് നടത്തിയ ശേഷം കൈയിലുണ്ടായിരുന്ന ഒരു പവൻ മാലയുടെ തൂക്കം നോക്കിച്ചിരുന്നു. ഇത് അസാധാരണ നടപടിയാണെന്ന് ബാങ്ക് ജീവനക്കാർ ചൂണ്ടിക്കാട്ടുന്നു. ഇതേ തുടർന്നാണ് ഗോൾഡ് അപ്രൈസർ ക്വാറന്റീനിൽ പോകേണ്ടി വന്നത്. സ്ഥിര നിക്ഷേപവുമായി ബന്ധപ്പെട്ട് ചില ഇടപാടുകളും നടത്തി. സ്ഥിരനിക്ഷേപം കൈകാര്യം ചെയ്യുന്ന ജീവനക്കാരനും ലോക്കർ തുറക്കാൻ ഒപ്പം ചെന്ന മാനേജരും ക്വാറന്റീനിൽ പോകേണ്ടി വന്നു.

ക്വാറന്റീൻ ലംഘിച്ച് ഇന്ദിര വരുന്നതിന്റെയും പോകുന്നതിന്റെയും ദൃശ്യങ്ങൾ ബാങ്കിലെ സിസിടിവിയിലുണ്ട്. ലോക്കർ റജിസ്റ്ററിൽ ഒപ്പുവെച്ചിട്ടുമുണ്ട്. ലോക്കറിൽ നിന്ന് എന്താണ് എടുക്കുന്നതെന്നു ബാങ്കിൽ വെളിപ്പെടുത്തേണ്ടതില്ല.

പോലീസ് കേസെടുക്കാവുന്ന കോവിഡ് പ്രോട്ടോകോൾ ലംഘനം നടത്തി അടിയന്തരമായി ലോക്കർ തുറക്കേണ്ടി വന്ന സാഹചര്യം സംബന്ധിച്ചാണ് സംശയം ഉയരുന്നത്.

ബാങ്കിലെ നാല് ലോക്കറുകളുടെ താക്കോൽ ഏറെക്കാലമായി കാണാതായതു സംബന്ധിച്ചും ദുരൂഹതയുണ്ട്. ആർക്കും കൈമാറാത്ത ലോക്കറുകളുടെ താക്കോൽ നഷ്ടപ്പെട്ടതായി മുൻപ് ബാങ്ക് മാനേജർ, ജനറൽ മാനേജർക്കു റിപ്പോർട്ട് നൽകിയിരുന്നു. താക്കോൽ കാണാതായാൽ നിയമപരമായി ലോക്കർ ബ്രേക്ക് ഓപ്പൺ ചെയ്തു പുതിയ താക്കോൽ നിർമിക്കണമെന്നാണു നിയമം. എന്നാൽ ഇതുവരെ ബാങ്ക് അധികൃതർ നടപടിയെടുത്തിട്ടില്ല.

## പൂർണിമ ടീച്ചർ

(10-ാം പേജിൽനിന്നും)

വേദനിക്കുന്ന ഒരായിരം കുടുംബങ്ങൾ സമൂഹത്തിലുണ്ട്. മദ്യപാനം കൊണ്ടും സംശയരോഗം കൊണ്ടും മറ്റു പല മാനസിക രോഗങ്ങൾ കൊണ്ടും ദുരിതം അനുഭവിക്കുന്ന ഒരായിരം ജീവിതങ്ങൾ ചുറ്റുമുണ്ട്. ഒരു നോക്കായി, വാക്കായി, ഒരു സാന്ത്വനമായി വേദനിക്കുന്ന സമൂഹത്തിലേക്ക് ഇറങ്ങി ചെല്ലാൻ നമുക്കു കഴിയട്ടെ!

മഹാത്മാ ഗാന്ധി പറയുന്നു

"ഈ ലോകത്തു നിങ്ങൾ കാണണം എന്നാഗ്രഹിക്കുന്ന മാറ്റം നിങ്ങളിൽ തന്നെ തുടങ്ങട്ടെ."

മാനവികതയുടെ സകല പ്രശ്നങ്ങൾക്കും ഉത്തരം മാതൃസ്നേഹം പോലെ ത്യാഗ പൂർണം ആയ നിസ്വാർത്ഥ സ്നേഹം മാത്രമാണ്. ഈ നിസ്വാർത്ഥ സ്നേഹം എന്നിൽ തുടങ്ങട്ടെ. ചുറ്റും കവിഞ്ഞൊഴുകട്ടെ, സമൂഹത്തിലെ മുറിവുകൾ ഉണങ്ങട്ടെ, സ്തീകളും കുട്ടികളും സംരക്ഷിക്കപ്പെടട്ടെ.....!

അതാണ് അകാലത്തിൽ പൊലിഞ്ഞു പോയ നമ്മുടെ സഹോദരിമാർക്കും, കുട്ടികൾക്കും നമുക്ക് നൽകാവുന്ന ഏറ്റവും വലിയ ട്രിബ്യൂട്ട്!

## കോവിഡ് കുതിക്കുന്നു

(ഒന്നാം പേജിൽ നിന്നും)

അതുമാത്രമാണ് കേരളത്തിന് ആശ്വാസമായുള്ളത്. വരുംദിനങ്ങളിൽ കോവിഡ് ബാധ വർദ്ധിക്കുമെന്നാണ് സർക്കാരിന്റെയും ഐഎംഎയുടെയും വിലയിരുത്തൽ. ആറു മാസത്തിനുള്ളിൽ രോഗം കൂടുകയല്ലാതെ കുറഞ്ഞു വരുന്ന ലക്ഷണമില്ലെന്നും അവർ കരുതുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നും വിദേശത്തു നിന്നും വരുന്നവരിൽ നേരിയ ശതമാനത്തിനുമാത്രമെ കോവിഡ് ബാധിക്കുന്നുള്ളു. കോവിഡ് വ്യാപനത്തിന് മുഖ്യകാരണം ജനങ്ങളുടെ അശ്രദ്ധമൂലം ഉണ്ടാകുന്ന വ്യാപനമാണ്. ഈ വ്യാപനത്തോത് ഇപ്പോൾ 96 ശതമാനം വരെയെത്തി.

## തദ്ദേശ തെരഞ്ഞെടുപ്പ്

(ഒന്നാം പേജിൽ നിന്നും)

മാർച്ചിൽ പെരുമാറ്റച്ചട്ടം നിലവിൽവരും. നവംബറിൽ ഉപതെരഞ്ഞെടുപ്പ് നടത്തിയാൽ ജയിക്കുന്നവർക്ക് വെറും മൂന്നുമാസമേ പ്രവർത്തിക്കാനാവൂ. തെരഞ്ഞെടുപ്പ് ചെലവും മറ്റും നോക്കുമ്പോൾ ഇതിന്റെ പ്രയോജനം തുച്ഛമാണ്. ഒഴിവുണ്ടായാൽ ആറുമാസത്തിനകം തെരഞ്ഞെടുപ്പ് നടത്തണമെന്നാണ് ജനപ്രാതിനിധ്യ നിയമം പറയുന്നത്. കുട്ടനാട്ടിൽ ഒഴിവു വന്നത് കഴിഞ്ഞവർഷം ഡിസംബർ 20-നാണ്. കോവിഡ് വ്യാപനംമുതൽ അംഗത്തിന്റെ പരിമിതമായ കാലാവധിവരെയുള്ള യുക്തിസഹമായ കാര്യങ്ങൾ ചൂണ്ടിക്കാട്ടി ഉപതെരഞ്ഞെടുപ്പുകൾ ഒഴിവാക്കാൻ കേന്ദ്ര കമ്മിഷനോട് ആവശ്യപ്പെടും.

## ചോദ്യം ചെയ്തു

(ഒന്നാം പേജിൽ നിന്നും)

കള്ളക്കടത്തു സംഘം ഈ നയതന്ത്ര പാഴ്സലുകളിൽ സ്വർണമോ പണമോ കടത്തിയോ എന്ന് അന്വേഷണ സംഘം പരിശോധിക്കുകയാണ്. കള്ളപ്പണം കറൻസി നോട്ടുകളായി കടത്തിയോ എന്നും അന്വേഷിക്കുന്നു. സ്വർണക്കടത്തു പ്രതികൾ യുഎഇ കോൺസുലേറ്റ് വഴി ജലീലുമായി അടുത്ത ബന്ധമുണ്ടാക്കിയെന്നും അതിന്റെ മറവിൽ കുറ്റകൃത്യം നടത്തിയെന്നുമുള്ള നിഗമനത്തിലാണ് അന്വേഷണ സംഘം.

## ഒളിച്ചുവെക്കാൻ കിണഞ്ഞുശ്രമം

തിരുവനന്തപുരം: സ്വർണക്കടത്തു കേസിൽ ഒന്നും ഒളിക്കാനില്ലെന്നു പലവട്ടം ആവർത്തിച്ച മന്ത്രി കെ.ടി. ജലീൽ, ഇഡി ചോദ്യം ചെയ്തതു രഹസ്യമാക്കി വെക്കാൻ പാടുപെട്ടു. ഇഡി സമൻസ് അയച്ച വിവരം സെപ്റ്റംബർ 11 ന് നിഷേധിച്ച മന്ത്രി, ഇത് പത്രത്തിൽ വായിച്ച അറിവേയുള്ളൂ എന്നാണു പ്രതികരിച്ചത്. ചോദ്യം ചെയ്യലിനു ഹാജരാകാൻ സെപ്റ്റംബർ 11ന് അതിരാവിലെ തിരുവനന്തപുരത്തുനിന്നു കൊച്ചിയിലേക്കു തിരിച്ച മന്ത്രി, നാട്ടിലേക്കു പോകുന്നുവെന്നാണ് ഓഫിസിലും മറ്റും അറിയിച്ചത്. ഉച്ചയ്ക്ക് ഒരു മണിയോടെ ഫോണിൽ ബന്ധപ്പെട്ടപ്പോഴും നാട്ടിലേക്കുള്ള യാത്രയിലാണെന്നും ഒന്നു ഒളിച്ചുവെക്കാനില്ലെന്നുമായിരുന്നു പ്രതികരണം. സ്റ്റേറ്റ് കാർ സുഹൃത്തിന്റെ വീട്ടിൽ നിർത്തിയിട്ട് സ്വകാര്യ വാഹനത്തിൽ ചോദ്യം ചെയ്യലിനെത്തിയതും വിവാദമായി.

ദാനിയേൽ പഠന ബൈബിൾ

*സഞ്ചരിക്കുന്ന ബൈബിൾ സെമിനാരി*

*ദാനിയേൽ റഫറൻസ് ബൈബിൾ*

*വലിയക്ഷര ബൈബിൾ * റെഡ് ലെറ്റർ ബൈബിൾ*

*ദാനിയേൽ ദ്വിഭാഷ പഠന ബൈബിൾ* ദാനിയേൽ പോക്കറ്റ് ബൈബിൾ*

*ദാനിയേൽ ക്രോണോളോജിക്കൽ ബൈബിൾ*

website: www.danielbible.com

ജീവ സന്ദേശം

മലയാളത്തിൽ വാക്യപ്രതിവാക്യ ബൈബിൾ പഠനം

ഉല്പത്തി മുതൽ വെളിപ്പാടുവരെ പഠനത്തോടൊപ്പം പ്രായോഗിക ജീവിതത്തിനു വേണ്ട മാർഗനിർദ്ദേശങ്ങളും!

ബ്രദർ ജോർജ് ഫിലിപ്പ് പഠിപ്പിക്കുന്നു

https://ttb.twr.org/podcasts

e-mail: malayalamttb@radio882.com

website: www.radio882.com

USA contact: Ph: 972-475-4880

e-mail: ki_thomas@hotmail.com

MOTHERS PRAYER

തലമുറയെ തകർത്ത് കുടുംബ ബന്ധങ്ങൾ അകറ്റി നമ്മയെ കെടുത്തി സമാധാനം നശിപ്പിച്ചുകൊണ്ട് രാജ്യത്ത് വ്യാപരിക്കുന്ന അന്ധകാരശക്തിയുടെ മേൽ ജയമെടുക്കുവാൻ അമ്മമാർ-സഹോദരിമാർ ഈ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി ഒന്നിച്ചു പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രാർത്ഥനാ ചങ്ങലയാണ് Mothers Prayer ഈ രാജ്യത്തിന്റെ ഏതു ഭാഗത്തിരുന്നുകൊണ്ടും ഇതിന്റെ അംഗമായി ചേർന്ന് പ്രാർത്ഥിക്കാം. ആത്മഭാരമുള്ള അമ്മമാർ സഹോദരിമാർ ഉണരട്ടെ.

ബന്ധപ്പെടേണ്ട വിലാസം:

Sister: Annamma Ninan

39241 N Stockton Ln, Beach Park, IL - 60083.

Phone - 847-623-2973

Email- Mothersprayerusa@sbcglobal.net

# SEEKING BRIDEGROOM

*Aunt invites proposal for her niece living in India, currently doing her internship after completing her MBBS. She was born in 1995, 26 December is 5 feet 3 inch.She is born and brought up in Mumbai, in a Pentecostal family. She is born again, baptized Pentecostal. We are looking for professionals equally qualified in Medicine or engineering boys who are US citizens with similar spiritual backgrounds. If interested please contact with recent photos and details. Cell-**6784318651**,
Email-**svarghese001@gmail.com**

**Pentecostal parents invite proposals for our beautiful daughter, 27 (turning 28 in September 2020), 5'2", slim, Juris Doctor, born and raised in the US, working at a private law firm. We seek a Spirit-filled, humble, Pentecostal U.S. citizen with a graduate or doctoral education and a serious calling for missions, specifically in India. Please contact us with recent photos and biodata at: **akpb.2020@gmail.com**

*Syrian Christian Pentecostal parents invite proposal for daughter born in Middle-East, now US citizen. She was born in 1987 & is 165cm; she has 2 masters degrees from Duke & Yale, prestiges universities of USA. She works as a chaplain/counselor in California. Please contact with recent photo and details. Cell: **8138418964.** Email: **pastorgeorge1987@yahoo.com**

*Syrian Christian Pentecostal parents invite proposal for daughter born in Middle-East, now US citizen. She was born in 1991 & is 5ft. She is a Director of Nursing and working part-time as Neurology Nurse Practitioner- Masters in Nursing. Please contact with recent photo and details. Cell **8138418964**
Email:
**pastorgeorge1987@yahoo.com**

**Pentecostal parents prayerfully invite proposals for their daughter. She is a 31-year-old, 5"2, born and raised in the US, born again, spirit-filled, internal medicine doctor. We are looking for professionally qualified boys with a similar spiritual background and values. If interested, please respond with pictures and details to:
**chosentodo@yahoo.com**
or call **469-360-5735.**

**Pentecostal parents invite proposals for our beautiful daughter, 27 (turning 28 in September 2020), 5'2", slim, Juris Doctor, born and raised in the US, working at a private law firm. We seek a Spirit-filled, humble, Pentecostal U.S. citizen with a graduate or doctoral education and a serious calling for missions, specifically in India. Please contact us with recent photos and biodata at: **akpb.2020@gmail.com**

*Pentecostal parents settled in USA inviting proposal for their daughter born again and baptized, 26 years 5'4 born in Kerala and brought up in USA. Holds a Bachelors in Marketing and Business Management. Looking for qualified boys from USA or outside of Kerala. Contact cell **267-902-4576**

*Pentecostal parents settled in the USA invite proposals for their daughter, US-born and educated, Clinical Pharmacist (PharmD plus Residency) 27 years 5'4". Looking for professionally qualified boys with a spiritual background. If interested please respond with pictures and details to **jehovashalom693@gmail.com** or call **(847)833-6038.**

*Orthodox parents inviting proposals for daughter 35 yrs ht 5.3". Masters in psychology working in Florida. Educated in USA. We are seeking professionally qualified boys from orthodox / jacobites, catholic. Please respond with recent photos and details. Please contact email **kreal2estate@comcast.net.**

**Christian parents settled in North America invite proposal for their daughter, US-educated Medical Doctor, MD (29 years 5' 7"), Parents of professionally qualified boys with spiritual background may please respond with details. if interested. **geomat2003@gmail.com** or call **469-321-1619.**

**Pentecostal parents in India prayerfully invite marriage proposals for their daughter, 33, 5 ft, brought up in the Gulf, educated in the U.S, baptized, born-again, spirit-filled, holding MBA from U.S, and is a CPA. She is currently employed with a Big Four accounting firm in Chicago. As part of her employment, she is on an assignment in Paris, France currently. Seeking alliance from families of grooms settled in the U.S that are God-fearing and leading Christ-centered lives. Please email details with a picture to psalm9503@gmail.com or call **+91 9207145236**

**Pentecostal parent settled in USA seeking proposals for their daughter, US citizen, 34 years, Doctor of Pharmacy with Fellowship, currently working as a Clinical Pharmacist, from parents of born again and baptized Pentecostal or Brethren boys with professional qualifications. Boys with Post Graduate degrees, age 34 - 38 years preferred. Please email details with a picture to **JACOBT@GMAIL.COM**

*Roman Catholic parents invite proposals for their daughter who is working as Pharm-D. She is 35 and 5'-3" fair complex. she is born and brought up in U.S.A. We are seeking suitable alliance from professionally Qualified Engineers, Doctors, Pharmacist MBA accountants, IT professionals born and raised in U.S.A. who are Catholics and God fearing family oriented. Interested please respond with details including a recent picture to: **innovera75@gmail.com**

*Orthodox parents inviting proposals for daughter, 32 years, 5'5", fair, slim, Doctorate in Dental Surgery (DDS), practicing Dentistry in Florida, born and educated in USA. We are seeking professionally qualified boys from Orthodox, Catholic or Marthomites. Please respond with recent photo and details to **sureshzthomas@yahoo.com** or call **(248)739-1607.**

# SEEKING BRIDE

*Texas-based Orthodox parents invited proposals for their son 29, 5'5", fair, God-fearing, raised in the US with Indian Family values, pursuing MBA (Accounting), currently working as a Tax Analyst. We welcome inquiries from the parents/ families of God-fearing girls studying/living in the US (Orthodox/Jacobite/ Marthomites). Please contact:
**thomasthomas75007@yahoo.com**

*Knanaya Catholic parents settled in US invites proposals for their Son, 27 (March 1993) 5'7". Was born in Kerala then moved to US in 2006 at the age of 13. Proficient in English and Malayalam currently working as a Procurement Analyst at Advent Health Florida. Graduated with a Bachelors in Communication Sciences and Disorders and a Minor in Health Service Administration. Master's in Business Administration. Seeking a professionally qualified faith oriented Knanaya Catholic girl settled in US. Please contact **407-970-8951.**

*Christian parents settled in the USA inviting proposals for their son. DOB:April,1993, 27 years old, 5'10". He is a born again and baptized believer who is also on the praise and worship team. He is a Registered Nurse and also has his Masters in Nursing Leadership and Administration. Looking for a born again believer from the US. If interested, please contact: phone: **(405)-209-3718** and Email: **tintomat@yahoo.com.**

*Pentecostal parents are prayerfully seeking a suitable life partner for their son, 26 years old (10/18/1993). He is born and brought up in the U.S. Active in the church as a praise & worship leader (Acoustic Guitar). Also, he is a Sunday school teacher. He had received his bachelor's degree in Business Management, and an MBA specialized in Aerospace Logistics. Right now he is currently working for the Air Force base as a civilian. He is 5'8' tall. Parents of girls who are born again spirit filled may contact us @ (405) 408-6868. (Knanaya background preferred). The parents of the girls may contact us and email with the latest pictures to email: **omega4ever2020@gmail.com.**

*Pentecostal parents settled in USA invite proposals for their son, Software Engineer, 27 Yrs, 5'8" born and brought up in the USA, seeking suitable alliance from parents of born again girls. please respond with details to
**gesuma@gmail.com**

*Our nephew 38 years, IT, 6'-1', educated in the US, working @ Charlotte, NC, never married, seeking a bride from any Christian family denomination between 28-35. Please contact
**rajamvarghese@bellsouth.net** or **(423) 876-0530.**

**Pentecostal parents prayerfully seeking suitable life partner for their son family oriented caring with moral and spiritual values(30, 5'6") who was brought up and educated in US who has BS in Information Technology/ Business and communication currently working in a reputable company. We are seeking proposal from parents of Pentecostal girls from USA who are family-oriented spiritual with good moral character, please contact us with full details with recent pictures to **faith2020js@gmail.com**

# SEEKING BRIDEGROOM CONTD.....

*Knanaya Catholic parents settled in USA invite proposals for their daughter age 32, 5'5" tall,slim fair looking and god fearing. She is a B.Com graduate brought up and studied in South Africa. She is currently working as a financial analyst in South Africa. She has a 10 year multiple entry visa to the US. Looking for qualified guys from the USA preferably from a Christian family background. Contact cell: **813 808 5320/ 813 418 2785.** Email: **steephenvs@gmail.com**

*Knanaya Catholic parents settled in USA invite proposals for their daughter age 31, 5'4" tall,slim fair looking and god fearing. She has a diploma in Educare, brought up and studied in South Africa. She is currently working as a Kindergarten teacher in South Africa. She has a 10 year multiple entry visa to the US. Looking for qualified guys from the USA preferably from a Christian family background. Contact cell: **813 808 5320/ 813 418 2785.**
Email: **steephenvs@gmail.com**

*Christian parents settled in USA inviting proposals for their daughter42 years old, born and brought up in Dubai. She is an Orthopedics Surgeon has completed her M.S. in Orthopedics at Christian Medical college in Vellore. At present working as a Research Coordinator in Pediatrics Orthopedics at the Mayo Clinic hospital in Rochester, Minnesota. She will commence her Pediatric Ortho Fellowship in 2020 August. She is very intelligent, smart and very attractive and fit. She is 5'4" tall and a born again believer, very active in church activities. She is a US Citizen. If interested please contact with recent photograph and details to
**marijohn2002@yahoo.co.in**
Preference to Medical professionals

**Visit Our Website:
www.keralaexpress.com
for Matrimonial Advt.**

KERALA EXPRESS

# നിര്യാതരായി

## കെ.ജി. മേനോൻ

**ഒറ്റപ്പാലം:** പാലാട്ട് റോഡ് രാധാകൃഷ്ണമേനോൻ ലെയ്ൻ രാമ മന്ദിരത്തിൽ പെരുമ്പാവൂർ റയോൺസ് റിട്ട. പ്രൊഡക്ഷൻ സൂപ്പർ വൈസർ കെ. ഗോവിന്ദൻകുട്ടി മേനോൻ (കെ.ജി. മേനോൻ-94) നിര്യാതനായി. ഭാര്യ: പരേതയായ ടി. ഗൗരി (ഒറ്റപ്പാലം എൻഎസ്എസ് കെപിടി ഹൈസ്കൂൾ റിട്ട. പ്രധാന അധ്യാപിക). മകൻ: ടി. കരുണാകരൻ (യുഎസ്). മരുമകൾ: പാർവതി മേനോൻ (യുഎസ്).

**കുറിച്ചി:** റയിൽവേ, പിഡബ്ല്യുഡി കോൺട്രാക്ടറും ക്നാനായ സമുദായ മുൻ ട്രസ്റ്റിയുമായ പള്ളത്ര ഷെവ. തമ്പി ഫിലിപ്പ് (81) നിര്യാതനായി.

**പള്ളം:** എംആർഎഫ് റിട്ട. ഉദ്യോഗസ്ഥൻ പാക്കിൽ ചെറുവള്ളി മാളികയിൽ തോമസ് കുര്യൻ (മോൻ-73) നിര്യാതനായി.

## ഡോ. ആനി ജോൺ

**കൊച്ചി:** പാലാരിവട്ടം കൊടിയിൽ പരേതനായ ഡോ. പീറ്റർ ജോണിന്റെ (ലേക്ക്ഷോർ ഹോസ്പിറ്റൽ സ്ഥാപക ചെയർമാൻ) ഭാര്യ ഡോ. ആനി ജോൺ (87) നിര്യാതയായി. ആലപ്പുഴ പാണാവള്ളി കീഴാഞ്ഞിലിൽ കുടുംബാംഗമാണ്. 1956ൽ മദ്രാസ് മെഡിക്കൽ കോളജിൽ നിന്ന് വൈദ്യശാസ്ത്ര പഠനം പൂർത്തിയാക്കി. കോട്ടയം ജില്ലാ ആശുപത്രിയിൽ സർക്കാർ നിയമിച്ച ആദ്യ ഡോക്ടറാണ്. കൊല്ലം ജില്ലാ ആശുപത്രി ആർഎംഒയും സൗദി അറേബ്യയിൽ ആരാം കോയിലും പ്രവർത്തിച്ചു. മക്കൾ: ഡോ. ജോൺ. പി. ജോൺ (യുഎസ്), ഡോ. ജെയിംസ് ജോൺ (യുഎസ്). മരുമക്കൾ: അനീറ്റ ജോൺ, സോണിയ ജെയിംസ്.

**ചങ്ങനാശ്ശേരി:** മാന്താനം വാലോലിക്കൽ വി.എ. വിൻസെന്റ് (ജോയിച്ചൻ-73) നിര്യാതനായി.

**കവളങ്ങാട്:** താഴത്തൂട്ട് പരേതനായ ജേക്കബ് ഐസക്കിന്റെ ഭാര്യ മേരി (98) നിര്യാതയായി.

**കെഴുവാകുളം:** ഒഴുകയിൽ സോമനാഥൻ നായർ (82) നിര്യാതനായി.

**മുണ്ടക്കയം:** കൂട്ടിക്കൽ പൊട്ടംകുളം കെ.എ. കുര്യൻ (73) നിര്യാതനായി.

**മാഞ്ഞൂർ സൗത്ത്:** കുന്നേൽ തോമസിന്റെ മകൻ അനൂപ് (34) നിര്യാതനായി.

**ഉള്ളന്നൂർ:** വിമുക്തഭടൻ ഐശ്വര്യയിൽ കുഞ്ഞുകുഞ്ഞ് (ചന്ദ്രൻ- 68) നിര്യാതനായി.

**കുറിച്ചി:** അഞ്ചൽ കുറ്റികാരിക്കോട്ട് മിൽ ഉടമ കാരിക്കോട്ട് കെ.കെ. സ്കറിയ (78) നിര്യാതനായി.

**എടത്വ:** വാതപ്പള്ളിൽ അലക്സ് വി.ഐസക്കിന്റെ ഭാര്യ മറിയാമ്മ (61) നിര്യാതയായി.

## അപ്പു പൗലോസ്

**കുറുപ്പംപടി:** മരങ്ങാട്ട് പരേതനായ പൗലോസിന്റെ മകൻ അപ്പു (72) നിര്യാതനായി. ഭാര്യ: പാടത്ത് മേരിക്കുഞ്ഞ്. മക്കൾ: അമിതാ, ബബിതാ (യുഎസ്), പോൾ. മരുമക്കൾ: ജോർജ് വട്ടക്കാട്ടിൽ, ജേക്കബ് നെല്ലിക്കൽ (യുഎസ്), സാറാ തോട്ടശേരിൽ.

**മാവേലിക്കര:** കോട്ടയം എംജി സർവകലാശാല മുൻ ജോയിന്റ് രജിസ്ട്രാർ തട്ടാരമ്പലം ഈപ്പൻപറമ്പിൽ വത്സല കോട്ടേജിൽ എസ്. നൈനാൻ (മോനി-64) നിര്യാതനായി.

## ഉമ്മൻ ജോൺ



**കീഴ്വായ്പൂർ:** വെൺമണി മാർത്തോമ്മാ ഹയർ സെക്കൻഡറി സ്കൂൾ റിട്ട. പ്രിൻസിപ്പൽ പയറ്റുകാലായിൽ താന്നിക്കുളത്ത് ഉമ്മൻ ജോൺ (തമ്പി-72) നിര്യാതനായി. ഭാര്യ: ആനിക്കാട് പാലംപറമ്പിൽ അമ്മുക്കുട്ടി (റിട്ട. അധ്യാപിക സിഎംഎസ് എൽപി സ്കൂൾ, കിഴക്കേക്കര). മക്കൾ: സാജൻ ഉമ്മൻ ജോൺ (ദുബായ്), സഞ്ജു വർഗീസ് ജോൺ (എൻജിനീയർ, കോഗ്നിസാന്റ് ടെക്നോളജി, കൊച്ചി), സിനി ആൻ ജോൺ (യുഎസ്). മരുമക്കൾ: റീന (അധ്യാപിക, എസ്സിഎസ് ഹയർ സെക്കൻഡറി സ്കൂൾ, തിരുവല്ല), ജിൻസി (അധ്യാപിക, ആശ്രമം ഹയർ സെക്കൻഡറി സ്കൂൾ, പെരുമ്പാവൂർ), റവ. ബ്ലെസിൻ കെ. മോൻ (വികാരി, ഫാർമേഴ്സ് ബ്രാഞ്ച് മാർത്തോമ്മാ പള്ളി യുഎസ്).

**മൂവാറ്റുപുഴ:** മീങ്കുന്നം നെടുമറ്റത്തിൽ ജോൺ സെബാസ്റ്റ്യൻ (ജോണി-70) നിര്യാതനായി.

**പാമ്പാടി- വെള്ളൂർ:** പാടത്തറയായ പടിഞ്ഞാറ്റുകര രാജു (73) നിര്യാതയായി.

**കോതനല്ലൂർ:** പരിക്കിലാത്ത് പരേതനായ അലക്സാണ്ടറുടെ ഭാര്യ അന്നമ്മ (97) നിര്യാതയായി.

**വല്യയന്തി:** മേലേക്കാലായിൽ പരേതനായ ഗീവർഗീസ് യോഹന്നാന്റെ ഭാര്യ റോസമ്മ (61) നിര്യാതയായി.

**കോട്ടയം:** കഞ്ഞിക്കുഴി പുത്തൻപറമ്പിൽ പി.ഐ. തോമസിന്റെ ഭാര്യ അച്ചാമ്മ (അമ്മിണി-66) നിര്യാതയായി.

**കടപ്പാമറ്റം:** പാലാ രൂപതാംഗവും എംഎസ്ടി സമൂഹാംഗവുമായ ഫാ. ജോസഫ് കൊച്ചയ്യങ്കാനാൽ (86) നിര്യാതനായി.

## ശോശാമ്മ ഉമ്മൻ

**ഇരവിപേരൂർ:** തോട്ടപ്പുഴ തുണ്ടിയിൽ ടി.ഒ. ഉമ്മന്റെ ഭാര്യ ശോശാമ്മ (കുഞ്ഞൂഞ്ഞമ്മ-72) നിര്യാതയായി. കല്ലൂപ്പാറ കുറ്റികണ്ടത്തിൽ കുടുംബാംഗമാണ്. മക്കൾ: ബെറ്റി, ബിജിനി (ഇരുവരും യുഎസ്), ബിനിത (അധ്യാപിക, സെന്റ് മേരീസ് വിമൻസ് കോളജ് തിരുവല്ല). മരുമക്കൾ: മാന്നാർ മാത്തിൽ ബോബി, തോട്ടപ്പുഴ അഞ്ചനാട്ട് തോമസ് കോശി (ഇരുവരും യുഎസ്), തോട്ടഭാഗം മഞ്ഞാടിയിൽ അഭിലാഷ് ജോർജ്.

**തിരുവനന്തപുരം:** ശാസ്തമംഗലം കൊച്ചാർ റോഡ് കൃഷ്ണോദയത്തിൽ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് റിട്ട. ജോയിന്റ് ഡയറക്ടറും വിവർത്തകനുമായ ജി. വിശ്വനാഥൻ പിള്ള (92) നിര്യാതനായി.

**പുതുപ്പള്ളി:** കൊച്ചുകളീക്കൽ ജേക്കബ് ജോൺ (ടോണി-60) നിര്യാതനായി.

## എം. യോഹന്നാൻ

**കൊട്ടാരക്കര:** ഗണ്ണി സ്റ്റോർ ഉടമ കിഴക്കേത്തെരുവ് നെടിയവിള വീട്ടിൽ എം. യോഹന്നാൻ (86) നിര്യാതനായി. നെല്ലിക്കുന്നം പുത്തൻവിള കുടുംബാംഗമാണ്. ഭാര്യ: പരേതയായ അന്നമ്മ. മക്കൾ: ജോൺ കുട്ടി (ഖത്തർ പെട്രോളിയം), സാമുവൽ (ഗണ്ണി സ്റ്റോർ), ജോയി ജോൺ (ന്യൂയോർക്ക്), റെജി ജോൺ (നെടിയവിള മെഡിക്കൽസ്). മരുമക്കൾ: ജെസി, ഗ്രേസി, ആലീസ് (ന്യൂയോർക്ക്), ജെനി.

## ഏലിയാമ്മ കോശി

**പത്തനംതിട്ട:** സ്വാതന്ത്ര്യ സമരസേനാനി ചെങ്ങന്നൂർ മുക്കത്ത് കൊച്ചുപുരയ്ക്കൽ ബംഗ്ലാവിൽ പരേതനായ കെ.സി. കോശിയുടെ ഭാര്യ ഏലിയാമ്മ കോശി (അമ്മിണി-91) നിര്യാതയായി. മക്കൾ: കെ.കെ. ചെറിയാൻജി, ജിൻസി ചെറിയാൻ, കെ.കെ. ജോർജി, ജിംസി ജയൻ (യുഎസ്), ജോയിസി ദാനിയൽ മാമ്മൻ. ജാൻസി റോയ്. മരുമക്കൾ: സൂസൻ ചെറിയാൻ (പുത്തൻമഠത്തിൽ, മാവേലിക്കര), നെബു ചെറിയാൻ, സുജ ജോർജി, ജയൻ തോമസ് നെടിയമണ്ണിൽ (യുഎസ്), റവ.ഡോ. ദാനിയൽ മാമ്മൻ, ഡോ. റോയ് സാം ദാനിയൽ (മുൻ പ്രിൻസിപ്പൽ, സിഎംഎസ് കോളജ്, കോട്ടയം)

**തലയോലപ്പറമ്പ്:** റിട്ട. സൈനിക ഉദ്യോഗസ്ഥൻ വട്ടത്തറയിൽ പരേതനായ പി.സി. ജോസഫിന്റെ ഭാര്യ സിഎംഎഫ്ആർഐ, കൊച്ചി റിട്ട. ഉദ്യോഗസ്ഥ പെണ്ണമ്മ ജോസഫ് (68) നിര്യാതയായി.

**ബെംഗളൂരു:** പ്രമുഖ കന്നഡ നടൻ സിദ്ദരാജ് കല്യാൺകർ (60) നിര്യാതനായി.

**ഞീഴൂർ:** തടത്തിൽ കെ. എം. ജോസഫ് (ജോസ്കുഞ്ഞ്-71) നിര്യാതനായി.

## പ്രസന്ന സൈമൺ

**മല്ലപ്പള്ളി-ആനിക്കാട്:** സന്തോഷ് ഭവനിൽ പാസ്റ്റർ എ.ജെ. സൈമണിന്റെ ഭാര്യ പ്രസന്ന (55) നിര്യാതയായി. മക്കൾ: പാസ്റ്റർ സന്തോഷ് സൈമൺ, സവിത പി. സൈമൺ. മരുമക്കൾ: റീന സന്തോഷ് (യുഎസ്), വി. സുരേഷ്.

## എം. രാജപ്പൻ വർമ്മ

**കോട്ടയം:** കൊൽക്കത്ത ബിർല ജ്യൂട്ട് കമ്പനി ജനറൽ മാനേജരുടെ മുൻ സെക്രട്ടറി എം. രാജപ്പൻ വർമ്മ (91) നിര്യാതനായി. തൃപ്പൂണിത്തുറ മാളിയക്കൽ മഠം കുടുംബാംഗമാണ്. ഭാര്യ: അഷ്ടവൈദ്യൻ പരേതനായ വയസ്കര ആര്യൻ ആര്യൻമൂസിന്റെ മകൾ പരേതയായ ഇ. രാധാമണി. മക്കൾ: അനിൽ കുമാർ വർമ്മ (യുഎസ്), സ്വപ്ന വർമ്മ. മരുമക്കൾ: പമീല ജെ. വിറ്റ്ലാ (യുഎസ്), ക്ഷത്രിയ ക്ഷേമ സഭ ജനറൽ സെക്രട്ടറി പത്തനംതിട്ട ഓമല്ലൂർ മഞ്ഞിനിക്കര വെളിയത്തുമുറി കോയിക്കൽ (അംബാനിലയം) ആത്മജ വർമ്മ തമ്പുരാൻ (മനോരമ ബ്യൂറോ, കോട്ടയം).

## തങ്കമ്മ അലക്സാണ്ടർ

**ഇരവിപേരൂർ:** മുത്തേടത്ത് പുന്നശേരിൽ പറമ്പിൽ പരേതനായ അലക്സാണ്ടറുടെ ഭാര്യ തങ്കമ്മ (87) നിര്യാതയായി. ഹരിപ്പാട് മുട്ടം തുണ്ടത്തിൽ കുടുംബാംഗമാണ്. മക്കൾ: ബാബു, തമ്പി, സണ്ണി (കുവൈത്ത്), രാജു (യുഎസ്). മരുമക്കൾ: മോളി, സുജ, ലീല, ശോഭ.

**എലിവാലി:** ഫാക്ട് റിട്ട. അസിസ്റ്റന്റ് എൻജിനീയർ ആലമറ്റം കിഴക്കേക്കരയിൽ കെ.എം. കുര്യാക്കോസിന്റെ ഭാര്യ ടെസി (72) നിര്യാതയായി.

## ഐ. വർക്കി

**ചെന്നൈ:** ആലപ്പുഴ പുതുശേരി കുടുംബാംഗം ഐ. വർക്കി (രാജൻ-87) നിര്യാതനായി. യുണൈറ്റഡ് ഓറിയന്റൽ അഷ്വറൻസ് കമ്പനി സിഇഒയും ഇന്ത്യൻ എക്സ്പാട്രിയേറ്റ് അസോസിയേഷൻ (മലേഷ്യ) പ്രസിഡണ്ടും ആയിരുന്നു. ഭാര്യ: തിരുവല്ല ശങ്കരമംഗലം സൂസി. മക്കൾ: വിനു വർക്കി (ചെന്നൈ), അനി വർക്കി (ബെംഗളൂരു), ബിജു വർക്കി (യുഎസ്). മരുമക്കൾ: കുഞ്ഞമ്മിണി മേലേടം, നസ്റീൻ ഉപ്പൂട്ടിൽ, ഡോ. സുനിത നാലിൽചിറയിൽ.

**ന്യൂഡൽഹി:** അശോക് ലെയ്ലൻഡ് ഇമെരിറ്റസ് ചെയർമാൻ ആർ.ജെ. ശാഹനി (89) നിര്യാതനായി.

**ആനക്കല്ല്:** കിഴക്കേത്തലയ്ക്കൽ (അങ്ങേവീട്ടിൽ) കെ. സി. സെബാസ്റ്റ്യൻ (പാപ്പച്ചി-84) നിര്യാതനായി.

**പാറമ്പുഴ:** കരോട്ട് കുഴിയാമ്പാട്ട് പരേതനായ കുര്യാക്കോസിന്റെ മകൻ കുഞ്ഞുമോൻ (ഇട്ടിയവിര-52) നിര്യാതനായി.

## ഡോ. സാം പീറ്റർ

**ടെക്സസ്:** അഞ്ചേരിൽ ഡോ. സാം പീറ്റർ (82) നിര്യാതനായി. ഭാര്യ: ചെമ്പിൽ ചെറുകോത്ത് വൽസ. മക്കൾ: മിട്ടു മരിയ അഞ്ചേരിൽ (ഡയറക്ടർ ഓഫ് ബിസിനസ് ഡവലപ്മെന്റ്, ഇ-ട്രെയിനിങ്), ഡോ. സാം ജൂനിയർ അഞ്ചേരിൽ. മരുമക്കൾ: മാത്യു ചക്കാലപറമ്പിൽ (മാനേജർ ഓഫ് എൻജിനീയറിങ്, അമേരിക്കൻ ബ്യൂറോ ഓഫ് ഷിപ്പിങ്), ഡോ. ടിഫിനി അഞ്ചേരിൽ. കോട്ടയം മെഡിക്കൽ കോളജ് റിട്ട. പ്രിൻസിപ്പൽ ഡോ. എലിസബത്ത് തോമസ് സഹോദരിയാണ്.

**ചെങ്ങന്നൂർ:** കെ.സി. സഖറിയ ആൻഡ് കമ്പനി ഉടമ വൈക്കത്തേത്ത് (മുക്കത്ത് കുടുംബം) സണ്ണി സഖറിയ (73) നിര്യാതനായി.

**മാഞ്ഞൂർ:** വഴുതനപ്പള്ളിൽ പരേതനായ മാത്യു സെബാസ്റ്റ്യന്റെ ഭാര്യ മേരി (പെണ്ണമ്മ-95) നിര്യാതയായി.

## റോബി മാത്യു



**നീണ്ടൂർ:** കല്ലിടാന്തിയിൽ മാത്യുവിന്റെയും ചാച്ചയുടെയും മകൻ റോബി മാത്യു (54) അമേരിക്കയിൽ നിര്യാതനായി. ഭാര്യ: സംക്രാന്തി പൂഴിക്കുന്നേൽ സിബി. മക്കൾ: ആഷിൻ, ആനിൽ, ആൽബിൻ, ആൽവിൻ.

**തൃശൂർ:** സ്വാതന്ത്ര്യ സമരസേനാനിയും കെപിസിസി മുൻ പ്രസിഡണ്ടുമായ എ.പി. ഉദയഭാനുവിന്റെയും മുൻ എംപി ഭാരതിയുടെയും മകളും ഡിസ്ട്രിക്ട് ആൻഡ് സെക്ഷൻസ് റിട്ട. ജഡ്ജ് വലപ്പാട് അടിപ്പറമ്പിൽ പരേതനായ ഏ.ആർ. വിജയന്റെ ഭാര്യയുമായ ഊർമ്മിള (81) നിര്യാതയായി.

**റാന്നി:** ആനപ്പാറമല കൊല്ലന്തുണ്ടിയിൽ തടത്തിൽ ടി.കെ. വിജയൻ (64) നിര്യാതനായി.

**ആലപ്പുഴ:** തത്തംപള്ളി കണ്ടത്തിൽ ജെ.ജെ. തോമസ് (ബേബി-80) നിര്യാതനായി.

**ബെംഗളൂരു:** കോട്ടയം കൈപ്പുഴ ഒറ്റപ്പള്ളിൽ ഒ.ടി. ജോസഫിന്റെ ഭാര്യ അച്ചാമ്മ (82) നിര്യാതയായി.

**കോഴഞ്ചേരി:** ആറന്മുള തുണ്ടിയത്ത് ഏകോട്ട് മാത്യു ഡാനിയൽ (സണ്ണി-75) നിര്യാതനായി.

**കുത്താട്ടുകുളം:** കുരിശിങ്കൽ പരേതനായ പി.എം. ജോസഫിന്റെ ഭാര്യ എൽസി (82) നിര്യാതയായി.

## മാർഗരീത്ത കുര്യാക്കോ

**താമരക്കാട്:** വാലിമറ്റത്തിൽ പരേതനായ കുര്യാക്കോയുടെ ഭാര്യ മാർഗരീത്ത (89) നിര്യാതയായി. അരീക്കര മങ്ങാട്ട് കുടുംബാംഗമാണ്. മക്കൾ: വി.കെ. സൈമൺ, ആലീസ് , മേരി, ലീലാമ്മ, വി.കെ. ജോൺ, പെണ്ണമ്മ, ലിസി (എല്ലാവരും യുഎസ്). മരുമക്കൾ: മേരിക്കുട്ടി വെള്ളാനാൽ (കരിങ്കുന്നം), ഫ്രാൻസിസ് വഞ്ചിപുരയ്ക്കൽ (കൈപ്പുഴ), ബേബി അച്ചിറ തലയ്ക്കൽ (ഇരവിമംഗലം), മാത്യു വിരിയപ്പിള്ളിൽ (പിറവം), മേഴ്സി പൂഴികുന്നേൽ (സംക്രാന്തി), രാജു നന്ദികുന്നേൽ (പുന്നത്തുറ), ബാബു മുളയാനിക്കുന്നേൽ (കരിങ്കുന്നം).

## അക്കാമ്മ മാത്യു

**സെക്കന്തരാബാദ്:** ബുസാവൽ വാരംഗൺ ഇന്ത്യൻ ഓർഡിനൻസ് ഫാക്ടറി റിട്ട. ഉദ്യോഗസ്ഥൻ റാന്നി മന്ദമരുതി കോയിപ്രത്ത് പരേതനായ പി.എം. മാത്യുസിന്റെ ഭാര്യ അക്കാമ്മ (അമ്മുക്കുട്ടി-83) നിര്യാതയായി. മുണ്ടിയപ്പള്ളി പാറയിൽ കുടുംബാംഗമാണ്. മക്കൾ: സുജ (ഹൈദരാബാദ്), സുമ (യുഎസ്). മരുമക്കൾ: നിലമ്പൂർ പുളിക്കൽ ഐ.പി. ജേക്കബ് (ഹൈദരാബാദ്), കണ്ടംപേരൂർ പുല്ലാട്ട് ഫിലിപ്പ് വർഗീസ് (യുഎസ്).

**കുടമാളൂർ:** പനംപുന്നയിലായ (ഇടാട്ടുകളത്തിൽ) തോമസ് ഇ. കുര്യൻ (ജോയിച്ചൻ-84) നിര്യാതനായി.

**പൂഞ്ഞാർ:** പ്രഭുദാസി സിസ്റ്റേഴ്സ് മഠാംഗം സിസ്റ്റർ സെറാഫിം (ഏലമ്മ-97) നിര്യാതയായി.

## സാലി കുരുവിള

**ചെങ്ങളം:** പുളിക്കപ്പറമ്പിൽ പരേതനായ ജോയി പി. കുര്യന്റെ ഭാര്യ സാലി കുരുവിള (78) നിര്യാതയായി. പുതുപ്പള്ളി കാവനാടിയിൽ കുടുംബാംഗമാണ്. മക്കൾ: അനിൽ പി. കുരുവിള (പുളിക്കപ്പറമ്പിൽ അസോസിയേറ്റ്സ്), സുനിൽ പി. കുരുവിള (കരുണാ മെഡിക്കൽസ്, ഏറ്റുമാനൂർ), റിനിൽ പി. കുരുവിള (യുഎസ്). മരുമക്കൾ: റോസ്മി പുളിയനാനിക്കൽ (കട്ടപ്പന), മോളി കാവുങ്കൽ (തിരുവല്ല), ഷോമ (ഡൽഹി).

**റാന്നി:** കുളക്കുറ്റി കളിയിക്കൽ എം.എം. ഏബ്രഹാം (അച്ചൻകുഞ്ഞ്-65) നിര്യാതനായി.

**ഏറ്റുമാനൂർ:** എം.എസ്.എഫ്.എസ് സഭാംഗം സഭാംഗം ഫാ. മാത്യു ചാവേലി (71) നിര്യാതനായി.

**പുതുക്കാട്:** പ്രേംനസീർ, ജയൻ സിനിമകളിൽ വില്ലൻ കഥാപാത്രങ്ങളിലൂടെ ശ്രദ്ധേയനായ നടൻ ചെങ്ങാലൂർ രണ്ടാംകല്ല് നെന്മണിക്കര വീട്ടിൽ പോൾസൺ പുതുക്കാട് (67) നിര്യാതനായി.

# WANTED

Looking for a lady to stay with my mother in Staten Island (New York) to assist with cooking and light housework.

**Please call**

**609 760 8910**

# HELP WANTED

Looking for a female, as a live-in companion for our 94 year old mother who lives in Louisiana with us. She is mostly independent but will need some assistance. She has partial vision impairment.

**Please contact 301-475-9492**

# CAREGIVER WANTED

Family in Atlanta seeking a stay in caregiver for a couple. Preferred female inquiries only.

**Please contact**

**678-622-2707** for suitable caretakers.

## *Favors Received*



***Inserted by: Susan and Sani, Atlanta***

## ഉപകാരസ്മരണ



***Inserted by: Firm Believer, Virginia***

## *Favors Received*




***Inserted by: Firm Believer, Chicago***

## *Favors Received*



***Inserted by: Firm Believer, Oklahoma***

## *Favors Received*



***Inserted by: Firm Believer, Oklahoma***

## ഉപകാരസ്മരണ



***Inserted by: Firm Believer, Houston***

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീകദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മുന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മുന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

***Inserted by: Firm Believer, Dallas***

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

***Inserted by: Firm Believer, Bloomingdale***

## ഉപകാരസ്മരണ



പരിശുദ്ധ കന്യകേ, രക്ഷകന്റെ മാതാവേ, പാപികളുടെയും രോഗികളുടെയും ദുഃഖിതരുടെയും, ദരിദ്രരുടെയും, അഗതികളുടെയും ആശ്രയമേ, ത്രിയേക ദൈവത്തിനു പ്രസാദിക്കപ്പെട്ട മാതാവേ, ജീവിതത്തിൽ വിവിധ പ്രതിസന്ധികളാലും പ്രശ്നങ്ങളാലും ഏറെ കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. അമ്മയോട് അപേക്ഷിക്കുന്നവരെ ഒരുനാളും ഉപേക്ഷിക്കയില്ലെന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നു. നിന്നെ അഭയംപ്രാപിക്കുന്ന ദുഃഖിതരുടെ ആശ്വാസത്തിനായി, നിന്റെ പ്രിയപുത്രനിൽ നിന്നും നിനക്ക് വിശേഷവിധിയായി കിട്ടിയിട്ടുള്ള വരദാനങ്ങളെ ഈ അവസരത്തിൽ ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ... (ആവശ്യം പറയുക) അമ്മയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. എത്രയും ദയയുള്ള മാതാവേ, ഈ ആവശ്യം അമ്മയുടെ തൃക്കരങ്ങളിൽ സമർപ്പിക്കുന്നു. എന്റെ ഈ ആവശ്യത്തിൽ എന്നെ സഹായിക്കണമെന്ന് വിനയത്തോടും കണ്ണുനീരോടും കൂടി വിശ്വാസപൂർവ്വം ഞാൻ അപേക്ഷിക്കുന്നു. പരിശുദ്ധ അമ്മയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അമ്മയുടെ മഹത്വത്തെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മീൻ.

നന്മ നിറഞ്ഞ മറിയമേ, നിനക്കു സമാധാനം.....

***Inserted by: Firm Believer, New York***

## ഉപകാരസ്മരണ



പരിശുദ്ധ കന്യകേ, രക്ഷകന്റെ മാതാവേ, പാപികളുടെയും രോഗികളുടെയും ദുഃഖിതരുടെയും, ദരിദ്രരുടെയും, അഗതികളുടെയും ആശ്രയമേ, ത്രിയേക ദൈവത്തിനു പ്രസാദിക്കപ്പെട്ട മാതാവേ, ജീവിതത്തിൽ വിവിധ പ്രതിസന്ധികളാലും പ്രശ്നങ്ങളാലും ഏറെ കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. അമ്മയോട് അപേക്ഷിക്കുന്നവരെ ഒരുനാളും ഉപേക്ഷിക്കയില്ലെന്ന് ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നു. നിന്നെ അഭയംപ്രാപിക്കുന്ന ദുഃഖിതരുടെ ആശ്വാസത്തിനായി, നിന്റെ പ്രിയപുത്രനിൽ നിന്നും നിനക്ക് വിശേഷവിധിയായി കിട്ടിയിട്ടുള്ള വരദാനങ്ങളെ ഈ അവസരത്തിൽ ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ... (ആവശ്യം പറയുക) അമ്മയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. എത്രയും ദയയുള്ള മാതാവേ, ഈ ആവശ്യം അമ്മയുടെ തൃക്കരങ്ങളിൽ സമർപ്പിക്കുന്നു. എന്റെ ഈ ആവശ്യത്തിൽ എന്നെ സഹായിക്കണമെന്ന് വിനയത്തോടും കണ്ണുനീരോടും കൂടി വിശ്വാസപൂർവ്വം ഞാൻ അപേക്ഷിക്കുന്നു. പരിശുദ്ധ അമ്മയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അമ്മയുടെ മഹത്വത്തെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മീൻ.

നന്മ നിറഞ്ഞ മറിയമേ, നിനക്കു സമാധാനം.....

***Inserted by: Firm Believer, New York***

## കഥ ഇതുവരെ

സ്നേഹനികേതനം എന്ന അനാഥാലയത്തിന്റെ ഉടമയായിരുന്ന ബ്രിജിത്താമ്മ വൃക്കരോഗം മൂലം മരിച്ചു. അന്തേവാസികൾ വിവിധ ഓർഫനേജുകളിൽ അയയ്ക്കപ്പെട്ടു. ചിന്നുമോൾ എന്ന ആറു വയസ്സുകാരി കൊല്ലത്ത് ത്യാഗഭവനം എന്ന ഓർഫനേജിൽ എത്തി. രേവതിക്കുട്ടി, മാമച്ചൻ-ഗ്രേസമ്മ ദമ്പതികളുടെ വീട്ടുവേലക്കാരിയായി. പാല കടപ്പാട്ടൂർ വീട്ടിലെത്തിയ അലീന പെറ്റമ്മയായ വൈജയന്തിയുടെ വീട്ടിലെ ജോലിക്കാരിയായി. വൈജയന്തി പെറ്റമ്മയാണെന്ന സത്യം പരമ രഹസ്യമായി സൂക്ഷിക്കണമെന്ന് ബ്രിജിത്താമ്മ അലീനയോട് പറഞ്ഞിരുന്നു. എന്നാൽ അലീന വൈജയന്തിയുടെ മകളാണെന്ന സത്യം വൈജയന്തിയുടെ ഭർത്താവ് ബാലചന്ദ്രമേനോൻ മനസ്സിലാക്കുന്നു. കുളത്തൂപ്പുഴയിൽ റബ്ബർഎസ്റ്റേറ്റും ഒരുപറ്റം നായ്ക്കളുമായി ഒറ്റയ്ക്കു കഴിയുന്ന റിട്ട. കേണൽ സ്റ്റാൻലി ജോസഫാണ് അലീനയുടെ അച്ഛൻ എന്നസത്യം ബാലചന്ദ്രമേനോൻ അലീനയെ അറിയിച്ചു. അലീനയെ മകളായി സ്വീകരിക്കാൻ സ്റ്റാൻലി തയാറായി. രേവതിക്കുട്ടി താമസിക്കുന്ന എറണാകുളം വീട്ടിലെ മാമച്ചന്റെയും ഗ്രേസമ്മയുടെയും മകനായിരുന്ന, ആറുവർഷം മുൻപ് മരിച്ചുപോയ ജിജോമോന്റെ കാമുകി ഷെറിൻ സ്റ്റാൻലിയുടെ ഇളയ സഹോദരിയാണെന്ന സത്യം അലീനയും മാമച്ചനും മനസ്സിലാക്കുന്നു. ജിജോ മരിക്കുമ്പോൾ ഗർഭിണിയായിരുന്ന ഷെറിൻ ഒരു പെൺകുട്ടിയെ പ്രസവിച്ചു. കുഞ്ഞിനെ ഓർഫനേജിൽ എത്തിച്ചശേഷം ഔതക്കുട്ടിച്ചായനും ആൺമക്കളുംകൂടി ഷെറിനെ ടോണി എന്ന ഗൾഫുകാരന് വിവാഹം കഴിച്ചുകൊടുത്തു. കുട്ടിയെ കാണാതെ സമനില തെറ്റിയ ഷെറിനെ ടോണി ഉപേക്ഷിച്ചു. ഷെറിന്റെ കുഞ്ഞിനെ കണ്ടെത്തുന്നതിന് അലീനയും സ്റ്റാൻലിയും സിക്കിമിൽ എത്തി. ബ്രിജീത്താ മമ്മിയുടെ തണലിൽ തന്റെയും രേവതിക്കുട്ടിയുടെയും ഒപ്പം വളർന്ന ചിന്നുമോളാണ് ഷെറിന്റെ മകളെന്ന സത്യം സിറ്റർ മരിയ ജോസഫൈനിൽനിന്നും അലീന മനസ്സിലാക്കുന്നു. അലീന വിവരം രേവതിക്കുട്ടിയെ അറിയിക്കുന്നു.

(തുടർന്നു വായിക്കുക)

# മഴ തോരും മുൻപേ...

ജോയ്സി

**150**

ത്യാഗഭവനത്തിന്റെ ഗേറ്റിനരികെ കാർ ചെന്നു നിന്നു. മുൻവരാന്തകളിൽ ലൈറ്റുകൾ തെളിഞ്ഞിരുന്നു.

രേവതിക്കുട്ടിയേക്കാൾ മുൻപേ മാമച്ചൻ കാറിൽ നിന്നിറങ്ങി

"ഇറങ്ങിവാ... "

ഡോർ തുറന്നുകൊണ്ടു ഗ്രേസമ്മ ഷെറിനെ ക്ഷണിച്ചു. ഷെറിന് അതിശയമായി. എല്ലാവരിലും കാണാനുണ്ട് അനിയന്ത്രിതമായൊരു തിടുക്കം.

"ഇത്, ഇതു നമ്മളന്നു വന്ന സ്ഥലമല്ലേ.... ഓർഫനേജിലുള്ള ഒരു കുട്ടിയെ കാണാൻ വേണ്ടി...."

ഷെറിൻ സംശയത്തോടെ ചുറ്റുപാടുകൾ നോക്കി.

"സ്ഥലം അതുതന്നെ. ഇറങ്ങി വാ മോളേ...."

"ഞാനിവിടെ കാറിനകത്തിരുന്നോളാം ആന്റീ. എനിക്ക് ഓർഫനേജിലെ കുഞ്ഞുങ്ങളെ കാണാൻ വയ്യ."

"ഇന്ന് അതുപറ്റില്ല. നീയും കൂടി വരണം." മാമച്ചൻ പറഞ്ഞു.

ഷെറിൻ ദയനീയമായി അയാളെ നോക്കി. ഗത്യന്തരമില്ലാതെ കാറിൽനിന്ന് ഇറങ്ങി. മാമച്ചൻ പറയുമ്പോൾ അനുസരിക്കാതിരുന്നുകൂടാ.

"നമ്മളു കുറച്ചു ദിവസം മുൻപല്ലേ വന്നു കണ്ടിട്ടു പോയത്? ഇങ്ങനെ പെട്ടെന്ന് വീണ്ടും വരാനെന്താ കാരണം? ആ കുട്ടിക്ക് അസുഖം കൂടിയോ? അതോ, ഇങ്ങനെ എല്ലാ ആഴ്ചയും വരാറുണ്ടോ?"

ഷെറിന്റെ സംശയങ്ങൾക്ക് ആരും മറുപടി കൊടുത്തില്ല. മാമച്ചൻ മുൻപേ നീങ്ങിക്കഴിഞ്ഞിരുന്നു. കൂടെത്തന്നെ രേവതിക്കുട്ടിയും.

മടിച്ചു നിന്ന ഷെറിന്റെ കയ്യിൽപിടിച്ചുകൊണ്ടു ഗ്രേസമ്മ പതിയെ നീങ്ങി.

കോളിങ് ബെൽ കേട്ടു കോൺവെന്റിന്റെ വാതിൽ തുറന്നു വന്ന സിസ്റ്റർ ആഗ്നസ് മാമച്ചനെയും രേവതിക്കുട്ടിയെയും കണ്ട് ആശ്ചര്യപ്പെട്ടു.

കഴിഞ്ഞ ആഴ്ചയാണ് ഇവർ വന്നിട്ടുപോയത്!

"ഇതെന്താ ഈ രാത്രിയിൽ?"

"ഞങ്ങൾക്കു ചിന്നുമോളെ ഒന്നു കാണണം." മാമച്ചൻ പറഞ്ഞു

"അയ്യോ... സമയം കഴിഞ്ഞല്ലോ. ഇനിയിപ്പോ കാണാൻ പറ്റോ? ഏഴര മണി കഴിഞ്ഞു"

"അവൾക്കൊരു സമ്മാനം കൊടുക്കാനുണ്ടു സിസ്റ്റർ."

"ഇവിടെ ഏൽപ്പിച്ചാ മതി... ഞങ്ങളു കൊടുത്തോളാം അതു പോരേ?"

"പോരാ.... നേരിട്ടു കൊടുക്കണം."

"മാമച്ചന്റെ സ്വരത്തിൽ അൽപ്പം അധികാരമുണ്ടോ? സിസ്റ്റർ ആഗ്നസ് വിസ്മയാധീനയായി."

"ബുദ്ധിമുട്ടിക്കുന്നതിൽ വിഷമമുണ്ട് സിസ്റ്റർ. പക്ഷേ, ഞങ്ങൾക്ക് അവളെ കാണണം."

"നിങ്ങൾ എവിടെയെങ്കിലും പോയിട്ടു വരികയാണോ? രാത്രിയായതുകൊണ്ടാ ചോദിച്ചത്."

"ചിന്നുമോളെ കാണാൻ വേണ്ടി മാത്രം എറണാകുളത്തുനിന്നു കാറോടിച്ചു വരികയാ."

അപ്പോഴേക്കും ഷെറിനും ഗ്രേസമ്മയും കൂടി അവിടേക്കു വന്നു.

സിസ്റ്റർ ആഗ്നസിനു മാമച്ചനെ മുഷിപ്പിക്കാൻ വയ്യായിരുന്നു. ചിന്നുമോളെ സ്പോൺസർ ചെയ്തിരിക്കുന്ന ആളാണ്. അതുകൂടാതെ, ഓർഫനേജിനു വേണ്ടിയും കയ്യയച്ചു സംഭാവനകൾ നൽകിയിട്ടുണ്ട്.

ആഗ്നസ് സിസ്റ്റർ അകത്തേക്കു പോയി.

അൽപ്പം കഴിഞ്ഞ് ഒരു താക്കോൽ കൂട്ടവുമായി വന്നു. ഓർഫനേജിന്റെ ഓഫിസ് കെട്ടിടത്തിനുനേർക്കു സന്ദർശകരെയും കൂട്ടിക്കൊണ്ടു നടന്നു. ഓഫിസ് തുറന്നു സന്ദർശകർക്കുള്ള മുറിയിൽ അവരെ സ്വീകരിച്ചു.

"കുട്ടികളിപ്പോൾ അത്താഴം കഴിക്കുകയായിരിക്കും." സിസ്റ്റർ ആഗ്നസ് പറഞ്ഞു: "ഇങ്ങോട്ടു വിളിച്ചോണ്ടു വരണോ? എന്തെങ്കിലും കൊടുക്കാനുണ്ടെങ്കിൽ ആരെങ്കിലും ഒരാൾ കൊണ്ടുപോയി കൊടുത്താൽ പോരേ?"

"ഇങ്ങോട്ടു കൂട്ടിക്കൊണ്ടു വരാം സിസ്റ്റർ. ഞങ്ങൾക്കെല്ലാവർക്കും കാണണം. ഞാൻ ചെല്ലാം. എനിക്കറിയാമല്ലോ അവരുടെ ഭക്ഷണമുറി." രേവതിക്കുട്ടി പറഞ്ഞു.

സിസ്റ്റർ ഒരു നിമിഷം ആലോചിച്ചു.

"ആരാ എന്റെ കൂടെ വരുന്നത്?"

രേവതിക്കുട്ടി മാമച്ചനെയും ഗ്രേസമ്മയെയും നോക്കി. മാമച്ചൻ വായ് തുറക്കാൻ ഭാവിച്ചപ്പോഴേക്കും ഞാൻ വരാം എന്നു പറഞ്ഞു ഗ്രേസമ്മ മുൻപോട്ടു കയറി നിന്നു.

രേവതിക്കുട്ടിയും ഗ്രേസമ്മയും കൂടി ട്യൂബ് ലൈറ്റിന്റെ പ്രകാശം വീണുകിടന്ന നീണ്ട വരാന്തയിലൂടെ നടന്നു. രണ്ടു കെട്ടിടങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടു മേൽക്കൂരയുള്ള ഒരു നടപ്പാതയുണ്ടായിരുന്നു. അതിലൂടെ അവർ രണ്ടാമത്തെ കെട്ടിടത്തിൽ എത്തി.

സിസ്റ്റർ ആഗ്നസ് പറഞ്ഞതുപോലെ, കുട്ടികളെല്ലാം അത്താഴം കഴിക്കുകയായിരുന്നു.

അൽപ്പം മുതിർന്ന കുട്ടികൾ ഡസ്കും ബെഞ്ചുമുള്ള ഭാഗത്തിരുന്നാണു കഴിക്കുന്നത്. ചെറിയ കുട്ടികൾ നിലത്തു വിരിച്ച കാർപ്പെറ്റിലിരുന്നുകൊണ്ടും. ഹാളിന്റെ മധ്യത്തിലെ വാതിൽ കടന്നു നിന്നുകൊണ്ടു രേവതിക്കുട്ടി കുട്ടികൾക്കിടയിൽ എവിടെയാണു ചിന്നുമോൾ എന്നു നോക്കി. എന്നിട്ടു ഗ്രേസമ്മയുടെ കൈമുട്ടിൽ തോണ്ടി:

"ആന്റീ ദാ... അതു കണ്ടോ?"

രേവതിക്കുട്ടി ചൂണ്ടിക്കാണിച്ചു.

നിലത്തു ചമ്രംപടിഞ്ഞിരുന്ന്, സ്റ്റീൽ പ്ലേറ്റിൽ നിന്ന് ഒരു സ്പൂൺ ഉപയോഗിച്ച് ഉദാസീനമായി കഞ്ഞി കോരിക്കുടിക്കുന്ന ചെറിയ കുട്ടി.

ചിന്നുമോളെ ഗ്രേസമ്മയും കണ്ടു.

ഗ്രേസമ്മ സ്നേഹപരവശയായി.

അവർക്കു കരച്ചിലും വന്നു.

തന്റെ മകന്റെ കുഞ്ഞാണത്. അവൻ ഇപ്പോൾ ഭൂമിയിലില്ല. മൺമറഞ്ഞുപോയിട്ട് ആറു വർഷം!

താൻ ആദ്യമായിട്ടാണു ചിന്നുമോളെ കാണുന്നതെന്നും രേവതിക്കുട്ടിക്കു തോന്നി. തന്റെയും അലീനചേച്ചിയുടെയും കൈകളിൽ കിടന്നു വളർന്ന അനാഥക്കുട്ടിയാണ്. ഇപ്പോൾ അദ്ഭുതകരമായ തിരിച്ചറിവുകളുടെ സ്വർണനൂലിഴകൾ കൊണ്ടു തങ്ങളെല്ലാം പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നു! ഉറവ കിനിഞ്ഞുവന്ന കണ്ണുനീരിലൂടെ അവൾ ആ പൊൻനൂലിഴകൾ കണ്ടു. അലീനചേച്ചിയിൽ നിന്നാണ് അവ ഊടും പാവും നെയ്തു തുടങ്ങുന്നത്. ആരെയെല്ലാം തമ്മിൽ ഇണക്കിച്ചേർത്തുകൊണ്ടാണ് അവ പടർന്നു പോകുന്നത്!

ചിന്നുമോൾ കഞ്ഞി കുടിക്കുന്നതു മതിയാക്കി അവളുടെ പ്ലേറ്റുമായി എഴുന്നേറ്റു. എച്ചിൽ പ്ലേറ്റുകളും സ്പൂണുകളും കഴുകി വെക്കേണ്ട സ്ഥലത്തേക്കു ചെന്നു ടാപ്പ് തുറന്നു അവ കഴുകി. ഒരു വലിയ ചരുവത്തിനുള്ളിൽ അവ നിക്ഷേപിച്ചു. അവൾ പോയി കയ്യും വായും കഴുകി. തിരികെ നടന്നുവരുന്നതിനിടയിൽ കുനിഞ്ഞ് ഫ്രോക്കിന്റെ തുമ്പുയർത്തി മുഖം തുടച്ചു. എന്നിട്ടു നിവരുമ്പോഴാണ് അവൾ ഹാളിന്റെ വാതിലിനടുത്തു നിന്നു നടന്നുവരുന്ന രേവതിക്കുട്ടിയെ കണ്ടത്.

കൂടെ അവൾക്കു മുൻപു പരിചയമുള്ള ഗ്രേസമ്മയാന്റിയും.

ചിന്നുമോൾ ചിരിയോടെ രണ്ടു നിമിഷം രേവതിക്കുട്ടിയെ നോക്കി നിന്നു.

അവളുടെ കൊച്ചുകണ്ണുകളിൽ സന്തോഷത്തോടൊപ്പം അതിശയവും നിറഞ്ഞു.

രേവതിക്കുട്ടിയേക്കാൾ ഒരു ചുവടു മുൻപേ അവളെ സമീപിച്ചതു ഗ്രേസമ്മയായിരുന്നു.

അവർ കുനിഞ്ഞു ചിന്നുമോളുടെ ഇരുചുമലിലും പിടിച്ചു. അവളുടെ മുഖത്തേക്ക് ഉറ്റുനോക്കി.

ഗ്രേസമ്മയാന്റി ഒച്ചയില്ലാതെ കരയുന്നതു കണ്ടു ചിന്നുമോൾ അമ്പരന്നുപോയി.

'ന്റെ... പൊന്നേ' എന്നു തേങ്ങിക്കൊണ്ടു ഗ്രേസമ്മ അവളെ തന്റെ ദേഹത്തേക്കു വാരിയണച്ചു.

അതുകണ്ടപ്പോൾ രേവതിക്കുട്ടിക്കും കരയണമെന്നു തോന്നി.

ഹാളിലുണ്ടായിരുന്ന കുട്ടികൾ അമ്പരപ്പിൽ നോക്കി നിൽക്കുകയാണ്. അവർക്കു ഭക്ഷണം വിളമ്പികൊടുക്കാൻ നിന്നിരുന്ന മുതിർന്നവരും.

ഓർഫനേജിന്റെ കാര്യാലയത്തിലെ പാർലറിൽ കാത്തുനിന്ന മാമച്ചനു ക്ഷമയറ്റു. സമയം എന്തു മാത്രമാണു കടന്നുപോയത്! ചിന്നുമോളെ കൂട്ടിക്കൊണ്ടു വരാൻ പോയവർ എന്തു ചെയ്യുകയാണ്?

സിസ്റ്റർ ആഗ്നസ്, ഷെറിനുമായി ഇടയ്ക്കിടെ അൽപ്പാൽപ്പം, സംസാരിക്കുന്നുണ്ടായിരുന്നു. അലീനയുടെ ഇളയമ്മ എന്നാണു മാമച്ചൻ അവളെ സിസ്റ്റർ ആഗ്നസിനു പരിചയപ്പെടുത്തിയത്. മറ്റൊരു ബന്ധംകൂടി പറയാനുണ്ടെന്നും അത് ഉടനെ പറയാമെന്നും കൂടി അയാൾ അറിയിച്ചു.

എവിടെയാണു ഷെറിൻ താമസിക്കുന്നത്, കല്യാണം കഴിച്ചോ, ഭർത്താവ് എന്തു ചെയ്യുന്നു ഇത്യാദി ചോദ്യങ്ങൾക്കെല്ലാം ഷെറിൻ സിസ്റ്റർ ആഗ്നസിനു മറുപടി കൊടുത്തു കഴിഞ്ഞു.

അങ്ങനെ കാത്തുനിൽക്കേ ഗ്രേസമ്മയും രേവതിക്കുട്ടിയും വരുന്നതു മാമച്ചൻ കണ്ടു. ഗ്രേസമ്മ കുട്ടിയെ തോളത്തിട്ടുകൊണ്ടാണു

വരുന്നത്. അതു കണ്ടപ്പോൾ മാമച്ചന്റെ നെഞ്ചു പിടച്ചു.

അകാലത്തിൽ തങ്ങളിൽനിന്നു വേർപിരിഞ്ഞുപോയ തന്റെ ഏകപുത്രന്റെ ജീവനാണ് ഗ്രേസമ്മ തിരികെ കൊണ്ടുവരുന്നത്.

അതു ഭൂമിയിൽ അവശേഷിക്കുന്നുണ്ടെന്ന് വർഷങ്ങളോളം തങ്ങൾ അറിഞ്ഞിരുന്നില്ല. അവന്റെ ശരീരമില്ലെന്നേയുള്ളൂ.

പാർലറിന്റെ വാതിൽക്കലെത്തിയപ്പോൾ ഗ്രേസമ്മ ചിന്നുമോളെ താഴെ നിർത്തി. എന്നിട്ടു മുറിക്കുള്ളിലേക്കു കൈ ചൂണ്ടി ചോദിച്ചു.

“അതാരാണെന്നു മോൾക്കറിയോ?”

ചിന്നുമോൾ ഉടൻ തിരിച്ചറിഞ്ഞു.

“അറിയാം...” ചിന്നുമോൾ തല കുലുക്കി

“മാമച്ചങ്കിൾ.”

“അതോ?”

ഗ്രേസമ്മ ഷെറിന്റെനേർക്കു വിരൽ ചൂണ്ടി.

ഇല്ല.... ചിന്നുമോൾക്കു പരിചയമില്ല.

ഇല്ലെന്ന് അവൾ തല വെട്ടിച്ചു.

മാമച്ചന്റെ പിറകിലായിരുന്നു ഷെറിൻ. അവൾ ചിന്നുമോളുടെ നേർക്കുതന്നെ സൂക്ഷിച്ചു നോക്കുകയായിരുന്നു. അവളുടെ തലച്ചോറിനുള്ളിൽ ഏതോ ദുരൂഹതയുടെ മന്ത്രോച്ചാരണങ്ങൾ ഉതിർന്നു. അവളുടെ



ഓർമകളിൽ ഒരു ചുഴലികാറ്റിന്റെ കെട്ടുകളഴിഞ്ഞു. അവളുടെ നെഞ്ചിലൊരു പാൽക്കടൽ പ്രക്ഷുബ്ധമായി.

ദൈവമേ... ഇതാരാണ്!

രേവതിക്കുട്ടി ചിന്നുമോളെ അവളുടെ മുന്നിലേക്കു നീക്കി നിർത്തി.

“ഞങ്ങടെ ചിന്നുമോളാ ഇത്. ഷെറിൻചേച്ചി ഒന്നു നോക്കിക്കേ പരിചയമുണ്ടോന്ന്.”

ഷെറിന്റെ ഉടൽ, ഒരു ശീതക്കാറ്റടിച്ചെന്നപോലെ കുളിർന്നു വിറച്ചു. പിന്നെ ഒരു വെളിപാടിന്റെ അഗ്നിപർവതം, ലാവ തിളച്ചുമറിഞ്ഞ്, അഗ്നിശലാകകൾ ഉതിർത്ത് ഒരു പൊട്ടിത്തെറിക്കായി കിടിലംകൊണ്ടു.

*** *** ***

ശരണ്യയോടു സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയിൽത്തന്നെ, മൊബൈലിൽ കോളുകൾ വരുന്നതു രോഹിത്ത് അറിയുന്നുണ്ടായിരുന്നു.

ഇടയ്ക്ക് അവൻ അവളോടു പറഞ്ഞു:

“അഞ്ചു മിസ് കോളുണ്ട്.... നിർത്തട്ടെ.”

അവൻ കോൾ ഓഫാക്കിയ ഉടൻ വീണ്ടും ഫോൺ റിങ് ചെയ്തു. പരിചയമില്ലാത്ത ഒരു നമ്പർ.

അവൻ കോൾ അറ്റൻഡ് ചെയ്തു.

“ആരാണെന്നു മനസ്സിലായോ?”

രോഹിത്തിന് ആദ്യം മനസ്സിലായില്ല.

എന്നിട്ടും തട്ടിവിട്ടു:

“എനിക്കു മനസ്സിലായി.”

“എന്നാൽ പറ ആരാണെന്ന്.”

മസിൽ പിടിച്ച് ടോൺ മാറ്റിയാണു സംഭാഷണമെന്ന് അവൻ ഊഹിച്ചു.

“എന്നെ കളിയാക്കാൻ നോക്കല്ലേ... ആർക്കും അറിയത്തില്ലാത്തപോലെ.... എന്തിനാ ഈ അഭിനയം?”

പറയുന്നതിനിടയിൽ അവൻ ആ ശബ്ദം ആരുടേതെന്നു ട്രേയ്സ് ചെയ്യാൻ തീവ്രശ്രമം നടത്തിക്കൊണ്ടിരുന്നു.

“അത്ര മിടുക്കനാണെങ്കിപ്പറ.... ആരാണെന്ന്.”

“ചുമ്മാ പരീക്ഷിക്കല്ലേ... ഞാനിതിനേക്കാൾ വല്യ നമ്പരിറക്കിയിട്ടുള്ളവനാ. ഹ്ഞേ.. അലീനചേച്ചിയല്ലേ ഇത്. മൈ ഗോഡ്! ഇതെന്തുപറ്റി.... മാക്രി കരയുന്നതു പോലെ...”

അപ്പുറത്തു ചിരി

“ഇതുവരെ മനസ്സിലായില്ലാരുന്നു, അല്ലേടാ കള്ളാ!”

“മനസ്സിലായല്ലോ. ഇതെന്താ ഇങ്ങനെ... സ്വനപേടകം മാറ്റിവയ്ക്കുന്ന ശസ്ത്രക്രിയ വല്ലതും നടത്തിയോ? ഇപ്പം എവിടെയാ... ബംഗാളിലോ മറ്റോ പോകുമെന്നു പറഞ്ഞിട്ടു പോയോ?”

“പോയി.”

“വെറുതെയല്ല... അവിടൊരു ചുഴലിക്കാറ്റുണ്ടായെന്നു പത്രത്തിലും ടീവീലുമൊക്കെ കണ്ടു. അവിടേം ചെന്നു നശിപ്പിച്ചോ? ഇവിടൊരു കുടുംബം കുളം തോണ്ടിയിട്ടിരിക്കയാണല്ലോ.”

“എടാ മോനേ, ഞാനിപ്പം സിക്കിമിലാ.”

“സിക്കിം... ഭൂട്ടാൻ? ലോട്ടറികളേക്കുറിച്ചു കേട്ടിട്ടുള്ള ജ്ഞാനമേയുള്ളൂ.”

“ങ്ഹാ... ഇതും അതുപോലൊരു ഭാഗ്യ പരീക്ഷണത്തിന് ഇറങ്ങിത്തിരിച്ചതാ.”

“എന്നിട്ട്... അടിച്ചോ ലോട്ടറി?”

“എപ്പഴേ അടിച്ചു! പണ്ടേ അടിച്ച ലോട്ടറിയല്ലേ. പക്ഷേ, നമ്മളാരും അറിഞ്ഞില്ലെന്നേയുള്ളൂ.”

“റാണിയാന്റീടെ മോളെ കണ്ടുപിടിച്ചോ?”

“അതല്ലേ പറഞ്ഞത്.”

“നേരാണോ അലീനചേച്ചീ.... അതോ, എന്നെയിട്ടു കുരങ്ങുകളിപ്പിക്കുവാണോ?”

“സത്യമാണെടാ.. റാണിയാന്റീടെ മോൾ ആരാണെന്നറിയേണ്ടേ നിനക്ക്? നീ കണ്ടിട്ടുണ്ട്... നീയവളെ എടുത്തിട്ടുണ്ട്... നിന്റെ മടിയിൽ ഇരുത്തിയിട്ടുണ്ട്.... നീ അവൾക്ക് ഐസ്ക്രീം വാങ്ങി കൊടുത്തിട്ടുണ്ട്.... നീ അവൾക്ക് ഉമ്മകൊടുത്തിട്ടുണ്ട്. ഇനീം വേണോ ക്ലൂ?”

“ഈശ്വരാ! അലീനചേച്ചി എന്തൊക്കെയാ ഈ പറയുന്നെ? രേവതിക്കുട്ടിയോടു ഞാനങ്ങനൊന്നും ചെയ്തിട്ടില്ലല്ലോ.... അല്ലെങ്കിലും അത്രേം പ്രായോം വരില്ലല്ലോ. പിന്നെ ആരാണുപോലും.... ഒരു ക്ലൂവും കൂടി താ അലീനചേച്ചീ.”

“നമ്മളൊരിക്കൽ കൊല്ലത്തു പോയത് ഓർക്കുന്നുണ്ടോ? നീ എറണാകുളത്തു വന്നപ്പോൾ....”

“എന്റീശ്വരാ! ചിന്നുമോളാണോ അലീനചേച്ചീ?”

“അതെയെന്നേ...”

“ഏയ്... ചുമ്മാ... എന്നെ കളിപ്പിക്കല്ലേ... സത്യമാണോ ചേച്ചീ?”

“സത്യം... സത്യം.... സത്യം...”

“അയ്യോ! ഇതെങ്ങനെ സംഭവിച്ചു.... എങ്ങനെ കണ്ടുപിടിച്ചു?”

“അതെല്ലാം ഞാനവിടെ വന്നിട്ടു വിസ്തരിച്ചു പറയാം. ഇതു പപ്പേടെ ഫോണീന്നു കട്ടുവിളിക്കുവാ. എന്റെ ഫോണിന് ഇവിടെ റെയ്ഞ്ചില്ല. അല്ലെങ്കിലും ഇവിടുന്ന് എസ്.ടി.ഡിയല്ലേ.”

“എന്നാലും ഇതൊരു അത്ഭുതസംഭവമാണല്ലോ അലീനചേച്ചീ. രേവതിക്കുട്ടിയെ വിളിച്ചു പറഞ്ഞോ?”

“പറഞ്ഞു. റാണിയാന്റീം അവിടെയുണ്ടായിരുന്നല്ലോ. അവര് അപ്പത്തന്നെ കൊല്ലത്തേക്കു പോയി.”

“എന്തായിരുന്നു റാണിയാന്റീടെ പ്രതികരണം?”

“റാണിയാന്റീടടുത്തു പറഞ്ഞില്ല. പറയണ്ടെന്നു ഞങ്ങളു തീരുമാനിച്ചു. വിളിച്ചോണ്ടു പോയി നേരെ മുന്നിൽ നിർത്തീട്ടു കാണിച്ചുകൊടുക്കുക. റാണിയാന്റിതന്നെ സ്വന്തം മോളെ തിരിച്ചറിയട്ടെ. അതൊരു ഷോക്ക് ട്രീറ്റ്മെന്റും കൂടിയാകും.”

“അലീനചേച്ചീടെ സ്വരത്തിന് എന്തുപറ്റിയതാ?”

“ഇവിടെ തണുപ്പല്ലേ.... ഹിമാലയത്തിന്റെ അടിവാരമാണെന്നു പറയാം. ഇവിടെ വന്നതേ, എനിക്കു കോൾഡ് പിടിച്ചു. നേരം ഇരുട്ടുമ്പം തൊണ്ടേം മൂക്കും അടയും.”

“എന്നാ അലീനചേച്ചീ അവിടുന്നു തിരിച്ചുപോരുന്നത്?”

“നാളെ... അല്ലെങ്കിൽ മറ്റന്നാൾ. എന്നെ കുറേ കാഴ്ചകളു കാണിച്ചുതന്നിട്ടേ പപ്പ ഇവിടുന്നു തിരിച്ചുകൊണ്ടുപോകത്തൊള്ളു.”

“അതു മതിയല്ലോ.”

“എനിക്കാണെങ്കിൽ ചിന്നുമോളേം റാണിയാന്റിയേം ഇപ്പത്തന്നെ കാണണം.”

“ഇവിടെ വരുമ്പം കാണാല്ലോ. എന്നെക്കൂടി വിളിക്കണേ ചേച്ചീ.... ഞാനു വരാം.”

ഞാൻ വിളിച്ചപ്പോഴൊക്കെ നിന്റെ ഫോൺ എൻഗേജ്ഡായിരുന്നല്ലോ.

“ശരണ്യേടടുത്തു സംസാരിക്കുവായിരുന്നു. അവളെപ്പോഴും അലീനചേച്ചീടെ കാര്യം ചോദിക്കും. അവൾക്ക് അലീന ചേച്ചിയെ കാണാൻ കൊതി.”

“അവളിപ്പം എന്തു ചെയ്യുവാ?”

“എൻട്രൻസിന്റെ കോച്ചിങ്ങിനു പോകുന്നുണ്ട്.”

“ഞാനൊരു ദിവസം അവിടെ വരുന്നുണ്ട്.... എല്ലാവരേം കാണാൻ... ബബിത എവിടെ?”

“അവൾടെ റൂമിൽ കാണും. അവളു പിന്നേം ആ പഴയ ആറ്റിറ്റ്യൂഡിലേക്കു തിരിച്ചുപോയി, കേട്ടോ?”

“എന്തുപറ്റി.... നീ അവളോടു സംസാരിക്കാറില്ലേ?”

“അവൾക്കു താൽപര്യമില്ല. വാ തുറക്കേണ്ടേ അവൾടെ റൂമിലങ്ങനെയിരിക്കും. ചിലപ്പോ അമ്മയോടു സംസാരിക്കണ കേൾക്കാം. അവരുതമ്മിൽ എത്ര സ്നേഹത്തിൽ തുടങ്ങിയാലും അവസാനം അടിച്ചു പിരിയും.”

“അച്ചരനോടു ചോദിച്ചാൽ അവളെ കുറച്ചു ദിവസം എന്റെ കൂടെ വിട്ടയയ്ക്കോ... കുളത്തൂപ്പുഴയ്ക്ക്?”

“നന്നായി! അന്ന് അമ്മ വീടെടുത്തു തല കീഴായിട്ടു മറിച്ചിടും.”

രോഹിത്ത് ചെറുചിരിയോടെ പറഞ്ഞു.

“അച്ചരനെന്തു പറയുന്നു?”

“അച്ചരൻ എന്തു പറയാൻ! അച്ചരന്റെ ജോലി കൃത്യമായിട്ടു ചെയ്യുന്നു.”

“മക്കളുടെ ഭാവി കാര്യങ്ങളിൽ തീരുമാനമെടുക്കുമ്പം അച്ചരനതിൽ പ്രധാന പങ്കു വഹിക്കേണ്ടതല്ലേ.”

“അതെല്ലാം അമ്മയുടെ ജൂറിസ്ഡിക്ഷനിൽപ്പെടുന്ന കാര്യങ്ങളാ. ആദ്യം മുതലേ അതങ്ങനെയായിരുന്നു. അമ്മ പറയും നമുക്ക് രോഹിത്തിനെ സെന്റ് സേവ്യറിൽ ചേർത്തു പഠിപ്പിക്കാം അല്ലേ? അച്ചരൻ ശരി ശരി എന്നു സമ്മതിക്കും. എന്നിട്ട് അമ്മ എല്ലാവരോടും പറയും, എല്ലാം ഞാൻ ബാലേട്ടന്റെ അഭിപ്രായമനുസരിച്ചാ ചെയ്തതെന്ന്. ബാലേട്ടൻകൂടി പറഞ്ഞിട്ടല്ലേ ഞാൻ രോഹിത്തിനെ സെന്റ് സേവ്യറിൽ ചേർത്തത്? അച്ചരനെന്തു പറയും. ശരിയല്ലേ. ഇതിനൊരു മറുവശമുണ്ട് ചേച്ചീ. അച്ചരനാണ് ആദ്യം പറയുന്നതെന്നിരിക്കട്ടെ. നമുക്കു രോഹിത്തിനെ സെന്റ് സേവ്യറിൽ ചേർത്താലോ?

(ശേഷം 30-ാം പേജിൽ)

## നോവൽ

(29-ാം പേജിൽ നിന്നും)

ഉടൻ അമ്മ എതിർക്കും വേണ്ട വേണ്ട, അവനെ സേക്രട്ട് ഹാർട്ടിൽ ചേർത്താമതി. അതിനോടനുകുലിച്ചില്ലെങ്കിൽ കലഹം ഉറപ്പ്. ഒടുവിൽ അമ്മയുടെ തീരുമാനമേ ഫലത്തിൽ വരൂ. അതുകൊണ്ട് അച്ചരൻ എതിർക്കുന്ന പരിപാടി നിർത്തിയിട്ടു റാൻ റാൻ എന്നു മൂളി ശീലിച്ചു. മനസ്സുഖമുണ്ടല്ലോ.”

“പഴയ അവസ്ഥയല്ലല്ലോ ഇപ്പോഴുള്ളത്. അച്ചരൻ ചില ഉറച്ച നിലപാടുകൾ എടുത്തിട്ടുണ്ടല്ലോ. നിങ്ങളുടെ കാര്യത്തിലും അച്ചരൻ സ്വന്തം അഭിപ്രായമെടുത്ത് അതിലുറച്ചു നിൽക്കണം. എല്ലാവരും കൂടി അമ്മയുമായിട്ടു ചർച്ച ചെയ്യണം.”

“തീവ്രവാദീം മിതവാദീം കൂടി എന്തു ചർച്ച! തീവ്രവാദി പറയും കഴുത്തു കണ്ടിക്കണമെന്ന്. മിതവാദി പറയും ശാസിച്ചുവിട്ടാ മതിയെന്ന്. ലോകത്തൊരിടത്തും തീവ്രവാദീം മിതവാദീം കൂടി ഒത്തുതീർപ്പില്ല. ഇപ്പത്തന്നെ അച്ചരൻ ബബിതയോടു പറഞ്ഞു എൻജിനീയറിങ്ങിനു പോകാൻ. അവൾക്കും അതായിരുന്നു താൽപര്യം.”

“പിന്നെന്തുകൊണ്ട് അവൾ ഡിഗ്രിക്കു ചേരുന്നു. നിങ്ങൾക്കെല്ലാം സ്വന്തം അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൂടെ?”

“ചേച്ചി, സർക്കസ് കൂടാരത്തിലെ മൃഗങ്ങളെ കണ്ടിട്ടില്ലേ. ആനയും സിംഹവും കടുവയുമൊക്കെ എതിർപ്പില്ലാഞ്ഞിട്ടാണോ മൃഗശിക്ഷകനെ പേടിക്കുന്നത്. ഒറ്റയടിക്ക് അയാളുടെ തലച്ചോറു ചിതറിക്കാനുള്ള കരുത്തില്ലാഞ്ഞിട്ടാണോ? ചാട്ടവാറിന്റെ ചീറ്റൽ കേൾക്കുമ്പോൾ അവ അടങ്ങി അനുസരണയോടെ നിൽക്കും. അടിമത്തം ശീലിച്ചുപോയി.”

മറുവശത്തു മറുപടിയില്ല.

രോഹിത്ത് അൽപ്പസമയം കാത്തു.

“അവളെന്നാ പോണത് എറണാകുളത്തിന്?”

“അടുത്തയാഴ്ച.”

“ദേ പപ്പ വന്നു.... ഞാൻ പിന്നെ വിളിക്കാം കേട്ടോ....”

“ശരി ചേച്ചീ... ഗുഡ് നൈറ്റ്.”

“ഗുഡ്നൈറ്റ്.”

രോഹിത്ത് കോൾ നിർത്തി.

കുറച്ചു കഴിഞ്ഞപ്പോൾ അച്ചരന്റെ കാർ ഗേറ്റു കടന്നുവരുന്നത് അവൻ ജനലിലൂടെ കണ്ടു.

രേവതിക്കുട്ടിക്ക് ഫോൺ ചെയ്യണമെന്നു വിചാരിച്ച് അവൻ നമ്പർ പ്രസ് ചെയ്യുമ്പോഴേക്കും കൃഷ്ണജ താഴെ നിന്ന് അവനെ അത്താഴം കഴിക്കാൻ വിളിച്ചു.

അവൻ പാസേജിലേക്കിറങ്ങി.

അമ്മയും ബബിതയും ഡൈനിങ് ടേബിളിലുണ്ട്. എവിടെയോ പറഞ്ഞു നിർത്തിയതു തുടരുന്നപോലെ വൈജയന്തി പൊടുന്നനേ പറഞ്ഞു തുടങ്ങി.

“കല്യാണമേ വേണ്ടെന്നു വിചാരിച്ച് അതിലുറച്ചു നിന്നവളാ ഞാൻ. വേറെ എത്രയോ നല്ല പുരുഷന്മാരെ കിട്ടുമായിരുന്നു എനിക്ക്.”

അച്ചരൻ താഴെയെത്തിയെന്നും അച്ചരൻ കേൾക്കാൻ വേണ്ടി പറയുന്നതാണെന്നും രോഹിത്തിനു മനസ്സിലായി.

ബബിതയോടാണു ചോദ്യം

“കൊല്ലപ്പള്ളി കൈതയ്ക്കൽ മാളികവീട്ടുകാർ ആരായിരുന്നെന്നാ നിന്റെ വിചാരം!”

“ഞങ്ങൾടെ കൊപ്രാ മില്ലിലെ തേങ്ങാപ്പിണ്ണാക്കു തിന്നു വളർന്നവനാ നിന്റച്ചരൻ. കൊപ്രയാട്ടുന്ന ജോലിയായിരുന്നു ബാലേട്ടന്റെ അച്ചരന്. ഞാൻ വേണ്ടാ വേണ്ടാന്നു നൂറുവട്ടം പറഞ്ഞതാ. ആരു കേൾക്കാൻ! അച്ചരനു ദുർബുദ്ധി തോന്നിയ നേരത്താ, സ്വന്തം മകളെ പണിക്കാരന്റെ മകനെക്കൊണ്ടു കെട്ടിച്ചത്. അതെങ്ങനെ, ഒരാള് എന്റെ ഏട്ടന്മാരുടെ കാലും പിടിച്ചു കെഞ്ചി നടക്കായിരുന്നില്ലേ- വൈജയന്തിയെ ഞാൻ കല്യാണം കഴിച്ചോളാം. പൊന്നുപോലെ നോക്കിക്കൊള്ളാം. എനിക്കു കെട്ടിച്ചുതന്നില്ലെങ്കിൽ തുങ്ങിച്ചത്തുകളയും എന്നെല്ലാം പറഞ്ഞ്... എന്നിട്ടാണ് ഇപ്പഴീ ചതി. കിളിന്നു പെൺകുട്ടികളെ കണ്ടപ്പം എന്നെ വേണ്ട.”

അച്ചരൻ കോണിപ്പടി കയറിവരുന്നത് രോഹിത്ത് കണ്ടു. അമ്മയുടെ ഒച്ച കുറേക്കൂടി ഉയർന്നു.

അച്ചരനെ പ്രകോപിപ്പിക്കാൻവേണ്ടി മുള്ളും മുനയും കുപ്പിച്ചില്ലും വിഷവും പുരട്ടി വാക്കുകൾ എയ്തു വിടുകയാണ്.

ബാലചന്ദ്രമേനോൻ മകന്റെ മുന്നിലെത്തി.

അവനെ അർഥഗർഭമായി നോക്കി ചെറുതായൊന്നു ചിരിച്ചു.

“നാളെ ഒരു കുല പുവൻപഴം വാങ്ങണം നീ മാർക്കറ്റീന്ന്. വൈജയന്തി കൂടി കേൾക്കാൻ വേണ്ടി ഉറക്കെയാണു അയാൾ പറഞ്ഞത്.”

“നിന്റെ അമ്മ വായ് തുറക്കുമ്പം ഓരോന്നെടുത്തു കൊടുത്താമതി. ആരോഗ്യത്തിനും അതും ഗുണം ചെയ്യും.”

ബാലചന്ദ്രമേനോൻ രോഹിത്തിനെ കടന്ന് അയാളുടെ റൂമിനു നേർക്കു നടന്നുപോയി.

***  ***  ***

ചിന്നുമോൾക്കു കുറേശ്ശെ ശ്വാസം മുട്ടുന്നുണ്ടായിരുന്നു.

രണ്ടുകരങ്ങൾ അവളെ പൊതിഞ്ഞ് അമർത്തിപ്പിടിച്ചിരിക്കുകയാണ്. ഇടതടവില്ലാത്ത തേങ്ങലുകളിൽ വിറച്ചുകൊണ്ടിരുന്ന ഒരു നെഞ്ചിലാണ് അവളുടെ മുഖം. ആരുടെയോ വിരലുകൾ അവളുടെ പുറത്തും ശിരസിലും അരുമയോടെ തലോടുന്നുണ്ട്.

ചിന്നുമോൾ അൽപ്പം ബലം പിടിച്ചു മുഖം തെല്ലടർത്തി ഷെറിനെ നോക്കി. കരയുന്ന ഒരു മുഖമാണ് അവൾ കാണുന്നത്. കുറേനേരമായി അതങ്ങനെ തന്നെയായിരുന്നു. ചിലപ്പോൾ അവളുടെ മുഖത്തേക്കും കണ്ണുനീരിറ്റു വീണിരുന്നു. അപ്പോൾ ഈർഷ്യയോടെ അവളതു കൈകൊണ്ടു തൂത്തു.

ചുറ്റും നിൽക്കുന്നവരുടെ നേർക്കു ചിന്നുമോൾ കണ്ണോടിച്ചു. രേവയാന്റിം ഗ്രേസമ്മയാന്റിം മാമച്ചനങ്കിളും ആഗ്നസ് സിസ്റ്ററും ഉണ്ട്. കൂടാതെ അൽപ്പം മുൻപ് കോൺവെന്റിൽ നിന്നു ബാക്കി കന്യാസ്ത്രീകൾ കൂടി വന്നുചേർന്നിരിക്കുന്നു. ചിന്നുമോൾക്ക് അവളുടെ അമ്മയെ കിട്ടി എന്ന അത്ഭുതവാർത്ത കേട്ടിട്ടാണ് അവർ വന്നിരിക്കുന്നത്. അവർക്കു ചിന്നുമോളുടെ അമ്മയെ കാണണം.

അമ്മയെന്ന പദം കേട്ടിട്ടുണ്ടെന്നല്ലാതെ അതെന്താണെന്ന് ചിന്നുമോൾ അനുഭവിച്ചിട്ടില്ല. അതിന്റെ അർഥവും അവൾക്കറിയില്ല. ഇപ്പോൾ മാമച്ചനങ്കിളും രേവയാന്റിയും ആഗ്നസ് സിസ്റ്ററും അവളോടു പറഞ്ഞുകഴിഞ്ഞിരിക്കുന്നു. അവൾക്ക് അമ്മയുണ്ടെന്നും അത് അവരോടൊപ്പം മുറിയിലുള്ള സ്ത്രീയാണെന്നും.

ഇപ്പോൾ അവൾ അമ്മയുടെ മടിയിലാണിരിക്കുന്നതെങ്കിലും ആ മുഖം ശരിക്കു കണ്ടിട്ടില്ല. അവൾക്കും കാണണം തന്റെ അമ്മയെ. ചിന്നുമോൾ വീണ്ടും വീണ്ടും ഷെറിന്റെ മുഖത്തേക്കു നോക്കി. ഇങ്ങനെ ഇറുകെ കെട്ടിപ്പിടിച്ചു ശ്വാസം മുട്ടിക്കുകയും എങ്ങലടിച്ചു കരയുകയും കണ്ണീരു പുരണ്ട മുഖം തന്റെ മുഖത്തോടു ചേർത്തു നനഞ്ഞ ഉമ്മകൾ തരികയും ചെയ്യുന്ന ആളാണോ തന്റെ അമ്മ!

ആളുകൾ നോക്കി നിൽക്കുന്നതിൽ അവൾക്കു നാണക്കേടുണ്ടായിരുന്നു. ഇങ്ങനെ കെട്ടിപ്പിടിക്കാനും കരയാനും ഉമ്മവെയ്ക്കാനും എന്തുണ്ടായി എന്ന് അവൾക്കു മനസ്സിലായില്ല. ഷെറിന്റെ മടിയിൽനിന്നും ഊർന്നിറങ്ങാൻ അവൾ ആഗ്രഹിച്ചു. പക്ഷേ ഷെറിന്റെ കരങ്ങൾക്കുള്ളിൽ നിന്നു അവൾക്കു മോചനമുണ്ടായില്ല.

രേവതിക്കുട്ടിയും മാമച്ചനും കൂടി കന്യാസ്ത്രീകളോടു ചിന്നുമോളെ തിരഞ്ഞു കണ്ടുപിടിച്ച വഴികൾ വിവരിക്കുകയായിരുന്നു. മാമച്ചനും ഗ്രേസമ്മയ്ക്കും ചിന്നുമോളെ എറണാകുളത്തേക്കു കൊണ്ടുപോകണം. പക്ഷേ ത്യാഗഭവനത്തിലെ കന്യാസ്ത്രീകൾ വിസമ്മതിച്ചു.

“കഴിഞ്ഞ വർഷം ബ്രിജിത്താമ്മ റെക്കമൻഡ് ചെയ്തിട്ടാണു ഞങ്ങൾ ചിന്നുമോളെ ഇവിടെ സ്വീകരിച്ചത്. അവളെ ഇവിടെത്തിച്ചത് അലീനയും രേവതിക്കുട്ടിയും കൂടിയാണെങ്കിലും റജിസ്റ്ററിൽ അലീനയുടെ പേരും ഒപ്പുമാണു ചേർത്തിരിക്കുന്നത്. കുട്ടിയെ വിട്ടുതരണമെങ്കിൽ ചില ഫോർമാലിറ്റികളുണ്ട്.”

സിസ്റ്റർ സുപ്പീരിയർ തടസ്സങ്ങളെപ്പറ്റി വിശദീകരിച്ചു.

“അലീന വന്നുകഴിഞ്ഞാൽ ഞങ്ങൾക്കു കുട്ടിയെ വിട്ടുകിട്ടുമല്ലോ.”

“ഇവിടുന്നു കുട്ടിയെ കൈമാറണമെങ്കിൽ ഒന്നുകിൽ മറ്റേതെങ്കിലും ഓർഫനേജിലേക്കായിരിക്കണം. അല്ലെങ്കിൽ ആരെങ്കിലും ദത്തെടുക്കണം.”

“ഞങ്ങൾ ദത്തെടുത്തുകൊള്ളാം.”

മാമച്ചൻ പറഞ്ഞു.

“ഇനിയതും പറ്റില്ല. കാരണം കുട്ടിയുടെ അമ്മ മോളെ അവകാശപ്പെട്ടു വന്നിരിക്കുന്നു. അപ്പോൾ മറ്റാർക്കും കൊടുക്കാൻ പറ്റില്ലല്ലോ.”

“എങ്കിൽ ചിന്നുമോളെ അവളുടെ അമ്മയ്ക്കു വിട്ടുകൊടുത്തേക്കണം.”

“അമ്മയാണെന്നു പറഞ്ഞിട്ടല്ലേയുള്ളൂ. തെളിവില്ലല്ലോ. തെളിവും രേഖകളുമില്ലാതെ കുട്ടിയെ വിട്ടുതന്നാൽ നാളെ ആരെങ്കിലും ചോദിച്ചാൽ ഞങ്ങൾ സമാധാനം പറയണ്ടേ.”

“എങ്ങനെ തെളിയിക്കണം തന്റെ കുഞ്ഞിനെ ബലമായി പിടിച്ചുവച്ചിരിക്കുന്നു എന്നു കാണിച്ച് ഷെറിൻ നിങ്ങൾക്കെതിരെ കോടതിയിൽ കേസു കൊടുക്കണോ?”

മാമച്ചനു ദേഷ്യം പിടിച്ചുകഴിഞ്ഞിരുന്നു.

(തുടരും)

# ബാലഭാസ്കറിന്റെ മരണം: നുണപരിശോധനയ്ക്ക് ഹാജരാകാൻ നാലുപേർക്ക് നോട്ടീസ്

തിരുവനന്തപുരം: വയലിനിസ്റ്റ് ബാലഭാസ്കറിന്റെ മരണവുമായി ബന്ധപ്പെട്ട കേസിൽ നുണപരിശോധനയ്ക്കു വിധേയകരാകാൻ നാലുപേർക്ക് നോട്ടീസ്. കാർ ഡ്രൈവർ അർജുൻ, ബാലഭാസ്ക്കറിന്റെ സംഗീത ട്രൂപ്പ് മാനേജർ വിഷ്ണു സോമസുന്ദരം, സുഹൃത്ത് പ്രകാശ് തമ്പി, കലാഭവൻ സോബി ജോർജ് എന്നിവർക്കാണ് തിരുവനന്തപുരം ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതി നോട്ടീസയച്ചത്. ഇവർ നാലുപേർക്കും നുണപരിശോധന നടത്തണമെന്നാവശ്യപ്പെട്ട് സി.ബി.ഐ സമർപ്പിച്ച ഹർജിയിലാണ് കോടതി ഉത്തരവ്. പോളിഗ്രാഫ് പരിശോധനയ്ക്ക് വിധേയന്റെ സമ്മതം ആവശ്യമുണ്ടെന്ന സുപ്രീം കോടതി ഉത്തരവുണ്ട്. സമ്മതം രേഖാമൂലം എഴുതി വാങ്ങിയശേഷമേ കോടതി പരിശോധനയ്ക്ക് അനുമതി നൽകുകയുള്ളു. ഇവർ പരിശോധനയ്ക്ക് വിസമ്മതം അറിയിച്ചാൽ ഹർജി തള്ളും. ബാലഭാസ്ക്കറിന്റെ മരണത്തിൽ ഓഗസ്റ്റ് മൂന്നിന് സി.ബി.ഐ സമർപ്പിച്ച എഫ്.ഐ.ആർ തിരുവനന്തപുരം ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതി ഫയലിൽ സ്വീകരിച്ചിരുന്നു. സംഭവത്തിൽ തിരുവനന്തപുരം സി.ബി.ഐ യൂണിറ്റിനാണ് അന്വേഷണ ചുമതല. ബാലഭാസ്ക്കറിന്റെ പിതാവ് ഉണ്ണിയുടെ പരാതിയിലാണ് അന്വേഷണം സി.ബി.ഐ ഏറ്റെടുത്തത്. ലോക്കൽ പോലീസും ക്രൈംബ്രാഞ്ചും റോഡപകടമരണമെന്നാണ് കേസിൽ തീർപ്പു കൽപ്പിച്ചിട്ടത്.

SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Tel. ( ) ______ Signature ______

- ❑ Enclosing $ 375.00 for Long Membership.✪
- ❑ Enclosing my subscription of $49.00 for one year.
- ❑ Enclosing my subscription of $90.00 for two year.
- ❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

Yearly $49.00 REG. $55.00

2 Year $90.00 REG. $98.00

Lifelong* $375.00 REG. $490.00

Payment Method ❑ Cheque Cheque # ______

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ______

CARD ACCOUNT NUMBER

SEC. CODE:

Please make the cheque payable to

KERALA EXPRESS

2046 W. DEVON AVE, CHICAGO, IL 60659

630 728 7956 FAX : 773.304.1917

PLEASE DON'T FORGET TO PUT YOUR PHONE NUMBER & SIGNATURE

✪ Long memberhip for 10 years only. ✪✪ Subscription fee non-refundable

VISA

MasterCard

DISCOVER

Perched at a altitude of 3200 feet above sea level, Semni Escape at Semni Valley of Elappara village in Idukki district, Semni Escape is a serene serviced plantation bungalow.

Lush tea gardens, rolling mountains and drifting mists sourround this classical bungalow that boasts of well appointed twin bed rooms, spacious terrace sitout, cozy fire place and Kerala style gourmet kitchen.

The verdent hills, chriping aves and the cool balcony winds from the Vagamon heights provide a calming and tranquil ambience that you will remember for years.

Facilities in the Escape includes those for Trekking and cycling through the tea and spice gardens, partying around a camp fire etc.

Opportunites abound to spend a relaxedand soothing vacation far from the madding crowd.



Contact : + 91 9495213055
Email : vidya99@yahoo.com
Airbnb : Vagamon/Elappara- SemniEscape

Semni Escape
SERVICED PLANTATION BUNGALOW

7 മലയാളം ചാനൽ, മാസം $13.33 മാത്രം
ഒരു വർഷത്തേക്ക് $160.00 ഒരുമിച്ച് അടക്കുക. *

dish sling അമേരിക്കയിലെ അംഗീകൃത മലയാളം ചാനൽ വിതരണക്കാർ.

UNITED MEDIA DVP INC
AUTHORIZED RETAILER
UNITEDMEDIALIVE.COM
unitedmediads@gmail.com
Call: 972 839 9080 - 914 954 9586

മഴവിൽ മനോരമ, സൂര്യ, സൂര്യ സിനിമ, കൈരളി, കൈരളി ന്യൂസ്, കൈരളി വി ചാനൽ, ചാനൽ 18 മലയാളം ന്യൂസ്, രണ്ടു ക്രിക്കറ്റ് ചാനൽ. കൂടാതെ നിരവധി ഫ്രീ ചാനലുകളും




Printed at **GRACE PRINTING**, Chicago, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**